# പാമ്പയ്ക്കൽ കുടുംബചരിത്രം





# PAMPACKAL FAMILY HISTORY

Published By

പാമ്പയ്ക്കൽ കുടുംബയോഗം ട്രസ്റ്റ്

Email: pampackaltrust@gmail.com

www.pampackal.org




# പാമ്പയ്ക്കൽ

## കുടുംബചരിത്രം

## PAMPACKAL FAMILY HISTORY

**പാമ്പയ്ക്കൽ കുടുംബ ചരിത്രം**
**മലയാളം**
**ആദ്യ പതിപ്പ് മാർച്ച് 2000**

---

**എഡിറ്റോറിയൽ ബോർഡ്**
ഫാദർ ജോസഫ് പാമ്പയ്ക്കൽ VC
Mr. പി എം ജേക്കബ്
Mr. ജെയിംസ് ജേക്കബ്
Mr. പി ജെ സെബാസ്റ്റ്യൻ
Mr. ബെന്നി തോമസ്

---

**രണ്ടാം പതിപ്പ് മെയ് 2025**
*പ്രിന്റഡ് ആൻഡ് പബ്ലിഷ്ഡ്*
**പാമ്പയ്ക്കൽ കുടുംബയോഗം ട്രസ്റ്റ്**
*തയ്യാറാക്കിയതും വിവരശേഖരണവും*
**ബിജു സ്റ്റീഫൻ**
*സഹായികൾ*
**ടെൽബിൻ തോമസ്**
**റോസ് മരിയ പി. സ്റ്റീഫൻ**
**ആൻസ് അൽഫോൻസ**
*ഡി ടി പി*
**ടെൽബിൻ, ബിജു**
*Page Design*
**ബാബു (ഷേഡ്, ഇരിട്ടി)**
*Cover & Advertisements*
**ലാൽ ജോസഫ്,** *എഫ്. എം. മീഡിയ, എറണാകുളം*

---

വില: ₹500
പ്രിന്റഡ്@ സെന്റ് ഫ്രാൻസിസ് പ്രസ്സ്, എറണാകുളം

---

പ്രൈവറ്റ് സർക്കുലേഷൻ ഒൺലി
*(കുടുംബാംഗങ്ങൾക്ക് മാത്രം)*



# സമർപ്പണം

പരേതരായ പാമ്പയ്ക്കൽ കുടുംബാംഗങ്ങളുടെയും
കുടുംബയോഗം പ്രഥമ രക്ഷാധികാരിയുടെയും
പ്രഥമ പ്രസിഡന്റിന്റെയും പാവന സ്മരണയ്ക്ക്



**ഫാദർ ജോസഫ് പാമ്പയ്ക്കൽ വി.സി.**
പാമ്പയ്ക്കൽ കുടുംബയോഗം
പ്രഥമ രക്ഷാധികാരി



**ശ്രീ പി എം ജേക്കബ്**
പാമ്പയ്ക്കൽ കുടുംബയോഗം
പ്രഥമ പ്രസിഡൻറ്

## പാമ്പയ്ക്കൽ കുടുംബയോഗം
# പ്രഥമ ഭാരവാഹികൾ



**ഫാദർ ജോസഫ് പാമ്പയ്ക്കൽ വി.സി.**
രക്ഷാധികാരി



**ശ്രീ പി എം ജേക്കബ്**
പ്രസിഡൻറ്



**തോമസ് മാത്യു**
വൈസ് പ്രസിഡന്റ്



**ജെയിംസ് ജേക്കബ്ബ്**
സെക്രട്ടറി



**പി. ജെ. മൈക്കിൾ**
ട്രഷറർ



പി. ജെ വർഗീസ്



കുട്ടിയമ്മ തോമസ്



പി. യു. ജോസഫ്



പി. എ. ജോർജ്



സിസ്റ്റർ റെസി F.C.C.



അഗസ്റ്റ്യൻ ജോസഫ്



ജോസഫ് ആൻഡ്രൂസ്



ബെന്നി തോമസ്



ഡോ. പി. ജെ. സെബാസ്റ്റ്യൻ



പി.റ്റി. മാത്യു



സജി കുര്യൻ



പയസ് മാത്യു



പി.ടി. തോമസ്



ജെയിംസ് തോമസ്

# കുടുംബയോഗം ഭാരവാഹികൾ നാളിതുവരെ

## 1998-2001

I


പ്രസിഡന്റ്
പി എം ജേക്കബ്


സെക്രട്ടറി
ജെയിംസ് ജേക്കബ്


ട്രഷറർ
പി ജെ മൈക്കിൾ

## 2001-2004

II


പ്രസിഡന്റ്
തോമസ് മാത്യു


സെക്രട്ടറി
മാത്യു ജേക്കബ്


ട്രഷറർ
പി ജെ തോമസ്

## 2004-2007

III


പ്രസിഡന്റ്
പിടി മാത്യു


സെക്രട്ടറി
പി ജെ തോമസ്


ട്രഷറർ
ജോസ് ടി പാമ്പയ്ക്കൽ

## 2007-2010

IV


പ്രസിഡന്റ്
പിടി തോമസ് (കുഞ്ഞ്)


സെക്രട്ടറി
ജോർജ് നീലൂർ


ട്രഷറർ
സോണി ജോസ്



# കുടുംബയോഗം ഭാരവാഹികൾ നാളിതുവരെ

## 2010-2013 & 2013-2016

V& VI


പ്രസിഡന്റ്
ജയിംസ് ജേക്കബ്


സെക്രട്ടറി
സജി കുര്യൻ


ട്രഷറർ
ജോബൻ മൈക്കിൾ

## 2016-2019

VII


പ്രസിഡന്റ്
പിജെ തോമസ്


സെക്രട്ടറി
ലിജു തോമസ്


ട്രഷറർ
ടോണി ജോസ്

## 2019-2022

VIII


പ്രസിഡന്റ്
മാത്യു ജേക്കബ്


സെക്രട്ടറി
ജോസ് ആൻഡ്രൂസ്


ട്രഷറർ
ജയിംസ് ജേക്കബ്

## 2022-2025

IX


പ്രസിഡന്റ്
ബിജു സ്റ്റീഫൻ


സെക്രട്ടറി
അനൂപ് സ്കറിയ


ട്രഷറർ
ബെന്നി തോമസ്

# കുടുംബയോഗം ഭാരവാഹികൾ
## (2022–25)



**റവ. ഫാ. ബഞ്ചമിൻ എസ് ഡി ബി**
രക്ഷാധികാരി



**ശ്രീ ബിജു സ്റ്റീഫൻ**
പ്രസിഡൻറ്



**ഡോ. അനൂപ് സ്കറിയ**
സെക്രട്ടറി



**ശ്രീ ബെന്നി തോമസ്**
ട്രഷറർ



**ശ്രീ ജോബൻ മൈക്കിൾ**
വൈസ് പ്രസിഡൻറ്



**ശ്രീ റോജോ ജോസഫ്**
വൈസ് പ്രസിഡൻറ്



**ശ്രീ ടെൽബിൻ തോമസ്**
ജോയിൻറ് സെക്രട്ടറി

# കമ്മിറ്റി അംഗങ്ങൾ



ഫാ. പി.റ്റി. മാത്യു SJ



ഫാ തോമസ് (തോമാച്ചൻ)



ഫാ. ടിനോ



ശ്രീ ജെയിംസ് ജേക്കബ്



ശ്രീ മാത്യു ജേക്കബ്



ഡോ. സിസ്റ്റർ ലിൻസി ജോൺ



ശ്രീ ടോണി ജോസ്



ശ്രീ സിറിയക് സജി



ശ്രീമതി റൂബി പ്രിൻസ്



ശ്രീ സണ്ണി പി ജെ



ശ്രീ ബിജോയ് തോമസ്



ശ്രീ ജിമ്മി ജോസ്



ഡോ. ജോസി



ശ്രീ ലിജു തോമസ്



ശ്രീ പി.എം മാത്യു (അപ്പച്ചൻ)


MAIN CHART
പാമ്പയ്ക്കൽ കുടുംബം
അറയ്ക്കൽ കുടുംബം
കരോട്ടറയ്ക്കൽ
താഴ്ത്തറയ്ക്കൽ
കരോട്ടറയ്ക്കൽ
കണ്ടത്തിൽ
പാമ്പയ്ക്കൽ
പള്ളിക്കുന്നേൽ
A പടിഞ്ഞാറെ ഇളന്തോട്ടത്തിൽ
B കിഴക്കേ ഇളന്തോട്ടത്തിൽ
C കൊച്ചുപറമ്പിൽ
D പാമ്പയ്ക്കൽ
D I ഉതുപ്പാംപറമ്പിൽ കരോട്ട്
D II ഉതുപ്പാംപറമ്പിൽ താഴെ
D III പാമ്പയ്ക്കൽ
C I കൊച്ചുപറമ്പിൽ കരോട്ട്
C II പടിപ്പുരയ്ക്കൽ
C 111 പരയ്ക്കാട്ട്
C IV കൊച്ചുപറമ്പിൽ താഴെ
B I എലവുങ്കൽ
B II തച്ചറുകുഴിയിൽ
B 111 നടുവിലേടത്ത്
B IV കിഴക്കേ ഇളന്തോട്ടത്തിൽ
A I നെടുംപുറത്ത്
A II മുട്ടുതോട്ട്
A 111 ഇടിഞ്ഞപുഴയ്ക്കൽ
A IV വലിയമലയിൽ
A V പടിഞ്ഞാറെ ഇളന്തോട്ടത്തിൽ

14


MAIN CHART
പാമ്പയ്ക്കൽ (കാരോട്ടറയ്ക്കൽ) ആഗസ്തി
പടിഞ്ഞാറെ ഇളന്തോട്ടത്തിൽ മത്തായി
കിഴക്കേ ഇളന്തോട്ടത്തിൽ ചാക്കോ
കൊച്ചുപറമ്പിൽ തൊമ്മൻ
പാമ്പയ്ക്കൽ കുര്യൻ
ഉതുപ്പാംപറമ്പിൽ (കരോട്ട്) മത്തായി
ഉതുപ്പാംപറമ്പിൽ കുഞ്ഞച്ചൻ
പാമ്പയ്ക്കൽ കുഞ്ഞ്
കൊച്ചുപറമ്പിൽ (കരോട്ട്) മത്തായി
പടിപ്പുരയ്ക്കൽ തൊമ്മൻ
പരയ്ക്കാട്ട് ഔസേപ്പ്
കൊച്ചുപറമ്പിൽ താഴെകുഞ്ഞ്
എലവുങ്കൽ വർക്കി
തച്ചറുകുഴിയിൽ തൊമ്മൻ
നടുവിലേടത്ത് മത്തായി
കിഴക്കേ ഇളന്തോട്ടത്തിൽ കൊച്ച്
നെടുപുറത്ത് ഔസേഫ്
മുട്ടുതോട്ടു മത്തായി
ഇടിഞ്ഞപുഴയ്ക്കൽ എസ്തപ്പാൻ
വലിയമലയിൽ തൊമ്മൻ
പടിഞ്ഞാറെ ഇളന്തോട്ടത്തിൽ വർക്കികുഞ്ഞ്

# Message



ഇന്നത്തെ ആഗോളവൽകൃതമായ ആണു കുടുംബ ജീവിത ശൈലിയിൽ കുടുംബ ചരിത്രത്തിന്റെ ആവശ്യകതയെപ്പറ്റി എത്ര പറഞ്ഞാലും മതിയാവില്ല. കാരണം ആർക്കും സമയം തികയാത്ത ആധുനിക കാലഘട്ടത്തിൽ ഉപജീവനത്തിനായി വിവിധ ഭൂഖണ്ഡങ്ങളിൽ ചേക്കേറിയ സ്വന്തം രക്തബന്ധുക്കളെ പോലും നേരിൽ കാണാൻ കഴിയുന്നത് വല്ലപ്പോഴും മാത്രമായിരിക്കും. ഇപ്പോഴത്തെ തലമുറയിൽപ്പെട്ട ഒരേ വീട്ടുപേരിൽ ഒരു രാജ്യത്തു തന്നെ താമസിക്കുന്ന പലർക്കും തങ്ങളുടെ ബന്ധുത്വത്തെ സംബന്ധിച്ച് മറ്റുള്ളവർക്ക് കൃത്യമായി വിവരിക്കാൻ കഴിയാത്ത സാഹചര്യമാണ്. എന്നാൽ വരും തലമുറയ്ക്ക് ഇപ്പോഴുള്ളവരുടെ അത്രയുമെങ്കിലും തങ്ങളുടെ ബന്ധുത്വത്തെ വിവരിക്കാൻ കഴിയുമോ എന്നത് സംശയകരമാണ്.

പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇന്ത്യയെ കണ്ടെത്തലിൽ പറഞ്ഞിരിക്കുന്നത് ആധുനീകത്വത്തിന്റെ വേരുകൾ പുർവികത്വത്തിൽ ആണ്ടുകിടക്കുന്നു. പുർവികം പ്രവർത്തനകാലത്തിലേക്കു നയിക്കുന്ന ഒരു സംഗതിയാണ്. ഭാവി ഇതിൽ നിന്ന് ഉടലെടുക്കുകയും മൂന്നു ഘടകങ്ങളും ചേർന്ന് അഭിഭാജ്യമായി യോജിച്ചും സമ്മിശ്രപ്പെട്ടും സ്ഥിതിചെയ്യുന്നു. പുർവചരിത്രം നമുക്ക് അഭിമാനവും ചരിത്രപഠനം നമുക്ക് പ്രചോദനം നല്ലുന്നരുമാകണം. അതുപോലെയാകണം നമ്മുടെ കുടുംബചരിത്രവും. നമ്മുടെ കുടുംബചരിത്രം നമുക്കും വരും തലമുറകൾക്കും പ്രചോദനം ആകണം എന്ന ഒറ്റ ലക്ഷ്യത്തോടെയാണ് കുഞ്ഞേപ്പച്ചൻ (റവ ഫാ. ജോസഫ് പാമ്പയ്ക്കൽ വി സി) കിട്ടാവുന്നത്രയും രേഖകൾ സംഘടിപ്പിച്ച് പാമ്പയ്ക്കൽ കുടുംബചിത്രം പ്രസിദ്ധീകരിച്ചത്. കുഞ്ഞേപ്പച്ചന്റെ നിശ്ചയദാർട്യം കൊണ്ടുമാത്രമാണ് പാമ്പയ്ക്കൽ കുടുംബചരിത്രം കാൽ നൂറ്റാണ്ടു മുൻപ് ആദ്യമായി പുറത്തിറക്കാൻ സാധിച്ചതും.

പിന്നീട് നമ്മുടെ പല കുടുംബയോഗങ്ങളിലും കുടുംബചരിത്രത്തിന്റെ പുനഃപ്രസിദ്ധീകരണത്തെക്കുറിച്ചുള്ള ചർച്ചകൾ നടന്നെങ്കിലും അത് പൂർത്തീകരിക്കാൻ മുന്നിട്ടിറങ്ങിയത് ഇപ്പോഴത്തെ ഭരണ സമിതിയാണ്. കുടുംബയോഗ പ്രസിഡന്റിന്റെ ആശ്രാന്തപരിശ്രമവും കുടുംബാംഗങ്ങളുടെ നിസീമമായ സഹകരണവും ഒന്നുകൊണ്ടു മാത്രമാണ് ഇപ്പോഴെങ്കിലും നമ്മുടെ കുടുംബചിത്രം പരിഷ്കരിച്ചു പുനഃപ്രസിദ്ധീകരിക്കാൻ നമുക്ക് സാധിക്കുന്നത്. പുർവികരിലും പാരമ്പര്യത്തിലും അഭിമാനം കൊള്ളുന്ന പാമ്പയ്ക്കൽ കൂടുംബാംഗങ്ങൾക്ക് തങ്ങളുടെ പുതുതലമുറയ്ക്ക് ഒരോ പാമ്പയ്ക്കൽ കുടുംബാംഗവും ആരാണെന്നും ഓരോരുത്തരും തമ്മിലുള്ള ബന്ധം എന്താണെന്നും കൃത്യമായി പറയാൻ പരിഷ്കരിച്ചു പുറത്തിറക്കുന്ന ഈ കുടുംബചിത്രം കൊണ്ട് കഴിയട്ടെ എന്ന് ആശംസിക്കുന്നതോടൊപ്പം പുനഃപ്രസിദ്ധീകരണത്തിനു സഹകരിച്ച എല്ലാവർക്കും നന്ദി.

**ഡോ. അനൂപ് സ്കറിയ**
**സെക്രട്ടറി**
**പാമ്പയ്ക്കൽ കുടുംബയോഗം**



## കുടുംബ ചരിത്ര പുസ്തകം പ്രിൻറ് ചെയ്യുന്നതിന് വേണ്ട സാമ്പത്തിക സഹായം നൽകിയവർ

| | | |
|---|---|---|
| 1. | ശ്രീ അനൂപ് തോമസ് പടിപ്പുരക്കൽ പാമ്പയ്ക്കൽ കുവൈറ്റ് | 50000/ |
| 2 | ശ്രീ. ബിനു ജോർജ് പരയ്ക്കാട്ട് പാമ്പയ്ക്കൽ യു എസ് എ | 35000/ |
| 3 | ശ്രീ ജിജോ തോമസ് വലിയ മലയിൽ പാമ്പയ്ക്കൽ മസ്കറ്റ് | 10000/ |

## പരസ്യം നൽകി സഹകരിച്ചവർ

| | | | |
|---|---|---|---|
| 1 | ശ്രീ. ശ്രീ ബിനു ജോർജ് യു എസ് എ | 15000/- | (Front cover inner). |
| 2 | ഫാ. ടിനോ പാമ്പയ്ക്കൽ(സി എസ് ടി) WAM TEA മാനന്തവാടി | 15000/- | (Back cover inner) |
| 3 | ശ്രീ. ടോണി ജോസ് മേരി ലാൻഡ് | 2 x5000 =10000/- (34, 35) | |
| 4 | ശ്രീ. ലിജു തോമസ് മുട്ടു ത്തോട്ട് മേരി ലാൻഡ് | 5000/- | (Page No:49) |
| 5 | ശ്രീ ജോർജുകുട്ടി പൂവരണി വലിയ മലയിൽ | 5000/- | (Page No:95) |
| 6 | ശ്രീ പി എം മാത്യു (അപ്പച്ചൻ) വലിയ മലയിൽ ചരൾ | 5000/- | (Page No:93) |
| 7 | ശ്രീ. ജായസ് ജോസഫ് വലിയ മലയിൽ കാസർഗോഡ് | 5000/- | (Page No:101 ) |
| 8 | ശ്രീ. പ്രിൻസ് സ്റ്റീഫൻ വലിയ മലയിൽ വരദൂർ | 5000/- | (Page No:121) |
| 9 | ശ്രീ മാത്യു ജേക്കബ് കൊച്ചുപറമ്പിൽ ഏഴാച്ചേരി | 5000/- | (Page No:195) |
| 10 | ശ്രീ ജോബൻ മൈക്കിൾ കൊല്ലപ്പള്ളി കൊച്ചു പറമ്പിൽ | 5000/- | (Page No:191) |
| 11 | ശ്രീ ബിജോയ് തോമസ് പാലാവയൽ തച്ചറുകുഴിയിൽ | 5000/- | (Page No:149) |
| 12 | ശ്രീ ഗ്രേസ് ജോർജ് നടുവിലെടുത്ത് കൊല്ലപ്പള്ളി | 5000/- | (Page No:173) |
| 13 | ശ്രീ അഭിലാഷ് ജോർജ് കരുവഞ്ചാൽ കിഴക്കേഇളംതോട്ടം | 5000/- | (Page No:183) |
| 14 | ശ്രീ അനൂപ് തോമസ് എലി വാലി പടിപ്പുരക്കൽ | 5000/- | (Page No:199) |
| 15 | ശ്രീ ഔസേപ്പച്ചൻ പി യു കരിങ്കുന്നം മുട്ടുതോട്ട് | 5000/- | (Page No:65) |
| 16 | ശ്രീ റോജോ പരയ്ക്കാട്ട് കടൽമാട് | 5000/- | (Page No:209) |
| 17 | ശ്രീ ബെന്നി തോമസ്ഇടപ്പള്ളി മുട്ടു തോട്ട് | 5000/- | (Page No:55) |
| 18 | ശ്രീ സജികുര്യൻ കൊച്ചു പറമ്പിൽ ഏഴാച്ചേരി | 5000/- | (Page No:219) |
| 19 | ശ്രീ ദേവസ്യ പി ജെ (അപ്പച്ചൻ) വലിയ മലയിൽ | 3000/- | (Page No:105) |
| 20 | ശ്രീ ജോജോ ജോസഫ് ആനപ്പന്തി വലിയ മലയിൽ | 3000/- | (Page No:105) |
| 21 | ശ്രീ ടോം ജോസ് തലശ്ശേരിയിൽ തച്ചറു കുഴിയിൽ | 3000/- | (Page No:159) |
| 22 | ശ്രീ ജോസ് ആൻഡ്രൂസ് (ജോൺസൺ) തച്ചറു കുഴിയിൽ മേലുകാവുമറ്റം | 3000/- | (Page No:145) |
| 23 | ഡോ. ബേബി പടിപ്പുരക്കൽ ഇടപ്പള്ളി | 3000/- | (Page No:145) |

# പാമ്പയ്ക്കൽ കുടുംബയോഗം
## ഉദ്ഘാടന സമ്മേളനം




**ഫാ. ജോസഫ് പാമ്പയ്ക്കൽ വി.സി. ആമുഖ പ്രസംഗം ചെയ്യുന്നു.**



**പാമ്പയ്ക്കൽ ഔസേഫ് മത്തായി ദീപം തെളിയിച്ച്**
**കുടുംബയോഗം ഉദ്ഘാടനം ചെയ്യുന്നു**





# ആമുഖം



**ത**ൻറെ ചുറ്റുപാടും താമസിക്കുന്നവരെ അറിയാൻ കഴിയാത്ത അല്ലെങ്കിൽ അറിയാൻ ശ്രമിക്കാത്ത ഒരു കാലഘട്ടത്തിലാണ് ആധുനിക തലമുറ ജീവിക്കുന്ന തെങ്കിലും ഇന്നിന്റെ മുഷിപ്പിൽ നിന്ന് പഴയതിലേക്കുള്ള ഒരു എത്തിനോട്ടം എന്ന നിലയിൽ കുടുംബ ചരിത്രങ്ങൾ വളരെയേറെ പ്രാധാന്യമർഹിക്കുന്നു. കുടുംബങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ മനസ്സിലാക്കുന്നതിനും പൂർവ്വികർ എന്തായിരുന്നു വെന്നും ആരായിരുന്നുവെന്നും മന സ്സിലാക്കുന്നതിനും കുടുംബ ചരിത്രങ്ങൾ നമ്മെ സഹായിക്കുന്നു.

പാമ്പയ്ക്കൽ കുടുംബ ചരിത്രത്തിന്റെ രണ്ടാമത് എഡിഷന്റെ പ്രസിദ്ധീകരണവും ഇതിൻറെ പ്രാധാന്യം വ്യക്തമാക്കുന്നു. നമ്മുടെ പ്രിയപ്പെട്ട ജോസഫ് അച്ചൻ തുടങ്ങിവെച്ച മഹത്തായ ചരിത്രരചനയുടെ തുടർച്ചയാണിത് ജോസഫ് അച്ചൻറെ കണ്ടെ ത്തലുകളും ദീർഘവീക്ഷണവും ഈ എഡിഷന്റെ പൂർത്തീകര ണത്തിന് വളരെയേറെ സഹായകമായിട്ടുണ്ട്. ജോസഫ് അച്ച ൻറെ ഓർമ്മയ്ക്ക് മുന്നിൽ പ്രാർത്ഥനാപൂർവ്വം ഈ പുസ്തകം സമർപ്പിക്കുന്നു.
ഇത് എഴുതുന്നതിന് ആവശ്യമായ വിവരങ്ങളും ഫോട്ടോകളും തരികയും മറ്റു സഹകരണങ്ങൾ നൽകുകയും ചെയ്ത എല്ലാ കുടുംബാംഗങ്ങൾക്കും കമ്മിറ്റി ക്കാർക്കും ഹൃദയം നിറഞ്ഞ നന്ദി.

ഏതെങ്കിലും കുടുംബാംഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ തെറ്റായി വരികയോ വിട്ടുപോവുകയോ ചെയ്തിട്ടുണ്ടെങ്കിൽ സവിനയം ക്ഷമിക്കുമല്ലോ ഇതിൽ വന്നിട്ടുള്ള തെറ്റുകളും കുറ വുകളും ചൂണ്ടിക്കാണിച്ചാൽ അടുത്ത എഡിഷനിൽ അത് തിരുത്തി പ്രസിദ്ധീകരിക്കുവാൻ സാധിക്കും.

സ്വന്തം ബന്ധങ്ങളെക്കുറിച്ചും ബന്ധുക്കളെക്കുറിച്ചും കൂടുതൽ അറിയുന്നതിന് ഈ ചരിത്രപുസ്തകം ഉപകാരപ്രദമാകും.

സഹോദരങ്ങളുടെ മക്കൾ തമ്മിൽ പോലും ബന്ധങ്ങൾ ഇല്ലാത്ത ഈ കാലഘട്ടത്തിൽ കുടുംബ ചരിത്രത്തിനും കുടുംബ ബന്ധങ്ങൾക്കും അതിയായ പ്രാധാന്യമുണ്ട്. ഇത്തരത്തിലുള്ള ഒരു എത്തിനോട്ടം മാത്രമാണ്ചരിത്ര പുസ്തകങ്ങൾ നടത്തുന്നത്. ഇത് കുടുംബങ്ങൾ തമ്മിൽ കൂടുതൽ അറിയുന്നതിനും ബന്ധപ്പെടു ന്നതിനും കാരണമാകുന്നുവെങ്കിൽ കൃതജ്ഞത പൂർവ്വം കുടുംബത്തിലെ മുഴുവൻ കുടുംബാംഗങ്ങൾക്കും വേണ്ടി സമർപ്പിക്കുന്നു.എല്ലാ കുടുംബാംഗങ്ങളുടെയും ആത്മാർത്ഥമായ സഹകരണവും പ്രാർത്ഥനയും പ്രതീക്ഷിക്കുന്നു.

എന്ന്
കൃതജ്ഞതാപൂർവ്വം
വിശ്വസ്തതയോടെ,

**ബിജു സ്റ്റീഫൻ**
പാമ്പയ്ക്കൽ കുടുംബയോഗം പ്രസിഡൻറ്

കരിക്കോട്ടക്കരി
11.05.2025

## നന്ദിയുടെ ഒരു വാക്ക്

ഈ ചരിത്ര പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകിയ പടിപ്പുരക്കൽ പാമ്പയ്ക്കൽ ശ്രീ. അനൂപിനും കുടുംബത്തിനും പരയ്ക്കാട്ട് പാമ്പയ്ക്കൽ ശ്രീ. ബിനുവിനും കുടുംബത്തിനും ശ്രീ ജീജോ തോമസ് ആനപന്തിക്കും കുടുംബത്തിനും പരസ്യങ്ങൾ തന്ന് സഹായിച്ച ഓരോ കുടുംബത്തിനും സ്ഥാപനത്തിനും ഈ പുസ്തകത്തിന്റെ കവർപേജ് രൂപപ്പെടുത്തിയ എഫ് എം മീഡിയയ്ക്കും ഡിസൈനർ ശ്രീ. ലാൽ ജോസഫിനും ഓരോ പേജും ഭംഗിയായി സെറ്റ് ചെയ്ത് തന്ന ഷേയ്ഡ് ഇരിട്ടിയുടെ ശ്രീ. ബാബുവിനും പ്രിന്റിംഗ് നടത്തി തന്ന എറണാകുളം സെന്റ് ഫ്രാൻസിസ് പ്രസ്സിനും പഴയ ചരിത്ര ബുക്ക് മുഴുവൻ ഡി.ടി.പി. ചെയ്തു തന്ന ശ്രീ. ടെൽബിൻ തോമസിനും സഹായങ്ങൾ ചെയ്തു തന്ന റോസിനും ആൻസിനും ഉപദേശ നിർദ്ദേശങ്ങൾ തന്ന രക്ഷാധികാരി ഫാദർ ബഞ്ചമിനും കുടുംബത്തിലെ മറ്റെല്ലാ അച്ഛന്മാർക്കും സിസ്റ്റേഴ്സിനും കമ്മിറ്റി അംഗങ്ങൾക്കും മറ്റു സഹായങ്ങൾ ചെയ്തുതന്ന മുഴുവൻ കുടുംബാംഗങ്ങൾക്കും പാമ്പയ്ക്കൽ കുടുംബയോഗം പ്രസിഡന്റ് എന്ന നിലയിലും ഈ ചരിത്രഗ്രന്ഥം എഴുതി തയ്യാറാക്കിയ ആളെന്ന നിലയിലും എനിക്കുള്ള വ്യക്തിപരമായ നന്ദിയും കടപ്പാടും എല്ലാവരെയും അറിയിക്കുന്നു.

എന്ന് സ്നേഹപൂർവ്വം,

**ബിജു സ്റ്റീഫൻ,** കരിക്കോട്ടക്കരി,
കുടുംബയോഗം പ്രസിഡൻറ്

11-05-2025





# ഒന്നാം പതിപ്പിന്റെ ആമുഖം



ആധുനിക തലമുറയുടെ സാഹോദര്യത്തിന്റെയും കൂട്ടായ്മയുടെയും പ്രതീകങ്ങളാണ് കുടുംബയോഗങ്ങളും കുടുംബ ചരിത്ര ഗ്രന്ഥങ്ങളും. മൺമറഞ്ഞ പൂർവ്വികന്മാരെ അറിയുന്നതിനും അവരോടുള്ള കടപ്പാടും ആദരവും പ്രകടിപ്പിക്കുന്നതിനും, അവർ ആർജ്ജിച്ച അനുഭവങ്ങൾ അനന്തര തലമുറയിലേയ്ക്കു പകർന്നുകൊടുക്കുന്നതിനും സഹായകമായ അമൂല്യ രേഖയാണ് കുടുംബചരിത്രം. ഒരു ദേശത്തിന്റെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക പുരോഗതിയ്ക്ക് തങ്ങളുടെ കുടുംബം വഹിച്ച പങ്ക് എന്താണെന്ന് കണ്ടെത്താനും ഇത് വഴി തെളിക്കും.

കുടുംബ ചരിത്രത്തെ ഒരു ഒറ്റപ്പെട്ട തുരുത്തായല്ല, സമൂഹ ചരിത്രത്തിന്റെ, രാജ്യചരിത്രത്തിന്റെ അവിഭാജ്യ ഘടകമായിട്ടു വേണം കാണാൻ വരുംകാലങ്ങളിൽ കുടുംബചരിത്രത്തിന് ഏറെ പ്രസക്തിയും പ്രാധ്യാനവും കൈവരുമെന്നുള്ളതിന് തർക്കമില്ല. വിശ്വാസ്യതയിലും വസ്തുനിഷ്ഠതയിലും അത് മുന്നിട്ടു നില്ക്കുന്നു ശാഖോപശാഖകളായി പിരിഞ്ഞു വളരുന്ന ചരിത്രസാഹിത്യം പുതിയ മാനങ്ങൾ ഉൾക്കൊണ്ട് മുന്നേറുന്നതിന്റെ ഉത്തമ നിദർശനം കൂടിയാണ് കുടുംബ ചരിത്രം.

പാമ്പയ്ക്കൽ കുടുംബചരിത്രം പ്രസിദ്ധപ്പെടുത്തുന്നതിൽ മുഖ്യ പങ്ക് വഹിച്ചിരിക്കുന്നത് നമ്മുടെ കുടുബയോഗത്തിന്റെ രക്ഷാധികാരിയായ റവ. ഫാ. ജോസഫ് പാമ്പക്കൽ V.C.M.A. അവർകളാണ്. അദ്ദേഹത്തിന്റെ വർഷങ്ങളായുള്ള പരിശ്രമത്തിന്റെയും കഠിന അദ്ധ്വാനത്തിന്റെയും ഫലമായിട്ടാണ് ഇന്ന് ഈ പുസ്തകം പ്രകാശനം ചെയ്യാൻ സാധിക്കുന്നത്.
അദ്ദേഹത്തിന് പാമ്പയ്ക്കൽ കുടുംബാംഗങ്ങളുടെയെല്ലാം നന്ദി.

ഏഴാച്ചേരി
13.05.2000

**പി. എം. ജേക്കബ്ബ്**

# അവതാരിക



സ്നേഹം നിറഞ്ഞ പാമ്പയ്ക്കൽ കുടുംബാംഗങ്ങളെ, വളരെ അധികം ചാരിതാർത്യത്തോടെയും അഭിമാനത്തോടെയും പാമ്പയ്ക്കൽ കുടുംബചരിത്ര ത്തിന്റെ രണ്ടാം പതിപ്പ് പ്രകാശനം ചെയ്യുന്ന ഈ അവസരത്തിൽ ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും, പ്രത്യകിച്ചും നമ്മുടെ കുടുംബയോഗ പ്രസിഡന്റായ ബിജു ചേട്ടനോടുള്ള നന്ദി പാമ്പയ്ക്കൽ കുടുംബാംഗങ്ങളുടെ പേരിൽ ആദ്യമായി രേഖപ്പെടുത്തിക്കൊള്ളട്ടെ. വളരെയധികം ക്ഷമയോടെയും കൃത്യനിഷ്ഠതയോടും കൂടെ വ്യക്തിപരമായി ഓരോരുത്തരുമായി സമ്പർക്കം പുലർത്തുകയും, പല ഓർമ്മപെടുത്തലുകളിലൂടെ അവശ്യമായ വിവരങ്ങൾ സമാഹരിച്ചു യഥാസമയം ഈ ദൗത്യം പൂർത്തീകരിക്കുവാൻ സാധിച്ചു എന്നുള്ളത് അഭിമാനാർഹമാണ്. ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ട് കുറഞ്ഞത് മൂന്ന് വർഷമെങ്കിലും ആയി എന്നാണ് എനിക്കു മനസ്സിലാക്കുവാൻ സാധിച്ചത്.

കുടുംബയോഗം എന്ന ആശയത്തിന്റെ ഉത്ഭവം അന്തിനാട് പള്ളിയങ്കണമാണ്. ഈ ആശയത്തിന്റെ ജനയിതാവ് പാമ്പയ്ക്കൽ (കൊച്ചുപറമ്പിൽ) പി. ജെ. മൈക്കിളുമാണ്. 27 വർഷം മുൻപ് പള്ളിയങ്കണത്തുവച്ച് ഒരു ദൈവികഇടപെടലിലൂടെ പ്രചോദിതനായി മറ്റ് ഉത്തരവാദിത്വപെട്ടവരുമായി ഈ ആശയം പങ്കുവച്ച് കൂടുതൽ വ്യക്തികളുമായി ചർച്ചചെയ്യപ്പെട്ട് ആദരണീയനായ ജോസഫ് പാമ്പയ്ക്കൽ അച്ചന്റെ അസാമാന്യ നേതൃത്വപാടവത്തിലൂടെയും പ്രതിബദ്ധതാ മനോഭാവത്തോടെയുള്ള പ്രയത്നത്തിലൂടെയും യാഥാർത്യമാക്കപ്പെട്ടതാണ് നമ്മുടെ കുടുംബയോഗകൂട്ടായിമയും കുടുംബചരിത്രപുസ്തകവും എന്ന്, ഇന്ന് നമുക്ക് നിസ്സംശയം പറയാൻ സാധിക്കും.





1998 ഒക്ടോബർ 19ന് കുടുംബത്തിലെ അന്നത്തെ ഏറ്റവും പ്രായംകൂടിയ ബഹുമാനപെട്ട ഔസേപ്പ് മത്തായി നിലവിളക്ക് കൊളുത്തി ഔപചാരികമായി ഉത്ഘാടനം ചെയ്യപ്പെട്ട നമ്മുടെ കുടുംബയോഗത്തിന്റെ ആ നാളം അണയാതെ കാത്തു സൂക്ഷിക്കേണ്ട ഉത്തരവാദിത്വം നമ്മിലേവരിലും നിക്ഷിപ്തമാണ്. ആദരണീയനായ ജോസഫ് പാമ്പയ്ക്കൽ അച്ചന്റെ മേൽനോട്ടത്തിൽ, സമഗ്രമായ അന്വേഷണത്തിലൂടെയും നിരന്തരമായ പരിശ്രമത്തിലൂടെയും 2000 മെയ് മാസം 13 തിയ്യതി നമ്മുടെ കുടുംബചരിത്ര പുസ്തകത്തിന്റെ ആദ്യ പതിപ്പ് പ്രകാശനം ചെയ്യപ്പെട്ടു. അത് നമ്മുടെ കുടുംബ ബന്ധങ്ങളെപ്പറ്റി ഒരു വ്യക്തത തരുവാൻ സഹായകമായി. 24 വർഷത്തിനുശേഷം നമ്മുടെ കുടുംബാംഗങ്ങൾ വീണ്ടും വളർന്ന് ശാഖകളും ഉപശാഖകളുമായി തിരിഞ്ഞു ലോകത്തിന്റെ നാനാ ഭാഗത്തായി താസിച്ചുവരികയാണ്.

നമ്മുടെ പുതിയ കുടുംബചരിത്ര പുസ്തകത്തിലൂടെ കുടുംബങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ കൂടുതൽ അറിയുവാനും അത് നമ്മെ കൂടുതൽ അടുപ്പിക്കുവാനും സഹായമാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ വരും തലമുറയ്ക്ക് ഇത് ഒരു മുതൽക്കൂട്ടും, വിഷയാനുബന്ധസാഹായിയും.
അതുപോലെതന്നെ ഒരു 'കുടുംബ നിഘണ്ടു' വുമായിരിക്കുമെന്ന് നമുക്ക് ഉറപ്പിച്ചുപറയുവാൻ സാധിക്കും.

ചേർത്തുപിടിക്കാൻ ചിലരൊക്കെയുണ്ട് എന്ന വിശ്വാസമാണ് ജീവിതത്തിൽ നമ്മിൽ പലർക്കുമുള്ള കരുത്ത്. ആ വിശ്വാസം അനുഭവങ്ങളിലൂടെ ആസ്വദിക്കു മ്പോൾ ഉള്ള് നിറയും. നമ്മെ വഴി നടത്തിയവരെയും, വഴി നടത്തുന്നവരെയും കൈപിടിച്ചുയർത്തിയവരെയും ഉയർത്തുവാനായി സഹായിക്കുന്ന വരെയും മറക്കാതെ എന്നുംചേർത്തുപിടിക്കാൻ ഈ പുന:പ്രസിദ്ധീകരണത്തിന് സാധിക്കും എന്ന് എനിക്കുറപ്പുണ്ട്.

**ഫാ. ബഞ്ചമിൻ പാമ്പയ്ക്കൽ SDB**
പാമ്പയ്ക്കൽ കുടുംബയോഗം
രക്ഷാധികാരി

11.05.2025

# ഒന്നാം പതിപ്പിന്റെ അവതാരിക



പ്രിയപ്പെട്ട പാമ്പയ്ക്കൽ കുടുംബാംഗങ്ങളേ,

പാമ്പയ്ക്കൽ കുടുംബചരിത്രം പ്രസിദ്ധപ്പെടുത്തുന്ന ഈ അവസരത്തിൽ, അതിന് ഇടയാക്കിയ സാഹചര്യങ്ങൾ മനസ്സിലാക്കുന്നത് ഉചിതമായിരിക്കുമല്ലോ.

കുടുംബയോഗത്തെപ്പറ്റി ആദ്യമേ രണ്ട് വാക്കു പറഞ്ഞു കൊള്ളട്ടെ. 1997 ഓഗസ്റ്റ് 23-ാം തീയതി അന്തീനാട് പള്ളിയങ്കണത്തിൽ വച്ച് പാമ്പയ്ക്കൽ (കൊച്ചുപറമ്പിൽ) പി.ജെ. മൈക്കിൾ 'കുടുംബയോഗം'' എന്ന ആശയം പി.എം. ജേക്കബ്ബ്, പി.ടി. തോമസ്, പി.ജെ. വർഗീസ് തുടങ്ങിയവരുടെ മുൻപിൽ അവതരിപ്പിക്കുകയുണ്ടായി. അവർ ആ ആശയത്തെ സർവ്വാത്മനാ സ്വാഗതം ചെയ്തു.

പി.ജെ. മൈക്കിളും പി.ടി. തോമസും എന്നോട് അതെപ്പറ്റി സംസാരിക്കുകയും കുടുംബയോഗം സംഘടിപ്പിക്കാൻ ഞാൻ മുൻകൈയെടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. യാതൊരു വൈമനസ്യവും കൂടാതെ ഞാൻ അതിന് സമ്മതിക്കുകയും ചെയ്തു. അങ്ങനെ 1997 നവംബർ 22ാം തീയ്യതി ഉച്ചകഴിഞ്ഞ് നടുവിലേടത്തു ഭവനത്തിൽ വച്ച് ആദ്യത്തെ ആലോചനായോഗം കൂടുകയും ഒരു സംഘാടക സമിതിയെ (അഡ്ഹോക്ക് കമ്മറ്റിയെ തിരഞ്ഞെടുക്കുകയും ചെയ്തു (സമിതി അംഗങ്ങളുടെ പേരുകൾ അന്യത്ര) അതിനുശേഷം കമ്മറ്റി പല മീറ്റിംഗുകൾ കൂടി കുടുംബയോഗ കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. 1998 മെയ് 16ാം തീയതി മേരിലാൻഡിൽ മിസ്റ്റർ തോമസ് മാത്യുവിന്റെ ഭവനത്തിൽ വച്ച് വിപുലമായ ഒരു ആലോചനായോഗം കൂടി. ആ യോഗത്തിൽ വച്ച് നിയമാവലി രൂപീകരിക്കുന്നതിനായി ഒരു ബൈലോ കമ്മിറ്റി ക്ക് രൂപം കൊടുത്തു (കമ്മറ്റിയംഗങ്ങളുടെ പേര് വിവരം അന്യത്ര) തുടർന്നും കമ്മറ്റി മീറ്റിംഗുകൾ കൂടിക്കൊണ്ടിരുന്നു. 1998 ഓഗസ്റ്റ് 15-ാം തീയതി മലബാറിൽ ഇടവരമ്പിൽ, കൊച്ചുപറമ്പിൽ മി. ജോസഫ് ജേക്കബ്ബിന്റെ വസതിയിൽ വച്ച് മലബാർ പ്രദേശത്തെ അംഗങ്ങളുടെ ഒരു യോഗം കൂടുകയുണ്ടായി.





കുടുംബയോഗത്തിന്റെ ഉദ്ദേശ്യങ്ങളും മറ്റും അവർക്ക് വിശദീ കരിച്ച് കൊടുക്കുകയും നിയമാവലി വിതരണം ചെയ്യുകയും ചെയ്തു. തുടർന്നുള്ള ആലോചനകളിൽ, 1998 ഒക്ടോബർ 19ാം തീയതി കുടുംബയോഗം ഔപചാരികമായി ഉദ്ഘാടനം ചെയ്യുവാൻ തീരുമാനിക്കുകയും ഉദ്ഘാടനം അന്ന് യഥാവിധി നടത്തുകയും ഉണ്ടായി. പാമ്പയ്ക്കൽ കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ ഔസേപ്പ് മത്തായിയാണ് നിലവിളക്ക് കൊളുത്തി കുടുംബയോഗം ഉദ്ഘാടനം ചെയ്തത്.

കുടുംബയോഗത്തിന്റെ ആലോചനകളിൽ പൊന്തിവന്ന ഒരു ആഗ്രഹമാണ് കുടുംബചരിത്രം പ്രസിദ്ധപ്പെടുത്തുക എന്നത്. അതിനായി വളരെ വർഷങ്ങൾക്കുമുമ്പേ, പരേതനായ ഫാ. മൈക്കിളും ഞാനും പരിശ്രമം തുടങ്ങിയിരുന്നു. എന്നാൽ കുടുംബയോഗം രൂപീകൃതമായതിനു ശേഷമാണ് വേണ്ട പ്രചോദനവും പ്രോത്സാഹനവുമൊക്കെ ലഭിച്ചുതുടങ്ങിയത്.തന്നിമിത്തം കൂടുതൽ അന്വേഷണങ്ങളും പഠനങ്ങളും നടത്താൻ സാധിച്ചു.

അന്വേഷണങ്ങളുടെയും പഠനങ്ങളുടെയും ഫലമായി കിട്ടിയ വിവരങ്ങളാണ് 'പാമ്പയ്ക്കൽ കുടുംബചരിത്രം' എന്ന ഈ പുസ്തകത്തിൽ രേഖപ്പെടുത്തി യിട്ടുള്ളത്. എന്നാൽ ഒരു കാര്യം തുറന്നു പറഞ്ഞുകൊള്ളട്ടെ. ഈ പുസ്തകത്തിൽ ചേർക്കപ്പെടേണ്ട പല കാര്യങ്ങളും വിട്ടുപോയിട്ടുണ്ടാകാം; പിഴകളും പോരായ്മകളും ചൂണ്ടി കാണിക്കുക. അടുത്ത എഡിഷനിൽ നമുക്ക് തിരുത്താം.

കുടുംബ ചരിത്രം എപ്പോഴും തന്നെ അപൂർണ്ണമായിരിക്കും. ഒന്ന് പൂർവ്വകാല ചരിത്രം നമുക്ക് ഏറെക്കുറെ അജ്ഞാതമാണ്. ചരിത്ര രേഖകൾ അധികമൊന്നും ലഭിക്കാനില്ല. പൂർവ്വികന്മാർ വാമൊഴിയായി നല്കിയ കാര്യങ്ങൾ ആണ് നമ്മുടെ അവലംബം. രണ്ട് : നമ്മുടെ അന്വേഷണങ്ങളും പഠനങ്ങളും ഇനിയും പൂർണ്ണമായിട്ടില്ല; സ്ഥിതി വിവരങ്ങൾ തന്നെ പൂർണ്ണമായി ലഭിച്ചിട്ടില്ല. പലവുരു ആവശ്യപ്പെട്ടിട്ടും കിട്ടാത്ത വിവരങ്ങൾ എങ്ങനെ ചേർക്കും? ഒരു കാര്യം ഓർക്കുക, പത്രാധിപസമിതി ഒന്നും മനപൂർവ്വം ഒഴിവാക്കിയിട്ടില്ല.

ഈ ചരിത്രരചനയിൽ ഓരോ കുടുംബത്തിന്റെയും വിവരങ്ങൾ രേഖപ്പെടുത്തു മ്പോൾ ഒരു പൊതുമാനദണ്ഡം സ്വീകരിക്കാൻ പ്രതാധിപസമിതി അങ്ങേയറ്റം ശ്രമിച്ചിട്ടുണ്ട്.

തൻ നിമിത്തം ചിലപ്പോൾ ചിലകാര്യങ്ങൾ എഡിറ്റ് ചെയ്തു മാറ്റുകയോമറിക്കുകയോ ചെയ്തിട്ടുണ്ടാവാം. ആർക്കും പരാതി ക്കിട നല്കരുതെന്ന ഉദ്ദേശ്യമാണ് പത്രാധിപസമിതിക്കുള്ളത്.

ഈ ചരിത്രരചനയിൽ ആത്മാർത്ഥമായി സഹകരിച്ച എല്ലാ കുടുംബാംഗങ്ങളോടും നന്ദിയുണ്ട്. പ്രതാധിപസമിതിയിലെ മറ്റംഗങ്ങളോടെല്ലാം ഞാൻ നന്ദി പറയുന്നു. അഭിമാനത്തോടും ആനന്ദത്തോടും ആത്മസംതൃപ്തിയോടും കൂടെ നമ്മുടെ 'പാമ്പയ്ക്കൽ കുടുംബചരിത്രം' കുടുംബാംഗങ്ങളുടെ സമക്ഷം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

പാമ്പയ്ക്കൽ കുടുംബത്തിന്റെ മൂലകുടുംബമായ അറയ്ക്കൽ കുടുംബത്തിന്റെ ചരിത്രം എഴുതുവാൻ ഡോ. ഏ.റ്റി. ദേവസ്യാ തുടങ്ങിയവർ ആഗ്രഹിക്കുന്നതായി അറിയാം. അറയ്ക്കൽ കുടുംബത്തിന്റെ ഒരു ശാഖയുടെ ചരിത്രമാണ് പാമ്പയ്ക്കൽ കുടുംബചരിത്രം. ഇങ്ങനെ എല്ലാ ശാഖകളുടെയും ചരിത്രം എഴുതപ്പെട്ടിരുന്നുവെങ്കിൽ എന്ന് ആശിക്കുന്നു. എല്ലാ ശാഖകളു ടെയും ചരിത്രം ഏകോപിപ്പിക്കു മ്പോൾ നമ്മുടെ എല്ലാവരുടെ യും തറവാട്ടു കുടുംബമായ അറയ്ക്കൽ കുടുംബത്തിന്റെ ചരി ത്രമാകുമല്ലോ. അതിന് ബന്ധപ്പെട്ടവർ മുൻകയ്യെടുക്കുമെന്ന് പ്രത്യാശിക്കുന്നു. പാമ്പയ്ക്കൽ കുടുംബാംഗങ്ങളുടെ എല്ലാവിധ സഹകരണവും അവർക്ക് വാഗ്ദാനം ചെയ്യുന്നു.

ഈ പുസ്തക പ്രസാധനത്തോടെ പാമ്പയ്ക്കൽ കുടുംബാം ഗങ്ങൾ പരസ്പരം അറിയാനും ഇടപഴകാനും കുടുംബയോഗ ത്തെ ബലപ്പെടുത്താനും സ്നേഹത്തിന്റെയും സഹകരണത്തി ന്റെയും മേഖലകൾ വിശാലമാക്കാനും ഇടയാകട്ടെ എന്ന് ആശം സിക്കുന്നു. ഈ പുസ്തകത്തിൻറ കവർ പേജ് രൂപപ്പെടുത്തിയ കൊല്ലപ്പള്ളിലെ പ്രാണൻ ആർട്സിനോടും ഡി.റ്റി.പി. എടുത്തു തന്ന അങ്കമാലി ഡീപോൾ കമ്പ്യൂട്ടർ അക്കാഡമിയിലെ റെജി, സോളി എന്നിവരോടും മുദ്രണം ഭംഗിയായി കൃത്യസമയത്ത് ചെയ്തുതന്ന ആലുവ എസ്.എൻ. പ്രസ്സിനോടുമുള്ള ഹൃദയംഗ മമായ നന്ദിയും രേഖപ്പെടുത്തിക്കൊള്ളുന്നു.

എന്ന്
ഫാ. ജോസഫ് പാമ്പയ്ക്കൽ വി.സി.
വിൻസെൻഷ്യൻ വിദ്യാഭവൻ, ആലുവ,

13.05.2000





# പാമ്പയ്ക്കൽ കുടുംബ ചരിത്രത്തിന്റെ ആദ്യ പതിപ്പിൽ നിന്ന് ചില ഭാഗങ്ങൾ...

## പാമ്പയ്ക്കൽ കുടുംബത്തിന്റെ മൂല കുടുംബമായ അറയ്ക്കൽ കുടുംബം

**(അറയ്ക്കൽ കുടുംബത്തെപ്പറ്റി റവ. ഫാ. തോമസ് പാലത്തുങ്കൽ 1952 ൽ മാർത്തോമ്മാ ജൂബിലി സ്മാരകമായി പ്രസിദ്ധപ്പെടുത്തിയ ദീപിക വിശേഷാൽ പ്രതിയിൽ (പേജ്. 264) എഴുതിയിരുന്ന ലേഖനം അതേപടി ഇവിടെ പകർത്തുന്നു)**

"തോമാശ്ലീഹാ മാമ്മോദീസ നല്കിയ ഒരു നമ്പൂതിരി കുടുംബം" 'ഇന്ന് ചാവക്കാട്ട് എന്ന പേരിൽ അറിയപ്പെടുന്ന സ്ഥലം മാർ തോമാശ്ലീഹായുടെ ആഗമനകാലത്ത് നമ്പൂതിരിമാരുടെ ഒരു കേന്ദ്രമായിരുന്നതു പോലെ അങ്കമാ ലിയും നമ്പൂതിരി ഇല്ലക്കാ രുടെ ഒരു ആസ്ഥാനമായിരുന്നു. മാർത്തോമാ ശ്ലീഹാ ചാവക്കാ ട്ടു നിന്ന് അങ്കമാലിയിൽ വരികയും അവിടെ പ്രേഷിതവൃത്തി നടത്തിയ ശേഷം മലയാറ്റൂർക്കും ആ വഴി പാണ്ടി ദേശത്തേ യ്ക്കും പോവുകയും ചെയ്തുവെന്നാണ് പരമ്പരാഗതമായ നമ്മുടെ അറിവ്. അങ്കമാലി കുരിശുതറയിലുള്ള കല്ലുളി മാർ തോമാശ്ലീഹാ സ്ഥാപിച്ചതാണെന്നു പോലും നമ്മുടെയിടയിൽ ഐതിഹ്യമുണ്ടല്ലോ. അങ്കമാലിയിൽ മാർ തോമാശ്ലീഹാ പ്രേഷി തവൃത്തി നടത്തു കയിൽ ചാവക്കാട്ടു ചെയ്തതു പോലെ ജ്ഞാ നസ്നാനപ്പെടുത്തിയവരിൽ ഒട്ടും തന്നെ അപ്രധാനമല്ലാത്ത ഇല്ലാക്കാരത്തെ അറയ്ക്കന്മാർ. മാർ തോമാശ്ലീഹായിൽ നിന്നും വിശ്വാസദീപം സ്വീകരിച്ച പ്രസ്തുത ഇല്ലക്കാർ പ്രഭാവത്തിലും പ്രാഗത്ഭ്യത്തിലുമെന്നതു പോലെ വിശ്വാസസ്ഥിരതയിലും പ്രശ സ്തരായി അവിടെത്തന്നെ ആദ്യ നൂറ്റാണ്ടുകളിൽ നിവസിച്ചി രുന്നു.

വിശിഷ്ടമായ അറിവുണ്ടായിരുന്നതുകൊണ്ട് അറയ്ക്കൽ ഇല്ലക്കാർ എന്ന പ്രശസ്ത നാമം സമാർജ്ജിച്ചിരുന്ന പ്രസ്തുത തറവാട്ടുകാർ മാർത്തോമായുടെ ആഗമനത്തിനു മുൻപ് അങ്ക മാലി ഹൈന്ദവ ക്ഷേത്രത്തിലെ പ്രധാന പ്രവർത്തകരായി വർത്തിച്ചിരുന്നു.

അവർ നസ്രാണികളായ ശേഷം പ്രസ്തുത ഹൈന്ദവ ക്ഷേത്രത്തിലെ എഴുന്നെള്ളത്തിൽ സഹകരിച്ചില്ലെന്നു മാത്രമല്ല വിശ്വാസദാർഢ്യം നിമിത്തം അതിനെ പ്രതിഷേധിക്കുക കൂടി ചെയ്തു. തന്നിമിത്തം പ്രക്ഷുബ്ധരായ ഹൈന്ദവ സഹോദരന്മാർ മഹാരാജാവു തിരുമനസ്സിലെ സ്നേഹാദരങ്ങൾക്കു പാത്രീഭവിച്ചിരുന്ന അറയ്ക്കൽ ഇല്ലക്കാർ ക്ഷേത്രവിരോധികളാണെന്ന് രാജസന്നിധിയിൽ പരാതി ബോധിപ്പിച്ചു. തന്മൂലം പൂർവ്വകാലം മുതൽക്കേ രാജകുടുംബത്തിന്റെ പ്രത്യേക പ്രീതിയും ആനുകൂല്യങ്ങളും അനുഭവിച്ചിരുന്ന രാജഭക്തരായ അറയ്ക്കൽ തറവാട്ടിലെ പ്രമുഖാംഗങ്ങളിൽ ചിലർ, രാജസന്നിധിയിലേ അപ്രീതിയ്ക്കും മറ്റു പ്രത്യാഘാതങ്ങൾക്കും പാത്രീഭവിക്കുവാൻ ഇടയായേക്കുമോ എന്ന് ശങ്കിച്ച് അജ്ഞാതവാസമാഗ്രഹിച്ച് കേരളത്തിന്റെ വിവിധ ഭാഗങ്ങളെ ലക്ഷ്യമാക്കി, സ്ഥലം വിടുവാനിടയായി. ഇപ്രകാരം അങ്കമാലിയിൽ നിന്നും തെക്കോട്ട് യാത്ര തിരിച്ച അറയ്ക്കൽ തറവാട്ടിലെ ചില അംഗങ്ങൾ സുപ്രസിദ്ധമായ വൈക്കം ക്ഷേത്രത്തിൽ നിന്നും ഉദ്ദേശം നാലു മൈൽ തെക്കുള്ള ചെമ്മനത്തുകരയിൽ വന്ന് അറയ്ക്കൽ എന്ന തങ്ങളുടെ തറവാട്ടുപേരോടു കൂടി താമസമുറപ്പിച്ചു. പ്രസ്തുത അറയ്ക്കൽ കുടുംബം ക്രമേണ വികസിച്ച് അവിടെ നിന്നും വിവിധ ഭാഗങ്ങളിലേയ്ക്ക് വ്യാപിച്ച് സർവ്വോപരി സമ്പൽസമൃദ്ധരായി കാണപ്പെടുന്നത് പ്രശംസാർഹമത്രേ.

ഇങ്ങനെ അറയ്ക്കൽ കുടംബം വികസിച്ച് വിവിധ സ്ഥലങ്ങളിലേയ്ക്ക് കുടിയേറിപ്പാർത്തിട്ടുള്ളവരുടെ സന്താനങ്ങളാണ് വല്ലകം, പള്ളിപ്പുറം, കുലശേഖരമംഗലം, പാല, പയപ്പാർ, കിഴതടിയൂർ. പ്രവിത്താനം, അന്തിനാട്, കുറുമണ്ണൂർ, വാകക്കാട്, കോതമംഗലം മുതലായ സ്ഥലങ്ങളിലുള്ള അറയ്ക്കന്മാർ. കോതമംഗലത്തുള്ള ഇലഞ്ഞിക്കൽ കുടുംബക്കാരുടെ പൂർവ്വിക ആധാരങ്ങളിൽ കാണുന്ന 'പാലായിക്കാരൻ കുര്യോപ്പുതൊമ്മൻ 'പാലായിലുള്ള അറയ്ക്കൽ കുടുംബത്തിലെ ഒരു കാരണവരാണ്. അറയ്ക്കൽ കുടുംബത്തിലെ ധനാഢ്യയായ ഒരു വിധവ ഡോ. മെനേസ്സീസ് മെത്രാപ്പോലീത്താ തിരുമേനിയെ ഉദയംപേരൂർ സൂനഹദോസു സംബന്ധമായി ധനം കൊണ്ടു വളരെ സഹായിച്ചിട്ടുള്ളതായും ഒരു ഐതിഹ്യമുണ്ട്.





പ്രസ്തുത അറയ്ക്കൽ കുടുംബക്കാർ കുടിയേറിപ്പാർത്ത സ്ഥലങ്ങളിൽ ദൈവാലയങ്ങൾ സ്ഥാപിക്കുന്നതിന് അവർ മുന്നിട്ടുനിന്നു പ്രവർത്തിച്ചിട്ടുണ്ട്. ഈ കുടുംബത്തിൽ അനവധി വൈദികരും ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ഈ കുടുംബക്കാ രായി നാലു വൈദികരും ഏതാനും സന്യാസികളും ഉണ്ട്. എന്നാൽ ഉദയംപേരൂർ സൂനഹദോസു മുതൽ ഈ കുടുംബക്കാരിൽ ഒരു വലിയ വിഭാഗം യാക്കോബായക്കാരായി ഇന്നുവരെ കഴിഞ്ഞു കൂടുന്നു. ''

**പാമ്പയ്ക്കൽ കുടുംബത്തെപ്പറ്റി** The Kerala Historical Directory 1946 (Edted, and Published by Mr. Phlip George, Vidyarthimitram Office, Changanacherry)-**ൽ നിന്ന് ഒരു ഭാഗം ഇവിടെ ചേർക്കുന്നു.**

## പയ്യപ്പാറ് പാമ്പയ്ക്കൽ കുടുംബം

ഈ കുടുംബം ക്രിസ്തുമതാവലംബികളായ കല്ലമ്പള്ളി നമ്പൂതിരിമാരുടെ തായ്‌വഴിക്കാരാണെന്നാണ് ഇവരുടെ ഇടയിലുള്ള വിശ്വാസം. ആദ്യം ഇവർ അറയ്ക്കൽ എന്ന കുടുംബം പേരോടു കൂടിയാണ് താമസം ഉറപ്പിച്ചത്. ഈ കുടുംബത്തിൻറ ശാഖോപശാഖകളായി അമ്പതിൽപ്പരം ഭവനങ്ങളോളം സ്ഥലത്തും പരിസരങ്ങളിലുമായി അധിവസിച്ചു പോരുന്നു. കുറുമണ്ണ്. അന്തീനാട്, അറക്കുളം എന്നീ കരകളിലും ഇതിന്റെ ശാഖാഭവനങ്ങളുണ്ട്. ശ്രീ പാമ്പയ്ക്കൽ നെടുംപുറത്ത് മത്തായി ഔസേപ്പ് ഈ കുടുംബത്തിലെ ഇപ്പോഴത്തെ കാരണവനും അന്ത്യാളം പള്ളി ഇടവകയിലെ ഒരു ധനാഢ്യനുമാണ്. ഇടവകപ്പള്ളി സ്ഥാപിക്കുന്നതിന് മുന്നിട്ടു നിന്ന് പ്രവർത്തിച്ചവരിൽ ഒരാൾ ഇദ്ദേഹമാണ്. ഇതിലേയ്ക്ക് ധനസഹായവും ചെയ്തിട്ടുണ്ട്. പള്ളിയുടെ ആദ്യത്തെ കൈക്കാരൻ ഇദ്ദേഹമായിരുന്നു. ശ്രീ മത്തായി ഔസേപ്പ് താണോലി പള്ളി ഇടവക പുതുപ്പള്ളി കുടുംബത്തിൽ നിന്നും വിവാഹം ചെയ്തതിൽ ഒരാണും നാലു പെണ്ണും സന്താനങ്ങളായിട്ടുണ്ട്.

ഈ കുടുംബത്തിൽ നിന്നും 15 കൊല്ലങ്ങൾക്കു മുമ്പ് പിരിഞ്ഞു പോയ ഒരു പ്രധാന ശാഖയാണ് പന്നിയാങ്കണ്ടം കരയിൽ താമസിക്കുന്ന പാമ്പയ്ക്കൽ കുടുംബം. ഈ ശാഖാ കുടുംബത്തിലെ നായകനായ ശ്രീ. മത്തായി കുറുമണ്ണ് പള്ളി ഇടവകയിലെ ഒരു ധനാഢ്യനും ആ കരയിലെ ഒരു വാണിഗ്വരനുമാണ്. ഇടവകപ്പള്ളിയ്ക്കും പള്ളിക്കൂടത്തിനും സ്ഥലത്ത് സഞ്ചാരയോഗ്യമായ റോഡുകൾ വെട്ടിക്കുന്നതിനും ശ്രീ. മത്തായി ധനസഹായം ചെയ്തിട്ടുള്ളതിനും പുറമെ പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. കുറുമണ്ണ് Health Centre ന്റെ ഒരു കമ്മറ്റി മെമ്പറും വരകുകല്ല് സ്കൂളിന്റെ മാനേജറും ഇദ്ദേഹമായിരുന്നു. ഇദ്ദേഹം വിവാഹം ചെയ്തിരിക്കുന്നത് അന്തീനാട് ഓലിക്കൽ കുടുംബത്തിൽ നിന്നുമാണ്. മൂന്നാണും മൂന്ന് പെണ്ണും സന്താനങ്ങളായിട്ടുണ്ട്.

★★★



വയനാട് ദുരിതാശ്വാസ നിധിയിലേക്ക് സമാഹരിച്ച തുകയുടെ ചെക്ക് മാനന്തവാടി രൂപതയുടെ സാമൂഹിക സേവന വിഭാഗമായ WSS ന്റെ ഡയറക്ടർ റവ. ഫാ. ജിനോജിന് 14-04-2025 ൽ WSS ന്റെ ഹെഡ് ഓഫീസിൽ വച്ച് കുടുംബയോഗം രക്ഷാധികാരി റവ. ഫാ. ബഞ്ചമിൻ ജോർജ്, കുടുംബയോഗം പ്രസിഡന്റിന്റേയും സെക്രട്ടറിയുടെയും സാന്നിധ്യത്തിൽ കൈമാറി.

വയനാട് ദുരിതാശ്വാസ നിധിയിലേക്ക് ഉദാരമായി സംഭാവനകൾ നൽകി സഹകരിച്ച എല്ലാ കുടുംബാംഗങ്ങൾക്കും നന്ദി.





## ചരിത്രപുസ്തക വായനയ്ക്കായുള്ള ചില സൂചികകൾ

NB:1) ഒന്നാം പതിപ്പിലെ പോലെ തന്നെ ഈ പതിപ്പിലും മുഖ്യ ശാഖകൾക്ക് **ABCD** എന്ന് സൂചികകൾ നല്കിയിരിക്കുകയാണ്. അതായത് പടിഞ്ഞാറേ ഇളന്തോട്ടത്തിൽ ശാഖയ്ക്ക് **A** എന്നും കിഴക്കേ ഇളന്തോട്ടത്തിൽ ശാഖയ്ക്ക് **B** എന്നും കൊച്ചുപറമ്പിൽ ശാഖയ്ക്ക് **C** എന്നും തറവാട്ടിലുള്ള പാമ്പയ്ക്കൽ ശാഖയ്ക് **D** എന്നും സൂചികകൾ നല്കിയിരിക്കുന്നു.

പാമ്പയ്ക്കൽ കുടുംബത്തിന്റെ ആദ്യതലമുറ ആഗസ്തിമറിയം ദമ്പതികളാണ്.

**A, B, C, D** എന്നു പറയുമ്പോൾ അത് രണ്ടാം തലമുറയെ സൂചിപ്പിക്കും. മൂന്നാം തലമുറയാകുമ്പോൾ അത് **A1, B1, C1, D1** എന്നായിരിക്കും. നാലാം തലമുറ **A1a, A1b, A1c** എന്നും അഞ്ചാം തലമുറ **A1a1, A1b1** എന്നും ആറാം തലമുറ **A1A1a, A1B1a** എന്നും ഏഴാം തലമുറ **A1A1a1, A1B1a1** എന്നുമുള്ള സൂചികകളാലായിരിക്കും എഴുതപ്പെടുക. അത് തുടർന്നുള്ള ഭാഗങ്ങളിൽ നിന്ന് കൂടുതൽ വ്യക്തമാകും.

2) ഓരോ മുഖ്യശാഖയെയും അതിന്റെ ഉപശാഖകളെയും കുറിച്ച് പ്രത്യേകം പ്രതിപാദിക്കുകയാണ് ചെയ്തിരിക്കുന്നത്. ഒരു ശാഖയേയും അതിന്റെ ഉപശാഖകളെയും കുറിച്ചുള്ള വിവരങ്ങളെല്ലാം രേഖപ്പെടുത്തിയതിനു ശേഷം അടുത്ത ശാഖയെക്കുറിച്ചുള്ള വിവരങ്ങൾ നല്കും. അങ്ങനെ നാലു ഭാഗങ്ങളാണ് ഈ പുസ്തകത്തിനുള്ളത്. ഒന്നാം ഭാഗം പടിഞ്ഞാറേ ഇളന്തോട്ടത്തിൽ ശാഖ; രണ്ടാം ഭാഗം കിഴക്കേ ഇളന്തോട്ടത്തിൽ ശാഖ: മൂന്നാം ഭാഗം കൊച്ചുപറമ്പിൽ ശാഖ. നാലാം ഭാഗം പാമ്പയ്ക്കൽ (താവാട്) ശാഖ. ഓരോ ശാഖയെയും സംബന്ധിച്ച് ഒന്നാം പതിപ്പിന്ശേഷം ഇതുവരെ ലഭ്യമായിടത്തോളം വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

# പാമ്പയ്ക്കൽ കുടുംബം

അറയ്ക്കൽ കുടുംബത്തിന്റെ രണ്ടു ശാഖകളിലൊന്നായ കരോട്ടറയ്ക്കൽ കുടുംബത്തിലെ ഒരു കാരണവർ പയപ്പാർ കരയിൽ നിന്നും അന്തീനാട്ടി ലുള്ള പാമ്പയ്ക്കൽ പുരയിടം വാങ്ങി അവിടെ മാറി താമസിച്ചു. അങ്ങനെ കരോട്ടറയ്ക്കൽ കുടുംബത്തിന്റെ ഒരു ശാഖയായി പാമ്പയ്ക്കൽ കുടുംബം ഉടലെടുത്തു.

ആ കാരണവരുടെ പേർ **ആഗസ്തി.** അദ്ദേഹത്തിന്റെ ഭാര്യയുടെ പേര് **മറിയം** എന്നായിരുന്നു. ആഗസ്തി മറിയം ദമ്പതികൾക്ക് ദൈവം നൽകിയ സന്താനങ്ങളാണ് **മത്തായി, ചാക്കോ, തൊമ്മൻ, കുര്യൻ, റോസ, ഏലി, അന്ന** എന്നിവർ. ആഗസ്തിമറിയം ദമ്പതികളുടെ നാല് ആൺമക്കളാണ് പാമ്പയ്ക്കൽ കുടുംബത്തിന്റെ നാല് മൂലശാഖകളുടെ കാരണവന്മാർ.

ആൺമക്കളിൽ മൂത്തയാളായ മത്തായിയും രണ്ടാമത്തേയാളായ ചാക്കോയും പയ്യപ്പാറ്റിൽ ഇളന്തോട്ടം പുരയിടത്തിലേക്ക് മാറിത്താമസിച്ചു. ഇളന്തോട്ടം പുരയിടത്തിന്റെ പടിഞ്ഞാറേ ഭാഗത്ത് മത്തായിയും കിഴക്കേ ഭാഗത്ത് ചാക്കോയും താമസമാക്കിയതിനാൽ മത്തായിയുടെ കുടുംബം **പടിഞ്ഞാറേ ഇളംതോട്ടത്തിൽ** എന്നും ചാക്കോയുടെ കുടുംബം **കിഴക്കേ ഇളംതോട്ടത്തിൽ** എന്നും അറിയപ്പെട്ടുപോന്നു. മൂന്നാമത്തെ മകൻ തൊമ്മൻ ഏഴാച്ചേരിയിൽ കൊച്ചുപറമ്പിൽ പുരയിടത്തിലേക്ക് മാറിത്താമസിച്ചു. അദ്ദേഹത്തിൻറ കുടുംബം **കൊച്ചുപറമ്പിൽ** എന്നും അറിയപ്പെട്ടു. ഇളയമകൻ കുര്യൻ അന്തീനാട്ടിൽ തറവാട്ടിൽ തന്നെ താമസിച്ചു. അങ്ങനെ പാമ്പയ്ക്കൽ കുടുംബത്തിന്റെ മുഖ്യശാഖകളായി നാലു കുടുംബങ്ങൾ ആവിർഭവിച്ചു.

**(A) പാമ്പയ്ക്കൽ പടിഞ്ഞാറേ ഇളംതോട്ടത്തിൽ (B) പാമ്പയ്ക്കൽ കിഴക്കേ ഇളം തോട്ടത്തിൽ (C) പാമ്പയ്ക്കൽ കൊച്ചു പറമ്പിൽ (D) പാമ്പയ്ക്കൽ (തറവാട്)**

പെൺമക്കളിൽ **റോസയെ** കടനാട് ഇടവക പാണ്ടിയാമ്മാക്കൽ (മുതുപ്ലാക്കൽ) കുര്യൻ മകൻ **അവിരാൻ** 1050 (കൊല്ലവർഷം) വിവാഹം ചെയ്തു. അവരുടെ മക്കൾ ഇവരാണ്: കുര്യൻ, ആഗസ്തി, കുഞ്ഞപ്പ്, റോസ, അന്ന

റോസ കൊല്ലവർഷം 1112 ചിങ്ങം 10ന് നിര്യാതയായി.

രണ്ടാമത്തെ മകൾ **ഏലിയെ** കവിക്കുന്ന് ഇടവക കദളിക്കാട്ടിൽ ചാണ്ടി വിവാഹം ചെയ്തു. ഒരു മകനുണ്ടായിരുന്നു ചാണ്ടി.

മൂന്നാമത്തെ മകൾ **അന്നയെ** ഏഴാച്ചേരിൽ ചെട്ടിയാകുന്നേൽ **തൊമ്മൻ** വിവാഹം ചെയ്തു. അവരുടെ മക്കൾ : തൊമ്മൻ, മത്തായി.





## ശാഖ -A

# പടിഞ്ഞാറേ ഇളന്തോട്ടത്തിൽ കുടുംബം

പാമ്പയ്ക്കൽ ആഗസ്തി മകൻ മത്തായി പയ്യപ്പാറ്റിൽ ഇളന്തോട്ടം പറമ്പിന്റെ പടിഞ്ഞാറ് ഭാഗത്തേയ്ക്ക് മാറി താമസിച്ചു. അതിനാൽ ആ ശാഖ പടിഞ്ഞാറേ ഇളന്തോട്ടത്തിൽ കുടുംബം എന്നു വിളിക്കപ്പെട്ടു.

**ആഗസ്തി മത്തായിയുടെ** ഭാര്യയുടെ പേര് **ഏലി** എന്നായിരുന്നു. അവരുടെ മക്കൾ ഔസേഫ്, മത്തായി, എസ്തപ്പാൻ, തൊമ്മൻ. വർക്കികുഞ്ഞ്, മറിയം ഏലി ഏന്നിവരായിരുന്നു. മൂന്നാമത്തെ മകൻ എസ്തപ്പാൻ കുഞ്ഞുന്നാളിലേ മരിച്ചു പോയിരുന്നു. അതിനു ശേഷം ഉണ്ടായ കുഞ്ഞിന് അതേ പേര് തന്നെ നല്കുകയും ചെയ്തു.

പെൺമക്കളിൽ **മറിയത്തെ** പ്രവിത്താനം വള്ളമറ്റത്തിൽ **ഔസേഫ്** വിവാഹം ചെയ്തു. അവരുടെ മക്കൾ: മത്തായി, മിഖേൽ, ഔസേഫ്, ദേവസ്യാ, തൊമ്മൻ, ഏലി, അന്ന, റോസ്, മറിയം എന്നിവരാണ്.

രണ്ടാമത്തെ മകൾ **ഏലിയെ** കടനാട്ടിൽ കാരയ്ക്കാട്ട് വിവാഹം ചെയ്തു. അവരുടെ മക്കൾ: മത്തായി, മറിയം

## ശാഖ -A ഉപശാഖ -1

# നെടുംപുറത്ത് കുടുംബം

ആഗസ്തി മത്തായിയുടെ മൂത്തമകനായ **ഔസേപ്പ്** നെടുംപുറത്ത് പറമ്പിലേക്ക് മാറിത്താമസിച്ചു. അങ്ങനെ നെടുംപുറത്ത് എന്ന വീട്ടുപേരിൽ ഒരുപശാഖ ഉണ്ടായി.

മത്തായി **ഔസേഫ്** വാളിപ്ലാക്കൽ **റോസ**യെയാണ് വിവാഹം ചെയ്തിരുന്നത്. ഔസേഫ് റോസ ദമ്പതികൾക്ക് ഒരാണും അഞ്ചു പെണ്ണുമായി ആറു മക്കളാണുണ്ടായിരുന്നത്. മത്തായി, കുഞ്ഞേലി, മറിയം, കുഞ്ഞുപെണ്ണ്, മാമ്മി, അന്നക്കുട്ടി എന്നിവരാണവർ.

*In Loving memory of*



ഔസേഫ്
24-10-1948

റോസ
21-02-1958



മത്തായി
11/02/2005

മറിയം
05/12/1993



**Rev. Sr. Rosline** *(Holy Cross)*
03/03/2023



**Rev. Sr. Claris**
*(CMC)*
30/10/1993



**Rev. Sr. Macarius** *(CMC)*
12/08/2022



**Jose Mathew**
24/03/1997

**Nedumpurath Family**

*In Loving Memory of*



# Siby Jose

Nedumpurathu

25/04/2024

**കുഞ്ഞേലി** എന്ന മകളെ മുണ്ടാങ്കൽ ഇടവക കാനാട്ട് **ചാക്കോ** വിവാഹം ചെയ്തു. രണ്ടുപേരും മരണമടഞ്ഞു. അവരുടെ മക്കൾ താഴെ പേരു പറയുന്നവരാണ്.

**ഫാ. ജോർജ് കാനാട്ട്** M.C.B.S., മാമ്മി താഴത്തറയ്ക്കൽ കുഞ്ഞ് വിവാഹം ചെയ്തു, കൊച്ച് (സി. പേഷ്യൻസ്), ചിന്നമ (സി. മരിയ), കുഞ്ഞ്. കൂട്ടി. തോമസ്. അപ്പച്ചൻ

കുഞ്ഞുപെണ്ണ് എന്ന് വിളിക്കപ്പെടുന്ന **റോസയെ** അറയ്ക്കൽ കുടുംബത്തിന്റെ ശാഖകളിലൊന്നായ ചകിണിയാങ്കൽ കുടുംബത്തിൽപ്പെട്ട പാലത്തിങ്കൽ ഔസേഫ് തൊമ്മൻ വിവാഹം ചെയ്തു. അവരുടെ മക്കൾ താഴെപ്പറയുന്നവരാണ്. തൊമ്മൻ നിര്യാതനായി. കുഞ്ഞ്, അച്ചാമ്മ പെമ്പള്ളിയേൽ കൊച്ച് (നിര്യാതനായി) വിവാഹം ചെയ്തു.

മാമ്മി എന്നു വിളിക്കപ്പെടുന്ന **ബ്രജീത്തായെ** വിവാഹം ചെയ്തത് കരൂർ ഇടവക ആണ്ടുക്കുന്നേൽ ഞാവള്ളിൽ ഉതുപ്പ് മകൻ **ചാണ്ടി**യാണ്. അവരുടെ മക്കൾ താഴെപ്പറയുന്നവരാണ്. ജോസ് കുട്ടി, മാത്തുക്കുട്ടി, പാപ്പുട്ടി, തോമാച്ചൻ, സണ്ണി, ശോശാമ്മ ചവറനാനിക്കൽ ഫാൻസിസ് വിവാഹം ചെയ്തു., ലൂസി കുളത്തിനാൽ ജോണി വിവാഹം ചെയ്തു.

**അന്നക്കുട്ടിയെ** വിവാഹം ചെയ്തത് കവീക്കുന്ന് ഇടവക ചീരാംകുഴിയിൽ **മത്തായി**യാണ്. മത്തായി നിര്യാതനായി. അവരുടെ മക്കൾ. മാനുവൽ (അപ്പച്ചൻ), ചിന്നമ്മ വാളിപ്ലാക്കൽ വിവാഹം ചെയ്തു, കുഞ്ഞപ്പച്ചൻ വിവാഹം ചെയ്തു., മേരി തൂകുഴിയിൽ വിവാഹം ചെയ്ത, സി. ടെസി പൂയംകുട്ടി, കുട്ടിയമ്മ താണ്ടാം പറമ്പിൽ ഔസേപ്പച്ചൻ വിവാഹം ചെയ്തു, ജോസ്, ഓമന താഴത്തുവരിക്കയിൽ വിവാഹം ചെയ്തു., സണ്ണി.

**മറിയത്തെ** ഇടപ്പാടിയിൽ പാലോലിൽ കുളത്തിനാൽ കെട്ടിച്ചു. ഒരു കുട്ടി ഉണ്ടായി. താമസിയാതെ കുട്ടിയും അമ്മയും മരിച്ചു പോയി.

## A1a. നെടുംപുറത്ത് ഔസേഫ് മകൻ മത്തായിയുടെ കുടുംബം

ഔസേഫ് റോസ ദമ്പതികളുടെ ഏകമകനാണ് **മത്തായി.** അദ്ദേഹം വിവാഹം ചെയ്തത് മുണ്ടാങ്കൽ ഇടവക കുന്നേൽ കുര്യൻമറിയം മകൾ **മറിയാമ്മ**യെയാണ്. മത്തായി മറിയാമ്മ ദമ്പതികൾക്ക് പത്തു മക്കളെ ദൈവം പ്രദാനം ചെയ്തു.





നാല് ആണും ആറു പെണ്ണും. ജോസ്, ജോയി, മാത്യുച്ചൻ, പീയുസ്. ശോശാമ്മ, മേരിക്കുട്ടി, ചിന്നമ്മ, ലില്ലിക്കുട്ടി, ലിസ്സി. ഗ്രേസി. മത്തായി 2005 ഫെബ്രുവരി പതിനൊന്നാം തീയതി മരണപ്പെട്ടു. മത്തായിയുടെ ഭാര്യ മറിയാമ്മ 1993 ഡിസംബർ അഞ്ചിന് മരണപ്പെട്ടു.രണ്ടുപേരെയും അന്ത്യാളം പള്ളിയിൽ സംസ്കരിച്ചു.

മൂത്തമകൾ **ശോശാമ്മ** തൃശനാപ്പിള്ളി ഹോളി ക്രോസ് കോൺവെൻറിൽ ചേർന്ന് കന്യാസ്ത്രിയായി. **സി. റോസിലിൻ.**

**മേരിക്കുട്ടിയും ചിന്നമ്മയും** കർമ്മലീത്താ സന്ന്യാസസഭയിൽ ചേർന്ന് യഥാക്രമം **സി. ക്ലാരിസ്, സി. മക്കാറിയുസ്** എന്ന പേരുകൾ സ്വീകരിച്ചു.
സിസ്റ്റർ റോസിലിൻ തൃശനാപ്പള്ളി കോൺവെന്റിൽ 03.03.2023 ന് നിര്യാതയായി

സിസ്റ്റർ ക്ലാരിസ് 1993 ഒക്ടോബർ മാസം 30 ന് മരണപ്പെട്ടു.

സിസ്റ്റർ മക്കാരിയൂസ് 2022 ഓഗസ്റ്റ് മാസം 12 ന് മരണപ്പെട്ടു.

**ലില്ലിക്കുട്ടിയെ** തൂടങ്ങനാട് പൂവത്തിങ്കൽ ഫ്രാൻസിസ്-മറിയം മകൻ മാത്യു വിവാഹം ചെയ്തു.
ലിസിയെ വിവാഹം ചെയ്തിരിക്കുന്നത് കാഞ്ഞിരപ്പള്ളി എളുക്കുന്നേൽ ജോസഫ് മറിയം മകൻ ജയിംസാണ്. അവരുടെ മക്കൾ കിരൺ, നിഖിൽ എന്നിവരാണ്.
ഇളയമകൾ **ഗ്രേസി** കോതമംഗലം ധർമ്മഗിരി മഠത്തിൽ ചേർന്ന് **സി. ഗ്രേസി ലിസ്സൽ** എന്ന പേര് സ്വീകരിച്ചു.ഇപ്പോൾ തൊടുപുഴയക്കടുത്തുള്ള കരിമണ്ണൂരിൽ വിശ്രമ ജീവിതം നയിക്കുന്നു.

## A1a1.നെടുംപുറത്ത് മത്തായിയുടെ മകൻ ജോസിന്റെ കുടുംബം (മേരിലാൻഡ്)



**ജോസിന്റെ** ഭാര്യ വെള്ളിയാമറ്റം തുടിയൻപ്പാക്കൽ സ്കറിയാ-ത്രേസ്യാ മകൾ **ത്രേസ്യാക്കുട്ടി**യാണ്. ജോസ് പയപ്പാറ്റിൽ നിന്നു മേരിലാന്റിലേക്ക് മാറിത്താമസിച്ചു. ജോസ് 1997 മാർച്ച് മാസം 24ന് നിര്യാതനായി. മേരിലാൻഡ് പള്ളിയിൽ സംസ്കാരം നടത്തി. അഞ്ച് ആൺ മക്കൾ. സോണി, സ്കറിയ,ടോണി,റോണി, സിബി എന്നിവർ. സ്കറിയ ഒന്നാം വയസ്സിൽ നിര്യാതനായി.

### A1a1a. നെടുംപുറത്ത് ജോസിന്റെ മകൻ സോണിയുടെ കുടുംബം. (മേരിലാൻഡ്: 9447129172)



**സോണി** വിവാഹം ചെയ്തിരിക്കുന്നത് തൊടനാൽ ഇടവക പൗവത്ത് ചെറിയാൻ റോസ മകൾ **ടെസ്സിയെ** ആണ് ടെസ്സി അധ്യാപികയാണ്. ഇവർക്ക് മൂന്ന് മക്കൾ.അഭിഷേക്, അനുപ, അലോണ. മൂവരും വിദ്യാർത്ഥികൾ.

### A1a1b. നെടുംപുറത്ത് ജോസിന്റെ മകൻ ടോണിയുടെ കുടുംബം. (മേരിലാൻഡ് 8281606723)



**ടോണി** വിവാഹം കഴിച്ചിരിക്കുന്നത് തൊടുപുഴ കല്ലാനിക്കൽ ഇടവക വടക്കേക്കര വി.പി ജോർജ് വത്സമ്മ ദമ്പതികളുടെ മകൾ **ബിസ്മിയെ** ആണ്.മക്കൾ: തെരേസ്, ക്രിസ്റ്റോ
തെരേസ് ജർമ്മനിയിൽ നഴ്സിംഗ് പഠിക്കുന്നു. ക്രിസ്റ്റോ വിദ്യാർത്ഥിയാണ്.





### A1a1c. നെടുംപുറത്ത് ജോസിന്റെ മകൻ റോണിയുടെ കുടുംബം (മേരിലാൻഡ് +41 786584114)



**റോണി** വിവാഹം കഴിച്ചിരിക്കുന്നത് മീനച്ചിൽ ഇടവക പേണ്ടാനത്ത് ആൻറണി ലില്ലിക്കുട്ടി മകൾ **റീനയെ** ആണ്.മക്കൾ ആറോണും റിയോണയും.
റോണി കുടുംബസമേതം സ്വിറ്റ്സർലൻഡിൽ താമസിക്കുന്നു.

### A1a1d. നെടുംപുറത്ത് ജോസിന്റെ മകൻ സിബിയുടെ കുടുംബം (മേരിലാൻഡ്)



**സിബി** വിവാഹം കഴിച്ചിരിക്കുന്നത് കാഞ്ഞിരപ്പള്ളി രൂപത ചെങ്ങളം ഇടവക മാളിയേക്കൽ മാത്യു ലിസി ദമ്പതികളുടെ മകൾ **സൗമ്യയെ** ആണ്.അൽഫോൻസ,ജോസ്വിൻ എന്നിവരാണ് മക്കൾ.രണ്ടുപേരും വിദ്യാർത്ഥികൾ.സിബിയും കുടുംബവും യുകെ യിൽ ആയിരുന്നു. സിബി 2024 ഏപ്രിൽ 25 ന് ആകസ്മികമായി യുകെയിൽ നിന്ന് മരണമടഞ്ഞു ഭൗതികശരീരം മേരിലാൻഡ് പള്ളിയിൽ സംസ്കരിച്ചു. സൗമ്യയും മക്കളും ഇപ്പോൾ യു.കെ യിലാണ്.

## A1a2. നെടുംപുറത്ത് മത്തായിയുടെ മകൻ ജോയിയുടെ കുടുംബം (അന്ത്യാളം 9048589888)



**ജോയി** വിവാഹം ചെയ്തിരിക്കുന്നത് പടിഞ്ഞാറേ കോടിക്കുളം ഇടവക ചിറമാട്ടേൽ ദേവസ്യാ മകൾ **വത്സമ്മയെയാണ്.** ജോയി വത്സമ്മ ദമ്പതികളുടെ മക്കൾ ജോവിനും നീതു മേരിയും ആണ്.

**നീതു** മേരിയെ വിവാഹം കഴിച്ചത് പാലാ രൂപത കാഞ്ഞിരമറ്റം ഇടവക ആലക്ക ൽ ജോസ് സെലിൻ ദമ്പതികളുടെ മകൻ **റോണി** ആണ്. റോണി പാലാ അൽഫോൻസ ഐ ഹോസ്പിറ്റലിൽ അഡ്മിനിസ്ട്രേറ്ററാണ്. മക്കൾ റയാൻ, റോഹൻ എന്നിവർ. ഇരുവരും വിദ്യാർത്ഥികൾ

## A1a2a. നെടുംപുറത്ത് ജോയിയുടെ മകൻ ജോവിന്റെ കുടുംബം

**ജോവിൻ** വിവാഹം ചെയ്തിരിക്കുന്നത് കോട്ടയം അതിരമ്പുഴ ഫൊറോന ഇടവക ചക്കാലക്കൽ സണ്ണി (തോമസ്) മോളി ദമ്പതികളുടെ മകൾ **സിമിയെയാണ്.** മക്കൾ എലേന, ഏബൽ, ഇവാൻ എന്നിവർ. മൂവരും വിദ്യാർത്ഥികൾ. ജോവിൻ ചെന്നൈയിൽ ഐടി മേഖലയിൽ ജോലി ചെയ്യുന്നു.

## Ala3. നെടുംപുറത്ത് മത്തായിയുടെ മകൻ മാത്യുച്ചന്റെ കുടുംബം (അന്ത്യാളം 9633023371)

**മാത്യൂച്ചന്റെ** ഭാര്യ പൂവത്തോട്ട് ഇടവക ഏലിപ്പുലിക്കാട്ട് (മാടപ്പള്ളിൽ) മാത്യു-അന്നമ മകൾ **ലാലിയാണ്.** മാത്യൂച്ചൻ ലാലി ദമ്പതികളുടെ മക്കൾ മൂന്നുപേരാണ്.
അരുൺ, റീമ മേരി, നീമ അനു.








**റീമ മേരിയെ** വിവാഹം ചെയ്തത് പാല കൊട്ടാരമറ്റം ജീരകത്ത് ജോർജ്-ലില്ലി മകൻ **ജയാർഡ്** ആണ്. ഇവർ മാൾട്ടയിൽ നേഴ്സുമാരാണ്.ഇവർക്ക് ജസ്സേ എന്ന ഒരു മകനുണ്ട്.





**നീമ അനുവിനെ** വിവാഹം ചെയ്തത് പയപ്പാർ അന്ത്യാളം ഇടവക മൈലാടൂർ കുര്യൻ-മേരിക്കുട്ടി മകൻ **സിറിൽ** ആണ്. നിമ സോഫ്റ്റ്വെയർ എൻജിനീയറും സിറിൽ എംബിയെക്കാരനും ആണ്. ഇവർക്ക് മൂന്ന് മക്കൾ സെറ, കുര്യൻ, മാത്യു എന്നിവർ.

## A1a3a. നെടുമ്പുറത്ത് മാത്യൂച്ചന്റെ മകൻ അരുണിന്റെ കുടുംബം (ബാംഗ്ലൂർ9880661317)

**അരുൺ** വിവാഹം ചെയ്തിരിക്കുന്നത് എറണാകുളം കാക്കനാട് എടവക മൂലയി ൽ ജോസഫ് ലില്ലി മകൾ **കാതറിനെയാണ്.** അരുണും കാതറിനും സോഫ്റ്റ്വെയർ എൻജിനീയർമാരാണ്. ഇവർ ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു ഇവരുടെ മക്കൾ ഈഥൻ മാത്യുവും ജെയ്ഡൻ മാത്യുവും.

## A1a4. നെടുംപുറത്ത് മത്തായി മകൻ പീയുസിന്റെ കുടുംബം (അന്ത്യാളം 9400233286)



അന്ത്യാളം ഇടവക മണിമല കാടൻകാവിൽ മാത്യു-ചിന്നമ്മ മകൾ **മേഴ്സിയാണ് പീയൂസിന്റെ** ഭാര്യ. പീയൂസ് മേഴ്സി ദമ്പതികൾക്ക് രണ്ടു മക്ക ളുണ്ട്. അതുൽ, മിന്നു. **മിന്നുവിനെ** (മീനം പയസ്സ്) വിവാഹം കഴിച്ചിരിക്കുന്നത് അങ്കമാലി മുക്കന്നൂർ ഫൊ റോന പള്ളി ഇടവക മാടശ്ശേരി ജോസിന്റെയും ലിസിയുടെയും മകൻ നിതിനാണ്. സ്വീഡനിലെ സ്റ്റോക്ക് ഹോമിൽ എൻജിനീയറായി നിതിൻ ജോലി ചെയ്യുന്നു. മിന്നു അവിടെ പിഎച്ച്ഡി ചെയ്യുന്നു.

## A1a4a. നെടുംപുറത്ത് പീയൂസിന്റെ മകൻ അതുലിന്റെ(മാത്യു) കുടുംബം.



**അതുൽ** വിവാഹം കഴിച്ചിരിക്കുന്നത് പാല കത്രീഡൽ പള്ളി ഇടവക കിഴക്കയിൽ സെബാസ്റ്റ്യൻ-ലിൻസി ദമ്പതികളുടെ മകൾ **നിതയെ** ആണ്. നിത ചാർട്ടേഡ് അക്കൗണ്ടന്റ് ആണ്. അതുൽ ദുബായിയിൽ ഓട്ടോമേഷൻ എൻജിനീയർ ആണ്.ഒരു മകൾ ഇഷേൽ. എല്ലാവരും ദുബായിൽ താമസിക്കുന്നു.

## ശാഖ A ഉപശാഖ 2

## മുട്ടുതോട്ടു കുടുംബം

പടിഞ്ഞാറേ ഇളന്തോട്ടത്തിൽ താമസമാക്കിയ പാമ്പയ്ക്കൽ ആഗസ്തി മത്തായിയുടെ രണ്ടാമത്തെ മകനായ മത്തായി മുട്ടുതോട്ട് പറമ്പിലേക്ക് മാറിത്താമസിച്ചു. അതിനാൽ ആ ഉപശാഖ മുട്ടുതോട്ടു കുടുംബമായി അറിയപ്പെടാൻ തുടങ്ങി.

മുട്ടുതോട്ട് താമസമാക്കിയ **മത്തായി** വിവാഹം ചെയ്തിരുന്നത് കാണിയേക്കാട്ട് കണ്ടനാട് **ഏലി**യെയാണ്. ഈ ദമ്പതികൾക്ക് നാല് ആൺമക്കളും മൂന്നു പെൺമക്കളും ഉണ്ടായി. മത്തായി. കുഞ്ഞ് (ജോസഫ്), തൊമ്മച്ചൻ, കുഞ്ഞുലോച്ചൻ,പെണ്ണ്, മറിയാമ്മ, ത്രേസ്യാമ്മ എന്നിവരാണവർ.

പെൺമക്കളിൽ മൂത്തയാളായ **പെണ്ണ്** എന്ന **ഏലി**യെ അന്തീനാട് മഞ്ഞക്കുന്നേൽ **മിനിഹാ** വിവാഹം ചെയ്തു. അവരുടെ മക്കൾ പ്രഫ. ഡോ. എം.എം. ചാണ്ടി -ഭാര്യ പാലാ കിഴക്കേക്കര കെ.സി സെബാസ്റ്റ്യന്റെ മകൾ അന്നക്കുട്ടി. ചിന്നമ്മ-ഭർത്താവ് ഏഴല്ലൂർ പൊട്ടനാനിയ്ക്കൽ മാത്യു.





ഏലിയാമ്മ ഭർത്താവ് പാലാ തുടിയൻപ്ലാക്കൽ റ്റി.എസ്. സക്കറിയാ.

രണ്ടാമത്തെ മകളായ **മറിയാമ്മ**യെ ഇരുവേലിക്കുന്നേൽ **തൊമ്മൻ** വിവാഹം ചെയ്തു. അവരുടെ മക്കൾ: കൊച്ച്, അപ്പച്ചൻ ബേബി, സോമി, ഏലിയാമ്മ, ഗ്രേസി, സാലി

മൂന്നാമത്തെ മകൾ **ത്രേസ്യാമ്മ**യെ വിവാഹം ചെയ്തിരിക്കുന്നത് കടനാട് കാവുംകണ്ടം ഇടവക ഉറുമ്പുകാട്ട് **കുര്യാച്ചൻ** ആണ്. അവരുടെ മക്കൾ ജോയി ഭാര്യ: മറ്റത്തിപ്പാറ പയ്യനാൽ കുഞ്ഞാഗസ്തി മകൾ ഗ്രേസിയാണ്. ലില്ലി കുറുമണ്ണ് ഐപ്പൻ പറമ്പിക്കുന്നേൽ ജിമ്മിയാണ് ഭർത്താവ്. ഏലിയാമ്മ -ഭർത്താവ് പാലാ പുത്തൻപുരയ്ക്കൽ തോമസുകുട്ടി. ഫിലോ-ഭർത്താവ് ചെമ്മലമറ്റം വെള്ളൂർക്കുന്നേൽ (കല്ലങ്ങാട്ട്) വക്കച്ചൻ മകൻ പാപ്പച്ചൻ. ജെസ്സി-ഭർത്താവ് തോട്ടയ്ക്കാട്ട് തെക്കനാട്ട് വർഗീസ് മകൻ സോജൻ. സണ്ണി-ഭാര്യ ചേർപ്പുങ്കൽ കോലടി ഔസേപ്പച്ചൻ മകൾ ജസ്സി. മാത്തച്ചൻ - ഭാര്യ ഇലഞ്ഞി കാക്കനാട് ദേവസി മകൾ ലയോണി.

## A2a. മുട്ടുതോട്ടു മത്തായിയുടെ മകൻ മത്തായിയുടെ കുടുംബം (മേരിലാന്റ്)

മുട്ടുതൊട്ട് മത്തായിയുടെ മൂത്ത മകൻ **മത്തായി** പയപ്പാറ്റിൽ നിന്നും മേരിലാന്റിലേക്ക് (അന്ന് പന്നിയാംകണ്ടം എന്നാണ് ആ സ്ഥലം അറിയപ്പെട്ടിരുന്നത്) മാറിത്താമസിച്ചു. പ്രവിത്താനം ഇടവക ഓലിക്കൽ **ഏലി**യെയാണ് വിവാഹം ചെയ്തിരുന്നത്. ഈ ദമ്പതികൾക്ക് എട്ടു മക്കളെ ദൈവം നല്കി. അച്ചാമ്മ. മറിയക്കുട്ടി, കുഞ്ഞുകുട്ടി, പാപ്പച്ചൻ. കൊച്ച്, ജെമ്മ. തോമാച്ചൻ, ഇത്തമ്മ എന്നിവരാണവർ.



പെൺമക്കളിൽ മൂത്തവളായ അച്ചാമ്മയെ പുന്നത്തുറ ഇടവക കുന്നത്തൂർ ജോസഫ് വിവാഹം ചെയ്തു.മക്കൾ ബേബി-ഭാര്യ അരിപ്പാറ ഇടവക തെക്കേക്കര ജോസഫ് മകൾ മോളി. സോജൻ-ഭാര്യ മാലപ്പറമ്പ് പുളിക്കാട്ടിൽ തോമസ് മകൾ റൂബി.

സജി-ഭാര്യ കടംവഴിപ്പുറം അതിരുകുളങ്ങര വീട്ടിൽ അബ്രാഹം മകൾ ജാൻസി. സിബി-ഭാര്യ അരിമ്പപള്ളി ഇടവക കുമ്പ്ലന്താനം അബ്രാഹം മകൾ, ആൻസി. ആലീസ്-ഭർത്താവ് തുളുമ്പാറ മാളിയേക്കൽ കുര്യൻ മകൻ മാത്യു ഷിജി-ഭർത്താവ് വടക്കാഞ്ചേരി മാറാമറ്റത്തിൽ ഷാജി. റെസി -ഭർത്താവ് തലച്ചിറക്കുഴി റെജി, റെനി -ഭർത്താവ് മേലേടത്ത് ബിനോയ്.

രണ്ടാമത്തെ മകൾ മറിയക്കുട്ടിയും നാലാമത്തെ മകൾ ഇത്തമ്മയും പാലായിൽ ക്ലാരിസ്റ്റ് സഭയിൽ ചേർന്ന് കന്യാസ്ത്രികളായി. അവർ യഥാക്രമം **സി. റെമീജിയസ്സ്** F.C.C., **സി. റെസ്സി** F.C.C. എന്നീ പേരുകൾ സ്വീകരിച്ചു.

**സിസ്റ്റർ റെമീജിയസ്സ്** അധ്യാപികയായിരുന്നു കൂട്ടിക്കൽ, പെരിങ്ങുളം, തീക്കോയി എന്നിവിടങ്ങളിൽ അധ്യാപികയായി സേവനം ചെയ്തു. ഇപ്പോൾ കോതനെല്ലൂർ കോൺവെന്റിൽ വിശ്രമ ജീവിതം നയിക്കുന്നു.
**സി.റെസി** പാലാ അൽഫോൻസാ കോളേജിൽ പ്രൊഫസറായിരുന്നു.
ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് ആയി റിട്ടയർ ചെയ്യ്തു. ഇപ്പോൾ പാലായിയ്കടുത്തുള്ള സിറാഫിക് കോൺവെന്റിൽ വിശ്രമജീവിതം നയിക്കുന്നു.





മൂന്നാമത്തെ മകനായ **കൊച്ച്** പാലാ രൂപതയിൽ വൈദികനായി **റവ. ഫാ. മൈക്കിൾ പാമ്പയ്ക്കൽ**, പാമ്പയ്ക്കൽ കുടുംബത്തിലെ നാലാമത്തെ വൈദികനായി 1970ൽ അഭിഷേകം ചെയ്യപ്പെട്ട അദ്ദേഹം പാലാ രൂപതയിൽ കടനാട്, മലയിഞ്ചിപ്പാറ, കീഴൂർ, കൈപ്പിള്ളി, ഉള്ളുനാട് തുടങ്ങിയ പള്ളികളിൽ സേവനം ചെയ്തു.





1995 മേയ് 16ാം തിയ്യതി അദ്ദേഹം ചരമം പ്രാപിച്ചു. മേരിലാന്റ് പള്ളി സിമിത്തേരിയിൽ അടക്കം ചെയ്തു. ജലന്തർ ബിഷപ്പ് അഭിവന്ദ്യ സിംഫോറിൻ തിരുമേനിയാണ് തിരുക്കർമ്മങ്ങൾക്ക് പ്രധാന കാർമ്മികത്വം വഹിച്ചത്. പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിലും സന്നിഹിതനായിരുന്നു.

സഹോദരൻ തോമാച്ചനുമൊത്ത് താമസിച്ചിരുന്ന മൂന്നാമത്തെ മകൾ **ജെമ്മ** അവിവാഹിതയായിരുന്നു. ജെമ്മ 2021 ഡിസംബർ മാസം 22-ാം തീയതി മരണമടഞ്ഞു.

### A2a1. മുട്ടുതോട്ട് മത്തായിയുടെ മകൻ കുഞ്ഞുകുട്ടിയുടെ കുടുംബം (ഉണിച്ചിറ, ഇടപ്പള്ളി)



**കുഞ്ഞുകുട്ടി** വിവാഹം ചെയ്തത് വടയാർ ഇടവക പാറശ്ശേരിൽ മാത്തച്ചൻ - ക്ലാരമ്മ മകൾ **ലീലാമ്മയെ** ആണ്.
ഈ ദമ്പതികൾക്ക് നാലു മക്കളെ ദൈവം നല്കി. സണ്ണി. ലിൻഡാ, സിനി, സിജു.
കുഞ്ഞുകുട്ടി എച്ച്.എം.റ്റി. കമ്പനിയിൽ നിന്നും ഡെപ്യൂട്ടി ജനറൽ മാനേജരായി റിട്ടയർ ചെയ്തയാളാണ്. 1986 ഫെബ്രുവരിയിൽ ജോൺ പോൾ മാർപ്പാപ്പ എച്ച്. എം.റ്റി ഗ്രൗണ്ടിൽ ദിവ്യബലിയർപ്പിച്ചപ്പോൾ കാഴ്ചയർപ്പണത്തിന് എച്ച്.എം.റ്റി. കമ്പനിയുടെ പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടത് കുഞ്ഞുകുട്ടിയാണ്. കുഞ്ഞുകുട്ടി 2022 ഡിസംബർ മാസം 31 -ാം തീയതി നിര്യാതനായി. തോപ്പിൽ മേരി റാണി പള്ളിസിമിത്തേരിയിൽ സംസ്കാരം നടത്തി. പെൺകുട്ടികളിൽ ലിൻഡാ ചെറുപ്പത്തിലേ (1970ൽ) മരിച്ചുപോയി.



**സിനി**യെ വിവാഹം ചെയ്തത് കോതമംഗലം രൂപത കത്തീഡ്രൽ പള്ളി ഇടവക മുണ്ടക്കൽ ആൻറണിയുടെയും ആനീസിന്റെയും മകൻ അഡ്വ. **ജോളി**യാണ്.

കോതമംഗലം ബാറിൽ അഭിഭാഷകനായ ജോളി നോട്ടറി പബ്ലിക് കൂടിയാണ്. സിനി അധ്യാപികയുമാണ്. ഇവർക്ക് രണ്ടു മക്കൾ. ഇമ്മാനുവലും ജോർജ്ജും. ഇമ്മാനുവൽ എൽഎൽബിക്ക് പഠിക്കുന്നു. ജോർജ് വിദ്യാർത്ഥിയാണ്.

### A2a1a. മുട്ടുതോട്ട് കുഞ്ഞുകുട്ടിയുടെ മകൻസണ്ണിയുടെ കുടുംബം (ഉണിച്ചിറ 9249471123)



**സണ്ണി** വിവാഹം ചെയ്തിരിക്കുന്നത് അങ്കമാലിയ്ക്കടുത്തുള്ള കിടങ്ങൂർ ഇടവക മഴുവഞ്ചേരിൽ **സജിതയെയാണ്.** ഈ ദമ്പതികൾക്ക് രണ്ട് മക്കളുണ്ട് അന്ന, ത്രേസ്യാമ്മ (ടാനിയ). ഇലക്ട്രിക്കൽ എഞ്ചിനീയറായ സണ്ണി ഏറണാകുളത്ത് ട്രാൻസൽ വയേഴ്സ് എന്ന കമ്പനി നടത്തുന്നു.

**അന്ന**യെ വിവാഹം ചെയ്തിരിക്കുന്നത് കുമ്പിടി ഇടവക തൃശ്ശൂർ ഇരിഞ്ഞാലക്കുട രൂപത കണ്ണമ്പള്ളി ജോയിയുടെയും ആൻസമ്മയുടെയും മകൻ **അജിത്താണ്.** അന്ന ഫുഡ്ടെക്ക്നോളജിയിൽ എഞ്ചിനീയറാണ്. ഇപ്പോൾ ട്രാൻസൽ ഫുഡ് പ്രൊഡക്ട് എന്ന കമ്പനി നടത്തുന്നു. അജിത്ത് എഞ്ചിനീയറാണ്. ഇവർക്ക് രണ്ട് മക്കൾ ഇസറോസും സേറയും. ത്രേസ്യാമ്മ (ടാനിയ) MBA കഴിഞ്ഞ് ഡൽഹിയിൽ ജോലി ചെയ്യുന്നു.

### A2a1b. മുട്ടുതോട്ട് കുഞ്ഞുകുട്ടിയുടെ മകൻ സിജുവിന്റെ കുടുംബം. (ഉണിച്ചിറ 9447814842)



**സിജു** വിവാഹം കഴിച്ചിരിക്കുന്നത്പാലാ കൊഴുവനാൽ ഇടവക നരിവേലിൽ മാത്യുവിന്റെയും മോളിയുടെയും മകൾ ട്രീസ **മാത്യുവിനെയാണ്.**





ഇവർക്ക് മക്കൾ രണ്ടുപേർ.സ്നേഹ, ജോഹാൻ സിജു സോഫ്റ്റ് വെയർ എഞ്ചിനീയർ ആണ്.

### A2a2. മുട്ടുതോട്ട് മത്തായിയുടെ മകൻ പാപ്പച്ചന്റെ കുടുംബം (കൊല്ലപ്പള്ളി)



**പാപ്പച്ചൻ** വിവാഹം ചെയ്തത് ഏറ്റുമാനൂർ ചിറയിൽ ജോസഫ്-ത്രേസ്യാ മകൾ **ആലീസിനെയാണ്.** അദ്ദേഹം ഒരു ഡോക്ടറായിരുന്നു. കൊല്ലപ്പള്ളിൽ സെന്റ് മേരീസ് ഹോസ്പിറ്റൽ അദ്ദേഹം നടത്തിവന്നിരുന്നു. ആകസ്മികമായി 1994 ജൂൺ 19ാം തിയതി അദ്ദേഹം നിര്യാതനായി.പാപ്പച്ചൻ ആലീസ് ദമ്പതികൾക്ക് നാല് ആൺമക്കളാണുള്ളത് എബി,ജോമോൻ, റ്റോണി, സെബി എന്നിവർ.



### A2a2a. മുട്ടുതോട്ട് പാപ്പച്ചന്റെ മകൻ എബിയുടെ കുടുംബം (പനംപാലംകോട്ടയം) ഫോൺ: 9447598750

**എബി** ഡോക്ടറാണ്. കോട്ടയം വടവാതൂർ ESI ആശുപത്രിയിൽ ഓർത്തോ സർജനാണ്. മക്കൾ രണ്ടുപേർ മാത്യുവും തോമസും.

### A2a2b. മുട്ടുതോട്ട് പാപ്പച്ചന്റെ മകൻ ജോമോൻ (പയപാർ 9495952616)

**ജോമോൻ** കൊല്ലപ്പള്ളിയിൽ ബിസിനസ് ചെയുന്നു.

### A2a2c. മുട്ടുതോട്ട് പാപ്പച്ചന്റെ മകൻ റ്റോണിയുടെ കുടുംബം (ഏറ്റുമാനൂർ 9995824186)

**റ്റോണി** വിവാഹം കഴിച്ചത് ചങ്ങനാശ്ശേരി വേരൂർ ഇടവക ചക്കാലയിൽ തോമസ് - ജോളി മകൾ **സിമിയെയാണ്.**റ്റോണി മോനിപ്പള്ളിയിൽ ബിസിനസ് ചെയ്യുന്നു.

### A2a2d. മുട്ടുതോട്ട് പാപ്പച്ചന്റെ മകൻ സെബിയുടെ കുടുംബം (കൊല്ലപ്പള്ളി 9946111060)

**സെബി** വിവാഹം കഴിച്ചിരിക്കുന്നത് പാലാ വയലാ ഇടവക തേൻപ്പള്ളിൽ ജോയ്-ആനിമ്മ മകൾ **അഞ്ചു**വിനെയാണ്.സെബി കൊല്ലപ്പള്ളിയിൽ ബിസിനസ് ചെയ്യുന്നു.

## A2a3. മുട്ടുതോട്ട് മത്തായിയുടെ മകൻ തോമാച്ചൻറ കുടുംബം (മേരിലാൻഡ്)



**തോമാച്ചന്റെ** ഭാര്യ നെടിയശാല ഇടവക കുന്നം കോട്ട് ആ ഗസ്തി അന്നമ്മ മകൾ **ലൂസിയാണ്.**

ഈ ദമ്പതികൾക്ക് ഏഴു മക്കളെ ദൈവം നൽകി.ലിൻസി, ആൻസി, ജിജി, ജോജി, ഗോൾസി, ലിജു, ലിയാ എന്നിവരാണവർ.



മൂത്ത മകൾ **ലിൻസിയെ** എലിവാലി ഇടവക കല്ലറയ്ക്കൽ ക്ലമെൻറ് മറിയാമ്മ മകൻ **സാജുവാണ്** വിവാഹം ചെയ്തിരിക്കുന്നത്. സാജു സൗത്ത് ഇന്ത്യൻ ബാങ്ക് അസിസ്റ്റൻറ് ജനറൽ മാനേജരായി എറണാകുളത്ത് ജോലി ചെയ്യുന്നു. ഇവർക്ക് മൂന്ന് മക്കളൊണ് ഉള്ളത്. ടിങ്കിൾ ലിൻസ്, അതുൽ, ആഷ്ലി എന്നിവർ. ടിങ്കിൾ ലിൻസ് ഡോക്ടറാണ്. അതുൽ എംബിബിഎസിന് പഠിക്കുന്നു. ആഷ്ലി എൽഎൽബിക്ക് പഠിക്കുന്നു.





രണ്ടാമത്തെ മകൾ **ആൻസിയെ** വിവാഹം ചെയ്തിരിക്കുന്നത് പുഞ്ഞാർ പയ്യാനിത്തോട്ടം പ്ലാത്തോട്ടത്തിൽ ജോസഫ് ത്രേസ്യാമ്മ മകൻ **ബിജിയാണ്.**

ഇവർക്ക് മൂന്ന് മക്കൾ ഉണ്ട്. അമൽ തെരേസ (കമ്പ്യൂട്ടർ എൻജിനീയർ ടിസിഎസ്), എയ്ഞ്ചൽ ലൂസിയ (ഡോക്ടർ), ആൽവിൻജോസ് (എൻജിനീയറിംഗ് വിദ്യാർത്ഥി) എന്നിവർ.

**ഗോൾസിയെ** വിവാഹം കഴിച്ചിരിക്കുന്നത് പാല പൈക മുക്കിലിക്കാട്ട് എബ്രഹാം ലില്ലിക്കുട്ടി മകൻ **പ്രിൻസ്** ആണ്. പ്രിൻസ് ചാർട്ടേഡ് അക്കൗണ്ടന്റായി എറണാകുളത്ത്‌വർക്ക് ചെയ്യുന്നു. ഇവർക്ക് ഒരു മകൾ ഉണ്ട് ക്ലെയർ എലിസബത്ത്.



# *In Loving Memory of*



P.M. Mathai Pampackal
*Born: 05-01-1906*
*Died: 24-03-1986*

Kunjeli Mathai
*Born: 19-05-1907*
*Died: 15-06-1999*



**Dr. Mathai. M. Pampackal**
Born : 01-10 - 1938
Died : 19 - 06 - 1994



**Rev.Fr. Michael Pampackal B.Sc**
Born: 21-03-1941
Ordinated: 21-12-1970
Died: 16-05-1995



**PM JOSEPH**
Born: 12-12-1936
Died: 31-12-2022

*Muttuthottu Family*



**ലിയായെ** വിവാഹം കഴിച്ചത് പാല കരൂർ ഇടവക പടിഞ്ഞാറേക്കര ആന്റണിയുടെയും കുഞ്ഞുഞ്ഞമ്മയുടെയും മകൻ **ആൻറോഷ്** ആണ്.
ആൻറോഷ് കുവൈറ്റ് എയർ വെയ്സിൽ ക്യാബിൻ ക്രൂ ആണ്. ഇവർക്ക് രണ്ടു മക്കൾ ഏബൽ, എവിൻ

### A2a3a. മുട്ടുതോട്ട് തോമാച്ചന്റെ മകൻ ജിജിയുടെ കുടുംബം (ഓസ്ട്രേലിയ)



**ജിജി** വിവാഹം കഴിച്ചിരിക്കുന്നത് ചങ്ങനാശേരി തോട്ടക്കാട് എടവക തെള്ളിയിൽ ജോയ് ലില്ലിക്കുട്ടി ദമ്പതികളുടെ മകൾ **ബ്ലെസ്സിയെയാണ്.** ജിജി സോഫ്റ്റ്വെയർ എൻജിനീയറും ബ്ലെസ്സി നേഴ്സുമാണ്.
മക്കൾ അലൻ, ആൽഫി,എയ്ഡൻ, മൈക്കിൾ എന്നിവരാണ്. ഇവർ കുടുംബ സമേതം ഓസ്ട്രേലിയയിൽ താമസിക്കുന്നു.

### A2a3b. മുട്ടുതോട്ട് തോമാച്ചന്റെ മകൻ ജോജിയുടെ കുടുംബം (ബാംഗ്ലൂർ 9535103056)



**ജോജി** വിവാഹം കഴിച്ചിരിക്കുന്നത് പത്തനംതിട്ട റാന്നി ഈഴൂരിക്കൽ ജോസഫ് മറിയാമ്മ ദമ്പതികളുടെ മകൾ **ജെറിനെയാണ്.**
ഇവർക്ക് ഒരു മകൾ ഡിയോൺ. ജോജി ബാംഗ്ലൂരിൽ സോഫ്റ്റ്വെയർ എൻജിനീയറായി ജോലി ചെയ്യുന്നു.

### A2a3c. മുട്ടുതോട്ട് തൊമാച്ചന്റെ മകൻ ലിജുവിന്റെ കുടുംബം (മേരിലാൻഡ് 9447607436)



**ലിജുവിന്റെ** ഭാര്യ പ്രവിത്താനം കോഴികുത്തിക്കൽ Dr. ജോസഫിന്റെയും അൽഫോൻസയുടെയും മകൾ **ഡോ. ജിഷ യാണ്.**





ലിജു ഹയർസെക്കൻഡറി സ്കൂൾ അധ്യാപകനും ജിഷ ഹോമിയോ ഡോക്ടറുമാണ്. ഇവർക്ക് രണ്ട് മക്കൾ എമിൽ ടോമും എറിക് ജോയും.

### A2b. മുട്ടുതോട്ട് മത്തായിയുടെ മകൻ കുഞ്ഞിന്റെ കുടുംബം

**കുഞ്ഞ്** വിവാഹം ചെയ്തത് അന്തീനാട് മഞ്ഞക്കുന്നേൽ ഔസേഫ്-ഏലി മകൾ **മറിയത്തെയാണ്.** ഈ ദമ്പതികൾക്ക് രണ്ട് ആൺസന്താനങ്ങളുണ്ടായി. മത്തച്ചനും കുഞ്ഞേപ്പും. മത്തച്ചൻ മലബാറിൽ ബളാലിലും കുഞ്ഞേപ്പ് മലബാറിൽ ചുള്ളിയിലും ആയിരുന്നു.

### A2b1. മുട്ടുതോട്ട് കുഞ്ഞിൻറ മകൻ മത്തച്ചൻ കുടുംബം (ബളാൽ)

**മത്തച്ചൻ** വിവാഹം ചെയ്തിരിക്കുന്നത് ഭരണങ്ങാനം ഇടവക ഈഴപ്പറമ്പിൽ **ചിന്നമ്മയെയാണ്.** ഇവരുടെ മക്കൾ ജോസ്, കൊച്ചുറാണി. ലില്ലിക്കുട്ടി എന്നിവരാണ്.
കൊച്ചുറാണിയെ വിവാഹം ചെയ്തത് ചെറുപുഴ പുതുമന ജോസഫ് ത്രേസ്യാ മകൻ ആൻറണിയാണ്. അവരുടെ മക്കൾ ജോസഫ്, റ്റോസി, തോമസ്, റോണി എന്നിവരാണ്.
**ലില്ലിക്കുട്ടിയെ** വിവാഹം ചെയ്തിരിക്കുന്നത് ഉദയഗിരി ആക്കൻ വീട്ടിൽ ആഗസ്തി അന്നമ്മ മകൻ **ആഗസ്തിയാണ്.** അവരുടെ മക്കൾ ലിൻറാ, ലിജിൻ.

### A2b1a. മുട്ടുതോട്ട് മത്തച്ചൻ മകൻ ജോസിൻറെ കുടുംബം (ബളാൽ)

**ജോസ്** വിവാഹം ചെയ്തിരിക്കുന്നത് ചെമ്പേരി ഇടവക തയ്യിൽ തോമസ് ബ്രജീത്താ മകൾ **മേരിയെയാണ്.** അവരുടെ മക്കൾ: ജയേഷ്, ജിഷാ, ജോബിഷ്.

### A2b2. മുട്ടുതോട്ട് കുഞ്ഞിൻറ മകൻ കുഞ്ഞേപ്പിൻറെ കുടുംബം (ചുള്ളി)





**കുഞ്ഞേപ്പിന്റെ** ഭാര്യ ഭരണങ്ങാനം ഇടവക കോനൂക്കുന്നേൽ ദേവസ്യാ മറിയം മകൾ **ത്രേസ്യയാണ്.** ഈ ദമ്പതികൾക്ക്. 10 മക്കളെ ദൈവം നല്കി. മറിയം, ഏലിയാമ്മ, ബേബി, സെലീനാമ്മ, ആൻറണി. ആൻസി, ലിൻസി, തോമസ്, മൈക്കിൾ, സിബി. സിബി 1989ൽ മരിച്ചു പോയി.



**കുട്ടിയമ്മ** എന്നു വിളിക്കുന്ന **മേരിയെ** (Ph:7902465818) വിവാഹം ചെയ്തിരിക്കുന്നത് വെള്ളരിക്കുണ്ട് പഴപ്ലാക്കൽ **പൗലോസ്** ആണ്.

അവരുടെ മക്കൾ: ബീന, ബിജി, ബിജോയ്. ബീനയെ വിവാഹം കഴിച്ചിരിക്കുന്നത് ചെറുപുഴ പാലക്കുന്നേൽ വർക്കി തെയ്യാമ്മ മകൻ ജോർജ് (രാജു)വാണ്.ഇവരുടെ മക്കൾ ജോജോ ,ആൻ മരിയ എന്നിവർ. ബിജിയെ വിവാഹം കഴിച്ചത് ആലക്കോട് പാലക്കുഴ ജോസഫ് ചിന്നമ്മ മകൻ ഷിബിയാണ്.ബിജി ഡൽഹിയിൽ അക്കൗണ്ട ൻറ് ആയിരുന്നു. ഷിബി ആലക്കോട് ബിസിനസ് ചെയ്യുന്നു. മക്കൾ അലക്സ് പയസ്സ്, ഫ്രാൻസിസ്.ബിജോയ് വിവാഹം കഴിച്ചിരിക്കുന്നത് കൊട്ടാരക്കര അരീക്കൽ റിയയെയാണ്.ബിജോയ് തിരുവനന്തപുരത്ത് ഡോക്ടറായി പ്രാക്ടീസ് ചെയ്യുന്നു. റിയ ഐടി പാർക്കിൽ ജോലി ചെയ്യുന്നു. മക്കൾ അമയ, ജറമ്മി.



**ഏലിയാമ്മയെ** (ആലീസ്) Ph: 9539692682 വിവാഹം ചെയ്തിരിക്കുന്നത് വള്ളിക്കടവ് മഴുവഞ്ചേരിൽ **ജോസ്** ആണ്. മക്കൾ: ജോസ്ന ,ജോമിൽ, ജോഷ്വാ.

ജോസ്നയുടെ ഭർത്താവ് വെള്ളരിക്കുണ്ട് പുറത്തെ മുതുകാട്ടിൽ വർക്കി മേരി മകൻ റെജി. ഒരു മകൻ ജോർജ്. ജോമിലിന്റെ ഭാര്യ കൊന്നക്കാട് താന്നിക്കപ്പാറ ജ്യോതി.മക്കൾ ക്രിസ്റ്റ, ക്രിസ്റ്റീന. ജോഷ്വായുടെ ഭാര്യ ചുള്ളി പിണക്കാട്ടുപറമ്പിൽ ജോണി-മേരി മകൾ ലിറ്റി. മക്കൾ ഇമ്മാനുവേൽ, ഇസ് മരിയ.

**സെലീനാമ്മയെ** പരപ്പ് വെള്ളപ്ലാക്കൽ **ബേബി** (സിറിയക്ക്) വിവാഹം കഴിച്ചു. അവരുടെ മക്കൾ: കുര്യൻ, ജോസഫ്, ത്രേസ്യാമ്മ.

**ആൻസിയെ** കണ്ടംകുഴി, പൊന്നാംകുഴി **ജോസ്** വിവാഹം കഴിച്ചു. അവരുടെ മക്കൾ വർക്കി, ഏലി.

**ലിൻസിയെ** വിവാഹം കഴിച്ചത് കോഴിച്ചാൽ ഇടവക പല്ലാട്ട് തടത്തിൽ **ലൈജുവാണ്** . ഇവരുടെ മക്കൾ ലൈബിൻ, ജോസ്ന. ലിൻസി മരണപ്പെട്ടു.





## A2b2a. മുട്ടുതോട്ട് കുഞ്ഞേപ്പിന്റെ മകൻ ബേബിയുടെ കുടുംബം (ചുള്ളി 9645581263)

**ബേബിയുടെ** ഭാര്യ ചുള്ളി ഉറുമ്പുമാട്ടേൽ (നടുവിലേടത്ത്) ദേവസ്യാഅന്നമ്മ മകൾ മറിയം (മേരി) ആണ്. അവരുടെ മക്കൾ: ജിജോ, ജോബി, ജോമി, എന്നിവരാണ്. ജിജോ തൻറെ പതിമൂന്നാം വയസ്സിൽ, 1996 ജൂലൈ മാസം 22-ാം തീയതി മരണപ്പെട്ടു.



**ജോബിയുടെ** ഭർത്താവ് പടിഞ്ഞാറെത്തറ അയ്യംകൊഴക്കൽ മാത്യു - മോളി മകൻ **ജസ്റ്റിൻ.** മക്കൾ: ജുവാൻ, ജ്വാന. ജോബി അധ്യാപികയാണ്.(ഫോൺ:7902494854).

**ജോമിയുടെ** ഭർത്താവ് പുളിങ്ങോം കൈതവേലിൽ അപ്പച്ചൻ ചിന്നമ്മ മകൻ **മഹേഷ്.** മക്കൾ തെരേസ അൽഫോൻസാ. (ഫോൺ :8301803469)

## A2b2b. മുട്ടുതോട്ട് കുഞ്ഞേപ്പിന്റെ മകൻ മൈക്കിളിന്റെ കുടുംബം (ചുള്ളി)

**മൈക്കിൾ** വിവാഹം ചെയ്തിരിക്കുന്നത് കാരാംകോട്ട് വരിക്കയിൽ തോമസ് മകൾ **മറിയത്തെ**യാണ്. ഇവരുടെ മക്കൾ ജോസഫ്, ത്രേസ്യാ എന്നിവരാണ്.

## A2b2c. മുട്ടുതോട്ട് കുഞ്ഞേപ്പിന്റെ മകൻ ആൻറണിയുടെ കുടുംബം (ചുള്ളി)

**ആൻറണി**യുടെ ഭാര്യ ബാപ്പൻചാൽ പുതിയമടം അപ്പച്ചൻ മകൾ **അന്നമ്മ**യാണ്. ഇവരുടെ മക്കൾ ജോസഫ്. ഉണ്ണി എന്നിവരാണ്.

## A2c. മുട്ടുതോട്ട് മത്തായി മകൻ തൊമ്മച്ചന്റെ കുടുംബം (മേരിലാന്റ്)



**തൊമ്മച്ചൻറെ** ഭാര്യ അന്തീനാട് ഇടവക പുതിയിടത്ത്, ചുമ്മാർ മറിയം മകൾ **ഏലിക്കുട്ടിയാണ്.** ഈ ദമ്പതികളുടെ മക്കൾ മത്തച്ചൻ, പാപ്പച്ചൻ, ഏലിയാമ്മ, തോമാച്ചൻ, ജോർജ്, മേരി, ജോണി. സിസിലി, ബേബി, ഫിലോമിനാ, സണ്ണി, ബെന്നി എന്നിവരാണ്.

ഏലിക്കുട്ടി 2004 ഡിസംബർ മാസം പന്ത്രണ്ടാം തീയതിയും തൊമ്മ ച്ചൻ 2011 ജൂലൈ മാസം ആറാം തീയതിയും മരണപ്പെട്ടു.

**ഏലിയാമ്മയെ** വിവാഹം ചെയ്തിരിക്കുന്നത് പാറപ്പുഴ മേക്കുന്നേൽ ഐപ്പ്മറിയം മകൻ **ജോസ്** ആണ്. അവരുടെ മക്കൾ ജോസുകുട്ടി, അനിമോൾ (മരിച്ചുപോയി)എന്നിവരാണ്. ജോസ് 2019 സെപ്റ്റംബർ മാസം എട്ടാം തിയതി നിര്യാതനായി. ജോസ്സ് കുട്ടിഭാര്യ പ്രീതി (മരണപ്പെട്ടു) മക്കൾ മൂന്ന് പേർ ശ്രേയ, ഷെയ്ൻ,ഷെറിൻ.ഏലിയാമ്മ മകൻ ജോസ്കുട്ടിയോടൊപ്പം സൗദിയിലെ ദമാമിൽ താമസ്സിക്കുന്നു.

**മേരിയെ** ഏഴാച്ചേരി പൂങ്കുടിയിൽ സ്കറിയാമറിയം മകൻ **ജോസ്** വിവാഹം ചെയ്തു. ഇവരുടെ മക്കൾ ജിസ്മി (ടിൻറ്റു), റോബിൻസ് എന്നിവരാണ്. ടിന്റു-ഭർത്താവ് ജിൻസ്, റോബിൻസ്-ഭാര്യ ജ്യോതി.

**സിസിലിയെ** കുടയത്തൂർ പുന്നവേലിക്കുന്നേൽ സേവ്യർ ഏലി മകൻ **സേവ്യർ** ആണ് വിവാഹം ചെയ്തിരിക്കുന്നത്. അവരുടെ മക്കൾ  അമ്മു, ചിന്നു, പൊന്നു എന്നിവർ.

**ഫിലോമിനയെ** ചേന്നാട് നീണ്ടുക്കുന്നേൽ തോമസ്-അന്ന മകൻ **തോമസ്** വിവാഹം ചെയ്തു. ഇവരുടെ മക്കൾ റോബിൻസ്, ജോബിൻസ്, അനുമോൾ എന്നിവർ.റോബിൻസ്-ഭാര്യ ജാസ്മിൻ, ജോബിൻസ്-ഭാര്യ ടെസ്സിൻ, അനുമോൾ ന്യൂസ്സിലന്റിൽ നേഴ്സ് ആണ്. റോബിൻസും ജോബിൻസും കുടുംബസമേതം കാനഡയിലാണ്.

### A2c1. മുട്ടുതോട്ട് തൊമ്മച്ചൻ മകൻ മത്തച്ചന്റെ കുടുംബം (മേരിലാൻഡ്)



**മത്തച്ചന്റെ** ഭാര്യ പ്രവിത്താനം ഇടവക ചന്ദ്രൻകുന്നേൽ മത്തായി ബ്രജീത്താ മകൾ **മോളി** ആണ്. ഈ ദമ്പതികൾക്ക് ബീനാ സോണി. സിനി എന്നി മൂന്ന് മക്കളുണ്ട്. മത്തച്ചൻ റിട്ടയേർഡ് സ്കൂൾ ഹെഡ്മാസ്റ്ററാണ്.



# പാവനസ്മരണയ്ക്ക്



**മത്തായി തോമസ്**
06-07-2011

**ഏലിക്കുട്ടി തോമസ്**
12-12-2004

**പാമ്പയ്ക്കൽ, മേരിലാന്റ്**

പാലാ രൂപത അക്കാഡമിക്ക് കൗൺസിൽ മാനേജിംഗ് ബോർഡ് അംഗമായും മേലുകാവ് ഹൗസിംഗ് സഹകരണസംഘം വൈസ് പ്രസിഡൻറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

### A2c1a. മുട്ടുതോട്ട് മത്തച്ചന്റെ മകൻ സോണിയുടെ കുടുംബം (എറണാകുളം)



**സോണി** വിവാഹം കഴിച്ചിരിക്കുന്നത് എറണാകുളം തെങ്ങോട് പള്ളി ഇടവക മനയാത്ത് ദേവസ്യ-കുഞ്ഞമ്മ മകൾ **മെർലിനെയാണ്.** മെർലിൻ എംഎസ്.സി. മൈക്രോബയോളജി കഴിഞ്ഞ് മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ വർക്ക് ചെയ്യുന്നു. സോണി കമ്പ്യൂട്ടർ എൻജിനീയറായി ജോലി ചെയ്യുന്നു.

ഇവർക്ക് മക്കൾ രണ്ടു പേർ. അലൻ സോണി,മിലൻ സോണി.

### A2c1. മുട്ടുതോട്ടു മത്തച്ചന്റെ മകൻ സിനിയുടെ കുടുംബം (ഓസ്ട്രേലിയ)



**സിനി** വിവാഹം കഴിച്ചിരിക്കുന്നത് കടപ്ലാമറ്റം കടിയൻകുറ്റിയിൽ ഔസേപ്പച്ചൻ-മറിയക്കുട്ടി ദമ്പതികളുടെ മകൾ **ഷിബി**യെയാണ് രണ്ടുപേരും ഓസ്ട്രേലിയയിൽ ജോലി ചെയ്യുന്നു. ഇവർക്ക് മൂന്ന് മക്കളാണ് ഉള്ളത്. ഹന്ന,റോൺ, റിഹാന എന്നിവർ. റോണും റിഹാനയും ഇരട്ട കുട്ടികൾ ആണ്.

### A2c2. മുട്ടുതോട്ട് തൊമ്മച്ചന്റെ മകൻ പാപ്പച്ചന്റെ കുടുംബം (മേരിലാൻഡ്)

മുട്ടം ശങ്കരപ്പിള്ളി ഇടവക കല്ലൂർ തോമസ് അന്ന മകൾ **മോളിയെ** ആണ് **പാപ്പച്ചൻ** വിവാഹം ചെയ്തിരിക്കുന്നത്. ഇവരുടെ മക്കൾ ഏലമ്മ, ജാസ്മി, ജിസ്മി, ജോസ്മി എന്നിവരാണ്. ഇവരിൽ ഏലമ്മ ചെറുപ്പത്തിലേ മരിച്ചുപോയി.







**ജാസ്മിയെ** വിവാഹം കഴിച്ചിരിക്കുന്നത് പട്ടിത്താനം രത്നഗിരി ഇടവക കുഴിക്കാട്ടിൽ ജെയിംസ്-അച്ചാമ്മ ദമ്പതികളുടെ മകൻ **ജോമോൻ** ആണ്.ജാസ്മി കുവൈറ്റിൽ നേഴ്സ് ആയി ജോലി ചെയ്യുന്നു.ഇവരുടെ മക്കൾ ജുവാൻ,ജെറോം എന്നിവർ.രണ്ടുപേരും വിദ്യാർത്ഥികൾ.

**ജിസ്മിയെ** വിവാഹംകഴിച്ചിരിക്കുന്നത് കൊല്ലപ്പള്ളി അന്തിനാട് ഇടവക കാഞ്ഞിരത്തിങ്കൽ അബ്രാഹത്തിന്റെയും-മേരിക്കുട്ടിയുടെയും മകൻ **ജോമോൻ** ആണ്.ഇവരുടെ മക്കൾ ആൽബി, മെറിൻ, സിയന്ന എന്നിവർ. ജിസ്മി ചേർപ്പുങ്കൽ ഹോസ്പിറ്റലിൽ നേഴ്സ് ആയി ജോലി ചെയ്യുന്നു

**ജോസ്മിയെ** വിവാഹം കഴിച്ചത് അറക്കുളം ഇടവക എടക്കരയിൽ സക്കറിയ-അച്ചാമ്മ ദമ്പതികളുടെ മകൻ **ടിജോ സക്കറിയ** ആണ്. ജോസ്മി സൗദിയിൽ നേഴ്സ് ആയി ജോലി ചെയ്യുന്നു. ഇവരുടെ മക്കൾ ഹന്ന മരിയ തെരേസയും അന്ന മരിയ തെരേസയും.

### A2c3. മുട്ടുതോട്ട് തൊമ്മച്ചൻ മകൻ തോമാച്ചന്റെ കുടുംബം (ഇടമറുക്)

കുറുമണ്ണ് ഇടവക മണ്ണാറാത്ത് ചെറിയാൻ -റോസമ്മ മകൾ **ത്രേസ്യാക്കുട്ടിയാണ് തോമാച്ച**ന്റെ ഭാര്യ. ഇവരുടെ മക്കൾ തോമസുകുട്ടി, റ്റിൻസി എന്നിവർ. തോമസുകുട്ടി 2011 ഫെബ്രുവരി മാസം ആറാം തീയതി നിര്യാതനായി.



റ്റിൻസി നേഴ്സിങ് കഴിഞ്ഞ് ബാംഗ്ലൂർ സെൻറ് ഫിലോമിനാസിൽ ജോലി ചെയ്യുന്നു.

### A2c4. മുട്ടുതോട്ട് തൊമ്മച്ചൻറ മകൻ ജോർജിന്റെ കുടുംബം (മേരിലാൻഡ്)

**ജോർജിന്റെ** ഭാര്യ മാനത്തൂർ ഈടവക എരുമംഗലത്ത് അഗസ്റ്റിൻമറിയം മകൾ **ജോളിയാണ്.** ഇവരുടെ മക്കൾ ജിഷ, ജിൻസി, ജിനു, ജിറ്റി ജോബിറ്റ് എന്നിവരാണ്.

**ജിഷയെ** വിവാഹം കഴിച്ചത് മൂലമറ്റം അറക്കളം ഇടവക ചാലിൽ എബ്രഹാം ലീലാമ്മ ദമ്പതികളുടെ മകൻ **രഞ്ജു** ആണ്. ജിഷ ദുബായിൽ നേഴ്സ് ആയി ജോലി ചെയ്യുന്നു. ഇവരുടെ മക്കൾ റയോണ, റയാൻ.



**ജിൻസിയെ** വിവാഹം കഴിച്ചത് മുന്നിലവ് വാകക്കാട് ഇടവക തയ്യിൽ ജോസ് മകൻ **അനീഷ്** ആണ്. ഇവർക്ക് ഒരു മകൾ എലൈൻ എൽസ'. ജിൻസി യു കെ യിൽ നേഴ്സ് ആയി ജോലി ചെയ്യുന്നു. ഇവർ കുടുംബസമേതം യുകെ യിൽ ആണ്.

**ജിനുവിനെ** വിവാഹം കഴിച്ചത് ഏറ്റുമാനൂർ വെട്ടി മുകൾ ഇടവക കരുവേലിക്കുന്നേൽ സെബാസ്റ്റ്യൻ അന്നക്കുട്ടി മകൻ **ഷിബിൻ** ആണ്. ജിനു നേഴ്സ് ആണ്. ഷിബിൻ ടെക്നീഷ്യനും. ഇവർക്ക് ഒരു മകൾ സെറ.

**ജിറ്റി** ഐടി എഞ്ചിനീയർ ആയി എറണാകുളത്ത് ജോലി ചെയ്യുന്നു. **ജോബിറ്റ്** വിദ്യാർത്ഥിയാണ്.

### A2c5. മുട്ടുതോട്ട് തൊമ്മച്ചൻ മകൻ ജോണിയുടെ കുടുംബം.
ഫോൺ8848573518 (പാറപ്പുഴ, കോടിക്കുളം)







എളംദേശം ഇടവക വട്ടവനാൽ ഇട്ടിയവിരാത്രേസ്യാമ്മ മകൾ **ജെയിൻ** ആണ് **ജോണി**യുടെ ഭാര്യ. ഇവരുടെ മക്കൾ ടിജോ (തോമസ്),ടിനോ(എബ്രഹാം) ടിന്റോ (ഔസേപ്പച്ചൻ) ടിഷോ (ജോണി)എന്നിവരാണ്.



**ടിനോ** സിഎസ്ടി സന്യാസ സഭയിൽ ചേർന്ന് വൈദികനായി. ഫാദർ ടിനോ CST. (ഫോൺ:9778636760)

2008 മെയ് മാസം 17ാം തീയതി തന്റെ ആദ്യ വ്രതവാഗ്ദാനം നടത്തി.

2014 മെയ് മാസം 14 ന് നിത്യ വ്രതവാഗ്ദാനം നടത്തിയ ടിനോ 2018 ജനുവരി മാസം 4ാം തീയതി പാറപ്പുഴ സെന്റ് ജോസഫ് ഇടവക ദേവാലയത്തിൽ വച്ച് കോതമംഗലം രൂപതാ ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

ഇപ്പോൾ വയനാട് ജില്ലയിലെ മാനന്തവാടിയ്കടുത്തുള്ള കരിമാനി എന്ന സ്ഥലത്ത് സിഎസ്ടി ഫാദേഴ്സിന്റെ ഉടമസ്ഥതയിലുള്ള WAM ടീ ഫാക്ടറിയുടെ ജനറൽ മാനേജരായി സേവനം ചെയ്യുന്ന ടിനോ തന്റെ MBA പഠനത്തിനു ശേഷം കരിമാനിയിലുള്ള **CST** സഭയുടെ ക്രിസ്തുനികേതൻ ആശ്രമത്തിന്റെ പ്രൊക്യുറേറ്റർ, WAM ടീയുടെ അസി. ഡയറക്ടർ, അസി. ജനറൽ മാനേജർ എന്നീ നിലകളിൽ സേവനം ചെയ്തിട്ടുണ്ട്.

### A2c5a. മുട്ടുതോട്ട് ജോണിയുടെ മകൻ ടിജോയുടെ കുടുംബം (പാറപ്പുഴ)

**ടിജോ** വിവാഹം കഴിച്ചിരിക്കുന്നത് കുട്ടനാട് കാവാലം ഇടവക കിഴക്കേ അറക്കൽ തോമസ്-സെലിൻ മകൾ **ബെൻസിയെ** ആണ്. ബെൻസി നേഴ്സ് ആണ്.ഇവർക്ക് മക്കൾ ഒരാൾ. സ്റ്റീവ് ജോൺ. ടിജോ സെൽഫ് കെയർ ഇൻഡസ്ട്രിയിൽ സെയിൽസ് മാനേജരായി ജോലി ചെയ്യുന്നു.

### A2C5b. മുട്ടുതോട്ടു ജോണിയുടെ മകൻ ടിന്റോയുടെ കുടുംബം (U.K)

ടിന്റോ വിവാഹം ചെയ്തിരിക്കുന്നത് കുട്ടനാട് കാവാലം ഇടവക കിഴക്കേ അറക്കൽ തോമസ് സെലിൻ ദമ്പതികളുടെ മകൾ ബെസ്സി ജോസഫൈനെ ആണ്.



ഇവർക്ക് രണ്ട് മക്കൾ. ക്രിസ്ജോണും, ക്രിസ്റ്റീൻറോസും. ഇവർ കുടുംബസമേതം യുകെയിൽ ജോലി ചെയ്യുന്നു.

### A2C5c. മുട്ടുതോട്ട് ജോണിയുടെ മകൻ ടിഷോയുടെ കുടുംബം (പാറപ്പുഴ)

**ടിഷോയു**ടെ ഭാര്യ പാലാ കടപ്ലാമറ്റം ഇടവക മങ്കര ജോസഫ് - ഷേർളി മകൾ **മരിയ ജോസ്** ആണ്. മരിയ മാർസ്ലീവാ മെഡിസിറ്റിയിൽ അക്കൗണ്ടന്റ് ആണ്. ഇവർക്ക് ഒരു മകൻ.

### A2c6. മുട്ടുതോട്ട് തൊമ്മച്ചൻറ മകൻ ബേബിയുടെ കുടുംബം (ഒലവക്കോട്)
ഫോൺ ബേബി: 9745638166



ചേർപ്പുങ്കൽ പള്ളി ഇടവക വടാതുരുത്തേൽ സ്ക്കറിയാ മറിയം മകൾ **ലീലാമ്മ** യാണ് **ബേബിയു**ടെ ഭാര്യ. ഇവരുടെ മക്കൾ ബിൽമി. ബിലിൻ, ബിൽഷാ എന്നിവരാണ്. ബേബി റെയിൽവേയിൽ നിന്ന് ചീഫ് ടിക്കറ്റ് ഇൻസ്പെക്ടർ ആയി റിട്ടയർ ചെയ്ത ആളാണ്. ഇപ്പോൾ പാലക്കാട് ഒലവക്കോട് താമസിക്കുന്നു.

**ബിൽമിയെ** വിവാഹം കഴിച്ചിരിക്കുന്നത് മാനത്തൂർ ഇടവക കണിയാരത്ത് ജോർജ് തങ്കമ്മ മകൻ **കിഷോർ** ആണ്. ഇവർക്ക് മൂന്നു മക്കൾ ഉണ്ട്. അഭിഗേയിൽ ,കെയില, അലിസ. ബിൽമിയും കിഷോറും അയർലൻഡിൽ നേഴ്സുമാരാണ്.

**ബിലിനെ** വിവാഹം കഴിച്ചിരിക്കുന്നത് കാഞ്ഞിരപ്പള്ളി മണിമല അരീക്കുഴിയിൽ തോമസ് റോസമ്മ മകൻ **ഷിബിൻ** ആണ് . രണ്ടുപേരുംയുകെയിൽ നേഴ്സ്മാരാണ്. ഇവരുടെ മക്കൾ അമീലിയ, സിയോണ.





**ബിൽഷായെ** വിവാഹം ചെയ്തിരിക്കുന്നത് പെരുമ്പാവൂർ പുല്ലുവഴി കോഴിപൂവനാനിക്കൽ ഭിന്നിയുടെയും ലിൻസിയുടെയും മകൻ **ക്രിസ്റ്റി** ആണ്. ബിൽഷാ അയർലൻഡിൽ നേഴ്സ് ആയി സേവനം ചെയ്യുന്നു. ക്രിസ്റ്റി ഐടി എൻജിനീയർ ആണ്. ഇവർ ക്ക് ഒരു മകൻ ഈഥൻ, ഫോൺ:+353894730019

### A2C7. മുട്ടുതോട്ട് തൊമ്മച്ചൻ മകൻ സണ്ണിയുടെ കുടുംബം (മേരിലാൻഡ് 9074841796)



**സണ്ണി**യുടെ ഭാര്യ പുവരണി എടയ്ക്കാട്ട് സെബാസ്റ്റ്യൻ മേരി മകൾ **ലിസിയാണ്.** ഇവർക്ക് സെസിൽ, ഹെൽബിൻ, റിയ എന്നീ മൂന്ന് മക്കളുണ്ട്. സെസിൽ യുകെയിൽ പഠിക്കുന്നു. ഹെൽബിനും റിയയും നേഴ്സുമാരാണ്.

### A2C8. മുട്ടുതോട്ട് തൊമ്മച്ചൻ മകൻ ബെന്നിയുടെ കുടുംബം (എറണാകുളം)
ഫോൺ: 9846121715



പുത്തൻപള്ളി ഇടവക പറമ്പിൽ ജോർജ് - ചിന്നമ്മ മകൾ **സ്വപ്ന**യാണ് **ബെന്നി**യുടെ ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ ഉണ്ട് ബെൻ, ജിയോ, ജോ.

ബെന്നി മാതൃഭൂമിയിലും ഇന്ത്യൻ എക്സ്പ്രസ്സിലും സർക്കുലേഷൻ മാനേജരായും ദീപികയിൽ മാർക്കറ്റിംഗ് മാനേജർ ആയും ജോലി ചെയ്തതിനു ശേഷം ഇപ്പോൾ എഫ്. എം. മീഡിയ എന്നസ്ഥാപനത്തിൻറെ എം.ഡി.യായി പ്രവർത്തിക്കുന്നു.

വടക്കേ അമേരിക്കയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന സംഗമം എന്ന മലയാളം പത്രത്തിന്റെ ഡയറക്ടർ. കൂടാതെ ആയുർവേദ, ഹെൽത്ത്,ടൂറിസം,മെഡിക്കൽ ടൂറിസം എന്നീ മാഗസിനുകളുടെ

എഡിറ്റർ ആൻഡ് പബ്ലിഷർ കൂടിയാണ് ബെന്നി. ഭാര്യ സ്വപ്ന എംഫി ൽ കാരിയാണ്. ഇപ്പോൾ എറണാകുളത്ത് ഇടപ്പള്ളിയിൽ താമസിക്കുന്നു.പാമ്പയ്ക്കൽ കുടുംബയോഗം ട്രസ്റ്റ് രൂപീകരിച്ചപോൾ ഫൗണ്ടർ ട്രസ്റ്റിമാരിൽ ഒരാളും കുടംബയോഗം ട്രഷററും ആയിരുന്നു.

## A2D. മുട്ടുതോട്ട് മത്തായിയുടെ മകൻ കുഞ്ഞിലോച്ചന്റെ കുടുംബം (നെല്ലാപ്പാറ)

**കുഞ്ഞിലോച്ചന്റെ** ഭാര്യ കുടക്കച്ചിറ ഇടവക വള്ളോപ്പള്ളി **ഏലിക്കുട്ടിയാണ്,** ഏലിക്കുട്ടിയുടെ പിതൃസഹോദരനായിരുന്നു തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവ്. കുഞ്ഞിലോച്ചൻ -ഏലിക്കുട്ടി ദമ്പതികളുടെ സന്താനങ്ങൾ താഴെപ്പറയുന്നവരാണ്. മാത്തുക്കുട്ടി, ഒസേപ്പച്ചൻ, കുട്ടിയമ്മ, ജോൺ, തോമ്മാച്ചൻ. സെലിൻ. ദേവസ്യാച്ചൻ, ബേബി, പൗളി. ജസ്സി, ബെന്നി. ബെറ്റി.



**കുഞ്ഞിലോച്ചൻ 2012 സെപ്റ്റംബർ മാസം ഏഴാം തീയതിയും ഏലിക്കുട്ടി 2019 ജൂലൈ മാസം 14-ാം തീയതിയും മരണപ്പെട്ടു.** ഇരുവരെയും കരിങ്കുന്നം പള്ളിയിൽ സംസ്കരിച്ചു.

**കുട്ടിയമ്മയെ** ഉടുമ്പന്നൂർ തോട്ടുങ്കൽ തോമസ്-ഏലിക്കുട്ടി മകൻ **ജോർജ്** വിവാഹം ചെയ്തു. അവരുടെ മക്കൾ സിബി, ജിബി, മരീന എന്നിവരാണ്. ജോർജ് 25.05.2023ന് മരണപ്പെട്ടു.

**സെലിനെ** വിവാഹം ചെയ്തിരിക്കുന്നത് നടുക്കണ്ടം ചെങ്ങാംതടത്തിൽ ജോസഫ് മറിയം മകൻ **ജോസാണ്.** അവരുടെ മക്കൾ ജസ്റ്റിൻ. ജോൺസൺ എന്നിവരാണ്.

**പൗളിയെ** വിവാഹം ചെയ്തിരിക്കുന്നത് വണ്ടമറ്റം ഇടവക തടത്തിൽ പൗലോസ് മറിയം മകൻ **ജോസാണ്.** അവരുടെ മക്കൾ ജോസ്മി, പോൾ എന്നിവരാണ്.

**ജെസ്സിയെ** രാമപുരം കുഴിമ്പിൽ **കുട്ടിച്ചൻ** വിവാഹം ചെയ്തു. ഇവർക്ക് മക്കൾ ഇല്ല.

**ബെറ്റിയെ** വിവാഹം ചെയ്തിരിക്കുന്നത് തുടങ്ങനാട് പഴയമറ്റം





പാലയ്ക്കൽ അബ്രാഹം -ത്രേസ്യാക്കുട്ടി മകൻ **ബെന്നിയാണ്.** ബെന്നി കെഎസ്ആർടിസിയിൽ നിന്ന് റിട്ടയർ ചെയ്ത ആളാണ്. ഇവർക്ക് മക്കൾ രണ്ടുപേർ അൽഫോൻസയും അവറാച്ചനും. അൽഫോൻസ കാനഡയിലാണ്.

ആൺമക്കളിൽ മൂന്നാമനായ **ജോൺ** 19ാം വയസിൽ നിര്യാതനായി. വൈദീക വിദ്യാർത്ഥിയായിരുന്നു.

നാലാമത്തെ മകൻ **തോമാച്ചൻ** തലശ്ശേരി രൂപതയിൽ ചേർന്ന് വൈദികനായി **റവ. ഫാ.തോമസ് പാമ്പയ്ക്കൽ.** 1987 ജനുവരി മാസം ആറാം തീയതി നെടിയകാട് ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ വെച്ച് അദ്ദേഹത്തിൻറെ അമ്മയുടെ പിതൃസഹോദരനും തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനുമായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപിള്ളി പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. തുടർന്ന് തലശ്ശേരി രൂപതയിലെ പേരാവൂർ ഇടവകയിൽ അസിസ്റ്റൻറ് വികാരിയയായി ആദ്യ നിയമനം.



പിന്നീട് തലശ്ശേരി രൂപതയിലെ വിവിധ ഇടവകകൾ ആയ വാഴമല (ഒരു മാസം), മാടത്തിൽ, ചാണോകുണ്ട്, ചെട്ടിയാംപറമ്പ്, രത്നഗിരി, കരയത്തുംചാൽ, പടിയൂർ, വലിയ അരീക്കമല , കാസർഗോഡ് ജില്ലയിലെ ബേഡൂർ, കാലിച്ചാമരം, ആയന്നൂർ എന്നിവിടങ്ങളിലും വികാരിയായി സേവനം ചെയ്തു. 2010 മുതൽ 3 വർഷക്കാലം തലശ്ശേരി അതിരൂപതയുടെ ധ്യാനകേന്ദ്രമായ പരിയാരത്തുള്ള മദർ ഹോമിൽ സ്പിരിച്വൽ ഫാദർ ആയി സേവനം ചെയ്തു.

ഇപ്പോൾ തലശ്ശേരി അതിരൂപതയിൽപെട്ട കാസർഗോഡ് ജില്ലയിലെ പടുപ്പ് എന്ന ഇടവകയിൽ വൈദികനായി സേവനം ചെയ്യുന്നു.

## A2D1.മുട്ടുതോട്ട് കുഞ്ഞിലോച്ചൻ മകൻ മാത്തുക്കുട്ടിയുടെ കുടുംബം (നെല്ലാപ്പാറ)

പാലാ ഇടവക പുളിമൂട്ടിൽ ജോസഫ് -അന്ന മകൾ **ലീലാമ്മയാണ് മാത്തുക്കുട്ടിയുടെ** ഭാര്യ. ഈ ദമ്പതികളുടെ മക്കൾ ബിനീഷ്. ബിബു എന്നിവരാണ്.



## A2D1a. മുട്ടുതോട്ടു മാത്തുക്കുട്ടിയുടെ മകൻ ബിനീഷിന്റെ കുടുംബം (ഡാലസ്, യു എസ് എ)

**ബിനീഷിന്റെ** ഭാര്യ തൊടുപുഴ അഞ്ചിരി കൊച്ചുപറമ്പിൽ മൈക്കിൾ മേരിക്കുട്ടി മകൾ **ജിൻസിയാണ്.** ഇവർക്ക് മക്കൾ മൂന്നു പേർ. ആഷ്‌ലി മരിയ മാത്യു, ഇല്യാന മേരി മാത്യു, നേഥൻ ജോൺ മാത്യു. ബിനീഷ് ഐടി ഫീൽഡിലും ജിൻസി നേഴ്‌സായും കുടുംബസമേതം അമേരിക്കയിൽ ജോലി ചെയ്യുന്നു.

## A2D1b. മുട്ടുതോട്ടു മാത്തുക്കുട്ടിയുടെ മകൻ ബിബുവിന്റെ കുടുംബം
Ph: 9895240087

**ബിബു** വിവാഹം കഴിച്ചിരിക്കുന്നത് മഞ്ഞക്കടമ്പ് പൊന്നന്താനം ഇടവക കോടിമറ്റത്തിൽ അഗസ്ത്യൻ-അച്ചാമ്മ ദമ്പതികളുടെ മകൾ **രാഖിയെ** ആണ്.
2003 ൽ ഇന്ത്യൻ നേവിയിൽ ചേർന്ന ബിബു മാസ്റ്റർ ചീഫ് പെറ്റി ഓഫീസറായി (ഫിസിക്കൽ ട്രെയിനിങ് ഇൻസ്ട്രക്ടർ) ചെന്നൈയിൽ ആർകോണത്ത് ജോലി ചെയ്യുന്നു. ഒരു സ്പോർട്സ് താരമായ ബിബു ട്രിപ്പിൾ ജെംമ്പിൽ 2007 ലെ ഏഷ്യൻ മെഡലിസ്റ്റ് ആണ്.നാഷണൽ ചാമ്പ്യനും ആണ്.രാഖി എം എസ് ഡബ്ല്യു, എം ഫിൽ കഴിഞ്ഞതിനുശേഷം സ്കൂൾ കൗൺസിലറായും നേവിയിൽ സോഷ്യൽ വർക്കർ ആയും ഐസിഎംആർസി (ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്)യിൽ റിസർച്ച് അസിസ്റ്റന്റായും ജോലി ചെയ്തിരുന്നു.
ഇവരുടെ മക്കൾ ജുവാൻ, ജൂവൽ, ജോർഡാൻ എന്നിവർ.



## സ്നേഹസ്മരണയ്ക്ക്



**കുഞ്ഞിലോച്ചൻ**
07-09-2012

**ഏലിക്കുട്ടി**
14-07-2019



**ബെന്നി ജോൺ**
10 - 08 - 2020

**പാമ്പയ്ക്കൽ ഫാമിലി, കരിങ്കുന്നം**

**A2D2. മുട്ടുതോട്ട് കുഞ്ഞിലോച്ചൻ മകൻ ഔസേപ്പച്ചന്റെ കുടുംബം (കരിങ്കുന്നം: 9947618720)**

**ഔസേപ്പച്ചൻ** വിവാഹം ചെയ്തിരിക്കുന്നത് പൂഞ്ഞാർ വരകു കാലാപ്പറമ്പിൽ വർക്കി-അന്ന മകൾ **മോളി**യെയാണ്. അവരുടെ മക്കൾ വിനു, അനു, ജിനു എന്നി വരാണ്. എയർഫോഴ്സിൽ (18 വർഷം) ആയിരുന്ന ഔസേപ്പച്ചൻ വിരമിച്ചതിനു ശേഷം (22 വർഷം) എസ് ബി ടി യിൽ ഉദ്യോഗസ്ഥൻ ആയിരുന്നു.



**അനുവിനെ** വിവാഹം കഴിച്ചത് പാല പിഴക് ഇടവക കരിക്കുന്നേൽ ജോസഫ് -അന്ന മകൻ **ജോബിൻ** ആണ്.
അനുവും ജോബിനും യു കെ യിൽ നേഴ്സുമാരാണ്.
ഇവർക്ക് ഒരു മകൾ ജീന. ഫോൺ: +443339990527

**A2D2a. മുട്ടുതോട്ട് ഔസേപ്പച്ചന്റെ മകൻ വിനുവിൻറെ കുടുംബം (തായ്ലാൻഡ്) ഫോൺ: +66819470170**

**വിനു** വിവാഹം കഴിച്ചിരിക്കുന്നത് തൊടുപുഴ തെക്കുംഭാഗം പെരുമറ്റത്തിൽ ബാബുവിന്റെയും ഗ്രേസിയുടെയും മകൾ **റൈസിയെ** ആണ്. വിനു തായ്‌ലൻഡിൽ ഡിസൈൻ എൻജിനീയർ ആയി ജോലി ചെയ്യുന്നു. റൈസി എം. ബി. യെ കാരിയാണ്. റയൻജോൺ, കാതറിൻ എന്നിവരാണ് ഇവരുടെ മക്കൾ.

**A2D2b. മുട്ടുതോട്ട് ഔസേപ്പച്ചന്റെ മകൻ ജിനുവിന്റെ കുടുംബം. ഫോൺ: 9744428208**

**ജിനു** വിവാഹം കഴിച്ചിരിക്കുന്നത് ഇടുക്കി വിമലഗിരി ഇടവക നടയ്ക്കൽ മാണി മേരി മകൾ **അമല മരിയ**യെയാണ്.





ജിനു എസ് ബി ഐയിൽ മാനേജരായി ജോലി ചെയ്യുന്നു. എം സി എ കഴിഞ്ഞ അമല ഇൻഫോസിസിൽ ജീവനക്കാരിയായിരുന്നു. ഇവരുടെ മക്കൾ തെരേസ് മരിയ, റാഫേൽ ജോസ്, ആൻ മരിയ എന്നിവർ.

**A2D3. മുട്ടുതോട്ട് കുഞ്ഞിലോച്ചൻ മകൻ ദേവസ്യാച്ചന്റെ കുടുംബം (നെല്ലാപ്പാറ: 9645599443)**

നെടിയശാല കുന്നൻചിറ ദേവസ്യാ-ഏലിക്കുട്ടി മകൾ **മോളിയാണ് ദേവസ്യാച്ചൻറ** ഭാര്യ. ഇവരുടെ മക്കൾ റോബിൻ, റീന എന്നിവരാണ് .



**റീനയെ** വിവാഹം ചെയ്തിരിക്കുന്നത് തൊടുപുഴ കിഴക്കേ കോടിക്കുളം വെള്ളിയാംതടത്തിൽ ജോർജിന്റെയും റീത്തയുടെയും മകൻ **ജിസ്** ആണ്. റീന സൗദിയിൽ നേഴ്സ് ആയിരുന്നു.
ജിസ് സൗദിയിൽ എൻജിനീയറായി ജോലി ചെയ്യുന്നു. ഇവരുടെ മക്കൾ ജിയോൺ, ജിയന്ന.

**A2D3a. മുട്ടുതോട്ട് ദേവസ്യാച്ചന്റെ മകൻ റോബിന്റെ കുടുംബം (അയർലൻഡ് )**

**റോബിൻ** വിവാഹം ചെയ്തിരിക്കുന്നത് കട്ടപ്പന കൽത്തൊട്ടി ഇടവക തട്ടാംപറമ്പിൽ മാത്യുവിന്റെയും അന്നക്കുട്ടിയുടെയും മകൾ **അനിതയെ** ആണ്.ഇവരുടെ മക്കൾ എബിലിൻ, സ്റ്റീവ്, സെബാസ്റ്റ്യൻ എന്നിവരാണ്. സ്റ്റീവും സെബാസ്റ്റ്യനും ഇരട്ടകൾ ആണ്. റോബിൻ കുടുംബസമേതം അയർലന്റിലാണ്.

**A2D4. മുട്ടുതോട്ട് കുഞ്ഞിലോച്ചൻ മകൻ ബേബിയുടെ കുടുംബം (നെല്ലാപ്പാറ7034383756)**

**ബേബി**യുടെ ഭാര്യ കുണിഞ്ഞി മാങ്ങാക്കുളം ജോൺ റോസമ്മ

മകൾ **ഷേർളി**യാണ്. അവരുടെ മക്കൾ ആശ, അൽഫോൺസ, അമൽ തെരേസ് എന്നിവരാണ്.



**ആശയെ** വിവാഹം കഴിച്ചിരിക്കുന്നത് ഇടുക്കി അടിമാലി കുരിശിങ്കൽ ജയരാജ് ലിസി ദമ്പതികളുടെ മകൻ **ജോൺപോൾ** ആണ്. ആശ സൗദിയിലും ജോൺപോൾ ഇസ്രായേലിലും നേഴ്സ് ആയിരുന്നു.

**അൽഫോൻസ**യുടെ ഭർത്താവ് **അനിൽ**. ഇവർക്ക് ഒരു മോൻ ഉണ്ട് അഭിനവ്.

**അമൽ തെരേസ്** നേഴ്സിങ് പഠിക്കുന്നു.

### A2D5, മുട്ടുതോട്ട് കുഞ്ഞിലോച്ചൻ മകൻ ബെന്നിയുടെ കുടുംബം (നെല്ലാപ്പാറ)

**ബെന്നി** വിവാഹം കഴിച്ചത് പാല നീലൂർ മാളിയേക്കൽ(പാറേമ്മാക്കൽ) ജോൺ അന്നമ്മ ദമ്പതികളുടെ മകൾ **ഷാനിയെ** (9497788679) ആണ് ഷാനി ഹൈസ്കൂൾ പ്രധാന അധ്യാപികയാണ്. കായികാധ്യാപകനായിരുന്ന ബെന്നി വഴിത്തല സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിൽനിന്നും റിട്ടയർ ചെയ്തു. ബെന്നി ഒരു സജീവ രാഷ്ട്രീയ പ്രവർത്തകനും പൊതു പ്രവർത്തകനുമായിരുന്നു.



ഇവരുടെ മക്കൾ ജോൺസ്,ലിസആൻസ്. ബെന്നി 2020 ഓഗസ്റ്റ് മാസം പത്താം തീയതി നിര്യാതനായി.





## ശാഖ A ഉപശാഖ 3

## ഇടിഞ്ഞപുഴയ്ക്കൽ കുടുംബം

അഗസ്തി മത്തായിയുടെ മക്കളിലൊരാളായ എസ്തപ്പാൻ ഇടിഞ്ഞ പുഴയ്ക്കൽ പറമ്പിലേക്ക് മാറിത്താമസിച്ചതോടെ ആ കുടുംബം ഇടിഞ്ഞ പുഴയ്ക്കൽ എന്നറിയപ്പെടാൻ ഇടയായി.

**എസ്തപ്പാൻ** വിവാഹം ചെയ്തത് ഉള്ളനാട് ഇടവക അരീക്കാട്ട് **ഏലിയെയാണ്.** ഈ ദമ്പതികൾക്ക് നാല് ആൺമക്കളും മൂന്ന് പെൺമക്കളുമാ ണുണ്ടായിരുന്നത്. മത്തച്ചൻ, കുഞ്ഞേപ്പ്, പാപ്പച്ചൻ, കുഞ്ഞാഗസ്തി എന്നിവരാണ് ആൺമക്കൾ. ഏലി, അന്ന, പെണ്ണി എന്നിവർ പെൺമക്കളും.

പെൺമക്കളിൽ **ഏലിയെ** ഭരണങ്ങാനത്ത് പിണക്കാട്ട് ഇട്ടിയവിരാ-മേരി മകൻ **കുര്യാക്കോസ്** വിവാഹം ചെയ്തു. ഇവരുടെ മക്കൾ താഴെപ്പറയുന്നവരാണ് അവിരാച്ചൻ ഭാര്യ; കരിങ്കുന്നം ചക്കുങ്കൽ അന്നക്കുട്ടി. കുഞ്ഞ് ഭാര്യ പ്രവിത്താനം അറയ്ക്കൽ ഏലിക്കുട്ടി. കുട്ടിച്ചൻ (മരിച്ചുപോയി) പെണ്ണമ്മ ഭർത്താവ് വരിക്കമാക്കൽ കൊച്ച്. കുഞ്ഞുമത്തായി ഭാര്യ: കുറുമണ്ണ് മഞ്ഞക്കുന്നേൽ ലീലാമ്മ. ഏലിയാമ്മ സി. എൽസാ സി.എം.സി. ജോർജ് ഭാര്യ: ഈരൂരിക്കൽ ആലിസ്, ലിസ്സി ഭർത്താവ് മുട്ടം പള്ളേത്ത് ജോണി. ജോസ് ഭാര്യ: കുഞ്ചിത്തണ്ണി പറയിടത്തിൽ റാണി. തങ്കമ്മ ഭർത്താവ്: ആലുവ പഴംപള്ളിൽ ജിമ്മി.

**അന്നമ്മയെ** ഇടമറുക് ഇടവക പറയൻകുഴിയിൽ **ഔസേപ്പ് മത്തായി** ആണ് വിവാഹം ചെയ്തിരുന്നത്. അന്നമ്മ 1999ൽ നിര്യാതയായി. അവരുടെ മക്കളാണ് അപ്പച്ചൻ, പാപ്പച്ചൻ, മാത്യുച്ചൻ, തോമ്മാച്ചൻ, നിക്സൺ.

**പെണ്ണി** എന്നു വിളിക്കപ്പെടുന്ന മൂന്നാമത്തെ മകൾ പാലായിൽ കർമ്മലീത്താ സഭ യിൽ ചേർന്ന് സന്ന്യാസിനിയായി. പേര് **സി. സാർത്താ സി.എം.സി.**

### A3A. ഇടിഞ്ഞപുഴയ്ക്കൽ എസ്തപ്പാൻ മകൻ മത്തച്ചന്റെ കുടുംബം (കോതമംഗലം)

**മത്തച്ചൻറ** ഭാര്യ പഴയിടം പള്ളി ഇടവക ഓണയാളംകുഴി ഔസേപ്പ് മകൾ **അന്നമ്മയാണ്.** അവർ 1997 ഏപ്രിൽ 5-ാം തീയതി നിര്യാതയായി. മത്തച്ചൻ 2018 ജനുവരി 9 ന് മരണമടഞ്ഞു.

മത്തച്ചൻ-അന്നമ്മ ദമ്പതികളുടെ മക്കൾ കുട്ടിയമ്മ, മാമ്മച്ചൻ, അപ്പച്ചൻ, മാത്തുക്കുട്ടി, അന്നമ്മ, മേരി, ഫിലോമിന, റെജി എന്നിവരാണ്.

**കുട്ടിയമ്മ** (ഡോ. എലിസബത്ത് മാത്യു), ആന്ധ്രായിൽ ഏലുരുള്ള വിമൻസ് കോളേജ് പ്രിൻസിപ്പലായിരുന്നു. 1919 ആഗസ്റ്റ് 13 ന് മരണപ്പെട്ടു.

**അന്നാമ്മയെ** ചെമ്പേരി പരവരാകത്ത് **സെബാസ്റ്റ്യനാണ്** വിവാഹം ചെയ്തത്. അവർക്ക് ഒരു മകളുണ്ട്. മെർലിൻ. മെർലിൻ പ്ലസ് ടു അധ്യാപികയാണ്.

**മേരിയെ** വിവാഹം ചെയ്തത് മുട്ടം ഇടവക പ്ലാത്തോട്ടത്തിൽ **ബേബിയാണ്.** അവർ ഹൈദ്രാബാദിൽ ജോലി ചെയ്യുന്നു. അധ്യാപകരാണ്. അവരുടെ മക്കൾ ഇവരാണ്. സിമി, സീന.

**ഫിലോമിനയെ** മൂവാറ്റുപുഴ മൂലമറ്റം (പിട്ടാപ്പിള്ളിൽ) ബേബി വിവാഹം ചെയ്തു. മൂവാറ്റു പുഴ നിർമ്മലാ കോളേജിൽ പ്രൊഫസറായിരുന്നു ഫിലോമിന. ഇവരുടെ മക്കൾ ഡേവീസ്, ആൻ മേരി, മാത്യൂസ്.

**റെജിയെ** ആരക്കുഴ പ്ലാത്തോട്ടത്തിൽ **സിറിയക്ക്** വിവാഹം ചെയ്തു. അവരുടെ മക്കൾ റിഞ്ചു, അഞ്ചു, മിന്നു.

### A3A1 ഇടിഞ്ഞപുഴയ്ക്കൽ മത്തച്ചൻ മകൻ മാമ്മച്ചന്റെ കുടുംബം (ചക്കിട്ടപാറ)

**മാമ്മച്ചൻ** വിവാഹം ചെയ്തിരിക്കുന്നത് വെള്ളിയാമറ്റം കിഴക്കേക്കര വാകയാനി കൊച്ചിന്റെ മകൾ **ലില്ലിയെയാണ്.** മാമ്മച്ചൻ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. റിട്ടയർ ചെയ്തു. മാമ്മച്ചൻ-ലില്ലി ദമ്പതികൾക്ക് മൂന്നു മക്കളാണുള്ളത്. ബിജു, മനു, സ്റ്റീവ് എന്നിവർ.

### A3A1a. ഇടിഞ്ഞപുഴയ്ക്കൽ മാമച്ചന്റെ മകൻ ബിജുവിന്റെ കുടുംബം: (മാത്യു സ്റ്റീഫൻ) ഫോൺ: 9495083597

**ബിജു** വിവാഹം കഴിച്ചിരിക്കുന്നത് ആലക്കോട് കച്ചിറയിൽ തോമസിന്റെ മകൾ **ജിൻസിയെയാണ്.**ബിജു അഭിഭാഷകനാണ്. ജിൻസി ഗവൺമെൻറ് കോളേജ് പ്രൊഫസറാണ്. ഇവരുടെ മക്കൾ റോൺ സ്റ്റീഫൻ മാത്യു, അന്ന റോസ് മാത്യു.

### A3A1b. ഇടിഞ്ഞപുഴയ്ക്കൽ മാമച്ചന്റെ മകൻ മനു (ടോംലി സ്റ്റീഫൻ) വിന്റെ കുടുംബം.

**മനു** വിവാഹം കഴിച്ചിരിക്കുന്നത് പേരാവൂർ ഇടത്താഴത്ത്





ജോസഫ്-ലീല മകൾ **ഉഷയെയാണ്** ഉഷ യുഎസിൽ നേഴ്സ് ആയി ജോലി ചെയ്യുന്നു. ഇവരുടെ മക്കൾ ആൻ മേരി, ഏയ്മി. ഇവർ കുടുംബസമേതം യുഎസിൽ ആണ്.

### A3A1c. ഇടിഞ്ഞപുഴയ്ക്കൽ മാമച്ചന്റെ മകൻ സ്റ്റീവിന്റെ (സ്റ്റീവ്‌ലി സ്റ്റീഫൻ) കുടുംബം

**സ്റ്റീവിന്റെ** ഭാര്യ **സുമയാണ്.** ഇവരുടെ മക്കൾ ജന, ജൂഡ് എന്നിവർ.ഇവർ കുടുംബസമേതം യുഎസിൽ താമസിക്കുന്നു.

### A3A2. ഇടിഞ്ഞപുഴയ്ക്കൽ മത്തച്ചന്റെ മകൻ അപ്പച്ചന്റെ കുടുംബം (പടിമരുത്)

കുപ്പോഴയ്ക്കൽ ലൂക്കാ-ഏലി മകൾ **ചിന്നമ്മയാണ് അപ്പച്ചന്റെ** ഭാര്യ. ഈ ദമ്പതികൾക്ക് നാല് സന്താനങ്ങളുണ്ട് മാത്യു, സാജു, സുജ, സാനു.

**സുജയെ** വിവാഹം കഴിച്ചിരിക്കുന്നത് ബന്തടുക്ക മറ്റത്തിൽ മത്തായി-അന്നമ്മ മകൻ **തോമസ്** ആണ്. തോമസ് ബന്തടുക്കയിൽ വെൽഡിങ് ഇൻഡസ്ട്രി നടത്തുന്നു. ഇവർക്ക് മക്കൾ മൂന്നു പേർ. ബെനറ്റ്,ഷാനറ്റ്, സോനറ്റ്. ബെന്നറ്റ് ബാംഗ്ലൂരിൽ ജോലിയും പഠനവും നടത്തുന്നു. ഷാനറ്റ് യുകെയിൽ ഇൻറർനാഷണൽ ബിസിനസ് മാനേജ്മെന്റിൽ പഠനം നടത്തുന്നു.

### A3A2a. ഇടിഞ്ഞപുഴയ്ക്കൽ അപ്പച്ചന്റെ മകൻ മാത്യുവിന്റെ കുടുംബം (പടിമരുത് ) :7034229719

**മാത്യുവിന്റെ** ഭാര്യ ബളാലിൽ വരകിപ്പറമ്പിൽ മാത്യുവിന്റെ മകൾ മിനിയാണ്. ഇവരുടെ മക്കൾ മെറിന്റ, അലൻ മരീന എന്നിവർ. മെറിന്റ പാലക്കാട് ഹോസ്പിറ്റലിൽ ലാബ് ടെക്നീഷ്യൻ ആയി വർക്ക് ചെയ്യുന്നു.

### A3A2b. ഇടിഞ്ഞപുഴയ്ക്കൽ അപ്പച്ചന്റെ മകൻ സാജുവിന്റെ കുടുംബം (പടിമരുത്): 9495151013

**സാജു** വിവാഹം കഴിച്ചിരിക്കുന്നത് കാസർഗോഡ് വാഴാംപ്ലാക്കൽ ജോർജ്-അന്ന മകൾ **ഷൈലയെ** ആണ്. ഇവരുടെ മക്കൾ ആഗ്നൽ സാജു, ആഗ്നസ് സാജു. ആഗ്നൽ കുസാറ്റിൽ പഠിക്കുന്നു. ആഗ്നസ് നഴ്സിംഗ് വിദ്യാർത്ഥിയാണ്. സാജു ഒടയം ചാലിൽ ബിസിനസ് ചെയ്യുന്നു.

### A3A2c. ഇടിഞ്ഞപുഴയ്ക്കൽ അപ്പച്ചന്റെ മകൻ സാനുവിന്റെ കുടുംബം (പടിമരുത്): 9497847109

**സാനു** വിവാഹം കഴിച്ചിരിക്കുന്നത് കാസർഗോഡ് പാണത്തൂർ മുണ്ടക്കൽ അഗസ്ത്യൻ-മേരി മകൾ **മനോവിയെ** ആണ്.

മനോവി അധ്യാപികയായിരുന്നു.

സാനു ഫാം നടത്തുന്നു. ഇവർക്ക് മക്കൾ മൂന്നു പേർ. സാൽവിൻ, സാൽവിയ, സാൻ മരിയ അന്ന. സാൽവിൻ 30.4.2010 ൽ ഏഴാം വയസ്സിൽ മരണപ്പെട്ടു.

### A3A3. ഇടിഞ്ഞപുഴയ്ക്കൽ മത്തച്ചൻ മകൻ മാത്തുക്കുട്ടിയുടെ കുടുംബം (കോതമംഗലം)

**മാത്തുക്കുട്ടി** വിവാഹം ചെയ്തിരിക്കുന്നത് വയല വള്ളിങ്ങാലിൽ വർക്കി-അന്നമ്മ മകൾ **മേരിയെയാണ്.** ഇവരുടെ മക്കൾ സോണി, റോണി എന്നിവരാണ്.

### A3A3a. ഇടിഞ്ഞപുഴയ്ക്കൽ മാത്തുക്കുട്ടിയുടെ മകൻ സോണിയുടെ കുടുംബം(കോതമംഗലം) ഫോൺ: 9745508859

**സോണി** വിവാഹം കഴിച്ചിരിക്കുന്നത് തളിപ്പറമ്പ് കുടിയാൻമല ചെരുവിൽ മാത്യു-അൽഫോൻസ മകൾ **സ്വപ്നയെയാണ്.** സോണി കോതമംഗലത്ത് ബിസിനസ് ചെയ്യുന്നു. സ്വപ്ന വനിത ശിശുക്ഷേമ വകുപ്പിൽ ഉദ്യോഗസ്ഥയാണ്. ഇവരുടെ മക്കൾ ഫൗസ്റ്റീന, ഫെഡറിക് എന്നിവരാണ്. രണ്ടുപേരും വിദ്യാർത്ഥികൾ.

### A3A3b.ഇടിഞ്ഞപുഴക്കൽ മാത്തുക്കുട്ടിയുടെ മകൻ റോണിയുടെ കുടുംബം (കോതമംഗലം) ഫോൺ:9947913877

**റോണി** വിവാഹം കഴിച്ചിരിക്കുന്നത് ഇടുക്കി കട്ടപ്പന വിളഞ്ഞാലിൽ ജോയ്-മേരി മകൾ **ശോഭിതയെയാണ്.**അഡ്വക്കേറ്റ് ആയ റോണി കേരള യുവജന ക്ഷേമ ബോർഡ് മെമ്പർ കൂടിയാണ്. ശോഭിത മൂവാറ്റുപുഴ നിർമ്മല കോളേജിൽ പ്രൊഫസർ ആണ്. മറിയ, സെറാ, മാത്യു എന്നിവരാണ് മക്കൾ.

### A3B ഇടിഞ്ഞപുഴയ്ക്കൽ എസ്തപ്പാൻ മകൻ കുഞ്ഞേപ്പിൻറെ കുടുംബം (ഇളന്തോട്ടം)

**കുഞ്ഞപ്പിന്റെ** ഭാര്യ ഇടമറ്റം ഇടവക ഈഴപ്പറമ്പിൽ ദേവസ്യ ഏലി മകൾ **മറിയക്കുട്ടിയായിരുന്നു.** ഈ ദമ്പതികൾക്ക് എട്ട് മക്കളെ ദൈവം പ്രദാനം ചെയ്തു കുഞ്ഞുകുട്ടി. ദേവസ്യാച്ചൻ, എൽസമ്മ, ടോമി. റെജി. മാത്യു. ഗ്രേസി, തോമാച്ചൻ എന്നിവരാണവർ.

**കുഞ്ഞുകുട്ടി** എന്ന മൂത്ത മകൻ മിഷനറി വൈദികനായി **ഫാ. സ്റ്റീഫൻ.** കൽക്കട്ടയിൽ സെമിനാരിയിൽ അധ്യാപകനായിരുന്നു. മദർ തെരേസയുടെ നാമകരണം സംബന്ധിച്ചുള്ള







കമ്മീഷനിൽ അംഗമായിരുന്ന അദ്ദേഹത്തിന് വത്തിക്കാനിൽ ചെന്ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ തിരുമേനിയെ സന്ദർശിക്കുവാൻ അവസരം ലഭിച്ചിട്ടുണ്ട്. 'ഭാരത സഭയുടെ സംക്ഷിപ്ത ചരിത്രം', 'പ്രത്യാശയുടെ വഴിയിൽ' എന്നീ പുസ്തകങ്ങൾ എഴുതിയത് ഫാ.സ്റ്റീഫൻ ആണ്.

യൂറോപ്പിലും അമേരിക്കയിലും ഫിലിപ്പൈൻസിലും വിശുദ്ധ നാടുകളിലും സേവനം ചെയ്തിട്ടുണ്ട്. അദ്ദേഹം 25.12.2012 ൽ കൽക്കട്ടയിൽ വെച്ച് മരണപ്പെട്ടു. മൃതദേഹം നാട്ടിൽ കൊണ്ടുവന്ന് സംസ്കരിച്ചു.



പെൺമക്കളിൽ **എൽസമ്മ** കർമ്മലീത്താ സഭയിൽ സന്യാസിനിയായി മിഷനിൽ ജോലി ചെയ്യുന്നു. സി. ലിസാ ജോസ് സി.എം.സി.

**Sr. Liza Jose CMC**

Mob. No. 9188151950. Carmel Mount Convent. Pachimarhi. M.P. 461881

**റെജിയെ** നെടുംകുന്നത്ത് പീലിയാനിക്കൽ ആന്റണി-ത്രേസ്യാമ്മ മകൻ **ജോയി** വിവാഹം ചെയ്തു ഇവരുടെ മക്കൾ അമ്പിളി, തുഷാര, അലീന. റെജി കാഞ്ഞിരപ്പിള്ളി സെൻറ് ഡൊമിനിക്സ് കോളജിൽ അധ്യാപിക ആയിരുന്നു.

**ഗ്രേസിയെ** വിവാഹം ചെയ്തിരിക്കുന്നത് നീലൂർ ഓലിക്കൽ എബ്രാഹം ഏലിയാമ്മ മകൻ **ജോയി** ആണ്. ജോയ് നീലൂർ സഹകരണ ബാങ്കിൽ സെക്രട്ടറി ആയിരുന്നു. 2008സെപ്റ്റംബർ മാസം ഇരുപത്തിമൂന്നാം തീയതി ജോയി മരണപ്പെട്ടു.

ജോയി സർവീസിൽ ഇരിക്കെ മരണപ്പെട്ടതിനാൽ ആശ്രിത നിയമനം വഴി ഗ്രേസി ബാങ്കിലെ ജീവനക്കാരിയായി. ഇപ്പോൾ ജോലിയിൽനിന്ന് വിരമിച്ചു. മക്കൾ നയന, ഹരിത, കനക.

നയനയുടെ ഭർത്താവ് ഷൈജു രണ്ടുപേരും എൻജിനീയർമാർ സ്വീഡനിൽ ജോലി ചെയ്യുന്നു.

ഹരിത കോട്ടയം മെഡിക്കൽ കോളേജിൽ ഡോക്ടറാണ് ഭർത്താവ് ഡോക്ടർ ഇർഫാൻ. കനകയുടെ ഭർത്താവ് അശ്വിൻ ജയിംസ്

രണ്ടുപേരും ജർമ്മനിയിലാണ്. കനക മൈക്രോ ഇലക്ട്രോണിക്സിൽ ചെന്നൈ ഐഐടിയിൽ നിന്ന് ഡോക്ടറേറ്റ് നേടി. അശ്വിനും പി എച്ച് ഡി ഹോൾഡർ ആണ്.

### A3b1. ഇടിഞ്ഞപുഴയ്ക്കൽ കുഞ്ഞേപ്പിന്റെ മകൻ ദേവസ്യാച്ചന്റെ കുടുംബം (പയപ്പാർ)

**ദേവസ്യാച്ചൻ** വിവാഹം ചെയ്തിരിക്കുന്നത് കാഞ്ഞിരമറ്റം പാറേക്കുളം തോമസ്-റോസമ്മ മകൾ **മോളിയെ** (9846499892) യാണ്. ദേവസ്യാച്ചൻ ഒരു ശാസ്ത്രജ്ഞനായിരുന്നു. ഇവർക്ക് രണ്ടു മക്കളുണ്ട്. ഒരു പെണ്ണും ഒരാണും; കാജൽ, രജത്.
ദേവസ്യാച്ചൻ 31.8.2021ൽ മരണപ്പെട്ടു.



**കാജലിനെ** വിവാഹം ചെയ്തിരിക്കുന്നത് നരിയങ്ങാനം ഇടവക പാറയിൽ പാപ്പച്ചൻ-തെയ്യാമ്മ മകൻ **മാത്തച്ചനാണ്.** കാജൽ യുഎസ്എയിൽ ബിസിനസ് ചെയ്യുന്നു. മത്തച്ചൻ ഫുഡ് എക്സ്പോർട്ടർ ആണ്. ഇവരുടെ മക്കൾ അമൻ, അനൈന.

### A3B1a. ഇടിഞ്ഞപുഴയ്ക്കൽ ദേവസ്യാച്ചന്റെ മകൻ രജത്തിന്റെ കുടുംബം (പയപ്പാർ)

**രജത്ത്** വിവാഹം കഴിച്ചിരിക്കുന്നത് പൂവരണി നടയ്ക്കൽ സക്കറിയ-വത്സമ്മ ദമ്പതികളുടെ മകൾ **ക്ലയറിനെയാണ്.**രജത്തും ക്ലയറും ഐടി ഫീൽഡിൽ ബിസിനസ് ചെയ്യുന്നു. ഇവർക്ക് രണ്ട് മക്കൾ സനാ രജത്, ഈഥൻ രജത്.

### A3B2. ഇടിഞ്ഞപുഴയ്ക്കൽ കുഞ്ഞേപ്പിന്റെ മകൻ ടോമിയുടെ കുടുംബം (ഇളന്തോട്ടം) ഫോൺ: 9745285799

**ടോമിയുടെ** ഭാര്യ വാഴൂർ(ചെങ്കൽ) ഈട്ടിക്കൽ ജോൺ അന്നമ്മ മകൾ **മേഴ്സിയാണ്.**





ഇവരുടെ മക്കൾ റോബിൻ, ഫെബിൻ എന്നിവരാണ്.



### A3B2a. ഇടിഞ്ഞപുഴയ്ക്കൽ ടോമിയുടെ മകൻ റോബിന്റെ കുടുംബം. ഫോൺ: 8589921125

**റോബിൻ** വിവാഹം കഴിച്ചിരിക്കുന്നത് ഏറ്റുമാനൂർ പുളിക്കൽ ജേക്കബ്-റോസമ്മ ദമ്പതികളുടെ മകൾ **ലിനുവിനെയാണ്.** ഇവർ കുടുംബസമേതം ദുബായിൽ ജോ ലി ചെയ്യുന്നു. ഇവരുടെ മക്കൾ ആലൈന, റബേക്ക എന്നിവർ.

### A3B2b. ഇടിഞ്ഞപുഴയ്ക്കൽ ടോമിയുടെ മകൻ ഫെബിന്റെ കുടുംബം

**ഫെബിൻ** വിവാഹം കഴിച്ചിരിക്കുന്നത് മുണ്ടക്കയം 31-ാം മൈൽ ഇടവക കരിയില കാവുങ്കൽ അഗസ്റ്റിന്റെയും ഫാൻസിയുടെയും മകൾ **അനീറ്റയെയാണ്.** ഇവരുടെ മക്കൾ ഫിയാന, ഫ്രേയ. ഇവർ കുടുംബസമേതം യു.കെയിലാണ്.

### A3B3. ഇടിഞ്ഞപുഴയ്ക്കൽ കുഞ്ഞേപ്പിന്റെ മകൻ മാത്യുവിന്റെ കുടുംബം (ഇളന്തോട്ടം)

**മാത്യു** വിവാഹം ചെയ്തത് കുറുപ്പന്തറ, മണ്ണാറ പാറപ്പള്ളി ഇടവക നടനിലത്ത് അന്തോണി-ചിന്നമ്മ മകൾ **കൊച്ചുറാണിയെയാണ്.** ഇവരുടെ മക്കൾ മേഘ്നയും ആകാശുമാണ്.
മാത്യു 2016 മെയ് മാസം പതിനൊന്നാം തീയതി മരണപ്പെട്ടു.



**മേഘനയെ** വിവാഹം കഴിച്ചിരിക്കുന്നത് പാലാ കത്തീഡ്രൽ പള്ളി ഇടവക ചെമ്പകശ്ശേരിയിൽ മാത്യുവിന്റെയും ലിസിയുടെയും മകൻ **ജോസഫ്** (ഉണ്ണി)ആണ്. ഇവരുടെ മക്കൾ ആന്റോ സി ജോസഫ്, ഏവ മേഖൻ ജോസഫ്. ഇവർ കുടുംബ സമേതം ന്യൂയോർക്കിലാണ്.

**A3B3a. ഇടിഞ്ഞപുഴയ്ക്കൽ മാത്യുവിന്റെ മകൻ ആകാശിന്റെ കുടുംബം ഫോൺ: 9995090234**

**ആകാശ്** വിവാഹം കഴിച്ചിരിക്കുന്നത് കുറുപ്പന്തറ നെടുനിലത്ത് പീറ്റർ - ബെറ്റി മകൾ **അന്നു ലിസ**യെ ആണ്. ഇവർക്ക് ഒരു മകൾ ഹെയ്സൽ.

**A3B4. ഇടിഞ്ഞപുഴയ്ക്കൽ കുഞ്ഞേപ്പിന്റെ മകൻ തോമാച്ചന്റെ കുടുംബം (ഇളന്തോട്ടം) ഫോൺ:9388079747**

പൂവത്തോട് ഇടവക മണിയാക്കുപാറ അബ്രാഹത്തിന്റെയും മേരിയുടെയും മകൾ **ബെറ്റി**യാണ് **തോമാച്ചന്റെ** ഭാര്യ. ഇവരുടെ മക്കൾ ജുഗൽ (ഔസേപ്പച്ചൻ) ജെഫ് എന്നിവർ. ജുഗൽ ജർമ്മനിയിൽ പഠിക്കുന്നു.

**A3C. ഇടിഞ്ഞപുഴയ്ക്കൽ എസ്തപ്പാന്റെ മകൻ പാപ്പച്ചന്റെ കുടുംബം (പയപ്പാർ)**

കൊഴുവനാൽ താമരശ്ശേരിൽ ജോസഫിന്റെയും അന്നമ്മയുടെയും മകൾ **ഏലിക്കുട്ടിയെയാണ് പാപ്പച്ചൻ** വിവാഹം ചെയ്തത്. ഇത് രണ്ടാം വിവാഹമാണ്. ഈ ദമ്പതിമാരുടെ മക്കൾ ഇവരാണ്. ആലീസ് (മരിച്ചുപോയി), ജോയി, ആനിയമ്മ, സെലീനാമ്മ, മേരിക്കുട്ടി, സിബി, കൊച്ചുറാണി. ആദ്യത്തെ ഭാര്യ അയർക്കുന്നത്ത് കുമ്പളത്താനത്ത് **മേരി**യായിരുന്നു. ആദ്യവിവാഹത്തിൽ മക്കളാരുമില്ല. പാപ്പച്ചൻ 2003 മാർച്ച് മാസം ഒന്നാം തീയതിയും ഏലിക്കുട്ടി 2016 മെയ് മാസം 24നും മരണപ്പെട്ടു.

**ജോയ്** അവിവാഹിതനാണ്. **സിബി** 2012 ഏപ്രിൽ മാസം പത്താം തീയതി വാഹനാപകടത്തിൽ മരണപ്പെട്ടു.

**സെലീനാമ്മയും മേരിക്കുട്ടിയും** സ്കൂൾ അധ്യാപികമാരാണ്.

**കൊച്ചുറാണിയെ** വിവാഹം ചെയ്തിരിക്കുന്നത് പാലാ പുത്തൻ പള്ളി ഇടവക വെള്ളരിങ്ങാട്ട് മാനുവൽ-എലിസബത്ത് മകൻ **അലക്സ്** ആണ്.അലക്സ് എംജി യൂണിവേഴ്സിറ്റിയിൽ നിന്ന് അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ ആയി റിട്ടയർ ചെയ്തു. കൊച്ചു റാണി യുകെയിൽ നേഴ്സ് ആണ്. ഇവരുടെ മക്കൾ എലിസബത്ത്, ഇവാൻ.

**A3D.ഇടിഞ്ഞപുഴയ്ക്കൽ എസ്തപ്പാന്റെ മകൻ കുഞ്ഞാഗസ്തിയുടെ കുടുംബം (പയപ്പാർ)**

**കുഞ്ഞാഗസ്തി**യുടെ ഭാര്യ കൊണ്ടാട് വളവനാട് ജോസഫ് - ഏലി മകൾ **മേരിയാണ്.** ഈ ദമ്പതികളുടെ മക്കൾ; ജോയി, സോഫി, സണ്ണി, മോളി, ബേബി, കുഞ്ഞുമോൾ, പൗളി എന്നിവരാണ്.







**സോഫിയെ** മാൻവെട്ടം (കല്ലറ) തച്ചേരിൽ വർക്കി-ഏലിക്കുട്ടി മകൻ **ജോസ്** വിവാഹം ചെയ്തു. അവരുടെ മക്കൾ ജോബി, ബിജോ എന്നിവരാണ്.

**മോളിയ** വിവാഹം ചെയ്തത് പാലക്കാട്ട്മല തെങ്ങുംതോട്ടത്തിൽ ജോസഫ്-ഏലിക്കുട്ടി മകൻ ടോമിയാണ്. അവരുടെ മക്കൾ സിജിൽ, മാത്തുക്കുട്ടി എന്നീ രണ്ടുപേരാണ്.

**പൗളിയെ** മുണ്ടാങ്കൽ മണിമല മാത്യു-ചിന്നമ്മ മകൻ **ജോർജാണ്** വിവാഹം ചെയ്തിരിക്കുന്നത്. അവർക്ക് ഒരു മകനുണ്ട്. മാത്യൂസ്. പൗളി റിട്ടയേഡ് ഗവൺമെൻറ് ഹയർ സെക്കൻഡറി അധ്യാപികയാണ്'.

**കുഞ്ഞുമോൾ** എന്നു വിളിക്കുന്ന ഫിലോമിന അവിവാഹിതയായി ജോയിയോടൊപ്പം താമസിക്കുന്നു. സണ്ണി 2007 ഓഗസ്റ്റ് മാസം 18-ാം തീയതി നിര്യാതനായി.

**A3D1. ഇടിഞ്ഞപുഴയ്ക്കൽ കുഞ്ഞാഗസ്തിയുടെ മകൻ ജോയി**

**ജോയി**യുടെ ഭാര്യ **റോസിലി** ഇവർക്ക് മക്കൾ ഇല്ല.

**A3D2.ഇടിഞ്ഞപുഴയ്ക്കൽ കുഞ്ഞാഗസ്തിയുടെ മകൻ ബേബിയുടെ കുടുംബം (പയപ്പാർ) ഫോൺ: 8606502214**

**ബേബി**യുടെ ഭാര്യ പയ്യപ്പാർ (മുണ്ടാങ്കൽ ഇടവക) കാടൻകാവിൽ ജോസഫ് തങ്കമ്മ മകൾ **ആനിയാണ്.**

ഇവർക്ക് രണ്ട് മക്കൾ ഉണ്ട് അലനും മിലിനും. രണ്ടുപേരും വിദേശത്ത് ജോലി ചെയ്യുന്നു.

ബേബിയുടെ ഭാര്യ ആനി 2024 ഫെബ്രുവരി മാസം നാലാം തീയതി നിര്യാതയായി.



## ശാഖ A | ഉപശാഖ 4

## വലിയമലയിൽ കുടുംബം



പാമ്പയ്ക്കൽ കുടുംബത്തിലെ ശാഖ (A) യിൽപ്പെട്ട പടിഞ്ഞാറേ ഇളംതോട്ടത്തിൽ പാമ്പയ്ക്കൽ ആഗസ്തി മകൻ മത്തായി-ഏലി ദമ്പതികളുടെ നാലാമത്തെ മകൻ **തൊമ്മൻ** രാമപുരം ഇടവക വാഴയ്ക്കൽ **ത്രേസ്യയെ** വിവാഹം ചെയ്ത് അന്ത്യാളം പള്ളിയുടെപടിഞ്ഞാറു ഭാഗത്തുള്ള മലയിലേയ്ക്ക് മാറിത്താമസിച്ചു. ഇത് വലിയ മലയായതിനാൽ ഈ കുടുംബ ശാഖയ്ക്ക് വലിയമലയിൽ പാമ്പയ്ക്കൽ ശാഖ എന്ന പേര് ലഭിച്ചു. 1978 ജൂൺ മാസം നാലാം തീയ്യതി വലിയമലയിൽ കുടുംബത്തിന്റെ കാരണവരായിരുന്ന തൊമ്മൻ മരിച്ചു. അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് പള്ളി സെമിത്തേരിയിലെ പാമ്പയ്ക്കൽ കുടംബ കല്ലറയിലാണ് തൊമ്മനെ അടക്കം ചെയ്തത്.

തൊമ്മന്റെ ഭാര്യ ത്രേസ്യാമ്മ 1983 മാർച്ച് മാസം 22ാം തീയ്യതി ആനപ്പന്തിയിലെ കഞ്ഞിപ്പാറയിലെ തറവാട്ടുവീട്ടിൽ (പാപ്പച്ചന്റെ ഭവനം) വാർദ്ധക്യ സഹജമായ അസുഖത്തെ തുടർന്ന് മരണമടഞ്ഞു. അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് പള്ളി സെമിത്തേരിയിലെ പാമ്പയ്ക്കൽ കുടുംബ കല്ലറയിൽ ഭർത്താവ് തൊമ്മനെ അടക്കം ചെയ്ത കല്ലറയിൽ ഭാര്യ ത്രേസ്യാമ്മയെയും അടക്കം ചെയ്തു.

**ഏലിക്കുട്ടി**യെ കോട്ടയം അന്ത്യാളം ഇടവക കുറ്റിയാനിമറ്റത്തിൽ **മത്തായി (കുഞ്ഞ്)** വിവാഹം ചെയ്തു. 1950 കളിൽ കുടുംബ സമേതം മലബാറിലേയ്ക്ക് കുടിയേറി. കണ്ണൂർ ജില്ലയിലെ ആലക്കോടിനടുത്ത് വെള്ളാട് എന്ന സ്ഥലത്ത് താമസം ആരംഭിച്ചു. മത്തായി 1990 ജനുവരി 20ാം തീയ്യതി മരണപ്പെട്ടു.

കുഞ്ഞ് ഏലിക്കുട്ടി ദമ്പതികൾക്ക് ഒൻപത് മക്കൾ ഉണ്ടായി. ചിന്നമ്മ-ഭർത്താവ് ചവണ്ണിയാങ്കൽ കുഞ്ഞുകുട്ടി. ഏക മകൻ ജോയ്.

2014 മാർച്ച് 9ന് ചിന്നമ്മ നിര്യാതയായി.





2014 മാർച്ച് 9ന് ചിന്നമ്മ നിര്യാതയായി. മാത്തുക്കുട്ടി-ഭാര്യ കൊങ്ങോലയിൽ ഏലി കുട്ടി. മക്കൾ: മേഴ്സി (സി.ആലിസ് മാത്യു SH), സോമൻ, ഡയ്സി,വാവച്ചൻ,വിൽസൺ,ജോൺസൺ,ലിസി,ഷെയ്നി,മിനി,റോബിൻ,ജോബി.എന്നിവർ. ഏലികുട്ടി 16.04.2002 ൽ മരണപെട്ടു. പെണ്ണമ്മ- ഭർത്താവ് മുഞ്ഞനാട്ടു കുഞ്ഞുകുട്ടി (മാത്യു) മക്കൾ:കുട്ടിച്ചൻ(സണ്ണി), തങ്കച്ചൻ,ജോർജ്കുട്ടി,വിനോ(തോമസ്),സജി.എന്നിവർ. കുഞ്ഞുകുട്ടി 2013 ഡിസംബർ 17 ന് നിരിയാതനായി.

ലില്ലിക്കുട്ടി -ഭർത്താവ് വഴകൊഴയിൽ ഔസേപ്പച്ചൻ (ജോസഫ്). മക്കൾ: തങ്കച്ചൻ,സോളി,ഷേർളി,ജെസ്സി എന്നിവർ. ഔസേപ്പച്ചൻ 25.06.2015ന് മരണപെട്ടു. ബേബിച്ചൻ-ഭാര്യ കുരുവിനാപകുതിയിൽ മറിയകുട്ടി മക്കൾ:റെക്സി,റിജോ,റിനോ എന്നിവർ. ലൂസി-ഭർത്താവ് വഴകൊഴയിൽ കുട്ടിച്ചൻ. മക്കൾ: സജി,ബിജു,സിബി, ടെയ്സ്,റെൻസി എന്നിവർ.

അപ്പച്ചൻ-ഭാര്യ തോണകര അച്ചാമ്മ. മക്കൾ:ഹണി(നിഷ), ഡയാന എന്നിവർ. ജോണി-ഭാര്യ ചുനയംമാക്കൽ ജെസ്സി (മേരി). മക്കൾ: ഡയനീഷ,നെബിൽ എന്നിവർ. സെലിൻ-ഭർത്താവ് ഉഴുത്തുവാൽ തോമസ്. മക്കൾ: മെർവിൻ,മനു,മിൽനാ റാണി എന്നിവർ. 2011 ഡിസംബർ 7-ാം തീയ്യതി ഏലിക്കുട്ടി നിര്യാതയായി. വെള്ളാട് പള്ളിയിലെ കുടുംബകല്ലറയിൽ കുഞ്ഞി (മത്തായി)നൊപ്പം ഏലിക്കുട്ടിയേയും അടക്കം ചെയ്തു.

**മാമ്മിയെ** വിവാഹം കഴിച്ചത് അങ്ങാടിക്കടവ് പ്ലാക്കൂട്ടത്തിൽ **കുഞ്ഞാണ്.** മാമ്മി നേരത്തെ മരിക്കുകയും കുഞ്ഞ് വേറെ വിവാഹം കഴിയ്ക്കുകയും ചെയ്തു. ഇവർക്ക് ഏഴ് മക്കളുണ്ടായി. തോമസ് (അപ്പച്ചൻ)-ഭാര്യ പീടിയേക്കൽ ചിന്നമ്മ. മക്കൾ: ജോസ്,റീന,റെജി (സി.ഗ്രെയ്സ്) റിനി എന്നിവർ. കുട്ടിയമ്മ-ഭർത്താവ് പേരാലുങ്കൽ പൌലോസ്. മക്കൾ: പൌലോസ്,ആലിസ്,മേരികുട്ടി,മിനി,ജോസ് കുഞ്ഞ്,മോളി,മനു എന്നിവർ. കുഞ്ഞ്-ഭാര്യ മേരി.മക്കൾ: ജോൺസൻ,ജാൻസി. ദേവസ്യ-ഭാര്യ മണിയംകുളത്ത് അച്ചാമമ മക്കൾ:റെജി,സിജി,ജോജോ,എൽസമ്മ എന്നിവർ. തെയ്യാമ്മ-ഭർത്താവ് മേച്ചേരി സെബാസ്റ്റ്യൻ.

മക്കൾ:ജോൺസൻ,സിൽവി,പ്രിൻസ്,ജിൻസി.ജോയി-ഭാര്യ മേരി. മക്കൾ:സിജു,സജു,ബിന്ദു. മേരി-ഭർത്താവ് ആലപ്പാട്ട് ജോസ്. മക്കൾ:സിന്ദു,ബിജു,സോണിയ എന്നിവർ.

**ത്രേസ്യായെ** വിവാഹം ചെയ്തത്. കരികുന്നം കൊച്ചുകരൂർ ഇട്ടിയവിരയുടെയും അന്നമ്മ യുടെയും മകൻ **കുഞ്ഞുകുട്ടി** (എബ്രഹാം) യാണ്. 1963 കാലഘട്ടത്തിൽ കണ്ണൂർ ജില്ലയിലെ ആലക്കോടിനടുത്ത് കാപ്പിമലയിലേയ്ക്ക് കുടുംബസമേതം കുടിയേറിപ്പാർത്തു.

കുഞ്ഞുകുട്ടി -ത്രേസ്യാ ദമ്പതികൾക്ക് പതിനൊന്ന് മക്കളുണ്ടായി. അവിര (കുഞ്ഞൂഞ്ഞ്)-ഭാര്യ അറക്കൽ ചിന്നമ്മ. മക്കൾ: റിന്റോ, ധന്യ. തോമസ്-ഭാര്യ കണ്ണാടിപാറയിൽ ലീലാമ്മ മക്കൾ: ഡയസ്,നിധിൻ എന്നിവർ. ലീലാമ്മ-ഭർത്താവ് കൊല്ലിയിൽ അഗസ്റ്റിൻ. മക്കൾ:ഷാന്റി,ഷാജു,ഷിജി,ഷീബ,ഷിജോ എന്നിവർ.

മാത്യു-ഭാര്യ പാറുകുന്നേൽ ലീലാമ്മ. മക്കൾ: അരുൺ,മിഥുൻ, വീനസ് എന്നിവർ. **മേരി** (സി. ജെയിൻ മേരി UMI), ജോസ്-ഭാര്യ ഓട്ടപുന്നയ്ക്കൽ റോസ്സമ്മ. മക്കൾ: ജിബിനും പ്രിയങ്കയും. ഫിലോമിന-ഭർത്താവ് കുന്നുംപുറത്ത് ബേബിച്ചൻ മക്കൾ:അഞ്ജലി,ഡേവിസ് എന്നിവർ. ആന്റണി(കൊച്ച്)-ഭാര്യ വടക്കെമുറിയിൽ ജോളി. മക്കൾ: നിമ്മി,നിമിത എന്നിവർ. ജോർജ്ജ്കുട്ടി-ഭാര്യ പെരികിലാമലയിൽ ബീന. മക്കൾ: സുസ്മി,സംഗീത,ബെൻ. ഷേർളി-ഭർത്താവ് വടക്കേമുറിയിൽ ബേബി. മക്കൾ: ഷെബിൻ, റോസ്മരിയ എന്നിവർ. ഷൈജ-ഭർത്താവ് ചിരട്ടവേലിൽ സജി.
ത്രേസ്യ 2003 ഡിസംബർ മൂന്നാം തീയതിയും കുഞ്ഞുകുട്ടി 2012 ഒക്ടോബർ ആറാം തീയതിയും മരണമടഞ്ഞു.

**റോസമ്മയെ** വിവാഹം ചെയ്തത് കോട്ടയം ജില്ലയിലെ ചിറ്റാർ ഇടവക കൊച്ചുവേലിക്കകത്ത് ജോസഫ്-അന്നമ്മ ദമ്പതികളുടെ മകൻ **കുഞ്ഞൗത** (ജോസഫ്)യാണ്. വിവാഹശേഷം മലബാറിലേയ്ക്ക് കുടിയേറിയ ഇവരുടെ കുടുംബം കണ്ണൂർ ജില്ലയിലെ വാണിയപ്പാറയിൽ താമസമാക്കി. അങ്ങാടിക്കടവ് ഇടവകയുടെ ഭാഗമായിരുന്നു ഇവിടം. ഇവർക്ക് എട്ട് മക്കൾ ഉണ്ടായി. രണ്ടാണും ആറ് പെണ്ണും.
ലീലാമ്മ-ഭർത്താവ് ജോസ് നെല്ലുവേലിൽ.മക്കൾ: ക്ലിന്റ്,സൗമ്യ. ലീലാമ്മ 16.11.2015ന് നിര്യാതയായി. ജോയി - ഭാര്യ വടക്കേതടത്തിൽ എൽസമ്മ. മക്കൾ: ജസ്റ്റിൻ,ജെസ്റ്റിന,ജോമോൻ എന്നിവർ. ജോയ് 18.12.2012 ന് മരണപെട്ടു. പെണ്ണമ്മ അവിവാഹിത, ആലീസ്-ഭർത്താവ് പുറ്റനാനിക്കൽ ടോം. മക്കൾ: ടെസ്, റോസ്,മെറിൻ എന്നിവർ.





ബേബി-ഭാര്യ ഒറ്റപ്ലാക്കൽ ട്രീസ്സ. മക്കൾ:ആൽബിൻ,റോസ്,ആൽബർട്ട്,അർനോൾഡ് എന്നിവർ. മോളി-ഭർത്താവ് പാലയ്ക്കൽ പുത്തൻപുര സാജുവാണ്. മക്കൾ:ക്രിസ്റ്റീന,അലീന എന്നിവർ. മോളി മരണപ്പെട്ടു. പുഷ്പ-ഭർത്താവ് ആടിച്ചിറയിൽ ജയിംസ്. മക്കൾ:ജോയലും ജീവനും. റെജി-ഭർത്താവ് ഊർപ്പൻക്കാട്ടിൽ റോയി. മക്കൾ: ഡൽവിയ,ഡിയ എന്നിവർ.റോയി മരണപ്പെട്ടു.

### A4A. വലിയമലയിൽ തൊമ്മന്റെ മകൻ (മത്തായി) കൊച്ചിന്റെ കുടുംബം (ആനപന്തി)



മലബാറിൽ വരുന്നതിനു മുമ്പു തന്നെ **കൊച്ച്** വിവാഹം ചെയ്തിരുന്നു. പ്രവിത്താനം ഇടവക തെങ്ങുംപിള്ളിൽ ഉലഹന്നാന്റെയും അന്നയുടെയും മകൾ **ഏലിയാമ്മയെയാണ്** കൊച്ച് വിവാഹം ചെയ്തത്.

കൊച്ച് -ഏലിയാമ്മ ദമ്പതികൾക്ക് പതിനൊന്ന് മക്കൾ ഉണ്ടായി. മൂന്ന് ആണും എട്ട് പെണ്ണും.പാപ്പച്ചൻ (ജോസഫ്), കുഞ്ഞ് (തോമസ്), അപ്പച്ചൻ (മാത്യു), മറിയക്കുട്ടി, അച്ചാമ്മ (സിസ്റ്റർ തെരേസ UMI), ഏലിയാമ്മ, ചിന്നമ്മ (സിസ്റ്റർ സബീന UMI), ലില്ലിക്കുട്ടി, ശോശാമ്മ (സിസ്റ്റർ ഇസിദോർUMI), ഓമന (ഫിലോമിന), അഗസാമ്മ.
ഇവരിൽ മൂന്നു പെൺമക്കൾ കണ്ണൂരുള്ള ഉറുസുലൈൻ കോൺവെന്റിൽ ചേർന്ന് കന്യാസ്ത്രീകളായി. 1996 മാർച്ച് മാസം 12-ാം തീയതി കൊച്ച് നിര്യാതനായി. 2008 നവംബർ 19 ന് ചരളിൽ വെച്ച് ഏലിയാമ്മയും മരിച്ചു.

**അച്ചാമ്മ** കണ്ണൂർ പയ്യാമ്പലം ആസ്ഥാനമായുള്ള ഉർസുലൈൻ ഓഫ് മേരി ഇമാക്കുലേറ്റ് എന്ന സന്യാസ സഭയിൽ ചേർന്ന് കന്യാസ്ത്രീ ആയി സിസ്റ്റർ തെരേസ UMI എന്ന പേര് സ്വീകരിച്ചു.



1933 ഓഗസ്റ്റ് 5 ന് ജനിച്ച അച്ചാമ്മ തന്റെ ടി.ടി.സി. വിദ്യാഭ്യാസത്തിനു ശേഷം അധ്യാപനം നടത്തിവരികയായിരുന്നു.
പിന്നീട് 1964 ജൂൺ മാസം 15-ാം തീയ്യതി കോൺവെന്റിൽ ചേർന്നു. 1967 ഫെബ്രുവരി 11-ാം തീയ്യതി സഭാവസ്ത്രം സ്വീകരിച്ചു.

അതിനുശേഷം പുഞ്ചക്കാട്, മങ്കര എന്നിവിടങ്ങളിൽ അധ്യാപികയായി ജോലി ചെയ്തു. മങ്കരയിൽ നിന്ന് ഹെഡ്മിസ്ട്രസായി 1989 മാർച്ച് മാസം 30 ന് വിരമിച്ചു.

പിന്നീട് കോഴിക്കോട് തിരുവനന്തപുരം, ഏഴിമല എന്നിവിടങ്ങളിൽ സേവനം ചെയതു 2017 ഫെബ്രുവരി 24 ന് സുവർണ ജൂബിലി ആഘോഷിച്ചു.2019 ജനുവരി മാസം 27ആം തിയതി നിര്യാതയായി. കണ്ണൂരുള്ള കോൺവെന്റ് സെമിത്തേരിയിൽ സംസ്കാരം നടത്തി.



**ചിന്നമ്മ** തന്റെ 20ാം വയസ്സിൽ കണ്ണൂർ ആസ്ഥാനമായുള്ള ഉറുസുലൈൻ കോൺവെന്റിൽ 1960 ജൂൺ 15 ന് ചേർന്നു. 1963 നവംബർ 21 ന് സഭാവസ്ത്രം സ്വീകരിച്ച് **സിസ്റ്റർ സബീന UMI** ആയി. കോഴിക്കോട്, കണ്ണൂർ, ബാംഗ്ലൂർ, ഊട്ടി, വൈത്തിരി എന്നിവിടങ്ങളിൽ സേവനം ചെയ്തു. 1980 ൽ രോഗം പിടിപെട്ടതിനെ തുടർന്ന് വിശ്രമ ജീവിതം.

2005 ജനുവരി മാസം 7ാം തീയ്യതി വൈത്തിരിയിൽ വെച്ച് നിര്യാതയായി. കോഴിക്കോട് മേരിക്കുന്നിലുള്ള കോൺവെന്റ് സെമിത്തേരിയിൽ സംസ്കാരം നടത്തി.



**ശോശാമ്മ** 1965 ൽ ജൂലൈ മാസം 17 ന് മൂത്ത രണ്ട് സഹോദരിമാരുടെയും പാത പിൻതുടർന്ന് ഉറുസുലൈൻ കോൺവെന്റിൽ ചേർന്ന് കന്യാസ്ത്രീയായി. 1969 ഫെബ്രുവരി 17 ന് സഭാ വസ്ത്രം സ്വീകരിച്ച് **സി. ഇസിദോർ UMI** ആയി. കാൺപൂർ, മരിയംപൂർ, കണ്ണൂർ, തിരുവനന്തപുരം, കോഴിക്കോട്, ബാംഗ്ലൂർ, ചെലവൂർ, തൃക്കരിപ്പൂർ എന്നിവിടങ്ങളിൽ സേവനം ചെയ്തു. ഇപ്പോൾ പയ്യന്നൂരിനടുത്ത പുഞ്ചക്കാട് കോൺവെന്റിൽ സേവനം ചെയ്യുന്നു.

മേൽവിലാസം: സി. ഇസിദോർ UMI

ഉറുസുലൈൻ കോൺവെന്റ്, പുഞ്ചക്കാട് പി.ഒ.

പയ്യന്നൂർ, 670 307, ഫോൺ: 9744234029.





**മറിയക്കുട്ടിയെ** അങ്ങാടിക്കടവിലെ കൊച്ചുവേലിക്കകത്ത് ചാക്കോ-ഏലികുട്ടി മകൻ **കുഞ്ഞ്** (തോമസ്) വിവാഹംചെയ്തു. ഫോൺ 9744038419. 2011 മാർച്ച് 12 ന് കുഞ്ഞ് മരണപ്പെട്ടു. ഇവർക്ക് എട്ടുമക്കൾ. ലീലാമ്മ, മേരി ഗ്രേസി, ലില്ലി, ജെസ്സി, ജോസ്, ജോളി, ജാൻസി എന്നിവർ.

മൂത്ത മകൾ ലീലാമ്മ സെന്റ് ബ്രിജീറ്റയിൻ കോൺവെന്റിൽ. ചേർന്ന് കന്യാസ്ത്രീയായി. **സി.എലിസബത്ത്.** ഇവർ ഇപ്പോൾ ഫിൻലാന്റിൽ സേവനം ചെയ്യുന്നു. റോമിൽ 11 വർഷം സേവനം ചെയ്ത ഇവർക്ക് പോൾ ആറാമൻ മാർപ്പാപ്പയെ കാണുന്നതിനും സംസാരിക്കുന്നതിനും കൈ മുത്തുന്നതിനുമുള്ള അവസരം ഉണ്ടായി. ഫിൻലാന്റിലായിട്ട് 30 വർഷമായി.

മേരിയും സെന്റ് ബ്രിജീറ്റയിൻ കോൺവെന്റിൽ ചേർന്ന് സിസ്റ്ററായി. **സി.മാർട്ടിൻ** എന്ന് പേര് സ്വീകരിച്ചു. ക്യൂബയിലെ പിനാർ എന്ന സ്ഥലത്ത് സേവനം ചെയ്യുന്നു. 23 വർഷം മെക്സിക്കോയിലുണ്ടായിരുന്നു. റോമിൽ 10 വർഷവും.

മാർ എലിസബത്ത് ഹെസൽ ബ്ലാഡ് പുണ്യവതിയായപ്പോൾ അംഗീകരിക്കപ്പെട്ട പ്രധാന അദ്ഭുതം നടന്നത് സിസ്റ്റർ മാർട്ടിനിലാണ്. കാൽ മുട്ടിനുള്ളിലെ എല്ല് ദ്രവിച്ച് ദ്രാവകം ആയതിനെ തുടർന്ന് നടക്കാൻ പറ്റാതിരുന്ന സി. മാർട്ടിന് വിശുദ്ധ പ്രത്യക്ഷപ്പെട്ട് അസുഖം മാറ്റിക്കൊടുക്കുകയും പൂർവ്വസ്ഥിതിയിൽ കാൽ മുട്ടിനെ മാറ്റുകയും ചെയ്തു.

ക്യൂബയിൽ ആയിരിക്കുമ്പോൾ ക്യൂബൻ പ്രസിഡന്റ് ഫിഡൽ കാസ്ട്രോയുമായ ക്രിസ്ത്യാനികൾ ക്യൂബയിൽ നേരിടുന്ന കഷ്ടപ്പാടുകൾ, പീഡനങ്ങൾ എന്നിവ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും പരിഹാരം കാണുന്നതിനും സി. മാർട്ടിന് അവസരം ലഭിച്ചിട്ടുണ്ട്.

ഗ്രേസിയും ചേച്ചിമാരുടെ പാത പിൻതുടർന്ന് അതേ കോൺഗ്രിഗേഷനിൽ ചേർന്ന് സിസ്റ്ററായി. **സി. ഗ്രേസ്** ഇപ്പോൾ കണ്ണൂർ ജില്ലയിലെ പരിയാരത്ത് സേവനം ചെയ്യുന്നു. ചെന്നൈ, മൈസൂർ, റോം, മെക്സിക്കോ, ക്യൂബ എന്നിവിടങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്.

ലില്ലിയെ എടൂർ ചെമ്പകശ്ശേരി ഫിലിപ്പ് വിവാഹം ചെയ്തു. ലില്ലി അധ്യാപികയും ഭർത്താവ് ഫിലിപ്പ് ബാങ്ക് ഉദ്യോഗസ്ഥനുമായിരുന്നു.

അധ്യാപികയായ ജസ്സി അവിവാഹിതയാണ്. ഫോൺ: 9446959765 ഇപ്പോൾ മറിയക്കുട്ടിക്കൊപ്പം താമസിക്കുന്നു. ജോസ് വിവാഹം കഴിച്ചത് പൊട്ടംപ്ലാവ് വെട്ടിക്കുഴി മോളി (റോസ്‌ലി)യെ ആണ്. ജോസും മോളിയും അധ്യാപകരാണ്. ഇവർക്ക് രണ്ട് മക്കളുണ്ട്.

ജോളി വിവാഹം ചെയ്തത് മണിക്കടവ് നാലൊന്നുകാട്ടിൽ കുടുംബാംഗം ലിസ്സിയെയാണ്. ലിസ്സി ബഹറിനിൽ നഴ്സായിരുന്നു. മകൾ: മെൽവീന.

ജാൻസിയുടെ ഭർത്താവ് കരിക്കോട്ടക്കരിയിൽ കുറിച്ചിക്കൽ തങ്കച്ച (എബ്രഹാം) നാണ്. ജാൻസി അധ്യാപികയാണ്. രണ്ടു മക്കളുണ്ട്. അമലും അക്സയും. അമൽ പൈലറ്റാണ്. അക്സ പഠിക്കുന്നു.

**ഏലിയാമ്മയെ** വിവാഹം ചെയ്തത് വാണിയപ്പാറ എടേട്ട് (കാണിയക്കാട്ട്) **കൊച്ചാണ്.** മലബാറിലെ ആദ്യകാല കുടിയേറ്റക്കാരിൽ ഒരാളാണ് കൊച്ച്. ഇവർക്ക് 10 മക്കളുണ്ട്. മേരി,ലൂസി, ജോസ്, മാണി, മാത്തുക്കുട്ടി, ജോൺസൺ, സാലി, ബീന, ബിന്ദു, സ്വപ്ന എന്നിവർ. മേരിയെ വിവാഹം ചെയ്തത് കിളിയന്തറ നിരങ്ങംചിട്ട പുളിപ്പറമ്പിൽ ജോയിയാണ്. ഇവർക്ക് രണ്ടു മക്കൾ. റിന്റോ, ജോബിൻ എന്നിവർ. ലൂസിയെ വിവാഹം ചെയ്തത് വട്യാംതോട് മാട്ടറ ചെമ്പനാനിക്കൽ ജോയിയാണ്. മക്കൾ: ജോബിനും ജോസിനും.

ജോസ് വിവാഹം കഴിച്ചത് ചരൾ കുറമുള്ളുംതടത്തിൽ എൽസമ്മയെയാണ്. രണ്ടു മക്കളുണ്ട്. സ്റ്റെഫിയും ബെസ്റ്റിയും.

മാണിയുടെ ഭാര്യ വെളിമാനം ജീരകശ്ശേരിൽ അമ്മിണിയാണ്. രണ്ടു മക്കളുണ്ട്. മനുവും അനീഷും

മാത്തുക്കുട്ടിയുടെ ഭാര്യ കൊട്ടിയൂർ ഉറുമ്പിൽ ലൈലയാണ്. മക്കൾ അബോണി, ബെൻഫിൻ എന്നിവർ.

ജോൺസനാണ് തറവാട്ടിൽ താമസിക്കുന്നത്. ഭാര്യ ചെടിക്കുളം വെള്ളപ്ലാക്കൽ കുടുംബാംഗം സുജ.

സാലിയെ വിവാഹം കഴിച്ചത് എടപ്പുഴ കണിയാംകുന്നേൽ വിൽസനാണ്. മക്കൾ: ബെനീറ്റ്, ജാനറ്റ്.

ബീനയെ വിവാഹം ചെയ്തത് ചെടിക്കുളം വെള്ളരിങ്ങാട്ട് കുഞ്ഞുമോൻ (അലക്സാണ്ടർ) ആണ്. ഇവർക്ക് മക്കൾ രണ്ടു പേർ. എയ്ഞ്ചലും അലീനയും.

ബിന്ദുവിനെ വിവാഹം കഴിച്ചത് പെരുമ്പുന്ന കവളക്കാട്ട് ഡാന്റീസാണ്. മക്കൾ: ഡോണ, ഡിവിനോ.





എടൂർ മാവന്നിക്കുന്നേൽ സാജുവാണ് സ്വപ്നയെ വിവാഹം ചെയ്തത്. ഇവർക്ക് 3 മക്കൾ. സിമി, ജോസ്കുട്ടി, തോമസ്കുട്ടി എന്നിവർ.

**ലില്ലിക്കുട്ടിയെ** വിവാഹം കഴിച്ചത് കൂട്ടുപുഴ വെട്ടിക്കാട്ടിൽ ജോസഫാ(ഏപ്പ്)ണ്. ഇവർക്ക് എട്ടു മക്കളുണ്ടായി. നാലാണും നാലു പെണ്ണും. ജോസ്, റോസമ്മ, മാത്തുക്കുട്ടി, റീന, ആന്റൊ, ജോജോ, റീസ, സോസ്സി എന്നിവർ. പേരട്ടയിലെ കണ്ടംകരി ദേവസ്യയുടെയും ത്രേസ്യയുടെയും മകൾ ലിസ്സിയെയാണ് ജോസ് വിവാഹം ചെയ്തത്. മക്കൾ മൂന്നു പേർ. ലിജോ, ലിബിൻ, ലിഞ്ചു. അദ്ധ്യാപികയായ റോസമ്മയെ വിവാഹം ചെയ്തത് പേരട്ട കണ്ടംകരി ദേവസ്യാ ത്രേസ്യാ മകൻ തോമാച്ച (ചാക്കോ)നാണ് രണ്ടു മക്കളുണ്ട്. അനുവും അമലും.

മാത്തുക്കുട്ടിയുടെ ഭാര്യ കച്ചേരിക്കടവ് കല്ലിരിക്കുംപടവിൽ മോളിയാണ്. മക്കൾ മോബിൻ, മെബിൻ എന്നിവർ.

റീനയെ വിവാഹം ചെയ്തത് എടൂർ തോണാത്ത് ബാബുവാണ്. രണ്ടു മക്കളുണ്ട്. ലിനിയും ലിന്റോയും.

ആന്റൊ വിവാഹം ചെയ്തത് ചെമ്പംതൊട്ടി ഈഴക്കുന്നേൽ സിന്ധു വിനെയാണ്. മക്കൾ രണ്ടുപേർ. അജീനയും മരീനയും.

ജോജോ വിവാഹം ചെയ്തത് നെല്ലിക്കുറ്റി മുണ്ടയ്ക്കൽ ടെസ്സിയെയാണ്. മക്കൾ ടിജോ, ജിൻ എന്നിവർ.

റീസയെ വിവാഹം ചെയ്തത് പാണത്തൂർ നരിമറ്റത്തിൽ സണ്ണിയാണ്. മക്കൾ മരിയ, ആഷിം, ലിസ്യു എന്നിവർ.

സോസ്സിയെ വിവാഹം ചെയ്തത് തൊണ്ടി ഇടവക കദളിക്കാട്ടിൽ ബിജുവാണ്. നാലു മക്കളുണ്ട്. ആൻ മരിയ, ഗ്രേയ്സ്, ക്ലെറിൻ, ക്രിസ്റ്റോ എന്നിവർ.

**ഓമനയുടെ** ഭർത്താവ് പെരുമ്പുന്ന വടക്കേമുളഞ്ഞിനാൽ ദേവസ്യ-അന്ന ദമ്പതികളുടെ മകൻ **ജോസഫ്** (അപ്പച്ചൻ) ആണ്. ഇവർ ഇപ്പോൾ പെരുമ്പുന്നയിൽ താമസിക്കുന്നു. ഇവർക്ക് നാലു മക്കളുണ്ട്. ജിജി (സെബാസ്റ്റ്യൻ), ജിമ്മി (മാത്യു), ജിബി (ജോസഫ്), ജിൻസ് (വർഗീസ്) എന്നിവർ. ജിജിയുടെ ഭാര്യ കുന്നോത്ത് ഓലിക്കൽ ലിൻസിയാണ്. രണ്ടുപേരും യു.കെ.യിൽ താമസിക്കുന്നു. ഇവർക്ക് മക്കൾ മൂന്നു പേർ. ജോയൽ, ജോഷ്വ, പ്രേയ എന്നിവർ. ജിമ്മി വിവാഹം ചെയ്തത് ഉളിക്കൽ കൊങ്ങോല ദേവസ്യ-ഗ്രേസി മകൾ റിലീഷിനെയാണ്.

ഇവർക്ക് രണ്ടു മക്കൾ. ഡാരിയോ, ലെനോർ. ജിബി വിവാഹം ചെയ്തത് കാഞ്ഞ ങ്ങാട് മാടക്കാട്ട് ജോസഫിന്റെ മകൾ ജോയിസിനെയാണ്. മക്കൾ ജോനാദ്, ജാൻമിയ എന്നിവർ. ജിൻസിന്റെ ഭാര്യ കൊളത്തുവയൽ ചിറയ്ക്കൽ അപ്പച്ചൻ ഡോളി മകൾ മിലിഡയാണ്. ഒരു മകൾ ഉണ്ട്. ഡാരിൻ.

**അഗസാമ്മയെ** വിവാഹം ചെയ്തത് കുന്നോത്ത് തുമ്പേപ്പറമ്പിൽ ജോസഫ്-മറിയാമ്മ മകൻ **ജോസാണ്.** ജോസ് കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥനായിരുന്നു. ഇവർക്ക് നാലു മക്കളുണ്ട്. മേരിജോ, ഹെലൻ ജോ, റോസ് ജോ വിക്ടോറിയ, ജോൺപോൾ ജോ എന്നിവർ. മേരി ജോയുടെ ഭർത്താവ് കൂത്തുപറമ്പിനടുത്ത് ചെറുവാഞ്ചേരി അരീകുഴുപ്പിൽ തോമസ്-ത്രേസ്യാ മകൻ മനോജ് തോമസാണ്. മക്കൾ സജ്ജയ്, ടെസ എന്നിവർ. ഹെലൻ ജോയെ വിവാഹം ചെയ്തത് പുളക്കുറ്റിയിലെ കാരയ്ക്കൽ വർഗീസ് മറിയക്കുട്ടി മകൻ ഡെന്നിയാണ്. ഒരു മകളുണ്ട്. ജോൾ മരിയ. റോസ് ജോ വിക്ടോറിയയെ വിവാഹം ചെയ്തത് പേരാവൂർ വെമ്പള്ളിയിൽ ജോസഫ് സെലീന മകൻ വിജേഷ് ജോസഫാണ്. ഒരു മകൾ ജുവാൻ.

ജോൺ പോൾ ജോ വിവാഹം ചെയ്തത് അങ്ങാടിക്കടവ് ഇടവക ആനിക്കാട്ട് ജോർജ്ജ്-ബെറ്റി മകൾ അനിതയെയാണ്. ജോൺ പോൾ ജോ പട്ടുവം കോളേജ് ഓഫ് ഫിസിയോ തെറാപ്പിയിൽ അസിസ്റ്റന്റ് പ്രൊഫസറായി ജോലി ചെയ്യുന്നു. അനിത അദ്ധ്യാപികയാണ്.

### A4A1.വലിയമലയിൽ മത്തായിയുടെ മകൻ പാപ്പച്ചന്റെ (ജോസഫ്) കുടുംബം (അനപ്പന്തി)

മത്തായി ഏലിയാമ്മ ദമ്പതികളുടെ മക്കളിൽ മൂത്തവനായ **പാപ്പച്ചൻ** (ജോസഫ്) കരിക്കോട്ടക്കരി ഇടവക കളപ്പറമ്പിൽ ജോൺ അന്ന ദമ്പതികളുടെ മകൾ **ചിന്നമ്മ**യെ വിവാഹം കഴിച്ചു.



അദ്ദേഹം തൊട്ടടുത്ത പറമ്പിൽ വീടുവെച്ച് വേറെ പോയി. പി.എം. ജോസഫ് എന്നറിയപ്പെട്ട അദ്ദേഹം ആ പ്രദേശത്തെ രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ നിറഞ്ഞു നിന്ന ഒരു വ്യക്തിത്വമായിരുന്നു.





2007 മാർച്ച് മാസം 15ാം തീയ്യതി അദ്ദേഹം അകാലത്തിൽ നിര്യാതനായി. അങ്ങാ ടിക്കടവ് സേക്രട്ട് ഹാർട്ട് പള്ളി സെമിത്തേരിയിലെ കുടുംബകല്ലറയിൽ അദ്ദേഹത്തെ അടക്കം ചെയ്തു. അദ്ദേഹത്തിന് ഏഴു മക്കൾ. ലീന, മാത്യു, റീന, ജോജോ, ജോൺ, ബീന, ഷീന

**ലീനയെ** വിവാഹം കഴിച്ചത് വയനാട് ജില്ലയിലെ മക്കിയാട് ഇടവകാംഗം ഇല്ലിപ്പറമ്പിൽ ഐ.സി. ചാക്കോയുടെ മകൻ **മാത്യുവാണ്.** സിബിയെന്ന് അദ്ദേഹത്ത വിളിക്കുന്നു. ഇപ്പോൾ ഇവർ കുടുംബസമേതം ഇംഗ്ലണ്ടിൽ ഈവ്ഷാം എന്ന സ്ഥലത്ത് താമസിക്കുന്നു.



**റീനയെ** വിവാഹം കഴിച്ചത് കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠാപുരത്തിനടുത്ത് ചുണ്ടപ്പറമ്പ് ഇടവകയിലെ കിഴക്കേ തെങ്ങോലിൽ **ജോൺ** ആണ്. ജോണി എന്നു വിളിക്കുന്ന ഇദ്ദേഹം 25 വർഷത്തോളം സൗദിയിലായിരുന്നു. ഇപ്പോൾ ചുണ്ടപ്പറമ്പിൽ താമസിക്കുന്നു. 1994 സെപ്തംബർ മാസം 12ാം തീയ്യതി വിവാഹിതരായ ജോണിക്കും റീനയ്ക്കും രണ്ടു ആൺമക്കളാണുള്ളത്. ജെറിൻ, റെജിൻ.



**ബീനയെ** വിവാഹം കഴിച്ചത് നേര്യംപറമ്പിൽ **ജോസാണ്.** അദ്ദേഹം ഇപ്പോൾ ബാംഗ്ലൂരിൽ ബിസിനസ്സ് ചെയ്യുന്നു. 2001 ഫെബ്രുവരി 7-ാം തീയ്യതി വിവാഹിതയായ ബീനയ്ക്ക് മൂന്നു മക്കളുണ്ട്. ധന്യ, ലാൽ, വേദ് എന്നിവർ (ഫോൺ: +919986375577)



**മിനിമോൾ** എന്നു വിളിക്കുന്ന ഷീനയെ വിവാഹം ചെയ്തത് പേരാവൂരിലെ നരിതൂക്കിൽ **ഷിനോജാണ്.** ജ്വല്ലറി ബിസിനസ്സുകാരനായ ഷിനോജ് ഇപ്പോൾ കുടുംബസമേതം പേരാവൂരിൽ താമസിക്കുന്നു. ഇവർക്ക് രണ്ടു മക്കളുണ്ട്. ജ്യുവൽ മരിയ, ബെൻവിൻ.




**A4A1a. വലിയമലയിൽ പാപ്പച്ചന്റെ മകൻ തങ്കച്ചന്റെ (മാത്യു) കുടുംബം**
**ഫോൺ: +966550011095**

**മാത്യു** ഇപ്പോൾ സൗദി അറേബ്യയിലെ ദമാമിൽ ആറാംകൊ കമ്പനിയിൽ ജോലി ചെയ്യുന്നു. അദ്ദേഹം വിവാഹം ചെയ്തതത് ഏറണാകുളം ജില്ലയിലെ മുത്തോലിപുരം ഇലഞ്ഞി ഇടവകയിൽപ്പെട്ട കണീറ്റുകണ്ടത്തിൽ ജോണിന്റെ മകൾ **മിനിയെ**യാണ്. 1992 ഏപ്രിൽ 20ാം തീയ്യതി വിവാഹിതരായ ഇവർക്ക് രണ്ട് മക്കൾ. മിഷേൽ, അലൻ. മിഷേലിനെ വിവാഹം ചെയ്തതത് ഇടുക്കി കട്ടപ്പന താഴത്തുപറമ്പിൽ ഡൊമിനിക് സാവിയോയുടെ മകൻ ജോസ്സഫാ(നിതിൻ)ണ്.





മിഷേലും നിതിനും നേഴ്സുമാരാണ്. UK യിലെ ഉത്തര അയർലന്റിലുള്ള ആൻഡ്രീം എന്ന സ്ഥലത്ത് ജോലി ചെയുന്നു. അലൻ ഹൈദ്രാബാദിൽ ICIC ബാങ്കിൽ ജോലി ചെയ്യുന്നു.



**A4A1b. വലിയമലയിൽ പാപ്പച്ചന്റെ മകൻ ജോജോയുടെ കുടുംബം.**
**ഫോൺ: 9745785536**



പാപ്പച്ചന്റെ മക്കളിൽ നാലാമനായ ജോജോ പഠനത്തിനു ശേഷം കാർഷികവൃത്തി തിരഞ്ഞെടുത്തു. നല്ല ഒരു കർഷകനായ ഇദ്ദേഹം ഇപ്പോൾ പൗൾട്രി ഫാം ഉൾപ്പെടെയുള്ള കൃഷി രീതികൾ ചെയ്തു വരുന്നു. 1998 ഏപ്രിൽ മാസം 20ാം തീയ്യതി വിവാഹിതനായ ജോജോ ഇപ്പോൾ ആനപ്പന്തിയിൽ തന്നെ കുടുംബസമേതം താമസിക്കുന്നു. ഇദ്ദേഹത്തോടൊപ്പമാണ് അമ്മയുമുള്ളത്. **ജോജോ** വിവാഹം കഴിച്ചത് പാലത്തുംകടവിലുള്ള ചേന്നംപള്ളിയിൽ ജോസഫ്-മേരി മകൾ **ബിന്ദുവിനെയാണ്.** ഇവർക്ക് രണ്ടു മക്കളുണ്ട്.എലിസബത്ത്(ജോമോൾ), എഡ്വിൻ (ജോമോൻ).
**എലിസബത്തിനെ** വിവാഹം ചെയ്തത് നെല്ലിക്കുറ്റി ഇടവക കളപ്പുരയ്ക്കൽ ജോസ്-ബെറ്റി മകൻ **നവീൻ ജോസ്** ആണ്.
നവീൻ ജോസ് സൗദിയിൽ ജോലി ചെയ്യുന്നു. എലിസബത്ത് ജർമ്മനിയിൽ ജോലി ചെയ്യുന്നു.

### A4A1c. വലിയമലയിൽ പാപ്പച്ചന്റെ (ജോസഫ്) ഇളയ മകൻ ഷാജ (ജോൺ)ന്റെ കുടുംബം



വിദ്യാഭ്യാസത്തിനുശേഷം സൗദിയിൽ ജോലിയിലായിരുന്ന **ഷാജൻ** ചെറുപുഴ കച്ചിറമറ്റത്തിൽ മാത്യുവിന്റെ മകൾ **ഷാന്റി**യെ വിവാഹം ചെയ്തു. ഇവർക്ക് രണ്ടു മക്കൾ ഡിവോണും ഡിയായും. എന്നാൽ വിധി വൈപരീത്യം എന്നു പറയട്ടെ സൗദി അറേബ്യയിൽ വച്ചുണ്ടായ വാഹനാപകടത്തിൽ തന്റെ 34-ാമത്തെ വയസ്സിൽ 2008 മാർച്ച് നാലിന് അദ്ദേഹം നിര്യാതനായി.
അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് പള്ളി സെമിത്തേരിയിൽ അദ്ദേഹത്തിന്റെ പിതാവ് പാപ്പച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന കുടുംബ കല്ലറയിൽ ഷാജനെ അടക്കം ചെയ്തു.

### A4A2. വലിയമലയിൽ മത്തായിയുടെ മകൻ കുഞ്ഞി (തോമസ്) ന്റെ കുടുംബം (ആനപന്തി, ഫോൺ: 9539147560)



**കുഞ്ഞ്** വിവാഹം ചെയ്തത് വെള്ളരിക്കുണ്ട് പുലിക്കുഴിയിൽ മത്തായി മറിയാമ്മ മകൾ **തങ്കമ്മ**യെയാണ്. ഇവർ ആനപ്പന്തിയിൽ താമസിക്കുന്നു.
ഇവർക്കു മൂന്ന് ആൺ മക്കൾ. ജിമ്മി, ജിജോ, ജിജി എന്നിവർ.

### A4A2a. വലിയമലയിൽ കുഞ്ഞിന്റെ മകൻ ജിമ്മിയുടെ കുടുംബം (കുവൈറ്റ്) ഫോൺ: 9207782205



**ജിമ്മി** വിവാഹം ചെയ്തത് ചെറുപുഴ പാലകുടിയിൽ കുര്യൻ - മേരി മകൾ **ഷേർളി** യെയാണ്. കുവൈറ്റിൽ ആയിരുന്ന ജിമ്മി ഇപ്പോൾ വെള്ളാടിനടുത്ത് മുളകുവള്ളിയിൽ താമസ്സിക്കുന്നു.





ഷേർളി കുവൈറ്റിൽ എം. ഒ. എച്ച്. ഹോസ്പിറ്റലിൽ നഴ്സായി ജോലി ചെയ്യുന്നു. ഇവർക്ക് 5 മക്കൾ ഉണ്ട്. ജോഷ്വ, ജോഹാൻ, ജുവാന, ജെറമിയ, ജെവോൺ എന്നിവർ. വലിയമലയിൽ പാമ്പയ്ക്കൽ കുടുംബത്തിലെ ഇളം തലമുറയിൽ ഏറ്റവും കൂടുതൽ മക്കൾ ഉള്ളത് ഇവർക്കാണ്.

### A4A2b. വലിയമലയിൽ കുഞ്ഞിന്റെ മകൻ ജിജോ (ജോപ്പൻ) യുടെ കുടുംബം (മസ്കറ്റ്) ഫോൺ: 0096897239110.



കുടുംബാംഗങ്ങളും അടുത്തവരും ജോപ്പൻ എന്നു വിളിക്കുന്ന **ജിജോ** വിവാഹം കഴിച്ചത് ബൽത്തങ്ങാടി അർശനമുക്ക് അമ്പലത്തിങ്കൽ കുഞ്ഞുമോൻ-മേരി മകൾ **മിനി**യെയാണ്. ജിജോ ഇപ്പോൾ മസ്കറ്റിൽ അലയൻസ് ഇൻഷൂറൻസിൽ ജനറൽ മാനേജരാണ്. ഇവർക്കു നാലു മക്കൾ.അൽഫിന,ജോവിറ്റ, ആൻട്രിയ,ജെൻ എന്നിവർ.

### A4A2c. വലിയമലയിൽ കുഞ്ഞിന്റെ മകൻ ജിജി (എറണാകുളം) ഫോൺ: 9744755765)

**ജിജി** വിവാഹം ചെയ്തത് കോട്ടയം നെല്ലുവേലിൽ മാത്യു മോളി മകൾ **സ്മിത** യെയാണ്. ജിജി ഹൈക്കോടതിയിൽ വക്കീലായി പ്രാക്ടീസ് ചെയ്യുന്നു. സ്മിതയും ഹൈക്കോടതിയിൽ വക്കീലാണ്. മക്കൾ: ജോ, ജെറി, റോണി എന്നിവർ.
ഇവർ ഇപ്പോൾ എറണാകുളത്ത് താമസിക്കുന്നു.

### A4A3.വലിയമലയിൽ മത്തായിയുടെ ഇളയ മകൻ അപ്പച്ച (മാത്യു)ന്റെ കുടുംബം (ചരൾ) ഫോൺ : 9496557778.

മത്തായിയുടെ ഇളയ മകനായ അപ്പച്ചനായിരുന്നു ആനപ്പന്തിയിലെ തറവാട് വീട്. മത്തായിയും ഏലിയാമ്മയും അവസാന നാളുകളിൽ അപ്പച്ചന് ഒപ്പമായിരുന്നു.



പൊതു പ്രവർത്തകനായിരുന്ന അപ്പച്ചൻ അയ്യൻകുന്നു പഞ്ചായത്ത് മെമ്പറുമായിരുന്നു.

**അപ്പച്ചൻ** വിവാഹം ചെയ്തത് പേരാവൂർ തൊണ്ടി ഇടവക വടക്കേമുളഞ്ഞിനാൽ ജോസഫ്-മേരി മകൾ **ആലീസിനെ**യാണ്.

ഇവർക്ക് മൂന്ന് പെൺമക്കളുണ്ടായി. ജിൻസി, പ്രിൻസി, സുമി എന്നിവർ. ആനപ്പന്തിയിലെ സ്ഥലവും വീടും വിറ്റതിനു ശേഷം അപ്പച്ചൻ ചരളിലേയ്ക്ക് താമസം മാറ്റി. അവിടെ നിന്നാണ് ഏലിയാമ്മ മരിക്കുന്നത്.

മത്തായിയേയും ഏലിയാമ്മയേയും അടക്കം ചെയ്തത് അങ്ങാടിക്കടവ് തിരുഹൃദയ പള്ളിയിലെ കുടുംബ കല്ലറയിലാണ്.

**ജിൻസി**യുടെ ഭർത്താവ് കോതമംഗലം തടിക്കാട്ടിൽ ജോസഫ് മറിയക്കുട്ടി മകൻ **ജോമോൻ** (ജോസ്) ആണ്. ജിൻസി ഇറ്റലിയിൽ നഴ്സായി ജോലി ചെയ്യുന്നു. ജോമോനും ഇറ്റലിയിൽ ജോലി ചെയ്യുന്നു. ഇവർക്ക് രണ്ടു മക്കളുണ്ട്. ജോയലും, ആൻജലീനയും. ഇവരും ഇറ്റലിയിൽ തന്നെ.

**പ്രിൻസി**യെ വിവാഹം ചെയ്തത് കരിക്കോട്ടക്കരി ഇടവക കുറിച്ചിക്കൽ ജോസഫ് ത്രേസ്യാമ്മ മകൻ **ജോമോനാണ്.** (ജോ). പ്രിൻസി 5 വർഷം സൗദിയിൽ നഴ്സായിരുന്നു. ജോമോൻ അബുദാബിയിൽ ജോലി ചെയ്യുന്നു. ഇവർക്ക് മക്കൾ രണ്ടുപേരാണ്. ഡാരിയോ ജോസഫും സാറാട്രീസയും. ഇപ്പോൾ കരിക്കോട്ടക്കരിയിൽ താമസിക്കുന്നു.

**സുമി**യെ വിവാഹം കഴിച്ചത് താമരശ്ശേരി മൈക്കാവ് ഇടവക പണിച്ചിപ്പറമ്പിൽ ജോസഫ് ഏലിയാമ്മ മകൾ **ബിജുവാണ്.** സുമി കുവൈറ്റിൽ നഴ്സും ബിജു അക്കൗണ്ടന്റുമാണ്. കുടുംബ സമേതം കുവൈറ്റിൽ താമസിക്കുന്നു. ഇവർക്ക് രണ്ടു മക്കളുണ്ട്. ആരോണും അന്ന എലിസബത്തും.



*In Loving Memory of...*



**മത്തായി (കൊച്ച്)**
മരണം: 12.03.1996

**ഏലി മത്തായി**
മരണം: 19.11.2008



**സി. സബീന UMI**
മരണം: 07-11-2005



**സി. തെരേസ UMI**
മരണം:

## പാമ്പയ്ക്കൽ, ചരൾ/ആനപ്പന്തി

## A4B. വലിയമലയിൽ തൊമ്മന്റെ മകൻ തോമായുടെ കുടുംബം (കാസർകോട്)



**തോമാ** വിവാഹം ചെയ്തത് പൈങ്ങളം ഇടവക കുഴികുളം ജോസഫ്അന്ന മകൾ **ഏലിയാമ്മ**യെയാണ്. ഫാ. സി. ജെ. വർക്കിച്ചന്റെ പെങ്ങളാണ് ഏലിയാമ്മ. വർക്കിച്ചനാണ് എം. എസ്. എം.ഐ. സന്യാസ സമൂഹം സ്ഥാപിച്ചത്.

കോട്ടയം ജില്ലയിൽ പാലാ അന്ത്യാളം വലിയ മലയിൽ തറവാട് വീടിനടുത്താണ് തോമാ താമസിച്ചിരുന്നത്.

തന്റെ അവസാനത്തെ നാളിൽ തോമ കാസർഗോഡ് ജില്ലയിലെ ബന്തടുക്കയിൽ മകൻ ജോസിനൊപ്പമായിരുന്നു. അവിടുന്നാണ് തോമായും (09.10.2011) ഭാര്യ ഏലിയാമ്മയും (28.08.2010) മരണമടയുന്നത്. ഇവർക്ക് ഒമ്പത് മക്കളുണ്ടായിരുന്നു. ആറ് ആണും മൂന്ന് പെണ്ണും, കുഞ്ഞ്, ത്രേസ്യാമ്മ, ആഗ്നസ്, ജോസ്, മാത്യു (അപ്പച്ചൻ), ജോർജ്ജുകുട്ടി, ഫ്രാൻസിസ്, സെബാസ്റ്റ്യൻ, ലീലാമ്മ. ഇവരിൽ ഒരു മകൻ മാത്യു (അപ്പച്ചൻ) 17ാം വയസ്സിൽ 1965 ഏപ്രിൽ 25 ന് ഇടിമിന്നലേറ്റു മരണമടഞ്ഞു. അയൽപക്കത്തെ വീട്ടിൽ പോയ മാത്യു അവിടെ വച്ചാണ് ഇടിമിന്നലിൽ മരിക്കുന്നത്. ആ വീട്ടിലെ ഒരാളും മാത്യുവിനൊപ്പം മിന്നലിൽ മരണപ്പെട്ടിരുന്നു.



ത്രേസ്യാമ്മ (സി.ജനവീവ് ഡി.എം.) ഫോൺ: 09488880653 ത്രേസ്യാമ്മ തന്റെ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 1957 ജൂൺ 22 ന് മാർത്താണ്ഡത്തുള്ള ഡോട്ടേഴ്സ് ഓഫ് മേരി (മേരി മക്കൾ) സന്യാസ സമൂഹത്തിൽ ചേർന്നു. 1959 മെയ് 15 ന് കന്യാസ്ത്രീയായി. **സി. ജനവീവ്** DM. തൂത്തുക്കുടി സെന്റ് മേരീസ് കോളേജ്, തിരുവനന്തപുരം തിയോഫിലോസ് കോളേജ് എന്നിവിടങ്ങളിൽ നിന്ന് ബിരുദാനന്തര ബിരുദവും അധ്യാപനത്തിൽ പരിശീലനവും നേടിയ സി. ജനവിവ് മാർത്താണ്ഡം കേന്ദ്രീകരിച്ചുള്ള കിരാത്തൂർ, നത്താലം, ചെല്ലങ്കോണം എന്നീ സ്കൂളുകളിൽ 12 വർഷം അധ്യാപികയായും 17 വർഷം ഹെഡ്മിസ്ട്രസായും സേവനം ചെയ്തു.



*In Loving memory of*



**തൊമ്മൻ തോമസ്**
09-10-2011

**ഏലിയാമ്മ തോമസ്**
28-08-2010

**പാമ്പയ്ക്കൽ (വലിയമലയിൽ)**

*മരിക്കാത്ത ഓർമ്മകളുമായ്...*
*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

1998 മെയ്മാസം 31 ന് ചെല്ല ങ്കോണം ഹയർസെക്കന്ററി സ്കൂളിൽ നിന്നും ഹെഡ്മിസ്ട്രസായി വിരമിച്ചു.

മാർത്താണ്ഡം അസീസി ഭവനിൽ മൂന്നു വർഷവും, ചെല്ലങ്കോണം കോൺ വെന്റിൽ നാലു വർഷവും സുപീരിയറായി സേവനം ചെയ്തു.

സ്കൂളുകളിൽ നിന്നും വിരമിച്ചതിനു ശേഷം കിരാത്തൂർ മാർ ഗ്രിഗറിയോസ് മെട്രിക്കുലേഷൻ സ്കൂൾ പ്രിൻസിപ്പലായി സേവനം ചെയ്തു. 2005 മുതൽ ചെല്ലങ്കോണത്തുള്ള കോൺവെന്റിൽ വിശ്രമ ജീവിതം നയിക്കുന്നു.



**അഗസാമ്മ**യെന്നു വിളിക്കുന്ന ആഗ്നസിനെ വിവാഹം ചെയ്തത് രാമപുരം ഇടവക അർത്തിയിൽ ജോസഫ്-അന്ന ദമ്പതികളുടെ മകൻ **ആഗസ്തിയാണ്.**

പിന്നീട് കുടുംബസമേതം ഇവർ മലബാറിലേക്ക് കുടിയേറി. ആദ്യം കാസർഗോഡ് ജില്ലയിലെ പുളിങ്ങോം,പിന്നീട് ചിറ്റാരിക്കൽ തോമാപുരം ഇടവക അറയ്ക്കൽതട്ട് എന്നിവിടങ്ങളിൽ താമസിച്ച ഇവർ ഇപ്പോൾ ചെറുപുഴയിൽ താമസിക്കുന്നു.

ഇവർക്ക് ഏഴ് മക്കളുണ്ട്. ലാലി, ജോയി, ടോമി, ആന്റോ, ഷൈനി, ബിജു, ആശ എന്നിവർ.

ലാലിയെ വിവാഹം ചെയ്തത് മാപ്രകരോട്ട് മാത്യു-ഏലി മകൻ ജോസാണ്. ലാലി വീട്ടമ്മയാണ്. ജോസ് റിട്ട. അധ്യാപകനും. ഇപ്പോൾ ഇവർ കോഴിച്ചാലിൽ താമസിക്കുന്നു. മക്കൾ: ആൽഫി, അലീന, ആൻമരിയ. ആൽഫി പോസ്റ്റൽ അസിസ്റ്റന്റായി ചെറുപുഴയിൽ ജോലി ചെയ്യുന്നു. അലീന ബി.എസ്.സി നഴ്സാണ്. ആൻ മരിയ വിദ്യാർത്ഥിയും.

ജോയി വിവാഹം ചെയ്തത് തേർത്തല്ലി കുന്നപ്പള്ളിൽ ആൻസിയെയാണ്. ഇപ്പോൾ പുളിങ്ങോത്ത് താമസിക്കുന്നു. ജോയി ഇലക്ട്രീഷ്യനാണ്. മക്കൾ: മെൽബിൻ, മരിയറ്റ്, മനാസെ എന്നിവർ.

ടോമി വിവാഹംകഴിച്ചത് പുലിക്കുരുമ്പ ചെറുകാവിൽ എബ്രഹാമിന്റെ മകൾ ഷൈനിയെയാണ്.





15 വർഷം സൗദിയി ലായിരുന്ന ടോമി ഇപ്പോൾ ചെറുപുഴയിൽ താമസിക്കുന്നു. ഷൈനി സൗദിയിൽ നഴ്സായി രുന്നു. മക്കൾ: എഡ്വിൻ, എലന, എൽബിൻ.

ആന്റോയുടെ ഭാര്യ കമ്പല്ലൂർ മടത്തും മ്യാലിൽ മോളി (ലിസ്സി) യാണ്. ആന്റോ ഇലക്ട്രീഷ്യനാണ്. ചിറ്റാരിക്കല്ലിൽ താമസിക്കുന്നു. മക്കൾ: ആഗ്നസ്, ക്രിസ്റ്റി, ജിയ മോൾ, റിയമോൾ (ഇരട്ടകൾ) എന്നിവർ.

ഷൈനിയുടെ ഭർത്താവ് വെള്ളരിക്കുണ്ട് വാഴാംപ്ലാക്കൽ ചാക്കോ-ത്രേസ്യാ മകൻ വിൽസൻ ആണ്. ഇപ്പോൾ വെള്ളരിക്കുണ്ടിനടുത്ത് കനകപ്പള്ളിയിൽ താമസിക്കുന്നു. വിൽസൺ ഗവ. ഹയർ സെക്കന്ററി സ്കൂൾ ടീച്ചറാണ്. മക്കൾ: അമ്മുക്കുട്ടി (ജൂഡിറ്റ്), ജയിംസ്.

ബിജുവിന്റെ ഭാര്യ പാലാവയൽ തയ്യേനി പെരികിലുംകാട്ടിൽ മാത്യു-ത്രേസ്യാ മകൾ ഷിജിയാണ്. മക്കൾ: അഗസ്റ്റിൻ, മാത്യു, ഫ്രാൻസിസ്. ആശയെ വിവാഹം കഴിച്ചത് ചെറുപുഴ പെരിങ്ങാല അരിക്കത്താഴത്ത് ദേവസ്യ-റോസ മകൻ ബിനു (തോമസ്)വാണ്. ബിനു അധ്യാപകനാണ്. കടുമേനിയിൽ താമസിക്കുന്നു. മക്കൾ: ക്രിസാന്റോ, ക്രിസ്റ്റീന റോസ്.

**ലീലാമ്മയെ** കോട്ടയം ആയാംകുടി മലപ്പുറം ഇടവക മാമല കുര്യൻ-ഏലി മകൻ ജോസ് വിവാഹം ചെയ്തു. ഇപ്പോൾ ആയാംകുടിയിൽ താമസം. മക്കൾ രണ്ടു പേർ. ലിജിയും ലിന്റോയും.ലിജിയെ വിവാഹം ചെയ്തത് മോനിപ്പള്ളി ചീങ്കല്ലേൽ ഇടവക ഞാറക്കുളം ജോർജ്ജ്-കുഞ്ഞമ്മ മകൻ ജോമിയാണ്. രണ്ടുപേരും ഓസ്ട്രേലിയയിലെ മെൽബണിൽ കഗിബൺ എന്ന സ്ഥലത്ത് താമസിക്കുന്നു. ലിജി നഴ്സാണ്. ജോമി കാരാവൻ കമ്പനിയിൽ ജോലി ചെയ്യുന്നു. ഇവർക്ക് മൂന്ന് മക്കളുണ്ട്. ഇവാഞ്ചലി എൽസ, എഡ്വിൻ ജോർജ്ജ്, ജെഫിൻ ജോർജ്ജ് എന്നിവർ. ലിന്റോയുടെ ഭാര്യ വലിയകുന്നത്ത് ഷാജു-ലൈസി മകൾ അനു.രണ്ടു പേരും ന്യൂസിലൻഡിൽ നേഴ്സ്മാരാണ്. മക്കൾ കെയ്റ്റിലിൻ എലിസബത്ത്, കാലെപ് ക്രിസ്.

**A4B1.വലിയമലയിൽ തോമായുടെ മകൻ കുഞ്ഞിന്റെ കുടുംബം. (കരിവേടകം) ഫോൺ 9400603321**

**കുഞ്ഞ്** വിവാഹം ചെയ്തത് കടനാട് ഇടവക തുമ്പമറ്റത്തിൽ മത്തായി-അന്ന മകൾ **ഇത്തമ്മ**യെയാണ്.



അന്ത്യാളത്ത് തോമായോടൊപ്പം താമസിച്ചിരുന്ന കുഞ്ഞ് വിവാഹശേഷം മലബാറിലോട്ടു വേറെ പോന്നു.
കാസർഗോഡ് ജില്ലയിലെ ബന്തടുക്കയ്ക്കടുത്ത് കരിവേടകം എന്ന സ്ഥലത്ത് കുഞ്ഞ് താമസമാക്കി.
കുഞ്ഞ് 30.08.2024 ന് മരണപ്പെട്ടു.
കുഞ്ഞ് ഇത്തമ്മ ദമ്പതികൾക്ക് നാലു മക്കളുണ്ടായി. രണ്ടാണും രണ്ട് പെണ്ണും. റോയിച്ചൻ, ബെന്നിച്ചൻ, സുബി, ഷിമ്മി എന്നിവർ.

**സുബിയെ** വിവാഹം ചെയ്തത് ചിറ്റാരിക്കാൽ ഇടവക നടുവിലെ കൂറ്റ് ചാണ്ടി - ത്രേസ്യ മകൻ **ദേവസ്യാച്ച**നാണ്. മക്കൾ രണ്ടു പേർ. നിമിഷയും നിതിനും. നിമിഷയെ ചിറ്റാരിക്കാലിനടുത്ത് വരക്കാട് പുളിയുറുമ്പിൽ സെബാസ്റ്റ്യൻമോളി മകൻ ജോമി വിവാഹം ചെയ്തു. രണ്ടുപേരും അബുദാബിയിൽ നഴ്സാണ്. മക്കൾ ആൻ മരിയ, സെറാ മരിയ, ജോഷ്വാ.നിതിൻ എംബിയെ കഴിഞ്ഞ് കുവൈറ്റിൽ ജോലി ചെയ്യുന്നു.

**ഷിമ്മി**യെ വിവാഹം ചെയ്തത്. പടുപ്പ് ശങ്കരാംപടി താന്നിയിൽ തോമസ്-അന്നമ്മ മകൻ **ടോമി**യാണ്. ടോമി പടുപ്പിൽ മലംചരക്ക് കച്ചവടം നടത്തുന്നു. ഷിമ്മി വീട്ടമ്മയാണ്.

ശില്പ, ജോയൽ എന്നിവർ മക്കളാണ്. ശില്പയെ വിവാഹം ചെയ്തത് പടുപ്പ് പറയടത്തിൽ ജോസ്-ലിസി മകൻ ജസ്റ്റിൻ ആണ്. ഒരു മകൻ കുടുംബസമേതം ദുബായിൽ ജോലി ചെയ്യുന്നു ജോയൽ ഫാദർ മുള്ളേഴ്സ് ഹോസ്പിറ്റലിൽ ഫിസിയോതെറാപ്പിസ്റ്റ് ആണ്.







**A4B1a. വലിയമലയിൽ കുഞ്ഞിന്റെ മകൻ റോയിയുടെ കുടുംബം (കരിവേടകം) ഫോൺ: 9447011530**



**റോയി**യുടെ ഭാര്യ പാലാവയലിൽ കൊച്ചുപറമ്പിൽ അഗസ്റ്റ്യൻ റോസമ്മ മകൾ **ഗ്ലാഡീസാണ്.** റോയിച്ചൻ കരിവേടകത്ത് റേഷൻ കട നടത്തുന്നു. റോയിച്ചൻ പിതാവ് കുഞ്ഞിനൊപ്പം കുടുംബസമേതം താമസിക്കുന്നു. നവ്യ, ജിപിൻ എന്നിവരാണ് റോയിച്ചന്റെ മക്കൾ. ജിബിൻ പഠിക്കുന്നു.
നവ്യയെ വിവാഹം കഴിച്ചത് പനത്തടി പുതുപ്പറമ്പിൽ ചാക്കോ അന്നമ്മ മകൻ അരുൺ ആണ്. നവ്യയും അരുണും ചാറ്റേഡ് അക്കൗണ്ടന്റുമാരാണ്. ഇവർ ജാക്സ് എന്റർപ്രൈസസ് എന്ന സ്ഥാപനം നടത്തുന്നു. ഒരു മകൾ ഉണ്ട് അന്ന.

**A4B1b. വലിയമലയിൽ കുഞ്ഞിന്റെ മകൻ ബെന്നിച്ചന്റെ കുടുംബം (നെല്ലിയാടി) ഫോൺ: 09483240778**



**ബെന്നിച്ചൻ** ഇപ്പോൾ കുടുംബസമേതം മംഗലാപുരത്തിനടുത്ത്, കൊക്കട പി ഒ. ബടകര എന്ന സ്ഥലത്ത് താമസിക്കുന്നു. ബെന്നിച്ചൻ വിവാഹം കഴിച്ചത് കാഞ്ഞങ്ങാട് എണ്ണപ്പാറ ഇടവക പെരുഞ്ചേരിൽ കുര്യാക്കോസ് മറിയാമ്മ മകൾ **മേഴ്സി**യെയാണ്. ബെന്നിച്ചൻ കൃഷിക്കാരനും മേഴ്സി വീട്ടമ്മയുമാണ്. ഇവർക്ക് രണ്ടുമക്കളുണ്ട്. ദിവ്യയും ദിപിനും.

ദിപിൻ ബാംഗ്ലൂരിൽ പഠിക്കുന്നു.

**ദിവ്യയെ** വിവാഹം കഴിച്ചത് കാസർഗോഡ് ജില്ലയിലെ എണ്ണപ്പാറ ഇടവക പന്തിപ്പറമ്പിൽ ജോസഫ് അന്നമ്മ മകൻ ലിന്റൊയാണ്.ലിന്റൊ വിഗാർഡ് കമ്പനിയിൽ ജോലി ചെയ്യുന്നു.രണ്ടു മക്കൾ ക്രിസ്റ്റോയും ആൻവിയയും.

**A4B2. വലിയമലയിൽ തോമായുടെ മകൻ ജോസി (ജോസഫ്)ന്റെ കുടുംബം (കരിവേടകം ഫോൺ: 9400209899)**



തോമായുടെ രണ്ടാമത്തെ മകനായ **ജോസ്** വിവാഹം കഴിച്ചത് പാലാ പുത്തൻപള്ളി ഇടവക ഇലഞ്ഞിയിൽ ഔസേപ്പ് മറിയം മകൾ **തങ്കമ്മ**യെ യാണ്. വിവാഹ ശേഷം ജോസും മലബാറിലെ ബന്തടുക്കയ്ക്ക് സമീപം കരിവേടകത്തിനു താമസം പോന്നു. ഇവർക്ക് മൂന്നു മക്കളുണ്ട്. ജിൻസി, ജായസ്, ജോഷി എന്നിവർ.

ജോസ് 2023 മെയ് മാസം 2-ാം തിയതിയും തങ്കമ്മ 2024 ജൂൺ മാസം 7-ാം തിയതിയും മരണമടഞ്ഞു.



**ജിൻസി**യുടെ ഭർത്താവ് പയ്യാവൂർ നെല്ലിക്കുറ്റി ഇടവക മുണ്ടയ്ക്കൽ റോസമ്മ മകൻ **ഷാജി**യാണ്.

ജിൻസി പയ്യാവൂർ ഹയർസെക്കന്ററി സ്കൂൾ അധ്യാപികയാണ്. (ഫോൺ: 9495097941) ഷാജി ചെമ്പേരി എൻജിനീയറിംഗ് കോളജിൽ കായികാധ്യാപകനാണ്.

ജിൻസി, ജായസ്, ജോഷി എന്നിവർ.ജോസ് 2023 മെയ് മാസം 2-ാം തിയതിയും തങ്കമ്മ 2024 ജൂൺ മാസം 7-ാം തിയതിയും മരണമടഞ്ഞു.

**ജോഷി**യെ വിവാഹം ചെയ്തത് പുലിക്കുരുമ്പ ആലിലക്കുഴി തോമസ്-എലിസബത്ത് മകൻ **സാന്റി**യാണ്.

ഇവർ മധ്യപ്രദേശിലെ വിജുരി എന്ന സ്ഥലത്ത് സ്വന്തമായി







സ്കൂൾ നടത്തുന്നു.
ഫോൺ: 09669044404.
രണ്ടുപേരും അധ്യാപകരാണ്.
മക്കൾ: എമലിൻ, എൽനാ,
എൽവിൻ എന്നിവർ.

**A4B2a. വലിയമലയിൽ ജോസിന്റെ മകൻ ജായസിന്റെ കുടുംബം (കരിവേടകം) ഫോൺ:9745708608**



**ജായസിന്റെ** ഭാര്യ കോഴിക്കോട് ജില്ല പുല്ലൂരാംപാറ മണിമലതറപ്പേൽ **ചിഞ്ചു**വാണ്. ജായസ് കാഞ്ഞങ്ങാട് പറക്കളായിൽ പി. എൻ. പണിക്കർ ആയുർവ്വേദ മെഡിക്കൽ കോളേജിൽ ജോലി ചെയ്യുന്നു. ചിഞ്ചു അയർലന്റിൽ നേഴ്സ് ആയി ജോലി ചെയ്യുന്നു. മക്കൾ ആരോൺ,എയ്ഡൻ.

**A4B3. വലിയ മലയിൽ തോമായുടെ മകൻ ജോർജ്ജുകുട്ടിയുടെ കുടുംബം. (പൂവരണ്ണി, ഫോൺ9605364431.)**



**ജോർജ്ജ്കുട്ടി** വിവാഹം ചെയ്തത് കാഞ്ഞിരപ്പള്ളി രൂപത തമ്പലക്കാട് തൊമ്മൻ ഏലി മകൾ **വത്സമ്മ**യെയാണ്. വിവാഹശേഷം ജോർജ്ജുകുട്ടിയും കുടുംബവും ചേട്ടന്മാർക്കൊപ്പം കാസർകോഡ്





ജില്ലയിലെ ബന്തടുക്കയിലേക്ക് താമസം പോന്നു. 1979 ൽ മലബാറിൽ വന്ന ജോർജ്ജുകുട്ടി നല്ലൊരു കർഷകനായിരുന്നു. എന്നാൽ പിന്നീട് 2005 ആയപ്പോഴേക്കും ജോർജ്ജ്കുട്ടിയും കുടുംബവും നാട്ടിലേയ്ക്ക് തന്നെ തിരിച്ചുപോയി. കോട്ടയം ജില്ലയിലെ പൂവരണിയിൽ താമസം തുടങ്ങി. ഇവരുടെ മക്കൾ പ്രിൻസ്, പ്രിയ, പ്രിയേഷ് എന്നിവരാണ്.

**പ്രിയ**യെ വിവാഹം കഴിച്ചത് രാമപുരം കാരിയപുറം ചാക്കോ-അന്ന മകൻ **ടോം** ആണ്. പ്രിയ അധ്യാപികയാണ്. ഇവരുടെ മക്കൾ ജേക്കബ്, അന്നമോൾ എന്നിവർ. പിഴകിനടുത്ത് മാനത്തൂര് താമസിക്കുന്നു.

**A4B3a. വലിയമലയിൽ ജോർജ്ജുകുട്ടിയുടെ മകൻ പ്രിൻസിന്റെ കുടുംബം. ഫോൺ: 9747571202**

**പ്രിൻസിന്റെ** ഭാര്യ വെട്ടിക്കൽ ചെറിയാൻ ത്രേസ്യാമ്മ മകൾ **നിത്തു**വാണ്.ഇവർക്ക് മൂന്ന് മക്കൾ ക്രിസ്റ്റീന, ഹെൽന, ജോഷ്വാ. പ്രിൻസ് ഒരു ഓട്ടോമൊബൈൽ കമ്പനിയിൽ ജോലി ചെയ്യുന്നു.

**A4B3b. ജോർജ്ജുകുട്ടിയുടെ മകൻ പ്രിയേഷിന്റെ കുടുംബം ഫോൺ: +16476804895 (കാനഡ)**



**പ്രിയേഷി**ന്റെ ഭാര്യ കാസർഗോഡ് ജില്ല പടുപ്പ് ഇടവക താന്നിയിൽ ബാബു-മോളി മകൾ **അനു**വാണ്.
രണ്ടുപേരും കാനഡയിൽ നഴ്സായി ജോലി ചെയ്യുന്നു.
ഇവരുടെ മക്കൾ ലിയ, മിഖായേൽ എന്നിവർ.

**A4B4. വലിയമലയിൽ തോമായുടെ മകൻ ഫ്രാൻസീസിന്റെ കുടുംബം. (കരിവേടകം ഫോൺ: 9961789557)**

**ഫ്രാൻസീസ്** വിവാഹം കഴിച്ചത് ചൂണ്ടിക്കര നെടുങ്ങാട്ട് ചാക്കോ അന്ന മകൾ **മേരി**യെയാണ്. വിവാഹശേഷം ഫ്രാൻസീസും മലബാറിലെ കരിവേടകത്തേക്ക് താമസം മാറ്റി. ഇപ്പോൾ ഫ്രാൻസീസ് കരിവേടകത്ത് കച്ചവടം ചെയ്യുന്നു.
രണ്ടു മക്കളുണ്ട്. സുനീഷും സുമിയും.



**സുമിയെ** വിവാഹം കഴിച്ചത് കാഞ്ഞിരപ്പള്ളി രൂപത ചെങ്ങളം ഇടവക ചെരിപ്പുറം ജോസ്-എലിസബത്ത് മകൻ **അനിലാണ്.** ഇവർക്ക് മക്കൾ മൂന്നുപേർ മരിയഎൽസ, ഗ്രേസ്മേരി, അന്റോണിയോ.

**A4B4a. വലിയമലയിൽ ഫ്രാൻസിസിന്റെ മകൻ സുനീഷിന്റെ കുടുംബം**
**+447824774819**

**സുനീഷ്** വിവാഹം ചെയ്തത് പൂഞ്ഞാർ തറപ്പേൽ ജോസ്-റോസമ്മ മകൾ **അനു**വിനെയാണ്. സുനീഷ് കുടുംബസമേതം യുകെയിലെ മാഞ്ചസ്റ്ററിൽ താമസിക്കുന്നു.ദുബായിൽ ടൂറിസം കമ്പനി നടത്തുന്ന സുനീഷിന് നാല് മക്കളുണ്ട്. കൃപാ മരിയ, റാഫേൽ റോസ്, ഫ്രാൻസിസ് എൻട്രി, റിഥാ അൽഫോൺസ് എന്നിവർ.

**A4B5. വലിയമലയിൽ തോമായുടെ ഇളയ മകൻ ദേവസ്യാച്ചന്റെ കുടുംബം.**
**(അന്ത്യാളം, ഫോൺ: 9747427931)**



**ദേവസ്യാച്ചൻ** വിവാഹം കഴിച്ചത് വലവൂർ മാധവത്ത് മത്തായി മറിയം മകൾ **ലില്ലി** യെയാണ്. തറവാട് വീട്ടിൽ താമസ്സികുന്ന








ദേവസ്യാച്ചൻ മൂന്ന് വർഷത്തോളം സിങ്കപ്പൂരിൽ ജോലി ചെയ്തു. ഇവർക്കു മൂന്നു മക്കളുണ്ട്. സോബിൻ, റിന്നു, ജൂബിൻ എന്നിവർ. **റിന്നു**വിനെ വിവാഹം കഴിച്ചത് എറണാകുളം തൃപ്പൂണിത്തുറ കുരിയിക്കൽ ജോസ് മേരിക്കുട്ടി മകൻ **മാർട്ടിനാണ്.** (ഫോൺ 9142508246) മാർട്ടിൻ തൃപ്പൂണിത്തറയിൽ ബിസനസ് ചെയ്യുന്നു. റിന്നു നഴ്സായിരുന്നു. മൂന്ന് മക്കൾ മാർഗ്രറ്റ്, മിഖായേൽ, മരിയറ്റ്. എന്നിവർ.

### A4B5a. വലിയമലയിൽ ദേവസ്യാച്ചന്റെ മകൻ സോബിന്റെ കുടുംബം (അന്ത്യാളം, 9846177783)

**സോബിന്റെ** ഭാര്യ പാലാ തീക്കോയി അയ്മനത്തിൽ ജോസഫ് - ലിസി മകൾ **സിനി**യാണ്. സിനി അയർലണ്ടിൽ നേഴ്സ് ആണ് കുടുംബസമേതം അയർലൻഡിൽ താമസിക്കുന്ന സോബിൻ കമ്പനിയിൽ ജോലി ചെയ്യുന്നു. ഇവർക്ക് മൂന്ന് മക്കളുണ്ട്. ജൂവൽ ട്രീസയും, എയ്ഞ്ചൽ മരിയയും, ഡാനിയേലും.

### A4C. വലിയമലയിൽ തൊമ്മന്റെ മകൻ കുഞ്ഞേപ്പി (ജോസഫ്) ന്റെ കുടുംബം (വാണിയപാറ)



പിതാവായ തൊമ്മനും ഇളയ മകൻ പാപ്പച്ചനും മലബാറിനു വന്ന കൂട്ടത്തിൽ കുഞ്ഞേപ്പും നാട്ടിൽ നിന്ന് കണ്ണൂർ ജില്ലയിലെ ഇരിട്ടിക്കടുത്ത് അങ്ങാടിക്കടവ് വാഴക്കുണ്ടിൽ വന്ന് താമസമാക്കി.

**കുഞ്ഞേപ്പ്** വിവാഹം ചെയ്തത് ചേട്ടൻ മത്തായിയുടെ ഭാര്യ ഏലിയാമ്മയുടെ അനുജത്തി **ത്രേസ്യ**യെയാണ്.

പ്രവിത്താനം ഇടവക തെങ്ങുംപള്ളിൽ ഉലഹന്നാന്റെയും അന്നയുടെയും മകൾ. കുഞ്ഞേപ്പിനും ത്രേസ്യയ്ക്കും 11 മക്കൾ ഉണ്ടായി. എഴു ആൺ മക്കളും നാല് പെൺമക്കളും. കുട്ടിച്ചൻ, കുഞ്ഞാമ്മ, മേരി, ജോൺ, ആലീസ്, ഔസേപ്പച്ചൻ, മാമച്ചൻ, റോസമ്മ, അപ്പച്ചൻ, വക്കച്ചൻ, സണ്ണി എന്നിവർ. ത്രേസ്യ 1996 ജനുവരി മാസം 16ാം തീയ്യതി മരണപ്പെട്ടു. അങ്ങാടിക്കടവ് തിരുഹൃദയപള്ളി സെമിത്തേരിയിലെ കുടുംബക്കല്ലറയിൽ ത്രേസ്യയെ സംസ്കരിച്ചു. 2002 ജൂലൈ മാസം മൂന്നാം തീയ്യതി കുഞ്ഞേപ്പും മരണപ്പെട്ടു. കുഞ്ഞേപ്പിനെയും കുടുംബക്കല്ലറയിൽ ഭാര്യ ത്രേസ്യയ്ക്കൊപ്പം അടക്കം ചെയ്തു.







**കുഞ്ഞാമ്മയെ** വിവാഹം ചെയ്തത് മാനന്തവാടി പേരിയ ഇടവക മൗവ്വഞ്ചേരി മിനിഹാറോസ് മകൻ **ജോർജ്ജാണ്.**

(ഫോൺ: 9562115429) ഇപ്പോൾ പേരിയയിൽ താമസിക്കുന്നു. മക്കൾ: ടോമി, ജോഷി, ബിജു എന്നിവർ.

ടോമി വിവാഹം ചെയ്തത് ഉളിക്കൽ കുന്നേൽ ജോൺ-അന്നമ്മ മകൾ ഷേർളിയെയാണ്.

(ഫോൺ: 9495295073)

ടോമി ടോമി ആലാറ്റിൽ ബിസിനസ്സ് ചെയ്യുന്നു. മക്കൾ, സ്നേഹ, ജോബിൻ എന്നിവർ.

ജോഷി ഇപ്പോൾ ആലാറ്റിനടുത്ത് അയ്യനിക്കൽ എന്ന സ്ഥലത്ത് താമസിക്കുന്നു. ഭാര്യ ബീന പിണക്കാട്ട്. ജോഷിക്ക് രണ്ടു മക്കളുണ്ട്.

ബിജു ഇലക്ട്രീഷ്യനാണ്. (ഫോൺ: 9544957040) പനമരത്ത് തൈപ്പറമ്പിൽ തങ്കച്ചൻ-ഗ്രേസി ദമ്പതികളുടെ മകൾ ധന്യയാണ് ബിജുവിന്റെ ഭാര്യ. മക്കൾ: ജറോം, ജസ്റ്റിൻ എന്നിവർ. ബിജു ഇപ്പോൾ മാതാപിതാക്കൾക്കൊപ്പം തറവാട്ടിൽ കഴിയുന്നു.



**മേരി** മിഷനറി സിസ്റ്റേഴ്സ് ഓഫ് മേരി ഇമാക്കുലേറ്റ് എന്ന സന്യാസ സഭയിൽ ചേർന്ന് കന്യാസ്ത്രീയായി.

**സി. ഹിലാരിയ** (MSMI)

ഫോൺ: 08251215025, 8547698668.

മേരിയുടെ പേരപ്പൻ വലിയമലയിൽ തോമായുടെ അളിയൻ ഫാ.വർക്കിച്ചൻ സ്ഥാപിച്ചതാണ് MSMI സന്യാസ സഭ.

1968 ൽ കോൺവെന്റിൽ ചേർന്ന മേരി 1970 ൽ വ്രതം സ്വീകരിച്ചു. 1975ൽ നിത്യവ്രത വാഗ്ദാനം നടത്തി. 1980 ൽ മാനന്തവാടി രൂപതയിൽ മരഗാവിൽ വന്ന സി. ഹിലാരി കൂത്തുപറമ്പ്, തലശ്ശേരി, നിലമ്പൂർ എന്നിവിടങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്. താമരശ്ശേരി രൂപതയിൽ പുൽപ്പള്ളി, തലപ്പുഴ, നീൽഗിരി എന്നിവിടങ്ങളിലെ സേവന ത്തിനുശേഷം 1991 ൽ കുളത്തുവയലിൽ വന്നു.

വെല്ലൂരിൽ നിന്ന് ഫാമിലി അപ്പോസ്തലേറ്റ് കോഴ്സ് പാസായി പിന്നീട് പയ്യനാട കോൺവെന്റിൽ സുപ്പീരിയറായി.തൃശ്ശൂർ, പള്ളിക്കുന്ന്, പൂഴിത്തോട്, വാണിയമ്പലം, ചെമ്പനോട, ഗദ്സമൻ ധ്യാനകേന്ദ്രം, കൂമ്പാറ എന്നിവിടങ്ങളിലെല്ലാം സുപ്പീരിയറായിരുന്നു. 1995 ൽ സിൽവർ ജൂബിലി ആഘോഷിച്ചു. 2020 മെയ് മാസം നാലിന് ഗോൾഡൻ ജൂബിലിയും ആഘോഷിച്ചു.ഇപ്പോൾ താമരശേരി രൂപതയിൽ കുപ്പായക്കോട് സേവനം ചെയ്യുന്നു.

**ആലീസിനെ** വിവാഹം ചെയ്തത് അങ്ങാടിക്കടവ് കൊച്ചുവേലിക്കകത്ത് മത്തായി-മറിയം മകൻ **കൊച്ചാഗസ്തി**യാണ്. ഇപ്പോൾ ഇവർ വാണിയപ്പാറയിൽ താമസിക്കുന്നു. ഇടവക അങ്ങാടിക്കടവ്.മക്കൾ: ഷിജി, ഷിജോ. കൊച്ചാഗസ്തി അസുഖത്തെത്തുടർന്ന് 2017 ഫെബ്രുവരി മാസം ഏഴാം തീയ്യതി മരണമടഞ്ഞു. ആലീസ് 2021 ജൂലൈ 28 നും മരണമടഞ്ഞു.

ഷിജിയെ വിവാഹം ചെയ്തത് ചെമ്പൻതൊട്ടി തുപ്പിലഞ്ഞിയിൽ സന്തോഷാണ്. ഇവരുടെ മക്കൾ ഹോസിയ, ഹോസന്ന,എലിസബത്ത്,എസ്തേർ എന്നിവർ.

ഷിജോ വിവാഹം ചെയ്തത് വാണിയ പാട്ട് തറപ്പേൽ മാണി ഡെയ്സി മകൾ അമിലിനെയാണ്.ഷിജോ നഴ്സും അമിൽ അദ്ധ്യാപികയുമാണ്. മക്കൾ ഷേറ എലിസബത്ത്, സെയിൻ എന്നിവർ.



**റോസാമ്മ**യെ വിവാഹം കഴിച്ചത് പൈസക്കരി ഇടവക പാട്ടത്തിൽ തോമസ് അന്നമ്മ മകൻ **തോമസാണ്.** ഇപ്പോൾ ഇവർ വാണിയപ്പാറയിൽ താമസിക്കുന്നു. ഇവർക്ക് രണ്ടു പെൺമക്കൾ. അമ്പിളിയും ആശയും. ഫോൺ: 9400926614.

അമ്പിളിയെ വിവാഹം ചെയ്തത് വാണിയപ്പാറ താന്നിയിൽ സജിയാണ്. അമ്പിളിയും സജിയും ബീഹാറിൽ അധ്യാപകരാണ്. ഇവർക്ക് മൂന്ന് മക്കളുണ്ട്. അഞ്ജലീന, അലീന, അവാതെരേസ് എന്നിവർ. ഫോൺ: 09709394378.

ആശയെ വിവാഹം ചെയ്തത് നെരങ്ങംപാറ ചക്കാലക്കുന്നേൽ





സജിയാണ്. ഇവർ ക്ക് രണ്ടുമക്കൾ. ജെറിനും മെറിനും. ഇപ്പോൾ നിരങ്ങുംപാറയിൽ താമസിക്കുന്നു. റോസാമ്മയും ഭർത്താവും ഇവരോടൊപ്പമാണ്.

### A4C1. വലിയമലയിൽ കുഞ്ഞേപ്പിന്റെ മൂത്ത മകൻ കുട്ടിച്ചന്റെ കുടുംബം. കോളിത്തട്ട്, ഫോൺ: 9497060318



**കുട്ടിച്ചന്റെ** ആദ്യ ഭാര്യ ആകസ്മികമായി മരണപ്പെട്ടു. അങ്ങാടികടവ് പാറയാനി ജോസഫ്-മറിയകുട്ടി മകൾ **ചിന്നമ്മ**യായിരുന്നു കുട്ടിച്ചന്റെ ആദ്യ ഭാര്യ. ഇവർക്ക് അഞ്ചു മക്കൾ ഉണ്ടായി. റോയി, ഷേർളി, മിനി, റെജി, സിന്ധു എന്നിവർ.

**കുട്ടിച്ചൻ** രണ്ടാമതു വിവാഹം ചെയ്തത് പേരാവൂർ ഇടവക നടുവത്തേട്ട് ജോസഫ്-മറിയം മകൾ **ഏലിക്കുട്ടി**യെയാണ്.

ഇവർക്ക് ഒരു മകനുണ്ട് ഷിജോ. ഏലിക്കുട്ടി 2022 നവംബർ 9നും കുട്ടിച്ചൻ 2025 മാർച്ച് 11 നും മരണമടഞ്ഞു.

വാണിയപ്പാറത്തട്ട് എന്ന സ്ഥലത്ത് താമസിച്ചുവന്നിരുന്ന കുട്ടിച്ചനും കുടുംബവും അവിടെ ഒരു ക്രഷർ യൂണിറ്റ് വന്നപ്പോൾ അവർക്ക് സ്ഥലം കൊടുത്തിട്ട് കോളിത്തട്ടിലേക്ക് താമസം മാറ്റി. റോയി അവിവാഹിതനാണ്.

**ഷേർളിയെ** വിവാഹം ചെയ്തത് മണിക്കടവ് പനന്താനത്ത് വർക്കി-ത്രേസ്യാമ്മ മകൻ **ജോസാണ്.** ഫോൺ: 9400828692. ഇപ്പോൾ മണിക്കടവിനടുത്ത് പുളിക്കകവലയിൽ താമസിക്കുന്നു. ഇവരുടെ മക്കൾ: നിർമ്മൽ, അമ്മു.

**മിനി**യുടെ (ഫോൺ: 9447656236) ഭർത്താവ് കൊളക്കാട് മൗവ്വഞ്ചേരി **സജി**യാണ്. ഇവരുടെ മക്കൾ ഷിൽന, നിബിൻ എന്നിവരാണ്. കൊളക്കാടിനടുത്ത് കുരിശുമല എന്ന സ്ഥലത്ത് താമസിക്കുന്നു.

**സിന്ധു**വിനെ വിവാഹം ചെയ്തത് വാണിയപ്പാറ മണിമരുതുംചാൽ കോട്ടാഞ്ചേരി ലാസർ-മേരി മകൻ **സാബുവാണ്.** ആൻമരിയ, ടെസ്സ എന്നിവർ മക്കൾ.

## A4C1a. വലിയമലയിൽ കുട്ടിച്ചന്റെ മകൻ റെജിയുടെ കുടുംബം
**(ചരൾ, ഫോൺ: 9562329867.)**



**റെജി** വിവാഹം ചെയ്തത് വാണിയപ്പാറ കൊച്ചുപുരയ്ക്കൽ വർക്കിയുടെയും ഫിലോമിനയുടെയും മകൾ **ബിജിയെ**യാണ്. ഇവർ ഇപ്പോൾ ചരളിൽ താമസിക്കുന്നു. ഇവരുടെ മക്കൾ ഗോഡ്വിനും ജോർജ്ജും.

## A4C2. വലിയമലയിൽ കുഞ്ഞേപ്പിന്റെ മകൻ ജോണിന്റെ കുടുംബം.
**വാണിയപ്പാറ. ഫോൺ: 9446165459**



ജോണും കുടുംബവും വാണിയപ്പാറയിൽ താമസിക്കുന്നു. **ജോൺ** വിവാഹം ചെയ്തത് നെടുംപുറംചാൽ ഇടവക പുളിഞ്ചുവള്ളിൽ ജോസ്-ഏലിയാമ്മ മകൾ **തങ്കമ്മ**യെയാണ്. മൂന്നു മക്കളുണ്ട്. ലിൻസി, ബിന്ദു, സന്തോഷ് എന്നിവർ. ജോൺ റേഷൻ വ്യാപാരിയായിരുന്നു.



ലിൻസി, ജോണിന്റെ പെങ്ങൾ സിസ്റ്റർ മേരി ഹിലാരി MSMI ഉണ്ടായിരുന്ന സന്യാസ സഭയിൽ ചേർന്നു കന്യാസ്ത്രീയായി.(**സി. ലിൻസി ജോൺ** MSMI ഫോൺ: 9656650593.)

1975 ഒക്ടോബർ മാസം 13ന് ജനിച്ച ലിൻസി 1991 ൽ കോൺവെന്റിൽ ചേർന്നു. 1994ൽ വ്രതവാഗ്ദാനം നടത്തി. തുടർന്ന് കേരളത്തിൽ തൃശ്ശൂർ, കൊളത്തുവയൽ, വാണിയ മ്പലം, പെരുമ്പാവൂർ, ആലുവഎന്നിവിടങ്ങളിലും തമിഴ്നാട്ടിലെ കുന്നലാടിയിലും ആന്ധ്രപ്രദേശിലെ ഏലുരും കർണാടകയിലെ മംഗലാപുരത്തും മഹാരാഷ്ട്രയിലെ മുംബൈയിലും സേവനം ചെയ്തു.

2001 മുതൽ 2007 വരെ മംഗലാപുരത്ത് ഫാദർ മുള്ളേഴ്സ്





ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ ബിഎച്ച് എം എസ് പഠനം. പിന്നീട് വിവിധ സ്ഥലങ്ങളിൽ ഹോമിയോ ഡോക്ടറായി സേവനം അനുഷ്ഠിച്ചു. 04.05.1999ൽ നിത്യവ്രത വാഗ്ദാനം നടത്തി 10.11.2019 ൽ സിൽവർ ജൂബിലി ആഘോഷിച്ചു. ഇപ്പോൾ കുളത്തുവയലിൽ ഹോമിയോ ഡോക്ടർ ആയി പ്രാക്ടീസ് ചെയ്യുന്നു. അഡ്രസ്സ്: **Dr. Sr. Lincy John MSMI,Nirmala Homeo Clinic, Chembra, P.O.Kayanna,Perambravia, Kozhikode Dt.**

**ബിന്ദു**വിനെ വിവാഹം ചെയ്തത് ആനപ്പന്തി മണ്ണൂർ അപ്പച്ചന്റെയും കാതറിന്റെയും മകൻ **സിബി**യാണ്. ബിന്ദു ഖത്തറിൽ നഴ്സായിരുന്നു. ഇപ്പോൾ സിബിയോടും മക്കളോടുമൊപ്പം ജർമനിയിൽ താമസിക്കുന്നു. മക്കൾ: ആൽവിൻ, അഭിഷേക് (ജോൺ), തെരസീന മരിയ, ആൻ മരിയ എന്നിവർ.

## A4C2a. വലിയമലയിൽ ജോണിന്റെ മകൻ സന്തോഷിന്റെ കുടുംബം
**(വാണിയപാറ 9495907132)**

**സന്തോഷ്** വിവാഹം കഴിച്ചത് ആലാറ്റിൽ പന്നാരക്കുന്നേൽ **നീതു**വിനെയാണ്. നീതു ജർമ്മനിയിൽ നഴ്സായി ജോലി ചെയ്യുന്നു. സന്തോഷ് വാണിയപാറയിൽ റേഷൻ കട നടത്തുന്നു. ഒരു മകൾ ആൻ ജോസഫ്.

## A4C3. വലിയമലയിൽ കുഞ്ഞേപ്പിന്റെ മകൻ ഔസേപ്പച്ചന്റെ കുടുംബം.
**വാണിയപ്പാറ**



**ഔസേപ്പച്ചൻ** വിവാഹം ചെയ്തത് അങ്ങാടിക്കടവ് പുരമുകളിൽ വർഗീസ്-ഏലി മകൾ **തങ്കമ്മ**യെയാണ്. ഔസേപ്പച്ചൻ ഇപ്പോൾ വാണിയപ്പാറയ്ക്കടുത്ത് താമസിക്കുന്നു. വാണിയപ്പാറത്തട്ടു പള്ളിയാണ് ഇടവക.മക്കൾ: സജി, സരിത എന്നിവർ.



**സരിത**യെ വിവാഹം ചെയ്തത് ചെമ്പേരി ഇടവക ഓരത്തേൽ ജോസ്-അന്നമ്മ മകൻ **ബിനു**വാണ്. മക്കൾ: നയന ആൻ, ആബേൽ, സ്റ്റെഫാനോ, അൽഫോൻസ് റോസ്.

സരിതയും ബിനുവും അധ്യാപകരാണ് (ഫോൺ: 9495813099, 9447432224.)

**A4C3a. വലിയമലയിൽ ഓസേപ്പച്ചന്റെ മകൻ സജിയുടെ കുടുംബം ഫോൺ: 9744770088.**

**സജി** വിവാഹം ചെയ്തത് വാണിയപ്പാറത്തട്ട് പള്ളി ഇടവക കളരുപാറ സ്കറിയ-അന്നക്കുട്ടി മകൾ **റിൻസി**യെയാണ്. ഇവർക്ക് മൂന്ന്മക്കൾ. അഡോണും ഡിയോണ മേരിയും ആൻറണിയും. സജി ഇപ്പോൾ തറവാട്ടിൽ തന്നെ താമസിക്കുന്നു.

**A4C4. വലിയമലയിൽ കുഞ്ഞേപ്പിന്റെ മകൻ മാമച്ചന്റെ കുടുംബം. വാണിയപ്പാറ, ഫോൺ: 7034322737**



**മാമച്ചൻ** വിവാഹം ചെയ്തത് കരിക്കോട്ടക്കരി ഇടവക എലവുംകുന്നേൽ ജോസഫ്-ത്രേസ്യാ മകൾ **തെയ്യാമ്മ** (ത്രേസ്യാമ്മ) യെയാണ്.

മാമച്ചനും കുടുംബവും ഇപ്പോൾ വാണിയപ്പാറയിൽ താമസിക്കുന്നു. ഇവർക്ക് രണ്ടു (ഇരട്ടകൾ) പെൺമക്കൾ. മായയും മഞ്ജുവും.

**മായ**യുടെ ഭർത്താവ് കുളത്തുവയൽ വടക്കേടത്ത് ജോർജ്ജ് - അന്നമ്മ മകൻ **ജോജി ജോർജ്ജാണ്.** ഡ്രൈവറായിരുന്നു.
2015 മാർച്ച് 8 ന് ജോജി വാഹനാപകടത്തിൽ മരണപ്പെട്ടു. ഒരു മകനുണ്ട്. അലൻ. മായ ആയുർവേദ നഴ്സായി ജോലി ചെയ്യുന്നു. ഫോൺ: 9539495010



**മഞ്ജു**വിനെ വിവാഹം കഴിച്ചത് മുണ്ടാന്നൂർ ഇടവക പാലത്ര ആന്റണി-ആലീസ് മകൻ **ബെന്നി** (സെബാസ്റ്റ്യൻ)യാണ്. ബെന്നി ബീഹാറിലെ പാറ്റ്നയിൽ അധ്യാപകനാണ്.രണ്ടു മക്കളുണ്ട്.
ആൻ മരിയ, അഡോൺ.
ഫോൺ: 8281338726

**A4C5. വലിയമലയിൽ കുഞ്ഞേപ്പിന്റെ മകൻ അപ്പച്ച (ദേവസ്യ) ന്റെ കുടുംബം, വാണിയപ്പാറ, ഫോൺ: 9446466140.**

**അപ്പച്ചൻ** ചെമ്പൻതൊട്ടി ഇടവക കരോട്ട് ജോസഫ്-മറിയം മകൾ **മോളി**യെ വിവാഹം ചെയ്തു.







വാണിയപ്പാറയ്ക്കടുത്ത് താമസിക്കുന്നു. കർഷകനായ അപ്പച്ചൻ ജ്യേഷ്ഠൻ ജോണിന്റെ റേഷൻ കച്ചവടത്തിൽ സഹായി ആയിരുന്നു. അപ്പച്ചൻ-മോളി ദമ്പതികൾക്ക് മൂന്ന് ആൺമക്കളുണ്ട്. ജിബിൻ, ജോബിൻ, ഫെബിൻ എന്നിവർ.

**A4C5a. വലിയ മലയിൽ അപ്പച്ചന്റെ മകൻ ജിബിന്റെ കുടുംബം (ജർമ്മനി)**



**ജിബിൻ** വിവാഹം കഴിച്ചത് അങ്ങാടിക്കടവ് ഇടവക പീടികയിൽ സിബിയുടെയും ഷെയ്നിന്റെയും മകൾ **ദീപ റോസിനെ**യാണ്.
ഇവർ ഇപ്പോൾ കുടുംബസമേതം ജർമ്മനിയിൽ ജോലി ചെയ്യുന്നു.
ഒരു മകൾ ജെസ്സിക്കാ തെരേസ.

**A4C5b. വലിയ മലയിൽ അപ്പച്ചന്റെ മകൻ ജോബിന്റെ കുടുംബം വാണിയപ്പാറ**

**ജോബിൻ** വിവാഹം കഴിച്ചത് കാഞ്ഞങ്ങാട് പരപ്പ ഇടവക പുത്തൻപുരയിൽ ജോസഫ്-എൽസമ്മ മകൾ **ജിമിന**യെ ആണ്.
ജോബിൻ ബഹറിനിൽ ജോലി ചെയ്യുന്നു.

**A4C5c. വലിയ മലയിൽ അപ്പച്ചന്റെ മകൻ ഫെബിന്റെ കുടുംബം**



**ഫെബിൻ** വിവാഹം കഴിച്ചിരിക്കുന്നത് ചെമ്പേരി ഇടവക മുല്ലക്കരിയിൽ മാത്യു-മേരിക്കുട്ടി മകൾ **മിന്നു**വിനെയാണ്.
ഫെബിൻ ഡൽഹിയിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്നു.

## A4C6.വലിയമലയിൽ കുഞ്ഞേപ്പിന്റെ മകൻ വക്കച്ച (ജോർജ്ജ്) ന്റെ കുടുംബം ഫോൺ: 8547527205



**വക്കച്ചന്റെ** ഭാര്യ വെളിമാനം ഇവവക എടേട്ട് തോമസ്-റോസ്സമ്മ മകൾ **ത്രേസ്യാമ്മ**യാണ്. മക്കൾ ജ്യോതിസ്, ജോമോൾ എന്നിവരാണ്. വാണിയപ്പാറത്തട്ട് മലയിൽ താമസിച്ചിരുന്ന വക്കച്ചനും കുടുംബവും അവിടുത്തെ സ്ഥലം വിറ്റതിനു ശേഷം ചെമ്പൻ തൊട്ടിയിലേക്ക് താമസം മാറുകയായിരുന്നു. ഇപ്പോൾ ചെമ്പൻ തൊട്ടിയിലാണ് താമസം. ജോമോൾ എറണാകുളം തേവര സ്കുളിൽ ഓഫീസ് സ്റ്റാഫ് ആണ്.

**ജ്യോതിസ്** - ഭർത്താവ് ചേപറമ്പ് പുത്തൻപുരയ്ക്കൽ ആൻറണി -അച്ചാമ്മ മകൻ **ജോബി** ഒരു മകൾ ആൻ മരിയ.
ജോബി കുവൈറ്റിൽ ഷെഫ് ആയി ജോലി ചെയ്യുന്നു.

## A4C7.വലിയമലയിൽ കുഞ്ഞേപ്പിന്റെ ഇളയ മകൻ സണ്ണിയുടെ കുടുംബം തേർത്തല്ലി, 9495461940.



**സണ്ണി**യുടെ ഭാര്യ ഉളിക്കൽ എരുമച്ചാടത്ത് ഐസക്-ഏലിയാമ്മ മകൾ **ബീനാമ്മ**യാണ്.
ഇപ്പോൾ തേർത്തല്ലിയിൽ തിമിരി എന്ന സ്ഥലത്ത് കുടുംബസമേതം താമസിക്കുന്നു. വാണിയപ്പാറത്തട്ട് മലയിൽ നിന്ന് സ്ഥലം വിറ്റ് തേർത്തല്ലിക്കു പോവുകയായിരുന്നു.
സണ്ണി എസ്.ബി.ഐ. ലൈഫ് ഇൻഷുറൻസിന്റെ ഹോം ലോൺ കൺസൽട്ടന്റും ഇൻഷുറൻസ് അഡ്വൈസറുമാണ്. മക്കൾ എഡ്വിൻ, എയ്ഞ്ചൽ എന്നിവർ. എഡ്വിൻ മാലദീപിൽ ജോലി ചെയുന്നു. എയ്ഞ്ചൽ ഗോരക്പൂരിൽ അധ്യാപികയായി ജോലി ചെയുന്നു.





## A4D. വലിയമലയിൽ തൊമ്മന്റെ മകൻ പാപ്പച്ച (എസ്തപ്പാൻ) ന്റെ കുടുംബം കരിക്കോട്ടക്കരി



വലിയമലയിൽ തൊമ്മനൊപ്പം മലബാറിൽ വന്ന പാപ്പച്ചൻ അങ്ങാടിക്കടവ് ഇടവകയിൽപ്പെട്ട ആനപന്തിക്കടുത്ത് കഞ്ഞിപ്പാറ എന്ന സ്ഥലത്ത് താമസമാക്കി.

തൊമ്മന്റെ തറവാടു കുടുംബമായിരുന്നു പാപ്പച്ചന്റേത്. വലിയമലയിൽ കുടുംബത്തിന്റെ കാരണവരായിരുന്ന തൊമ്മനും ത്രേസ്യയും പാപ്പച്ചനൊപ്പമാണ് മരണം വരെ കഴിഞ്ഞത്. പാപ്പച്ചൻ ആദ്യകാല റേഷൻ വ്യാപാരിയായിരുന്നു. മലയോര പ്രദേശമായിരുന്ന അങ്ങാടിക്കടവ്, എടൂർ, വാണിയപ്പാറ തുടങ്ങിയ സ്ഥലത്തേക്ക് ആദ്യമായി ബസ്സ് സർവ്വീസ് ആരംഭിച്ചത് പാപ്പച്ചനായിരുന്നു. കർഷക മോട്ടോർ സർവീസ് എന്ന് പേരിട്ടിരുന്ന ബസ്സിന് മറ്റൊരു ഷെയർകാരനും കൂടി ഉണ്ടായിരുന്നു. 1995 കാലഘട്ടത്തിൽ കഞ്ഞിപ്പാറയിലെ സ്ഥലം മൂത്ത മകൻ തോമസിനുള്ള ഷെയർ കൊടുത്തതിനു ശേഷം പാപ്പച്ചൻ ഡോൺ ബോസ്കോ സന്യാസ സമൂഹത്തിനു കൊടുത്തു. അവിടെയാണ് കണ്ണൂർ ജില്ലയിലെ പ്രശസ്തമായ ഡോൺ ബോസ്കോ കോളേജ് സ്ഥിതി ചെയ്യുന്നത്.

പിന്നീട് പാപ്പച്ചനും കുടുംബവും കരിക്കോട്ടക്കരിയിൽ താമസമാക്കി. **പാപ്പച്ചൻ** വിവാഹം ചെയ്തത് അങ്ങാടിക്കടവ് ഇടവക ആനിക്കാട്ട് വർക്കി-അന്നമ്മ മകൾ **റോസ്സമ്മ**യെയാണ്.
മക്കൾ: തെയ്യാമ്മ, തോമസ്, ആനീസ്, ജോർജ്ജ്, ജോണി, ബിജു, ബിനോയി, പ്രിൻസ് എന്നിവർ.

കരിക്കോട്ടക്കരിയിൽ വെച്ച് 2013 നവംബർ മാസം രണ്ടാം തീയ്യതി പാപ്പച്ചന്റെ ഭാര്യ റോസമ്മ നിര്യാതയായി. ഫാ. തോമസ് പാമ്പയ്ക്കലിന്റെ മുഖ്യ കാർമ്മികത്വത്തിൽ കരിക്കോട്ടക്കരി സെന്റ് തോമസ് പള്ളി സെമിത്തേരി കുടുംബകല്ലറയിൽ സംസ്കരിച്ചു.പാപ്പച്ചൻ 2014 ഏപ്രിൽ മാസം നാലാം തീയ്യതി മരണപ്പെട്ടു. സംസ്കാരം 6ാം തീയ്യതി രാവിലെ കരിക്കോട്ടക്കരി സെന്റ് തോമസ് പള്ളി സെമിത്തേരിയിൽ നടത്തി.

1956 ജൂലൈ 27 ന് ജനിച്ച **തെയ്യാമ്മ** തന്റെ വിദ്യാഭ്യാസത്തിന് ശേഷം 1977 ഒക്ടോബർ എഴാം തീയതി ആന്ധ്രാപ്രദേശിലെ വിജയവാഡ ആസ്ഥാനമായുള്ള സിസ്റ്റേഴ്സ് ഓഫ് സെന്റ് അലോഷ്യസ് സന്യാസ സഭയിൽ ചേർന്നു കന്യാസ്ത്രീയായി. **സിസ്റ്റർ ട്രീസ പാമ്പയ്ക്കൽ**, ഫോൺ: 9502757805, 09539618070. 1981 ഡിസംബർ മാസം എട്ടാം തീയതി സഭാവസ്ത്രം സ്വീകരിച്ചു. 1988 ഡിസംബർ 31 ന് നിത്യവ്രത വാഗ്ദാനം നടത്തി.



ആന്ധ്രാപ്രദേശിലെ വിജയവാഡ, എലമഞ്ചലി, ന്യായംപള്ളി, കോഴിക്കോട് എന്നീ കോൺവന്റുകളിൽ സുപ്പീരിയറായും വൈസ് പ്രൊവിൻഷ്യാളായും സേവനം അനുഷ്ഠിച്ചു. 1981 മുതൽ 1986 വരെ സഭയുടെ വിവിധ സ്കൂളുകളിൽ അധ്യാപികയായും പ്രിൻസിപ്പലായും പ്രവർത്തിച്ചു. രണ്ടു വർഷം ഇറ്റലിയിൽ ആയിരുന്നു.

ആലപ്പുഴ കോൺവന്റിൽ കാന്റിഡേറ്റഡ് മിസ്ട്രസ്സായി സേവനം ചെയ്തു.

തമിഴ്നാട്ടിലെ അമ്മപെട്ടി, കേരളത്തിൽ ആലപ്പുഴ, കോഴിക്കോട്, കരിക്കൊട്ടക്കരി എന്നിവിടങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്.

ഇപ്പോൾ കോഴിക്കോട് കോൺവെന്റിൽ സേവനം ചെയ്യുന്നു.

2006 ഡിസംബർ 8 ന് രജതജൂബിലി ആഘോഷിച്ചു.



**ആനീസിനെ** വിവാഹം ചെയ്തത് കോളയാട് ഇടവക ചിറ്റേത്ത് ജോർജ്ജ് -മറിയം മകൻ **തങ്കച്ച** (ജോർജ്ജ്) നാണ്. ഫോൺ: 9544400108. ഇവർ ഇപ്പോൾ കൂത്തുപറമ്പിൽ താമസിക്കുന്നു. തങ്കച്ചൻ ഒരു വ്യവസായിയാണ്.

'ജിയോ സാന്റ്, ജിയോ മിക്സ്' എന്നിവ അവരുടേതാണ്. ആനീസ് വീട്ടമ്മയാണ്. ഇവർക്ക് മൂന്ന് പെൺമക്കൾ. ജോയ്സ് ജോസ്ന, ജോസഫീന എന്നിവർ.

ജോയിസ്-ഭർത്താവ് അഖിൽ പോൾ തോമസ്. കോഴിക്കോട്





ചേവായൂർ ഇടവക കിഴക്കേടത്ത് തോമസിന്റെയും മോളിയുടെയും മകൻ. മക്കൾ ലൂക്കാസും ലോറലും. ജോയിസും അഖിലും ബിസിനസ് ചെയ്യുന്നു.

ജോസ്ന-ഭർത്താവ് അങ്കമാലി പഞ്ഞിക്കാരൻ ജോസിന്റെയും ലീനയുടെയും മകൻ കിത്ത് പി ജോസ്. രണ്ടുപേരും ദന്ത ഡോക്ടർമാരാണ് അങ്കമാലിയിൽ കെയർ ഡെന്റൽ ക്ലിനിക് നടത്തുന്നു.

ജോസഫീന അമേരിക്കയിൽ ഫുഡ് ടെക്നോളജിസ്റ്റായി ജോലി ചെയ്യുന്നു.

## A4D1. വലിയമലയിൽ പാപ്പച്ചന്റെ മൂത്ത മകൻ തോമസിന്റെ കുടുംബം ആനപ്പന്തി ഫോൺ: 9447289091)



**തോമസ്** വിവാഹം ചെയ്തത് ആലക്കോട് പരപ്പ് നെടുമല മത്തായി -ഏലി മകൾ **ഗ്രേസ്സി**യെയാണ്. വലിയമലയിൽ കുടുംബത്തിന്റെ തറവാട് വീടും സ്ഥലവും സ്ഥിതി ചെയ്തിരുന്നതിനടുത്താണ് തോമസ് ഇപ്പോൾ താമസിക്കുന്നത്. പാപ്പച്ചനും മറ്റ് മക്കളും തറവാട് വീടും സ്ഥലവും വിറ്റ് കരിക്കോട്ടക്കരിക്ക് പോന്നെങ്കിലും തോമാച്ചൻ അവിടെ തന്നെ താമസിച്ചുവരുന്നു.

ഇവർക്ക് മൂന്ന് ആൺമക്കളാണുള്ളത്. മെൽബിൻ, ടെൽബിൻ, ബിൽബിൻ എന്നിവർ.ടെൽബിൻ പേരാവൂർ MLA Adv.സണ്ണി ജോസഫിൻറെ പേർസണൽ സ്റ്റാഫിൽ അംഗമാണ്.കുടുംബയോഗം ജോയിന്റ് സെക്രെട്ടറി കുടിയാണിപ്പോൾ. ബിൽബിൻ ബഹറിനിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്നു.

## A4D1a. വലിയമലയിൽ തോമാച്ചന്റെ മകൻ മെൽബിൻ. ഫോൺ: 9745874996

**മെൽബിൻ** വിവാഹം ചെയ്തത് പേരാവൂർ ചെങ്ങോം ഇടവക നടപ്പറമ്പിൽ മേരി -ജോയി മകൾ **രമ്യ**യെയാണ്.

ഇവർക്ക് ഒരു മകൾ ഉണ്ട് മീവ തെരേസ്. മെൽബിൻ കമ്പനിയിൽ അക്കൗണ്ടന്റായും രമ്യ കുവൈറ്റിൽ നഴ്സായും ജോലി ചെയ്യുന്നു.

**A4D2. വലിയമലയിൽ പാപ്പച്ചന്റെ മകൻ ജോർജ്ജിന്റെ കുടുംബം. പുന്നക്കുണ്ട്. ഫോൺ: 9447970166**



**ജോർജ്** വിവാഹം ചെയ്തത് വലിയ തൊട്ടിയിൽ ജോസഫ് -ആലീസ് മകൾ **ജാൻസി**യെയാണ്. ജോർജ്ജ് 2011 ജൂലൈ മാസം 18ാം തീയ്യതി നിര്യാതനായി. ആനപ്പന്തി സർവ്വീസ് സഹകരണബേങ്ക് ജീവനക്കാരനായിരുന്ന ജോർജ്ജ് ഒരു പൊതുപ്രവർത്തകൻ കൂടിയായിരുന്നു.

കേരള കോൺഗ്രസ്സ് മണ്ഡലം പ്രസിഡന്റ്, സ്റ്റേറ്റ് കമ്മിറ്റി മെമ്പർ, അയ്യംകുന്ന് പഞ്ചായത്ത് മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.



സർവ്വീസിലിരിക്കെ മരണപ്പെട്ടതുകൊണ്ട് ഭാര്യ ജാൻസിക്ക് ആ ജോലി ലഭിച്ചു. ജാൻസി ഇപ്പോൾ പ്രസ്തുത ബാങ്കിൽ മാനേജരായി ജോലി ചെയ്യുന്നു. മക്കൾ രണ്ട് പേർ. നിധിനും നിമ്മിയും. ഇപ്പോൾ അങ്ങാടിക്കടവ് ഇടവക പുന്നക്കുണ്ടിൽ താമസിക്കുന്നു.

**നിമ്മി**യെ വിവാഹം ചെയ്തത് അങ്ങാടിക്കടവ് ഇടവക ശാശ്ശേരിയിൽ സജി-ജാൻസി മകൻ **ആഷ്ബിൻ** ആണ്. രണ്ട് പേരും യു.കെ യിൽ വർക്ക് ചെയ്യുന്നു.

**A4D2a. വലിയമലയിൽ ജോർജിൻറെ മകൻ നിധിന്റെ കുടുംബം പുന്നകുണ്ട് (ഫോൺ: 8086891424)**

**നിധിൻ** വിവാഹം കഴിച്ചത് കണ്ണോത്ത് ഇടവക കപ്പ്യാരുമലയിൽ ബെന്നി-ഷേർലി മകൾ **ക്രിസ്റ്റി** മെറിനെയാണ്. ഇവർക്ക് ഒരു മകൻ ആദം ക്രിസ് ജോർജ്. നിധിൻ ഒരു കമ്പനിയിൽ സൂപ്പർവൈസറായി ജോലി ചെയുന്നു. ക്രിസ്റ്റി സൗദിയിൽ നേഴ്സ്സാണ്.





**A4D3. വലിയ മലയിൽ പാപ്പച്ചന്റെ മകൻ ജോണിയുടെ കുടുംബം, വെളിമാനം ഫോൺ:9400207626**



വെളിമാനത്ത് താമസികുന്ന **ജോണി** വിവാഹം കഴിച്ചത് എടൂർ വട്ടിയറ ഇടവക അറയ്ക്കൽ സേവ്യർ-മറിയാമ്മ മകൾ **സാലി**യെയാണ്. കരിക്കോട്ടക്കരി, ചരൾ എന്നിവിടങ്ങളിൽ താമസിച്ച ജോണി ഇപ്പോൾ കുടുംബസമേതം വെളിമാനത്ത് താമസിക്കുന്നു. ജോണി ബിസിനസ്സ് ചെയ്യുന്നു. സാലി വീട്ടമ്മ. മക്കൾ റോസ്മിൻ ജോൺ, നിജി മരിയ ജോൺ, ആൻവി ജോൺ എന്നിവർ. റോസ്മിൻ ജോൺ യുകെയിൽ ജോലി ചെയ്യുന്നു. നിജിയും ആൻവിയും വിദ്യാർഥികൾ.

**A4D4. വലിയമലയിൽ പാപ്പച്ചന്റെ മകൻ ബിജുവിന്റെ കുടുംബം. കരിക്കോട്ടക്കരി ഫോൺ: 9400454784**



**ബിജു** വിവാഹം ചെയ്തത് എടൂർ മുത്തുമല ആന്റണി - മേരി മകൾ **ബീന**യെയാണ്. പത്രപ്രവർത്തകനായിരുന്ന ബിജു ഇപ്പോൾ കരിക്കോട്ടക്കരിയിൽ ഒരു ചെറുകിട സംരംഭം നടത്തിവരുന്നു.

ബീന ഗവ. ഹയർസെക്കന്ററി സ്കൂൾ അധ്യാപികയാണ്. രണ്ടു പെൺമക്കൾ. റോസ് മരിയ, ആൻസ് അൽഫോൻസ എന്നിവർ.

2023-25 കാലയളവിലെ കുടുംബയോഗം (നിലവിലെ) പ്രസിഡന്റായിരുന്നു ബിജു. ബിജു പ്രസിഡന്റായിരുന്ന സമയത്താണ് പാമ്പയ്ക്കൽ കുടുംബയോഗം ട്രസ്റ്റായി രജിസ്റ്റർ ചെയ്യുന്നതും

പാമ്പയ്ക്കൽ കുടുംബയോഗം ട്രസ്റ്റിന്റെ പേരിൽ ഫെഡറൽ ബാങ്കിൽ അക്കൗണ്ട് തുറക്കുന്നതും കുടുംബ ചരിത്രം പുന:പ്രസിദ്ധീകരണം ചെയ്യുന്നതും. റോസ് മരിയ പാല സെന്റ് തോമസിൽ പി.ജി ചെയ്യുന്നു. ആൻസ് ജർമ്മനിയിൽ നഴ്സിംഗ് പഠിക്കുന്നു.

### A4D5. വലിയമലയിൽ പാപ്പച്ചന്റെ മകൻ ബിനോയിയുടെ കുടുംബം. കരിക്കോട്ടക്കരി ഫോൺ: 9495775150.

**ബിനോയി** വിവാഹം കഴിച്ചത് കോളിത്തട്ട് ചാഴിപ്പുറത്ത് ചാക്കോ-മോളി മകൾ **ഷെൽമയെ** ആണ്. ഷെൽമ്മ ഇറ്റലിയിൽ നഴ്സാണ്. ഒരു മകനുണ്ട്. റോൺ. ബിസിനസ്സുകാരനായ ബിനോയി ഇപ്പോൾ കരിക്കൊട്ടക്കരിയിൽ താമസിക്കുന്നു.

### A4D6. വലിയമലയിൽ പാപ്പച്ചന്റെ മകൻ പ്രിൻസിന്റെ കുടുംബം. വയനാട്, വരദൂർ ഫോൺ: 8939050311



**പ്രിൻസ്** വിവാഹം ചെയ്തത് ഇടുക്കി കട്ടപ്പന അരീക്കാട്ട് ജോസ്-ആഗ്നസ് മകൾ **റൂബി**യെയാണ്. ഇവർക്ക് ഒരു മകനുണ്ട്. നോയൽ. എം.ബി.എ. കാരനായ പ്രിൻസ് ഇപ്പോൾ വയനാട്ടിലെ ഒരു കമ്പനിയിൽ ജോലി ചെയ്യുന്നു. റൂബി അവിടെ ഫെഡറൽ ബാങ്കിൽ മാനേജരാണ്. രണ്ടുപേരും ചെന്നൈലായിരുന്നു.





*In Loving memory of*





**പി.റ്റി. എസ്ഥപ്പാൻ**
*04-04-2014*

**റോസമ്മ എസ്തപ്പാൻ**
*02-11-2013*



**ജോർജ്ജ് പാമ്പയ്ക്കൽ**

ജനനം: 09.05.1966, മരണം 18.07.2011

**പാമ്പയ്ക്കൽ (വലിയമലയിൽ, കരിക്കോട്ടക്കരി)**

## ശാഖ A ഉപശാഖ 5

# പടിഞ്ഞാറേ ഇളംതോട്ടത്തിൽ (തറവാട്) കുടുംബം

പടിഞ്ഞാറേ ഇളംതോട്ടത്തിൽ ആഗസ്തി മത്തായിയുടെ അഞ്ചാമത്തെ മകൻ വർക്കിക്കുഞ്ഞ് തറവാട്ടിൽത്തന്നെ താമസിച്ചു. **വർക്കിക്കുഞ്ഞിന്റെ** ഭാര്യ എടപ്പാടി എമ്പ്രായിൽ **മറിയം** ആയിരുന്നു. ഈ ദമ്പതികൾക്ക് നാല് ആൺമക്കളും നാല് പെൺമക്കളും ഉണ്ടായി. കുഞ്ഞ്, ഏലിക്കുട്ടി, കുര്യാച്ചൻ, കുട്ടി, കുഞ്ഞാമ്മി, അന്നക്കുട്ടി, ത്രേസ്യാമ്മ എന്നിവർ.

**ഏലിക്കുട്ടി**യെ രാമപുരം ഇടവക മരങ്ങാട്ടിൽ എളന്തിക്കുന്നേൽ **ഔതയാണ്** വിവാഹം ചെയ്തിരുന്നത്. രണ്ടുപേരും മരിച്ചുപോയി. അവരുടെ മക്കൾ ഇവരാണ്. മേരിവെള്ളപ്ലാക്കൽ, ലില്ലി പിണക്കാട്ട്, മാണിക്കൊച്ച് (മരിച്ചുപോയി), ജോസ്.

**കുഞ്ഞാമ്മി**യെ വിവാഹം ചെയ്തത് നീലൂർ ഇടവക കുഴിഞ്ഞാലിക്കുന്നേൽ **കുഞ്ഞാണ്.** കുഞ്ഞാമ്മി മരിച്ചുപോയി. അവരുടെ മക്കൾ ജോർജ്, തങ്കച്ചൻ, കുട്ടി, അച്ചാമ്മ, മേരി.

**അന്നക്കുട്ടി**യെ നീലൂർ ഇടവക തെള്ളിയാങ്കൽ **മത്തായി** വിവാഹം ചെയ്തു. മത്തായി മരിച്ചു പോയി. അവരുടെ മക്കൾ കുര്യൻ. മേരി പെരിങ്ങുളം വെള്ളത്താനത്ത് ജോസഫ് വിവാഹം ചെയ്തു. ലിസമ്മ കടനാട് തോണിക്കുഴിയിൽ മാണി വിവാഹം ചെയ്തു. ലില്ലി അവിവാഹിതയാണ്. മാത്യു മരിച്ചുപോയി; ഭാര്യ ചേർപ്പുങ്കൽ മുണ്ടയ്ക്കൽ ത്രേസ്യാ.

**ത്രേസ്യാമ്മ**യെ വിവാഹം ചെയ്തിരിക്കുന്നത് കണ്ണിവയലിൽ ചാണേൽ **വർക്കി**യാണ്.
ആൺമക്കളിൽ കുര്യാച്ചനും കുട്ടിയും ഇരട്ടപിറന്നവരാണ്.

### A5a. പടിഞ്ഞാറേ ഇളംതോട്ടത്തിൽ വർക്കിക്കുഞ്ഞിന്റെ മകൻ കുഞ്ഞിന്റെ കുടുംബം (കണ്ണിവയൽ)

**കുഞ്ഞ്** വിവാഹം ചെയ്തിരിക്കുന്നത് പാലായിൽ തെക്കേക്കുന്നുംപുറത്ത് ആന്റണി-മാമ്മി മകൾ **അച്ചാമ്മ**യെയാണ്. കുഞ്ഞിന്റെ മക്കൾ താഴെ പേരു പറയുന്നവരാണ്. കൊച്ച്, കുട്ടി, മേരി, ലീലാമ്മ, കുഞ്ഞൂഞ്ഞ്, മാത്യു, ലില്ലി.







കുഞ്ഞ് 2007 ഡിസംബർ മാസം 27-ാംതീയതിയും അച്ചാമ്മ 2002 ഫെബ്രുവരി മാസം 28-ാം തീയതിയും നിര്യാതരായി. മേരി ചെറുപ്പത്തിലേ മരിച്ചുപോയി. **ലീലാമ്മ**യെ മുനയാംകുന്ന് കൈപ്പനാനിക്കൽ **കുഞ്ഞാണ്** വിവാഹം ചെയ്തിരിക്കുന്നത്. അവരുടെ മക്കൾ സെബി, സീനാ, സിജു എന്നിവരാണ്.



**മാത്യു** ഈശോസഭയുടെ പാറ്റ്നാ പ്രോവിൻസിൽ ചേർന്ന് ബ്രദറായി മിഷൻ സേവനം ചെയ്യുന്നു.

**റവ. ബ്ര. പി.എം. മാത്യു പാമ്പയ്ക്കൽ എസ്.ജെ.** ബ്രദർ പിഎം മാത്യു ഇപ്പോൾ ബീഹാറിലെ പാറ്റ്നയിൽ ഈശോ സഭയുടെ പ്രൊവിൻഷ്യൽ സെക്രട്ടറിയായി ജോലി ചെയ്യുന്നു.

തൻറെ സഭാ ജീവിതത്തിന്റെ അമ്പതാം വാർഷികത്തിലാണ് ബ്രദർ മാത്യു ഇപ്പോൾ.

Address: **Br Mathew Pampackal SJ,** Secretary to the Provincial Provincial Residence, St Xaviers West Gandhi Maidan Marg, Patna - 800011, Ph. 9431850759, 6204297223



**ലില്ലി** സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ആൻസ് എന്ന സന്ന്യാസ സഭയിൽ ചേർന്ന് കന്യാസ്ത്രീയായി മിഷനിൽ സേവനം ചെയ്യുന്നു. **റവ. സി. റോസ് മാത്യു പാമ്പയ്ക്കൽ.**
സിസ്റ്റർ റോസ് മാത്യു ഇപ്പോൾ കന്യാകുമാരിയിൽ സേവനം ചെയ്യുന്നു

Address: **Sr Rose Mathew ( SCSA)**
Sisters of Charity St Annes Bonal Convent, Marthandanthurai, Kollamkode P.O, Kanyakumari Dt., TN-629160, Ph: 9037712883

## A5A1. പടിഞ്ഞാറേ ഇലന്തോട്ടത്തിൽ കുഞ്ഞിന്റെ മകൻ കൊച്ചിന്റെ (വർക്കി) കുടുംബം (കണ്ണിവയൽ)



**കൊച്ച്** ഒരു അധ്യാപകനായിരുന്നു. കൊച്ചിന്റെ ഭാര്യ ചെറുപുഴ ഇടവക പുതുപ്പറമ്പിൽ കുന്നേൽ തോമസ്-ഏലി മകൾ **ആനിയമ്മ**യാണ്. ഈ ദമ്പതികളുടെ മക്കൾ: സിജി, സബിത, ജോസി, ആൻസി, സൗമ്യ എന്നിവരാണ്.

കൊച്ച് 2010 ഒക്ടോബർ മാസം 25 ന് മരണമടഞ്ഞു.

**സിജി**യെ മച്ചിയിൽ പടിഞ്ഞാറ്റിൽ പുത്തൻപുരയിൽ **മാത്യു** വിവാഹം ചെയ്തു. രണ്ടുപേരും ബാങ്കിൽ ഉദ്യോഗസ്ഥരാണ്. അവർക്ക് ആതിര, എയ്ഞ്ചൽ, എന്നിങ്ങനെ രണ്ട് മക്കളുണ്ട് സിജി ഇപ്പോൾ ചെറുപുഴയ്ക്കടുത്ത് കക്കയംചാലിൽ താമസിക്കുന്നു.

**സബിത**യെ വിവാഹം ചെയ്തിരിക്കുന്നത് മണിക്കടവ് പുത്തൂര് **ടോമി**യാണ്. ടോമി 2011 ഒക്ടോബർ മാസം ഏഴാം തീയതി ആഗ്രയിൽ വെച്ച് നിര്യാതനായി. സബിത ഒരു ടീച്ചറാണ് ഇപ്പോൾ ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു.

**ആൻസി**യെ വിവാഹം കഴിച്ചിരിക്കുന്നത് മുരിങ്ങോടി ഇടവക എഴുത്തുപള്ളിക്കൽ ചാക്കോയുടെ മകൻ **സണ്ണി**യാണ്. മക്കൾ മാർട്ടിൻ ,ആനറ്റ്, ആൽബർട്ട്.
ആൻസി സഹകരണ ബാങ്കിൽ ജോലി ചെയ്യുന്നു സണ്ണി സഹകരണ ഡിപ്പാർട്ട്മെൻറിൽ ഇൻസ്പെക്ടറാണ്. ഇപ്പോൾ കാഞ്ഞങ്ങാട് അമ്പലത്തറയിൽ താമസിക്കുന്നു.

**സൗമ്യ**യെ വിവാഹം കഴിച്ചിരിക്കുന്നത് ചിറ്റാരിക്കാൽ പടന്നമാക്കൽ ബേബി-സൂസമ്മ ദമ്പതികളുടെ മകൻ **ജിംസ്** ആണ്. സൗമ്യ യുകെയിലെ മാഞ്ചസ്റ്ററിൽ നേഴ്സാണ്. ജിംസും യുകെയിൽ ജോലി ചെയ്യുന്നു. മക്കൾ എൽസ, ടോം, ജോർജ് എന്നിവർ.ടോമും ജോർജും ട്വിൻസ് ആണ്.





## A5A1a. പടിഞ്ഞാറേഇളംതോട്ടം കൊച്ചിന്റെ മകൻ ജോസിയുടെ കുടുംബം (കണ്ണിവയൽ 9447520449)



**ജോസി** വിവാഹം കഴിച്ചിരിക്കുന്നത് കൊളക്കാട് കൊളംബിൽ മാത്യു -ഏലിക്കുട്ടി മകൾ **നിഷ**യെയാണ്. ഹോമിയോ ഡോക്ടർ ആയ ജോസി ചെറുപുഴയിൽ പ്രാക്ടീസ് ചെയ്യുന്നു.
നിഷ ഗവൺമെൻറ് സർവീസിൽ സീനിയർ നഴ്സിംഗ് ഓഫീസറായി പയ്യന്നൂരിൽ ജോലി ചെയ്യുന്നു.ഇവരുടെ മക്കൾ കീർത്തന, ദർശന, അഞ്ജന. കീർത്തന ബി ടെക്കിന് പഠിക്കുന്നു.

## A5A2. പടിഞ്ഞാറേ ഇളംതോട്ടത്തിൽ കുഞ്ഞിന്റെ മകൻ കുട്ടിയുടെ കുടുംബം (കണ്ണിവയൽ)

**കുട്ടി** വിവാഹം ചെയ്തിരിക്കുന്നത് പാലാവയലിൽ അറയ്ക്കൽ ദേവസ്യാ-അന്ന മകൾ **കുട്ടിയമ്മ**യെയാണ്. ഇവർക്ക് നാല് മക്കളുണ്ട് റീജ, റെജി, ജിൻസി, റോബിൻ. കുട്ടി 2023 ജനുവരി മാസം പതിനേഴാം തീയതി നിര്യാതനായി.
**റീജ**യെ താബോർ ഇടവക ഉറുകുഴിയിൽ (പാണ്ടിയാമ്മാക്കൽ) ദേവസ്യാ-റോസമ്മ മകൻ **സുനിലാണ്** വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് മക്കൾ രണ്ടുപേർ. സെബാസ്റ്റ്യൻ, ജോസുകുട്ടി. സെബാസ്റ്റ്യൻ ചെന്നൈയിൽ ജോലി ചെയ്യുന്നു. ജോസുകുട്ടി നഴ്സിംഗ് വിദ്യാർത്ഥിയാണ്. ഇവർ ഇപ്പോൾ ചെറുപുഴയ്ക്കടുത്ത് കക്കയം ചാലിൽ താമസിക്കുന്നു.

**ജിൻസി**യെ വിവാഹം കഴിച്ചത് തേർത്തല്ലി ചെറുപാറ പുല്ലുമറ്റത്തിൽ ആൻറണി-തെരേസ ദമ്പതികളുടെ മകൻ **സോജി**യാണ്.സോജി അമേരിക്കയിൽ ഷെഫ് ആയി ജോലി ചെയ്യുന്നു. മക്കൾ മൂന്നു പേർ. റോസ്,തെരേസ,തേരിയോസ്.
തെരേസയും തേരിയോസും ട്വിൻസ് ആണ്.

**A5A2a. പടിഞ്ഞാറേ ഇളംതോട്ടത്തിൽ കുട്ടിയുടെ മകൻ റെജിയുടെ കുടുംബം (കണ്ണിവയൽ)**

**റെജി** വിവാഹം ചെയ്തത് തിരുമേനി പുത്തൻപുരയ്ക്കൽ ജോസഫ് -റോസമ്മ ദമ്പതികളുടെ മകൾ **ജോസി**യെയാണ്.
റെജി ഇലക്ട്രീഷ്യൻ ആയിരുന്നു. 2021 ജനുവരി മാസം പതിനാറാം തീയതി റെജി മരണപ്പെട്ടു.ജോസി പാലാവയൽ വനിതാ സഹകരണ ബാങ്കിൽ ജോലി ചെയ്യുന്നു ഇവരുടെ മക്കൾ റിക്സൺ, റോസ്മേരി. രണ്ടുപേരും വിദ്യാർഥികൾ.

**A5A2b. പടിഞ്ഞാറേ ഇളംതോട്ടത്തിൽ കുട്ടിയുടെ മകൻ റോബിന്റെ കുടുംബം (കണ്ണിവയൽ 9947478529)**

**റോബിൻ** വിവാഹം കഴിച്ചിരിക്കുന്നത് കടുമേനി തെങ്ങുംപള്ളിയിൽ ജോസഫ്-മേരി ദമ്പതികളുടെ മകൾ **സിമി**യെ ആണ്. റോബിൻ ചെറുപുഴയിൽ സ്വർണ്ണ വ്യാപാരം ചെയ്യുന്നു.
സിമി അധ്യാപികയായിരുന്നു. ഇവർക്ക് ഒരു മകൾ കാതറിൻ.

**A5A3.പടിഞ്ഞാറേ ഇളംതോട്ടത്തിൽ കുഞ്ഞിന്റെ മകൻ കുഞ്ഞൂഞ്ഞിന്റെ കുടുംബം (കണ്ണിവയൽ)**

**കുഞ്ഞൂഞ്ഞിന്റെ** ഭാര്യ ചെറുപുഴ മണ്ണാപറമ്പിൽ ജോസഫ് - ഏലിക്കുട്ടി മകൾ **ഏലിയാമ്മ**യാണ്. ഇവർക്ക് നാല് മക്കളുണ്ട്. ഡാലി,സജി, ജോബി, ടോണി. ഏലിയാമ്മ 1998 മെയ് മാസം എട്ടാം തീയതി നിര്യാതയായി.
**ഡാലിയെ** വിവാഹം കഴിച്ചത് കമ്പല്ലൂർ നെല്ലൂർ ഗോപിനാഥൻ നമ്പ്യാർ-പത്മിനി മകൻ **കെ.വി സന്തോഷ്** ആണ്. സന്തോഷ് സഹകരണ ബാങ്ക് ഉദ്യോഗസ്ഥനാണ്.ഡാലി അധ്യാപികയാണ്. ഇവരുടെ മക്കൾ പ്രസൂൺ, പ്രജുൽ എന്നിവർ.

**A5A3a. പടിഞ്ഞാറേ ഇളം തോട്ടത്തിൽ കുഞ്ഞൂഞ്ഞിന്റെ മകൻ സജിയുടെ കുടുംബം(ബോംബെ)ഫോൺ7303962870**

**സജി**യുടെ ഭാര്യ കരുവഞ്ചാലിൽ താരാമംഗലത്ത് **ജിഷ**യാണ് ഇവർക്ക് രണ്ട് മക്കൾ ആൽബർട്ട് ,ആൽബിയ. സജി ബോംബെയിൽ എൻജിനീയർ ആണ്. ജിഷ നേഴ്സ്. ഇവർ കുടുംബസമേതം ബോംബെയിൽ താമസിക്കുന്നു.

**A5A3b. പടിഞ്ഞാറെ ഇളന്തോട്ടത്തിൽ കുഞ്ഞൂഞ്ഞിന്റെ മകൻ ജോബിയുടെ കുടുംബം (മണ്ഡപം ചിറ്റാരിക്കാൽ) ഫോൺ:9447390317.**

**ജോബി** വിവാഹം കഴിച്ചിരിക്കുന്നത് പാലത്തിൻകടവ് മുഴയിൽ







പോൾ-മേഴ്സി മകൾ **ജിൽബി**യെ ആണ്.
ജോബി കെഎസ് ആർടിസിയിൽ മെക്കാനിക്കാണ്. ജിൽമി അധ്യാപികയായിരുന്നു. മക്കൾ ഒരാൾ ഇവാൻ. ഇവർ ഇപ്പോൾ ചിറ്റാരിക്കാലിനടുത്ത്മണ്ഡപത്ത് താമസിക്കുന്നു.

**A5A3c. പടിഞ്ഞാറേ ഇളന്തോട്ടത്തിൽ കുഞ്ഞൂഞ്ഞിന്റെ മകൻ ടോണിയുടെ കുടുംബം (യു കെ)**

**ടോണി**യുടെ ഭാര്യ **അലോമ**യാണ്. ഒരു മകൾ ഉണ്ട്. എലിസബത്ത്. ഇവർ കുടുംബസമേതം യുകെയിൽ ജോലി ചെയ്യുന്നു.

**A5B. പടിഞ്ഞാറേ ഇളന്തോട്ടത്തിൽ വർക്കിക്കുഞ്ഞിന്റെ മകൻ കുര്യാച്ചന്റെ കുടുംബം (കണ്ണിവയൽ)**

**കുര്യാച്ചന്റെ** ഭാര്യ കണ്ണിവയൽ കപ്പലുമാക്കൽ തോമസ് -ഏലിക്കുട്ടി മകൾ **ഏലിക്കുട്ടി**യാണ്. ഏലിക്കുട്ടി 1996 ജൂലൈ മാസം 21-ാം തീയതി മരണപ്പെട്ടു. ഇവരുടെ മക്കൾ താഴെപ്പറയുന്ന വരാണ്. കുട്ടിയമ്മ, ജോസ്, പീയുച്ചൻ, ലൂസി. കുരിയാച്ചൻ 2011 ജൂലൈ മാസം പതിനെട്ടാം തീയതി നിര്യാതനായി

**കുട്ടിയമ്മ**യെ ചെറുപുഴ പുത്തൻപുരയിൽ മത്തായി മകൻ **മൈക്കിൾ** വിവാഹം ചെയ്തു. അവരുടെ മക്കൾ ബിജു, ഷിജോ എന്നിവരാണ്.

**ലൂസി**യെ വിവാഹം കഴിച്ചത് പെരുമ്പടവ് തലവിൽ പനയംതട്ട ചന്തു കുട്ടിയുടെയും ലക്ഷ്മി അമ്മയുടെയും മകൻ **ദാമോദരനാണ്**. ഇവരുടെ മക്കൾ ആഷ്ന, അശ്വിൻ എന്നിവരാണ് ആഷ്ന അബുദാബിയിൽ നേഴ്സ് ആയി ജോലി ചെയ്യുന്നു. അശ്വിൻ ദുബായിൽ എൻജിനീയറാണ്.ദാമോദരൻ പെരുമ്പടവിൽ റേഷൻ കട നടത്തുന്നു.ഫോൺ:8606471025 കുര്യാച്ചൻ ഏലിക്കുട്ടി ദമ്പതികൾക്ക് മേൽപ്പറഞ്ഞ നാലു പേരെക്കൂടാതെ ചെറുപ്പത്തിലേ മരിച്ചുപോയ വർക്കി, ജോസ്. മറിയം എന്നീ മൂന്ന് മക്കൾ കൂടിയുണ്ടായിരുന്നു.

## A5B1. പടിഞ്ഞാറേ ഇളന്തോട്ടത്തിൽ കുര്യാച്ചൻ മകൻ ജോസിന്റെ കുടുംബം (കണ്ണിവയൽ)

കാപ്പിമല, വിജയഗിരി, പുത്തൻപുരയിൽ തോമസ് -ചിന്നമ്മ മകൾ **ലിസ്സി**യാണ് **ജോസിൻറ** ഭാര്യ. ദമ്പതികൾക്ക് രണ്ട് ആൺമക്കളാണുള്ളത്. എബിനും,ഐബിനും.

## A5B1a. പടിഞ്ഞാറെ ഇളം തോട്ടത്തിൽ ജോസിന്റെ മകൻ എബിന്റെ കുടുംബം (യു. കെ)

**എബിൻ** വിവാഹം കഴിച്ചിരിക്കുന്നത് പാലാ കൊഴുവനാൽ വരകുകാലായിൽ മാത്യു-സെലിൻ ദമ്പതികളുടെ മകൾ **സുമി**യെആണ്. എബിനും സുമിയും യുകെയിൽ ജോലി ചെയ്യുന്നു. ഇവരുടെ മക്കൾ സിയന്ന, ലിയാനോ എന്നിവർ.

## A5B1b. പടിഞ്ഞാറേ ഇളന്തോട്ടത്തിൽ ജോസിന്റെ മകൻ ഐബിന്റെ കുടുംബം (ദുബായ്)

**ഐബിൻ** വിവാഹം കഴിച്ചിരിക്കുന്നത് ചിറ്റാരിക്കാൽ മണ്ഡപം എലിപുലിക്കാട്ട് തോമസ്-ലിസി മകൾ **ഗീതു**വിനെയാണ് ഗീതു ദുബായിൽ നേഴ്സ് ആണ്. ഇവർക്ക് ഒരു മകൻ എസ്സൽ.

## A5B2. പടിഞ്ഞാറേ ഇളന്തോട്ടത്തിൽ കുര്യാച്ചൻ മകൻ പീയൂസിന്റെ കുടുംബം (കണ്ണിവയൽ)

**പീയുസിന്റെ** ഭാര്യ പെരുമ്പടവ് തെക്കേക്കരയിൽ തോമസ് -റോസമ്മ മകൾ **ജാൻസി**യാണ്. ഇവർക്ക് രണ്ട് പെൺമക്കളുണ്ട്. ഇന്ദു, ചിഞ്ചു എന്നിവർ.

**ഇന്ദു**വിനെ വിവാഹം കഴിച്ചിരിക്കുന്നത് മാലോം വള്ളിക്കടവ് വടക്കുംപറമ്പിൽ ജയിംസ്-ലൂസി ദമ്പതികളുടെ മകൻ **എമിൽ ജെയിംസ്** ആണ്. ഇന്ദു ഭീമനടി ഫെഡറൽ ബാങ്കിൽ ഉദ്യോഗസ്ഥയാണ് എമിൽ ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂൾ അധ്യാപകനാണ്. മക്കൾ രണ്ടുപേർ എലേന ആൻ, നോറ.

**ചിഞ്ചു**വിനെ വിവാഹം കഴിച്ചത് കോഴിക്കോട് പുല്ലൂരാംപാറ മുഴിക്കുഴിയിൽ ജോയിക്കുട്ടി-ലീലാമ്മ മകൻ **ലിജോ** ആണ്.ഒരു മകൾ ലിയാന ചിഞ്ചു യുകെയിൽ നേഴ്സ് ആണ്.
ന്യൂസിലൻഡിൽ ആയിരുന്ന ലിജോ ഇപ്പോൾ ചിഞ്ചുവിനൊപ്പം കുടുംബസമേതം യുകെയിലാണ്.





## A5C. പടിഞ്ഞാറേ ഇളന്തോട്ടത്തിൽ വർക്കിക്കുഞ്ഞിന്റെ മകൻ കുട്ടിയുടെ കുടുംബം (കണ്ണിവയൽ)

**കുട്ടി** വിവാഹം ചെയ്തത് പാലാ ഏറ്റുമാനൂർ ഇടവക കോന്നിക്കൽ തോമസ്-മറിയം മകൾ **അന്നക്കുട്ടി**യെയാണ്. ഇവരുടെ മക്കൾ എൽസി, അപ്പച്ചൻ, തോമ്മാച്ചൻ, ഫിലോമിന, സണ്ണി, തങ്കച്ചൻ, ഷാജി എന്നിവരാണ്. കുട്ടി മരിച്ചുപോയി. അന്നക്കുട്ടി 2021 ഡിസംബർ മാസം ഏഴാം തീയതി നിര്യാതയായി.
**എൽസി**യെ തൃശുർ പുത്തൂർ കണ്ണംകുത്തി പൗലോസ് -മറിയം മകൻ **ദേവസി** വിവാഹം ചെയ്തു. അവരുടെ മക്കൾ ബിന്ദു, സിന്ദു, സന്തോഷ്, സന്നീവ്, റോയിച്ചൻ എന്നിവരാണ്.
**ഫിലോമിന**യെ തെയ്യാനി രാജുവാണ് വിവാഹം ചെയ്തിരിക്കുന്നത്.മക്കളില്ല. ഫിലോമിന തനിച്ച് കണ്ണിവയലിൽ താമസിക്കുന്നു.
ആൺമക്കളിൽ **അപ്പച്ചൻ,തങ്കച്ചൻ,ഷാജി** എന്നിവർ മരിച്ചുപോയി.

## A5C1. പടിഞ്ഞാറേ ഇളന്തോട്ടത്തിൽ കുട്ടിയുടെ മകൻ തോമാച്ചന്റെ കുടുംബം (കണ്ണിവയൽ)

**തോമ്മാച്ചൻ** വിവാഹം ചെയ്തിരിക്കുന്നത് തൃശ്ശൂർ വലക്കാവ് അറക്കൽ മൈക്കിൾ-ബ്രജിത്ത മകൾ **ഫിലോ**യെയാണ്. മക്കൾ ജോസഫ് മൈക്കിൾ എന്നിവർ. ജോസഫ് എറണാകുളം ലുലു മാളിൽ ജോലി ചെയ്യുന്നു. മൈക്കിൾ തൃപ്പൂണിത്തുറ സോളാർ കമ്പനിയിൽ ജോലി ചെയ്യുന്നു.

## A5C2. പടിഞ്ഞാറേ ഇളന്തോട്ടത്തിൽ കുട്ടിയുടെ മകൻ സണ്ണിയുടെ കുടുംബം (കണ്ണിവയൽ)

**സണ്ണി**യുടെ ഭാര്യ കടുമേനി നമ്പിയാമഠത്തിൽ ജോസഫ് -ത്രേസ്യാമ്മ മകൾ **അന്നമ്മ**യാണ്. ഈ ദമ്പതികളുടെ മക്കൾ താഴെപ്പറയുന്നവരാണ്. ഷൈബി, ജോസ്.
**ഷൈബി**യെ വിവാഹം കഴിച്ചത് നർക്കിലക്കാട് എള്ളേരിതട്ട് കുന്നേൽ തോമസ്-മോളി മകൻ **റെജി**യാണ്. റെജി ഡ്രൈവറാണ്.ഇവരുടെ മക്കൾ തോമസ്, സെബാസ്റ്റ്യൻ എന്നിവർ.
**ഷൈജു** എന്ന് വിളിക്കുന്ന ജോസ് ഒരു അംഗപരിമിതനാണ്. അവിവാഹിതനായ ജോസ് അപ്പന്റെയും അമ്മയുടെയും കൂടെ താമസിക്കുന്നു.

## A5D. പടിഞ്ഞാറേ ഇളന്തോട്ടത്തിൽ വർക്കിക്കുഞ്ഞിന്റെ മകൻ പാപ്പച്ചന്റെ (വർക്കി) കുടുംബം (ചിറ്റാരിക്കാൽ)

**പാപ്പച്ചന്റെ** ഭാര്യ ഏഴാച്ചേരി കുരിയത്ത് ജോസഫ് -മറിയം മകൾ **തെയ്യാമ്മ**യാണ്. (ത്രേസ്യാമ്മ) ഈ ദമ്പതിമാരുടെ മക്കൾ

താഴെപ്പറയുന്നവരാണ്. മേരി, സണ്ണി, ആൻസി, രാജു, ജോഷി, സിജോ, ഷൈജോ. 2003 ജൂൺ മാസം ഒന്നാം തീയതി പാപ്പച്ചൻ (വർക്കി) നിര്യാതനായി.

മേരി അവിവാഹിതയായി അമ്മയോടൊത്ത് രാജുവിനൊപ്പം താമസിക്കുന്നു



**ആൻസി** കർമ്മലീത്താ സന്യാസിനീ സഭയിൽ ചേർന്നു സന്യാസിനിയായി.

**സി. ആൻസിമരിയ** CMC പോർബന്ദർ,രാജ്കോട്ട്,ഗോട,ബാഗ്ലൂർ,ബാരോമസിയ, ബോക്കാറോ, പുരൻപാനി(ഛത്തീസ്ഗഡ്), കരിമാട്ടി(M.P),ഫുൽഭാരിയ,ഹസ്സാരിബാഗ് (ജാർഖണ്ട്), ഗുംല,എന്നിവിടങ്ങളിൽ ടീച്ചറായും നേഴ്സായും, സോഷ്യൽ വർക്കർ ആയും സേവനം ചെയ്തു.

ഇപ്പോൾ ജാർഖണ്ഡിലെ ലേറ്റ്ഹാർ ജില്ലയിൽ സിഎംസി കാർമൽ ഹൗസിൽ സേവനം ചെയ്യുന്നു. ഫോൺ:9939837310



**ഷൈജോ** ഗോരഗ്പുർ രൂപതയിൽ വൈദീകനായി സേവനം ചെയ്യുന്നു.

**ഫാ. മാത്യു ജോർജ് പാമ്പയ്ക്കൽ.**

ഇപ്പോൾ നുവ്ടൻവാ ക്രൈസ്റ്റ് ദി കിംഗ് ചർച്ച് ഇടവക വികാരിയാണ്. ക്രൈസ്റ്റ് ദി കിംഗ് സ്കൂൾ പ്രിൻസിപ്പൽ ആയും സേവനം ചെയ്യുന്നു.

അഡ്രസ്സ്:

**Fr. Mathew George**

Pambackal, Christ the King School,Chhapawa,
Nautanwa P.O., Maharajganj Dt., UP, Pin273164.

**A5D1.പടിഞ്ഞാറേ ഇളന്തോട്ടത്തിൽ പാപ്പച്ചൻ മകൻ സണ്ണിയുടെ കുടുംബം (ചിറ്റാരിക്കാൽ)**

**സണ്ണി** വിവാഹം ചെയ്തിരിക്കുന്നത് ആലക്കോട് വെള്ളമരുതുങ്കൽ ചാക്കോ മകൾ **മോളിയെ** ആണ്.

രണ്ട് മക്കളാണിവർക്കുള്ളത്. നിധിൻ, നീതു.

**നീതു**വിനെ വിവാഹം കഴിച്ചത് വയക്കര പാടിച്ചാൽ പടിഞ്ഞാറയിൽ മാത്യു -ഗ്രേസി മകൻ **ജോസഫ്** ആണ്.







ജോസഫും നീതുവും യുകെയിൽ നേഴ്സുമാരാണ.

ഇവർക്ക് ഒരു മകൾ ഇസബെല്ല.

**A5D2. പടിഞ്ഞാറേ ഇളന്തോട്ടത്തിൽ പാപ്പച്ചന്റെ മകൻ രാജുവിന്റെ കുടുംബം (കോഴിക്കോട് 7306707858)**



രാജുവിന്റെ ഭാര്യ ചെറുപുഴ രാജഗിരി വടക്കൻ മാമ്മച്ചൻ-ഏലിക്കുട്ടി മകൾ **ലൂസി** യാണ്. രാജു ആർമിയിൽ ഇലക്ട്രിക്കൽ മെക്കാനിക്കൽ എൻജിനീയറിങ് (EME) വിഭാഗത്തിൽ ഭോപ്പാൽ, ഹരിയാന, അരുണാചൽ പ്രദേശ്, പഞ്ചാബ്, ആന്ധ്ര, ഗുജറാത്ത് എന്നിവിടങ്ങളിൽ 18 വർഷം സേവനം ചെയ്തു. ലൂസി കോഴിക്കോട് മെഡിക്കൽ കോളേജിൽ 20 വർഷമായി ജോലി ചെയ്യുന്നു. ഇപ്പോൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ സീനിയർ നഴ്സിംഗ് ഓഫീസറാണ്. ഇവരുടെ മക്കൾ ജോയൽ, തെരേസ എന്നിവർ. ജോയൽ ജർമ്മനിയിലെ മ്യൂണിക്കിൽ എഞ്ചിനീയറിംഗിൽ ഉപരിപഠനം നടത്തുന്നു.

തെരേസ സൈക്കോളജിയിൽ ഡിഗ്രി ചെയ്യുന്നു.

**A5D3. പടിഞ്ഞാറെ ഇളംതോട്ടത്തിൽ പാപ്പച്ചന്റെ മകൻ ജോഷിയുടെ (വിൻസെൻറ്) കുടുംബം (കോഴിക്കോട് 8281568180)**



**ജോഷി**യുടെ ഭാര്യ **മാർജി ഡി റൊസാരിയോ** ആണ്. ജോഷി ഹെൽത്ത് ഇൻ സ്പെക്ടറായിരുന്നു.മാർജി കേരള പോലീസിൽ എസ്ഐ ആയി ജോലി ചെയ്യുന്നു. ഇവർക്ക് മക്കൾ ഇല്ല.

**A5D4. പടിഞ്ഞാറേ ഇളംതോട്ടത്തിൽ പാപ്പച്ചന്റെ മകൻ സിജോയുടെ (ജോർജ് പി വി ) കുടുംബം കോഴിക്കോട്**



**സിജോ** വിവാഹം കഴിച്ചിരിക്കുന്നത് കോഴിക്കോട് എരഞ്ഞിപ്പാലം പടതുരുത്തി ഫ്രാൻസിസ്- മേരി മകൾ **പ്രഷീള**യെയാണ് . സിജോ ആർമിയിൽ 23 വർഷം ഇലക്ട്രിക്കൽ മെക്കാനിക്കൽ എൻജിനീയറിങ് വിഭാഗത്തിൽ സെക്കന്ദരാബാദ്, ശ്രീനഗർ, ജബൽപൂർ, ഹരിയാന,സിയാച്ചിൻ,ഗോവ,ഭോപ്പാൽ എന്നിവിടങ്ങളിൽ ജോലിചെയ്തു. പ്രഷീള അധ്യാപികയാണ്. മക്കൾ രണ്ടുപേർ. ടാനിയ,ടീന.ഇവർ ഇപ്പോൾ കോഴിക്കോട് എടക്കാട് എന്ന സ്ഥലത്ത് താമസിക്കുന്നു.

**"The greatest value of having only good people around you is not what you get from them, But the Better Person you become by being with them"**





## ശാഖ B

## കിഴക്കേ ഇളന്തോട്ടത്തിൽ കുടുംബം

പാമ്പയ്ക്കൽ ആഗസ്തിയുടെ രണ്ടാമത്തെ മകൻ ചാക്കോ ഇളംതോട്ടം പുരയിടത്തിന്റെ കിഴക്കു ഭാഗത്ത് തമാസിച്ചതിനാൽ ഈ ശാഖയ്ക്ക് കിഴക്കേ ഇളന്തോട്ടത്തിൽ കുടുംബം എന്ന പേര് ലഭിച്ചു. **ചാക്കോ**യുടെ ഭാര്യ ഇളംതോട്ടം ഇടവക വരിക്കമാക്കൽ **മറിയം** ആയിരുന്നു ഈ ദമ്പതികൾക്ക് നാല് ആൺമക്കളും മൂന്ന് പെൺമക്കളും ഉണ്ടായി. ഏലി, വർക്കി, അന്നക്കുഞ്ഞ്, മറിയം, തൊമ്മൻ, മത്തായി, കൊച്ച്, എന്നിവരാണ് അവർ.

**ഏലി**യെ കടനാട് ഇടവക ചോക്കാട്ട് **വർക്കി** വിവാഹം ചെയ്തു. അവരുടെ മക്കൾ : മാമ്മി -ഭർത്താവ് എടപ്പാടി തെങ്ങുംപിള്ളിൽ ലൂക്കാ. കുഞ്ഞാപ്പൻ -ഭാര്യ അന്നമ്മ പിഴക്മലയിൽ കുഞ്ഞുഞ്ഞ്, കുഞ്ഞേപ്പ് എന്നിവർ.

**അന്നക്കുഞ്ഞിനെ** നെടിയകാട് ഇടവക മുഞ്ഞനാട്ട് **ചെറിയാൻ** വിവാഹം ചെയ്തു. മക്കൾ : അന്നക്കുട്ടി തോട്ടുങ്കൽ, ഏലിക്കുട്ടി കോടമുള്ളിൽ, കുഞ്ഞുഞ്ഞ്.

**മറിയത്തെ** ഏഴാച്ചേരി ഈയപ്പാട്ട് **തൊമ്മൻ** വിവാഹം ചെയ്തു. മക്കൾ : കൊച്ച്, കുഞ്ഞപ്പ്

## ശാഖ B ഉപശാഖ 1

## എലവുങ്കൽ കുടുംബം

കിഴക്കേ ഇളന്തോട്ടത്തിൽ താമസമാക്കിയ ആഗസ്തി ചാക്കോയുടെ മൂത്ത മകൻ വർക്കി ഇലവുങ്കൽ പുരയിടത്തിലേയ്ക്ക് മാറിത്താമസിച്ചു. അതുകൊണ്ട് ആ ഉപശാഖയ്ക്ക് എലവുങ്കൽ കുടുംബം എന്ന പേര് സിദ്ധിച്ചു.

**വർക്കി** വിവാഹം ചെയ്തിരുന്നത് മുണ്ടാങ്കൽ ഇടവക ഓടയ്ക്കൽ **ത്രേസ്യായെ** ആണ്. ഈ ദമ്പതികളുടെ മക്കൾ ഇവരാണ് മാമ്മി, കുഞ്ഞേലി, കുഞ്ഞ്, മറിയാമ്മ, റോസമ്മ, ത്രേസ്യാമ്മ.

പെൺമക്കളിൽ മൂത്തവളായ **മാമ്മിയെ** ചവണിയാങ്കൽ **കുര്യാക്കോ** വിവാഹം ചെയ്തു.

മാമ്മി ഇപ്പോൾ മണിയാക്കുപാറയിൽ (മാനത്തൂര്) മകൻ ജോയിയോടൊപ്പം താമസിക്കുന്നു. മക്കൾ ഇവരാണ്. സി.കെ. തോമസ് (കുട്ടി) കൂത്താട്ടുകുളം ഭാര്യ പറമുണ്ടയിൽ ത്രേസ്യാമ്മ, മേരി ഭർത്താവ്: ജോസഫ് കോലത്ത്, പിഴക്. ത്രേസ്യാമ്മ ഭർത്താവ് : ജോർജ്, മങ്ങാട്, സി.കെ ജോർജ് (പാപ്പച്ചൻ) ഭാര്യ: ചെമ്പരത്തിക്കൽ ചിന്നമ്മ, അന്നമ്മ ഭർത്താവ്: തോമസ് കിഴക്കേപ്പറമ്പിൽ മുട്ടുചിറ, സി.കെ. ജോസഫ് പിഴക് (മരിച്ചുപോയി), ഏലിയാമ്മ ഭർത്താവ്: സ്ക്കറിയാ കളപ്പുരയ്ക്കൽ കലയന്താനി, റോസമ്മ ഭർത്താവ്: ജോൺ പൊടിപാറ പീച്ചി (തുറുവേലിൽ), സി.കെ ജോയി ഭാര്യ: നടുവത്തേട്ട് ചിന്നമ്മ.

രണ്ടാമത്തെ മകൾ **കുഞ്ഞേലിയെ** ഇളന്തോട്ടം ഇടവക വടക്കൻ (പാഴുക്കുന്നേൽ) **കുഞ്ഞ്** വിവാഹം ചെയ്തു.രണ്ടുപേരും മരിച്ചുപോയി. അവരുടെ മക്കൾ: മേരി ഭർത്താവ് : സെബാസ്റ്റ്യൻ ചേന്നാട്ട് മറ്റത്തിൽ മുത്തോലി, ചിന്നമ്മ ഭർത്താവ് : ആന്റണി അഴകൻപറമ്പിൽ, കടനാട് എൽസമ്മ ഭർത്താവ് : ജോസ് മുതിരക്കാലായിൽ, മരങ്ങാട്ടുപള്ളി പാപ്പച്ചൻ (ബോംബെ) ഭാര്യ: കുറവിലങ്ങാട് പകലോമറ്റം കോട്ടയിൽ ശോശാമ്മ, ഔസേപ്പച്ചൻ നീലേശ്വരം വെട്ടുകാട്ടിൽ ആലീസ്, പരേതനായ മാത്തച്ചൻ ഭാര്യ : നെല്ലംകുഴിയിൽ മേരിക്കുട്ടി, പരേതനായ ചാക്കോച്ചൻ . ഭാര്യ : വൈക്കം പാലത്തുങ്കൽ മേഴ്സി

**മറിയാമ്മയെ** വിവാഹം ചെയ്തിരിക്കുന്നത് മണ്ണയ്ക്കനാട് ഇടവക പെട്ടയ്ക്കാട്ട് **തോമാച്ച**നാണ്. അവരുടെ മക്കൾ ഫ്രാങ്ക് പി. തോമസ് -ഭാര്യ തുറവൂർ മംഗലി ടെസ്സി, ജായസ് ഭാര്യ വടക്കൻ പറവൂർ പട്ടക്കുളങ്ങര സൂസൻ, ജോണി ഭാര്യ പൊൻകുന്നം പനയ്ക്കൽ ബംഗ്ലാവിൽ ആശ, ലിസ്സി (യു.എൻ ഉദ്യോഗസ്ഥ).

റോസമ്മയും ത്രേസ്യാമ്മയും ഇരട്ട പിറന്നവരാണ്. **റോസമ്മയെ** അമനകര (രാമപുരം) കണിയാറകത്ത് (പിടികൂട്ടിക്കൽ) **യോഹന്നാൻ** വിവാഹം ചെയ്തു. യോഹന്നാൻ മരിച്ചുപോയി. ഇവർക്ക് ഒരു മകൻ മാത്രം ചാക്കോച്ചൻ, ഭാര്യ മോനിപ്പള്ളി മഠത്തിപറമ്പിൽ സുമ.

**ത്രേസ്യാമ്മയെ** മുണ്ടാങ്കൽ ഇടവക കവിയിൽ ജോസഫ് മകൻ **ഔസേപ്പച്ചൻ** വിവാഹം ചെയ്തു.





അവരുടെ മക്കൾ ചിന്നമ്മ കന്യാസ്ത്രിയായി സി. മാർഗരറ്റ്. ഹോളിക്രോസ് കോൺവെന്റ്, കൊല്ലം. തെയ്യാമ്മ ഭർത്താവ് ജോസ് കാവാലം, കരിംകുന്നം, മോളി ഭർത്താവ് രാജ കട്ടിമറ്റത്തിൽ, എറണാകുളം. ജോബുകുഞ്ഞ് ഭാര്യ : തുടങ്ങനാട് പുവത്തുങ്കൽ മോളി, ബേബിച്ചൻ ഭാര്യ : പൂവരണി മറ്റപ്പിള്ളിൽ ജെസ്സി. വർക്കിക്ക് ഒരാൺമകനേ ഉണ്ടായിരുന്നുള്ളു. കുഞ്ഞ് എന്ന് വിളിക്കപ്പെടുന്ന ചാക്കോ.

## B1a. എലുവങ്കൽ വർക്കിയുടെ മകൻ കുഞ്ഞിന്റെ കുടുംബം

**കുഞ്ഞ്** (ചാക്കോ) വിവാഹം ചെയ്തത് ഭരണങ്ങാനം ഇടവക മുരിങ്ങയിൽ ചാണ്ടി മറിയം മകൾ **മേരി** എന്ന കുഞ്ഞുപെണ്ണിനെയാണ്. അവരുടെ മക്കൾ ഇവരാണ്. കുട്ടിയമ്മ, മേരിക്കുട്ടി, സിസിലിയാമ്മ, ജോർജ്, ജോസ്, തോമസ്, ചാണ്ടിക്കുഞ്ഞ്, ജെയിംസ്.

മൂത്തമകൾ **കുട്ടിയമ്മ** കൊല്ലത്ത് ഹോളിക്രോസ് കോൺ വെന്റിൽ ചേർന്ന് കന്യാസ്ത്രിയായി സി. കൊൺസലാറ്റ് എന്ന പേര് സ്വീകരിച്ച് 1965 ഫെബ്രുവരി 22ാം തിയതി പ്രതവാഗ്ദാനം ചെയ്തു. 1990ൽ വ്രതവാഗ്ദാനത്തിന്റെ രജതജൂബിലി ആഘോഷിക്കുകയും ചെയ്തു. അമേരിക്കയിലെ പിറ്റ്സ്ബർഗി ലുള്ള യൂണിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റർ ഓഫ് നേഴ്സിങ്ങ് എഡ്യൂക്കേഷൻ എന്ന ബിരുദം നേടി നാട്ടിൽ തിരിച്ചെത്തി. കോട്ടയം മെഡിക്കൽ കോളേജിനടുത്തുള്ള കോളേജ് ഓഫ് നേഴ്സിങ്ങിൽ ആദ്യം പ്രൊഫസറായും പിന്നീട് പ്രിൻസിപ്പലായും സേവനം അനുഷ്ഠിച്ചു. അവിടെ നിന്നും റിട്ടയർ ചെയ്തതിനു ശേഷം ഹോളി ക്രോസ് സന്യാസസഭയുടെ പ്രൊവിൻഷ്യലായി തിരഞ്ഞെടുക്കപ്പെട്ടു. 1999ൽ യൂറോപ്യൻ പര്യടനത്തിനടയിൽ റോമിൽ വച്ച് സെപ്റ്റംബർ 24ാം തിയതി പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയെ സന്ദർശിച്ച് അഭിമുഖസംഭാഷണം നടത്തുവാനും സി. കോൺസ് ലാറ്റക്ക് ഭാഗ്യമുണ്ടായി.



**മേരിക്കുട്ടി**യെ അന്ത്യാളം ഇടവക നെടുംപള്ളിൽ ഫ്രാൻസിസ് ഏലിയാമ്മ മകൻ **ഫ്രാൻസിസ്** വിവാഹം ചെയ്തു. അവരുടെ മക്കൾ റോയി - ഭാര്യ ചെമ്പേരി മണിമല ജോസഫ് മകൾ അന്നമ്മ, ഡോമിനിക്ക് സാവിയോ - ഭാര്യ തൊടുപുഴ വെള്ളാതടത്തിൽ ജെസ്സി , വിത്സൻ - ഭാര്യ കരിക്കോട്ടക്കരി പുളിക്കക്കുന്നേൽ ദേവസ്യാ മകൾ ത്രേസ്യാമ്മ, സെലിൻ ഭർത്താവ് : ബാലേശുഗിരി പുരയിടം ജോസഫ് മകൻ തോമസ്, അൽഫോൻസാ. ഫ്രാൻസിസ് 2017 ഒക്ടോബർ 11നും മേരിക്കുട്ടി 2021 ജനുവരി 20നും മരണപ്പെട്ടു. മകൻ വിൽസൺ 2018 ഏപ്രിൽ മാസം പത്താം തീയതി ആക്സിഡന്റിൽ മരണപ്പെട്ടു.

**സിസിലിയാമ്മ**യെ ഉരുളികുന്നം ഇടവക പതിപ്പള്ളിൽ **അഗസ്റ്റിനാണ്** വിവാഹം ചെയ്തിരുന്നത്. സിസിലിയാമ്മ 1981 ജൂൺ 11 ന് മരിച്ചുപോയി. ഒരു മകളുണ്ട്. മരിയറ്റ്,

## B1A1. എലവുങ്കൽ കുഞ്ഞിന്റെ മകൻ ജോർജിന്റെ കുടുംബം (പയപ്പാർ)



**ജോർജിന്റെ** ഭാര്യ പാല കാട്ടുമല വാലിയിൽ ജോൺ- മേരി മകൾ **എൽസമ്മ**(ഏലിക്കുട്ടി)യാണ്. ഇവരുടെ മക്കൾ: ഷാൻ, ഷാനിയ. ഷാൻ കോട്ടയത്ത് ബിസിനസ് ചെയ്യുന്നു
ഷാനിയയെ വിവാഹം ചെയ്തത് ഏറ്റുമാനൂർ വെട്ടിമുകൾ ഇടവക മാധവപള്ളിയിൽ ജേക്കബ് മേരി മകൻ റിജുവാണ്. ഷാനിയായും റിജുവും സൗദിയിൽ നേഴ്സുമാരായിരുന്നു.

## B1A2. എലവുങ്കൽ കുഞ്ഞിന്റെ മകൻ ജോസിന്റെ കുടുംബം (പടപേങ്ങാട്)

**ജോസ്** വിവാഹം ചെയ്തത് വടകര (കൂത്താട്ടുകുളം) ഇടവക വലിയകരോട്ട് വർഗീസ് റോസമ്മ -മകൾ **ലിസി**യെയാണ്.





**ജോസ്** വിവാഹം ചെയ്തത് വടകര (കൂത്താട്ടുകുളം) ഇടവക വലിയകരോട്ട് വർഗീസ് റോസമ്മ മകൾ **ലിസി**യെയാണ്. മെരിറ്റ്, ജിമ്മി, സുമം (സെലിൻ) എന്നിവരാണ് മക്കൾ





**മെരിറ്റിനെ** കല്യാണം കഴിച്ചത് ആലക്കോട് ഇടവക കണ്ടത്തിൽ ജോസഫ് അന്നമ്മ മകൻ **ജിജി ജോസഫ്** ആണ്. ഇവർക്ക് മക്കൾ മൂന്നുപേർ.ഷെർലിൻ,എസ്തർ, അന്ന എന്നിവർ. മെരിറ്റ്യു കെയി ൽ നേഴ്സ് ആയി ജോലി ചെയ്യുന്നു. ജിജിയും മക്കളും യുകെ യിൽ ആണ്.

**സെലിനെ**(സുമം) വിവാഹം കഴിച്ചിരിക്കുന്നത് മാവേലിക്കര മൂശാരിപറമ്പിൽ സൈമൺ സൂസന്ന ദമ്പതികളുടെ മകൻ **സിനു സൈമൺ** ആണ്. ഇവരുടെ മക്കൾ ഫെലിക്സ്, എസ്തർ, കാരോൾ എന്നിവർ. സെലിൻ അയർലൻഡിൽ നേഴ്സ് ആണ്. സിനു അയർലൻഡിൽ ഐടി കമ്പനിയിൽ ജോലി ചെയ്യുന്നു.

## B1A2a. എലവുങ്കൽ ജോസിന്റെ മകൻ ജിമ്മിയുടെ കുടുംബം (പന്നിയൂർ).

**ജിമ്മി**യുടെ ഭാര്യ ആലക്കോട് കുട്ടാപറമ്പ് ഇടവക അഞ്ചു കണ്ടത്തിൽ അഗസ്റ്റിൻ വത്സമ്മ മകൾ **നീതു**വാണ്.ഇവർക്ക് മക്കൾ ഒരാൾ ജെറോം. ജിമ്മി ബി ടെക് എൻജിനീയർ ആണ്.
നീതു കോഴിക്കോട് മലബാർ മെഡിക്കൽ കോളേജിൽ മെഡിക്കൽ ബയോ കെമിസ്ട്രി ഡിപ്പാർട്ട്മെൻറിൽ അസിസ്റ്റൻറ് പ്രൊഫസർ ആണ്.

## B1A3. എലവുങ്കൽ കുഞ്ഞിന്റെ മകൻ തോമസിന്റെ കുടുംബം (പന്നിയൂർ)

ചുണ്ടപ്പറമ്പ് ചിറമാട്ടേൽ സ്കറിയ ഏലിയാമ്മ മകൾ **ഫിലോമിന**യെ യാണ് **തോമസ്** വിവാഹം ചെയ്തിരിക്കുന്നത്.

അവർക്ക് മൂന്ന് മക്കളാണുള്ളത് ബിസ്മി, ലിൻസ്, ലിസ എന്നിവർ.തോമസ് 2023 ഡിസംബർ മാസം 19 ആം തീയതി നിര്യാതനായി

**ബിസ്മിയെ** വിവാഹം കഴിച്ചിരിക്കുന്നത് മണ്ഡലം മാന്തോട്ടത്തിൽ **സണ്ണി** ആണ്.സണ്ണി കെഎസ്ആർടിസിയിൽ ജോലിക്കാരനാണ്.ഇവർക്ക് മക്കൾ രണ്ടുപേർ ഡാനിയൽ, ഇസ്സബെൽ. ഫോൺ:7306213110

**ലിസ്നയെ** വിവാഹം കഴിച്ചിരിക്കുന്നത് കോഡോപ്പള്ളി തടത്തിൽ ജോസഫിന്റെ മകൻ **ജോണി**യാണ്.ഇവർക്ക് ഒരു മകൻ ആഷിൻ.ലിസ്ന അബുദാബിയിൽ നേഴ്സ് ആണ് ജോണി അബുദാബിയിൽ ഹെൽത്ത് ആൻഡ് സേഫ്റ്റി ' സൂപ്പർവൈസർ ആയി ജോലി ചെയ്യുന്നു.



## B1A31. എലവുങ്കൽ തോമസിന്റെ മകൻ ലിൻസിന്റെ കുടുംബം (ബാലേശുഗിരി 9447946514)

**ലിൻസി**ന്റെ ഭാര്യ ചെമ്പന്തൊട്ടി ഇടവക വെള്ളാക്കൽ ജോസഫ് സാറാമ്മ ദമ്പതികളുടെ മകൾ **ദിവ്യ** ആണ്. ലിൻസ് ബാംഗ്ലൂർ ഐടി മേഖലയിൽ ജോലി ചെയ്യുന്നു. ദിവ്യ ബാംഗ്ലൂരിൽ അധ്യാപിക ആയിരുന്നു.ഇവർക്ക് ഒരു മകൾ എമി എൽസ

## B1A4. എലവുങ്കൽ കുഞ്ഞിന്റെ മകൻ ചാണ്ടിക്കുഞ്ഞിന്റെ കുടുംബം (പയപ്പാർ 9496786284)

**ചാണ്ടിക്കുഞ്ഞിന്റെ** ഭാര്യ കിഴപറയാർ (ഇടമറ്റം) മാന്നാത്ത് ചെറിയാൻ അന്നക്കുട്ടി മകൾ **ആലീസാണ്**. ഇവരുടെ മക്കൾ എബി, അബിത, ആൽഫി എന്നിവരാണ്.

**അബിത**യെ വിവാഹം കഴിച്ചത് ഞള്ളമ്പുഴ തോമസ് മോളി മകൻ **റിൻസ്** ആണ് . അബിതയും റിൻസും ന്യൂസിലൻഡിൽ നേഴ്സുമാരാണ്.





ഇവർ ന്യൂസിലൻഡിൽ കുടുംബസമേതം താമസിക്കുന്നു. മക്കൾ എയ്ഡൻ, എഡ്രിക്, എയ്സൽ



**ആൽഫി**യെ വിവാഹം കഴിച്ചത് ഏഴാച്ചേരി കരിങ്ങോഴയ്ക്കൽ റോയിയുടെയും മേരിയമ്മയുടെയും മകൻ **നിതിൻ** ആണ് നിതിൻ ഇസാഫ് ബാങ്കിൽ ഉദ്യോഗസ്ഥനാണ്.

## B1A4a. ഇലവുങ്കൽ ചാണ്ടികുഞ്ഞിന്റെ മകൻ എബിയുടെ കുടുംബം യു.കെ

**എബി**യുടെ ഭാര്യ ഭരണങ്ങാനം പൂവത്തോട് തെങ്ങനാംകുന്നേൽ സണ്ണിയുടെയും ബീനയുടെയും മകൾ **ബീവ**യാണ്. എബിയും ബീവയും യുകെയിൽ നേഴ്സുമാരാണ്.

## B1A5. എലവുങ്കൽ കുഞ്ഞിന്റെ മകൻ ജെയിംസിന്റെ കുടുംബം (ഇളന്തോട്ടം 9495558825)



**ജെയിംസിന്റെ** ഭാര്യ പിഴക് അഴികണ്ണിക്കൽ ജോസഫ്-അന്നമ്മ മകൾ **ബിയാട്രിസാണ്.**
ജെയിംസ് വലവൂർ കോഓപ്പറേറ്റീവ് ബാങ്കിലെ ഉദ്യോഗസ്ഥനായിരുന്നു.കുടുംബയോഗം മുൻ പ്രസിഡണ്ടും ആയിരുന്നു.
ബിയാട്രിസ് ഗവൺമെന്റ് സസർവ്വീസിൽ സ്റ്റാഫ്നേഴ്സ് ആയിരുന്നു. ഇവരുടെ മക്കൾ ഫ്രാന, ചെൽസിയ.
**ഫ്രാനയെ** വിവാഹം കഴിച്ചിരിക്കുന്നത് ചങ്ങനാശേരി വേരൂർ കണ്ണമ്പള്ളി ജോബ്-ഷെർളി മകൻ **നീനോയി** ആണ്.



ഇവർക്ക് ഒരു മകളുണ്ട് എലൈൻകാതറിൻ.
ഇവർ കുടുംബസമേതം ന്യൂയോർക്കിൽ ജോലി ചെയ്യുന്നു.



**ചെൽസിയാ**യെ വിവാഹം ചെയ്തിരിക്കുന്നത് കട്ടപ്പന തുണ്ടത്തിൽ ജോസ് മേരിക്കുട്ടി ദമ്പതികളുടെ മകൻ ക്ലിൻറ് ആണ്. രണ്ടുപേരും ഡോക്ടർമാരാണ്. ഇവർക്ക് ഒരു മകൾ ഉണ്ട് സെറ.

## ശാഖ B ഉപശാഖ 2

## തച്ചറുകുഴിയിൽ കുടുംബം

കിഴക്കേ ഇളന്തോട്ടത്തിൽ താമസമാക്കിയ ആഗസ്തി ചാക്കോയുടെ മകൻ **തൊമ്മൻ** തച്ചറുകുഴിയിൽ പുരയിടത്തിലേയ്ക്ക് മാറിതാമസിച്ചു അങ്ങനെ ആ ഉപശാഖ തച്ചറുകുഴിയിൽ കുടുംബം എന്നപേരിൽ അറിയപ്പെട്ടുപോന്നു.

**തൊമ്മൻ** വിവാഹം ചെയ്തിരിക്കുന്നത് ഇളന്തോട്ടം ഇടവക ഞള്ളിയിൽ **മറിയത്തെ**യാണ്. നാലാൺമക്കളും മൂന്ന് പെൺമക്കളുമാണ് ഇവർക്കുള്ളത്. കുട്ടി, അന്നമ്മ, കുഞ്ഞാപ്പൻ, മാമ്മി, ഏലിക്കുട്ടി, കുഞ്ഞുമ്മൻ, വർക്കി

പെൺമക്കളിൽ **അന്നമ്മയെ** കടനാട് ഇടവക എടയാനിക്കാട്ട് **തോമസ്** വിവാഹം ചെയ്തു. തോമസ് മരിച്ചു പോയി.

രണ്ടാമത്തെ മകൻ ഔസേപ്പച്ചനോടു കൂടെ പാലാവയലിൽ താമസിച്ചിരുന്ന അന്നമ്മ നിര്യാതയായി. മൂത്തമകൻ തൊമ്മച്ചനും ഇളയ മകൻ മത്തച്ചനും മരിച്ചുപോയി.
രണ്ടാമത്തെ മകൾ **മാമ്മിയെ** വിവാഹം ചെയ്തിരിക്കുന്നത് നെടിയകാട് ഇടവക മെലാടൂർ **പാപ്പച്ച**നാണ്. മാമ്മി മരിച്ചുപോയി. ഇപ്പോൾ കട്ടപ്പനയാണ് താമസിക്കുന്നത്.





അവരുടെ മക്കൾ ത്രേസ്യാമ്മ കാഞ്ഞിരത്തിങ്കൽ വർക്കിക്കുഞ്ഞ് വിവാഹം കഴിച്ചു. മേരി ഭർത്താവ് റ്റി.റ്റി. ചാണ്ടി തെക്കേമലയിൽ. കുട്ടിയമ്മ ഭർത്താവ് വാഴകാട്ട് ആഗസ്തി.
ഏലിയാമ്മ ഫ്രാൻസിസ്കൻ സഭയിൽ സിസ്റ്ററായി.
തൊമ്മച്ചൻ ഭാര്യ വെട്ടുകല്ലാംകുഴിയിൽ ലീലാമ്മ. റോസമ്മ അഴകംപറമ്പിൽ സെബാസ്റ്റ്യൻ വിവാഹം ചെയ്തു. അപ്പച്ചൻ ഭാര്യ വെട്ടുകല്ലാംകുഴിയിൽ ലിസമ്മ. ബേബിച്ചൻ ഭാര്യ വേഴമ്പരേത്തോട്ടത്തിൽ ഗ്രസമ്മ. ചാക്കോച്ചൻ ഭാര്യ പുള്ളിയിൽ സെലിൻ. ലിസി ഭർത്താവ് കൊല്ലംകുന്നേൽ ടോമി. ആൻസി ഫ്രാൻസിസ്കൻ സഭയിൽ സിസ്റ്ററായി.
മൂന്നാമത്തെ മകളായ **ഏലിക്കുട്ടി**യെ വിവാഹം ചെയ്തിരുന്നത് കടനാട് ഇടവക വട്ടയ്ക്കാട്ട് **കൊച്ചാണ്.** കൊച്ചു ചെറുപ്പത്തിലേ മരിച്ചുപോയി. ഏലിക്കുട്ടിയും മരിച്ചു. ഒരു മകൾ കുട്ടിയമ്മ. കുട്ടിയമ്മയെ എലിപ്പുലിക്കാട്ട് കൊച്ചുപാപ്പൻ മകൻ കൊച്ച് വിവാഹം ചെയ്തു.
മൂത്ത മകൻ കുട്ടിയെന്ന ജോസഫ് മേലുകാവിൽ താമസിച്ചു. മറ്റ് ആൺമക്കൾ മൂന്നുപേരും തച്ചറുകുഴിയിലെ വീടും പറമ്പും വിറ്റ് പാലാവയൽ എന്ന സ്ഥലത്തേയ്ക്കു കുടിയേറി താമസിച്ചു.

### B2a. തച്ചറുകുഴിയിൽ തൊമ്മന്റെ മകൻ കുട്ടിയുടെ കുടുംബം.



**കുട്ടി** വിവാഹം ചെയ്തിരുന്നത് മുണ്ടാങ്കൽ ഇടവക വട്ടക്കാനാൽ **മറിയത്തെ**യാണ്.
മറിയം 1992 ഏപ്രിൽ മാസം പതിനൊന്നാം തീയതി നിര്യാതയായി.

കുട്ടി 1992 മെയ് മാസം 25 ആം തീയതിയും നിര്യാതനായി. കുഞ്ഞ്, മേരി. അന്ത്രയോസച്ചൻ, ലീലാമ്മ, ത്രേസ്യാമ്മ, ഔസേപ്പച്ചൻ, അപ്പച്ചൻ എന്നിവരാണ് മക്കൾ. ഈ ദമ്പതിമാരുടെ അഞ്ച് പെൺമക്കളിൽ നാലു പേരും കന്യാസ്ത്രീകളാണ്. മൂന്നുപേർ തിരുഹൃദയ സന്യാസസഭയിലെ പാലാ പ്രോവിന്സിലും ഒരാൾ വിജയവാഡയിൽ നിർമ്മല സിസ്റ്റേഴ്സിന്റെ സഭയിലുമാണ്.


സി. റോസമ്മ

മേരി സി. മാവരൂസ് S.H. ലീലാമ്മ സിസ്റ്റർ വിജിലിയ S.H. ത്രേസ്യാമ്മ സിസ്റ്റർ ഫാത്തിമ, S.H. റോസമ്മ സി. റോസമ്മ പാമ്പയ്ക്കൽ. (നിർമല സിസ്റ്റേർസ്)മൂത്തമകൻ കുഞ്ഞ് പാലാവയലിൽ ഓടക്കൊല്ലി ഭാഗത്താണ് താമസിച്ചിരുന്നത്.

കുഞ്ഞ് മരിച്ചുപോയി. രണ്ടാമത്തെ മകൻ അന്ത്രയോസച്ചൻ മേലുകാവിൽ തറവാട്ടിൽ താമസമാക്കി. മൂന്നാമത്തെ മകൻ ഔസേപ്പച്ചൻ മലബാറിൽ കുടിയാന്മലയിൽ താമസിക്കുന്നു.
നാലാമത്തെ മകൻ അപ്പച്ചൻ കർണ്ണാടകയിലെ ഗുത്തിഹാർ എന്ന സ്ഥലത്ത് താമസിക്കുന്നു.

**സി.മാവരൂസ് (എസ്എച്ച്)** 2016 ഫെബ്രുവരി ഏഴാം തീയതി നിര്യാതയായി. **സി.വിജിലിയ (എസ്എച്ച്)** 2016 ഏപ്രിൽ മാസം 29-ാം തീയതി നിര്യാതയായി.**ചിന്നമ്മ** 2008 ഓഗസ്റ്റ് മാസം28-ാം തീയതി മരണപ്പെട്ടു.
സി.വിജിലിയയെയും സി.മാവരൂസിനെയും ചിന്നമ്മയെയും മേലുകാവുമറ്റം സെന്റ് തോമസ് പള്ളിയിലാണ് സംസ്കരിച്ചത്.

### B2A1. തച്ചറുകുഴിയിൽ കുട്ടിയുടെ മകൻ കുഞ്ഞി(തോമസ്)ന്റെ കുടുംബം (പാലാവയൽ)

**കുഞ്ഞ്** വിവാഹം ചെയ്തിരിക്കുന്നത് തീക്കോയി ഇടവക ഐമ്മനത്തിൽ ചാക്കോ ഏലി മകൾ **ബ്രിജിത്തായെ**യാണ്. ഈ ദമ്പതികളുടെ മക്കൾ ഇവരാണ്. മേഴ്സി, ഗ്രേസി, ലില്ലി, അക്കാമ്മ, ആനിയമ്മ, റോസിലി, ബാബു, ജോയി.
**മേഴ്സി**യെ നിലമ്പൂർ കല്ലിടുക്കിൽ **മാത്യു** വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് മക്കൾ റോജർ, റോബിൻ, റോണി .
**ഗ്രേസി** മരിച്ചുപോയി.
**ലില്ലി** പട്ടുവത്തുള്ള ദീനസേവന സഭയിൽ ചേർന്ന് സന്യാസിനിയായി. **സി. ലില്ലി പാമ്പയ്ക്കൽ ഡി.എസ്.എസ്.**
**അക്കാമ**യെ വിവാഹം ചെയ്തത് ചെമ്പകശ്ശേരിയിൽ **മാത്യുവാണ്** ഇവർക്ക് ഒരു മകൾ ഡോണ.
**ആനിയമ്മയെ** വിവാഹം ചെയ്തത് കല്ലിങ്കൽ **സെബാസ്റ്റ്യൻ** ആണ്. ഇവർക്ക് മൂന്ന് മക്കൾ ബിനു, ബിന്ദു, ബീന.





### B2A1a. തച്ചറുകുഴിയിൽ കുഞ്ഞിന്റെ മകൻ ബാബുവിന്റെ കുടുംബം (പാലാവയൽ 9744858629)

**ബാബു**വിന്റെ ഭാര്യ കൊഴിച്ചാൽ ഇടവക നെല്ലിക്കാനത്തിൽ ജോസഫ്കുട്ടിയമ്മ മകൾ **ജെയ്നമ്മ**യാണ്. ജെയിനമ്മ വനം വകുപ്പിൽ ഉദ്യോഗസ്ഥയാണ്. ഇവർക്ക് രണ്ട് മക്കൾ ഉണ്ട്. ജോൺബാബുവും ജെസ്സിമരിയയും. ജോൺബാബു(8848083317) ചെന്നയിൽ ഐ റ്റി മേഖലയിൽ ജോലി ചെയ്യുന്നു.
ജെസ്സിമരിയ പഠിയ്ക്കുന്നു.

### B2A1b. തച്ചറുകുഴിയിൽ കുഞ്ഞിന്റെ മകൻ ജോയിയുടെ കുടുംബം ഒറ്റത്തൈ 9605997482

**ജോയ്** വിവാഹം കഴിച്ചിരിക്കുന്നത് ഒറ്റത്തൈ മുത്തേടത്ത് മാത്യു മേരി മകൾ **ബീന**യെ ആണ്. ജോയ് ഒറ്റത്തൈയിൽ ഹോട്ടൽ നടത്തുന്നു. ഇവരുടെ മക്കൾ അമല മാർട്ടിൻ എന്നിവർ അമല കർണാടകയിൽ നേഴ്സിങ് പഠിക്കുന്നു.ജോയി 2024 ഓഗസ്റ്റ് മാസം നാലാം തിയതി നിര്യാതനായി.

### B2A2. തച്ചറുകുഴിയിൽ കുട്ടിയുടെ മകൻ അന്ത്രയോസച്ചന്റെ കുടുംബം. (മേലുകാവ്)



**അന്ത്രയോസച്ചന്റെ** ഭാര്യ വേഴാങ്ങാനം ഇടവക കരിക്കുന്നേൽ **അന്നമ്മയാണ്.** ജോൺസൺ, മോളിക്കുട്ടി, ആൻസമ്മ. റാണി, റോസ്മിൻ, സോണി. ജാസ്മിൻ എന്നിവരാണ് മക്കൾ.
പാലാ രൂപതയിലെ പ്രശസ്തനായ ഒരധ്യാപകനായിരുന്നു അന്ത്രയോസച്ചൻ. അന്നമ്മ അധ്യാപികയുമായിരുന്നു. അന്ത്രയോസച്ചൻ 1997 ജൂലൈ മാസം ഒന്നാം തീയതി നിര്യാതനായി. അന്നമ്മ 2024 ഫെബ്രുവരി മാസം 21ാം തീയതി മരണമടഞ്ഞു.
**മോളിക്കുട്ടി**യെ മുന്നിലവ് വടക്കേമണ്ഡപത്തിൽ റോയി വിവാഹം ചെയ്തു. രണ്ടുപേരും എൻജിനീയർമാരാണ്. റോയി ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറിൽ ജോലി ചെയ്യുന്നു.
**ആൻസമ്മ**യെ റയറോം പുതുപ്പള്ളിൽ **സജി** എന്ന ആന്റണിയാണ് വിവാഹം ചെയ്തിരിക്കുന്നത്.

യാണ് വിവാഹം ചെയ്തിരിക്കുന്നത്. രണ്ടു പേരും അദ്ധ്യാപകരാണ് ഇവരുടെ മക്കൾ ടോണി, ആൻ മരിയ (ട്വിങ്കിൾ) എന്നിവർ.ആൻസമ്മ റിട്ടയർ ആയി.



**റോസ്മിനെ** വിവാഹം ചെയ്തത് ആലപ്പുഴ പുത്തനങ്ങാടി പുത്തൻ പുരയ്ക്കൽ വർക്കിമാത്യു റോസമ്മ മകൻ അനിൽ മാത്യു ആണ്. ഇവർ ഇപ്പോൾ മേരിലാൻഡിൽ താമസിക്കുന്നു. റോസ്മിൻ സൗദിയിൽ നേഴ്സ് ആയിരുന്നു. അനിൽ ഇപ്പോൾ സൗദിയിൽ ജോലി ചെയ്യുന്നു.

ഇവരുടെ മക്കൾ റോഷൻ മാത്യൂസ് അനിൽ, റിയ അന്ന അനിൽ.
ഫോൺ: 8592025087

**ജാസ്മിനെ** വിവാഹം ചെയ്തത് ഉഴവൂർ കുടുക്കച്ചിറ മൂലക്കാട്ട് മാത്യു കുഞ്ഞുമോൾ മകൻ **ബ്ലെസ്സന്റ് മാത്യുവാണ്** ഇവരുടെ മക്കൾ ലിയാൻ,ഡിയോൺ. ഇവർ രണ്ടുപേരും സൗത്ത് ആഫ്രിക്കയിൽ ഗവൺമെൻറ് സർവീസിൽ അധ്യാപകരാണ്. കുടുംബ സമേതം സൗത്ത് ആഫ്രിക്കയിൽ താമസിക്കുന്നു.

**റാണിയെ** ഇളങ്ങോയി പള്ളി ഇടവക കൂട്ടുങ്കൽ തോമസിന്റെ മകൻ **റോയി** വിവാഹം ചെയ്തു. റാണി 2004 ഒക്ടോബർ മാസം 26 തീയതി നിര്യാതയായി.

### B2A2a. തച്ചറുകുഴിയിൽ അന്ത്രയോസച്ചൻ മകൻ ജോൺസന്റെ കുടുംബം. (മേലുകാവ് 7012406852)



പൈസക്കരി ഇടവക ചാരം തൊട്ടിയിൽ തോമസ് അന്നമ്മ മകൾ **ആൻസിയാണ് ജോൺസന്റെ** ഭാര്യ. ഇവരുടെ മക്കൾ ജീനആൻജോസ്, സോനാ മരിയ, ജിഷ്നട്രീസ എന്നിവർ ഇവരിൽ ജീനയും സോനയും ജർമ്മനിയിൽ പഠിക്കുന്നു.








### B2A2b. തച്ചുറകുഴിയിൽ അന്ത്രയോസച്ചന്റെ മകൻ സോണിയുടെ കുടുംബം (ഓസ്ട്രേലിയ)

**സോണി** വിവാഹം കഴിച്ചിരിക്കുന്നത് തീക്കോയി അമ്പഴത്തിനാൽ കുന്നേൽ ജോസഫ് -അനിയമ്മ മകൾ **കവിത**യെയാണ്. മക്കൾ റയൻ,ജോർഡൻ.കവിത ഓസ്ട്രേലിയയിൽ നേഴ്സ് ആയി ജോലി ചെയ്യുന്നു.സോണിയും ഓസ്ട്രേലിയയിലാണ്.-

### B2A3. തച്ചറുകുഴിയിൽ കുട്ടിയുടെ മകൻ ഔസേപ്പച്ചന്റെ കുടുംബം. (കുടിയാൻമല)

**ഔസേപ്പച്ചൻ** വിവാഹം ചെയ്തിരിക്കുന്നത് പിഴക് മുതുപ്ലാക്കൽ ദേവസ്യ-മറിയം മകൾ **അന്നക്കുട്ടി**യെയാണ്. അന്നക്കുട്ടി 2022 ജൂലൈ 31ന് നിര്യാതയായി. ഇവരുടെ മക്കളാണ് ജെയ്സൺ, സിബി, ആൻറോ, മാർട്ടിൻ എന്നിവർ.

### B2A3a തച്ചറുകുഴിയിൽ ഔസേപ്പച്ചന്റെ മകൻ ജെയ്സന്റെ കുടുംബം. (കുടിയാൻമല)

**ജെയ്സൻറെ** ഭാര്യ കുടിയാൻമല കിഴക്കേൽ ചാണ്ടി-ഏലി മകൾ **ജെസ്സി**യാണ്. മൂന്ന് മക്കളുണ്ട്. ജസ്റ്റിൻ ജെസ്വിൻ, ജയ്വിൻ എന്നിവർ. ജെസ്വിനും ജയ്വിനും ടിൻസ് ആണ്. ജസ്റ്റിൻ ബിടെക് കഴിഞ്ഞ് സൗദിയിൽ ജോലി ചെയ്യുന്നു.ജെസ്വിൻ ദുബായിലും ജയിവിൻ അബുദാബിയിലും ജോലി ചെയ്യുന്നു.

### B2A3b. തച്ചറുകുഴിയിൽ ഔസേപ്പച്ചന്റെ മകൻ സിബിയുടെ കുടുംബം. 9744227131.

**സിബി** വിവാഹം കഴിച്ചിരിക്കുന്നത് ചെമ്പേരി ഇടവക പനച്ചിക്കൽ വർക്കി - ത്രേസ്യാമ്മ മകൾ **ഷൈനി**യെയാണ് ഇവർക്ക് രണ്ട് മക്കൾ ആൾഡോ, അൽന മരിയ.

### B2A3c. തച്ചറുകുഴിയിൽ ഔസേപ്പച്ചന്റെ മകൻ ആന്റോയുടെ കുടുംബം. ( മുണ്ടാനൂർ 9946452196)

**ആന്റോ** വിവാഹം കഴിച്ചിരിക്കുന്നത് കേളകം പാറക്കുഴി ഫിലിപ്പ് അന്നമ്മ മകൾ **ജാൻസി**യെ ആണ്. ജാൻസി നേഴ്സ് ആയിരുന്നു. ഇവരുടെ മക്കൾ ആൽബർട്ട്, അലൻ എന്നിവർ.

### B2A3d. തച്ചറുകുഴിയിൽ ഔസേപ്പച്ചന്റെ മകൻ മാർട്ടിന്റെ കുടുംബം (കുടിയാൻമല9544064038)

**മാർട്ടിൻ** വിവാഹം കഴിച്ചത് എടപുഴ ഉറുമ്പിൽ അപ്പച്ചൻ - എലിസബത്ത് മകൾ **റോഷ്ന**യെയാണ്.
മക്കൾ രണ്ടുപർ ഏയ്ഞ്ചൽ, ഏബൽ എന്നിവർ.





### B2A4. തച്ചറുകുഴിയിൽ കുട്ടിയുടെ മകൻ അപ്പച്ചന്റെ കുടുംബം. (ഷിർലാൽ, ബൽത്തങ്ങാടി)

**അപ്പച്ചൻ** വിവാഹം ചെയ്തിരിക്കുന്നത് തീക്കോയി മൈലാടൂർ **വൽസമ്മ**യെയാണ്. ഈ ദമ്പതികളുടെ മക്കൾ ജോജോ, ജോർജുകുട്ടി, ജോബിൻ, മേരിക്കുട്ടി, റാണി, തോമസുകുട്ടി, ജോണി. അപ്പച്ചൻ 2008 ഏപ്രിൽ മാസം മുപ്പതാം തീയതി മരണമടഞ്ഞു.



**ജോജോ** തലശ്ശേരി രൂപതയ്ക്കുവേണ്ടി മംഗലപ്പുഴ സെമിനാരിയിൽ ചേർന്ന് വൈദീകനായി. **ഫാ.ജോസഫ് പാമ്പയ്ക്കൽ.** ഇപ്പോൾ ബെൽത്തങ്ങാടി രൂപതയിലെ അടഹോളേ എന്ന ഇടവകയിൽ വികാരിയയായി സേവനം ചെയ്യുന്നു.
Ph: 9480989248
**ജോർജ്ജുകുട്ടി** പൂനയിൽ അധ്യാപകനാണ്.
**തോമസുകുട്ടി** ഇസ്രായേലിൽ ജോലി ചെയ്യുന്നു.

**മേരിക്കുട്ടി**യെ വിവാഹം കഴിച്ചിരിക്കുന്നത് ബെൽത്തങ്ങാടി രൂപത കാഞ്ചാൾ ഇടവക മേനാച്ചേരി അന്തോണി-ത്രേസ്സ്യാ ദമ്പതികളുടെ മകൻ **ജോസ്** ആണ്. മക്കൾ മൂന്നു പേർ ആഷ്ലി, എലിസബത്ത്, ആഗ്നസ്.

**ത്രേസ്യ** എന്ന് വിളിക്കുന്ന റാണിയെ വിവാഹം കഴിച്ചത് ബൽത്തങ്ങാടി രൂപത ജഡ്ക്കൽ ഇടവക കാഞ്ഞമലയിൽ ജെയിംസ് -ലെയ്സമ്മ മകൻ **സന്ദീപ്** ആണ്. റാണി അധ്യാപികയാണ്.

### B2B. തച്ചറകുഴിയിൽ തൊമ്മൻ മകൻ കുഞ്ഞാപ്പന്റെ കുടുംബം. (പാലാവയൽ)



**കുഞ്ഞാപ്പൻ** വിവാഹം ചെയ്തിരുന്നത് കുറവിലങ്ങാട് ഇടവക കട്ടയ്ക്കൽ തോമസ് -റോസ് മകൾ **റോസ**യെയാണ്. രണ്ടുപേരും മരിച്ചു പോയി. അഞ്ചാണ്മക്കളെയും രണ്ട് പെൺമക്കളെയും ദൈവം അവർക്ക് പ്രദാനം ചെയ്തു. തോമ്മാച്ചൻ, ജോസഫ്, ജേക്കബ്ബ്. മാത്യു. ജോർജ്, മേരി, സെലിൻ.

**മേരിയെ** വള്ളിക്കടവ് പള്ളി ഇടവക കാഞ്ഞിരമറ്റത്തിൽ ജോസഫ്-അന്ന മകൻ **കുര്യനാണ്** വിവാഹം ചെയ്തിരിക്കുന്നത്. ഇവരുടെ മക്കൾ ലിക്സൺ, ജെയ്സൺ, പോൾസൺ, ഡേവീസ് എന്നിവരാണ്. ലിക്സൺ കപ്പുച്ചിൻ സെമിനാരിയിൽ ചേർന്ന്

അച്ചനായി. **ഫാദർ ലിക്സൺ സിറിയക് (ഒഎഫ്എം ).** അച്ചൻ ഇപ്പോൾ ലണ്ടനിലാണ്.

**സെലിനെ** വിവാഹം ചെയ്തിരിക്കുന്നത് കണ്ണിവയൽ ഇടവക പാലക്കുന്നേൽ വർക്കി-തേസ്യാ മകൻ **ജോണാണ്.** സെലിനും ജോണും എൻജിനിയർമാരാണ്. ബോംബെയിൽ ആയിരുന്ന ഇവർ ഇപ്പോൾ കാനഡയിലാണ്. ഇവർക്ക് ജിയോ, ജിമ്മി എന്നീ രണ്ടാൺമക്കളുണ്ട്.

**B2B1. തച്ചറുകുഴിയിൽ കുഞ്ഞാപ്പന്റെ മകൻ തോമാച്ചന്റെ കുടുംബം. (പാലാവയൽ)**

**തോമാച്ചന്റെ** ഭാര്യ കോഴിച്ചാൽ പള്ളി ഇടവക മാളിയേക്കൽ സ്കറിയാഏലി മകൾ **തങ്കമ്മ**യാണ്. ഈ ദമ്പതികളുടെ മക്കൾ ഡെയ്സി, ഷേർളി, ബിനോയ്, ബിജോ. തോമാച്ചൻ 2020 ഏപ്രിൽ മാസം 21ന് മരണമടഞ്ഞു.



**ഡെയ്സിയെ** വിവാഹം കഴിച്ചത് വിളക്കന്നൂർ മണ്ണി പ്ലാക്കൽ തോമസ് മറിയാമ്മ ദമ്പതികളുടെ മകൻ **മാത്തച്ചനാണ്.** മാത്തച്ചൻ 2001 ഡിസംബർ മാസം ഒന്നാം തീയതി നിര്യാതനായി . ഇവരുടെ മക്കൾ ടോണി,ജോമിൻ (ഫാദർ ജോസഫ് മണ്ണി പ്ലാക്കൽ OFM)



**ഷേർളി**യെ വിവാഹം കഴിച്ചത് പുൽപ്പള്ളി മരക്കടവ് ഇടവക വെളിയത്തുമാലിൽ ജോർജ് ചിന്നമ്മ മകൻ **സണ്ണി**യാണ് . ഇവരുടെ മക്കൾ ആൽബിൻ , അലീന. ആൽബിൻ എറണാകുളത്ത് ജോലി ചെയ്യുന്നു.

**B2B1a. തച്ചറുകുഴിയിൽ തോമാച്ചന്റെ മകൻ ബിനോയിയുടെ കുടുംബം (കുവൈറ്റ്).**

**ബിനോയ്** വിവാഹം കഴിച്ചിരിക്കുന്നത് ചെമ്പേരി ദേവസ്വത്തിൽ ജേക്കബ് ത്രേസ്യാമ്മ മകൾ **ബിൻസി**യെയാണ്. ഇവർക്ക് രണ്ടു മക്കൾ ദിയ,ഡിയോൺ. ദിയ ഓസ്ട്രേലിയയിൽ നേഴ്സിങ് പഠിക്കുന്നു.






സ്നേഹസ്മരണയ്ക്ക്



**പി.സി. തോമസ് പാമ്പയ്ക്കൽ**
**പാലാവയൽ**

ജനനം: 17-09-1941 | മരണം: 21-04-2020

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ



ബിനോയ് കുവൈറ്റിൽ കുവൈറ്റ് ഇന്റർനാഷണൽ ബാങ്കിന്റെ സീനിയർ മാനേജർ ആയി ജോലി ചെയ്യുന്നു.ബിൻസിയും കുവൈറ്റിൽ ജോലി ചെയ്യുന്നു.

### B2B1b. തച്ചറുകുഴിയിൽ തോമാച്ചന്റെ മകൻ ബിജോയിയുടെ കുടുംബം (പാലാവയൽ 9946459549)



**ബിജോയ്** വിവാഹം കഴിച്ചിരിക്കുന്നത് കോഴിച്ചാൽ ഇടവക ഉറുമ്പുകാട്ട് ജോയി-ഗ്രേസി ദമ്പതികളുടെ മകൾ **കൊച്ചുറാണിയെ** ആണ്. ഇവരുടെ മക്കൾ ടോം ജേക്കബ്, മാർഗരറ്റ് രണ്ടുപേരും വിദ്യാർത്ഥികൾ.

### B2B2. തച്ചറുകുഴിയിൽ കുഞ്ഞാപ്പന്റെ മകൻ ജോസഫിന്റെ കുടുംബം. (പാലാവയൽ)



**ജോസഫ്** വിവാഹം ചെയ്തത് പാലാവയൽ ഇടവക കളരിമുറിയിൽ ജോസഫ് - ക്ലാര മകൾ **ഏലിയാമ്മ** (ലീലാമ്മ) യെയാണ്.ജോസഫ് 1980 ഏപ്രിൽ മാസം 18-ാം തീയതി മരണപ്പെട്ടു.



മൂത്ത മകൾ **സോഫിയ** ബീഹാറിൽ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് നസ്രത്ത് സന്യാസഭയിൽ ചേർന്ന് സന്യാസിനിയായി **സി. സോഫിയ ജോസഫ് (SCN).** 1970ൽ ജനനം. 1992ൽ കോൺ വെന്റിൽ ചേർന്ന സോഫിയ 1995ൽ വ്രതവാഗ്ധാനം നടത്തി. 2004 ൽ നിത്യവ്രതം സ്വീകരിച്ചു.





ബീഹാറിലും ജാർഖണ്ടിലുമായി 12 വർഷം ഹൈസ്കൂൾ അധ്യാപികയായും 14 വർഷം സ്കൂൾ പ്രിൻസിപ്പാൾ ആയും പ്രവർത്തിച്ചു. അമേരിക്കയിലെ കെന്റക്കിയിലുളള മദർ ഹോമിൽ ആറു മാസത്തെ റിന്യുവൽ ട്രെയിനിംഗ് പ്രോഗ്രാം ചെയ്തു. കേരളത്തിലെ കോഴിക്കോടുള്ള ലയോള സ്കൂളിൽ താൽകാലിക അക്കാദമിക് സൂപ്പർവൈസറായും സേവനം ചെയ്തു.
ഫോൺ:9771909797. E mail: sophiascn203@gmail.com.

**സോളിയെ** വിവാഹം കഴിച്ചിരിക്കുന്നത് ചെറുപുഴ കോയിക്കൽ എബ്രഹാം - മേരി ദമ്പതികളുടെ മകൻ **ബിജുവാണ്**. ഇവർക്ക് രണ്ടു മക്കളെ ദൈവം നൽകി. എബിൻ, ജോസ്ബിൻ എന്നിവർ.

### B2B2 a. തച്ചറുകുഴിയിൽ ജോസഫിന്റെ മകൻ സോജന്റെ കുടുംബം (പാലാവയൽ)

**സോജൻ** വിവാഹം കഴിച്ചിരിക്കുന്നത് ചെറുപുഴ പാടിച്ചാൽ ഇടവക കോയിക്കൽ ജോസഫ്-മേരി ദമ്പതികളുടെ മകൾ **സോണിയയെ** ആണ്. ഇവർക്ക് ഒരു മകൻ അഡോൺ ജോസ് എൻജിനീയറിങ് വിദ്യാർഥിയാണ്.

### B2B3. തച്ചറുകുഴിയിൽ കുഞ്ഞാപ്പന്റെ മകൻ ജേക്കബിന്റെ കുടുംബം. (പാലാവയൽ)

**ജേക്കബിന്റെ** ഭാര്യ കൊട്ടോടി പള്ളി ഇടവക കുഴിഞ്ഞാലിൽ ജോസഫ് -മേരി മകൾ **അച്ചാമ്മയാണ്**. ഇവരുടെ മക്കൾ: ജോബി, ജൂബി, ജോൺസി. ജേക്കബ് 2007 ജൂലൈ മാസം മൂന്നാം തീയതി മരണപ്പെട്ടു.
**ജോൺസിയെ** വിവാഹം കഴിച്ചത് കണ്ണൂർ വിമലശ്ശേരി ഇടവക കുഴിപ്പലത്ത് മാത്യു ചിന്നമ്മ മകൻ **മോൻസിയാണ്**. ഇവരുടെ മക്കൾ ജെറോം, ജെറീന എന്നിവർ.
**ജോബി** 2019 ഏപ്രിൽ 25ന് മരണപ്പെട്ടു. ജൂബി അവിവാഹിതനായി കഴിയുന്നു.

### B2B4. തച്ചറുകുഴിയിൽ കുഞ്ഞാപ്പന്റെ മകൻ മാത്യുവിന്റെ കുടുംബം (പാലാവയൽ)

**മാത്യു** വിവാഹം ചെയ്തിരിക്കുന്നത് മണക്കടവ് പള്ളി ഇടവക ഐത്തമറ്റത്തിൽ മത്തായി-മറിയം മകൾ **ത്രേസ്യാമ്മയെയാണ്**. ഈ ദമ്പതികൾക്ക് ഷിൽസി, ജിൽസി, ഷിജോ എന്നിങ്ങനെ മൂന്ന് മക്കളുണ്ട്.

**ഷിൽസി**യെ വിവാഹം ചെയ്തിരിക്കുന്നത് കോഴിച്ചാൽ ഇടവക പനന്താനത്ത് മാത്യു -ത്രേസ്യാമ്മ മകൻ **പ്രകാശ്** ആണ്.
ഇവർക്ക് രണ്ട് മക്കൾ അനുമോൾ അലീന. അനുമോൾ മെഡിക്കൽ കോഡിങ്ങിൽ ചെന്നൈയിൽ ജോലി ചെയ്യുന്നു.
**ജിൽസി**യെ വിവാഹം കഴിച്ചിരിക്കുന്നത് മണക്കടവ് ഇടവക നെടുംപള്ളി ഫ്രാൻസിസ് - ത്രേസ്യാമ്മ മകൻ **മനോജാണ്**.
ഇവർക്ക് രണ്ട് മക്കൾ ആദർശ്,ടെസഎന്നിവർ. മനോജ് കെഎസ് ആർടിസിയിലെ ജീവനക്കാരനാണ്.

### B2B41. തച്ചറുകുഴിയിൽ മാത്യുവിന്റെ മകൻ ഷിജോയുടെ കുടുംബം (പാലാവയൽ9400686980)

**ഷിജോ** വിവാഹം കഴിച്ചിരിക്കുന്നത് മാതമംഗലം കാരിപ്പള്ളി ഇടവക പാറേക്കാട്ടിൽ ആൻഡ്രൂസ് -റോസമ്മ മകൾ **ബിൻസി**യെ ആണ്. ഇവർക്ക് മൂന്ന് മക്കൾ ദിയ തെരേസ്, ഡോണ റോസ്, ഡയോൺ മാത്യു എന്നിവർ.മൂവരും വിദ്യാർത്ഥികൾ .

### B2B5. തച്ചറുകുഴിയിൽ കുഞ്ഞാപ്പന്റെ മകൻ ജോർജിന്റെ കുടുംബം. (പാലാവയൽ)



**ജോർജിന്റെ** ഭാര്യ നെല്ലിപ്പാറ ഇടവക മണ്ണൂർ ഉലഹന്നൻ അന്നമ്മ മകൾ **ലീലാമ്മ**യാണ്. ദിപു, ദിലീപ്, റോസ്മി എന്നിവരാണ് ഈ ദമ്പതികളുടെ മക്കൾ.
റോസ്മിയെ വിവാഹം കഴിച്ചത് ചെറുപുഴ ചൊവ്വാറ്റു കുന്നേൽ സക്കറിയ ക്ലാരമ്മ ദമ്പതികളുടെ മകൻ മനു സക്കറിയയാണ്. ഇവരുടെ മക്കൾ എയ്ഡൻ, എസ്റിൻ ക്ലയർ എന്നിവരാണ്.മനു എച്ച്ഡിഎഫ്സി ബാങ്കിൽ ജോലി ചെയ്യുന്നു.

### B2B5a. തച്ചറുകുഴിയിൽ ജോർജിന്റെ മകൻ ദീപുവിൻറെ കുടുംബം (ഓസ്ട്രേലിയ).

**ദീപുവിൻ**റെ ഭാര്യ പയ്യാവൂർ എടാട്ട് മത്തച്ചന്റെയും മോളിയുടെയും മകൾ **മിനി മാത്യു** ആണ്.എൽസ റോസ്,ഡാനിയൽ ജോർജ്, അന്ന റോസ് എന്നിവർ മക്കളാണ്.
ഇവർ കുടുംബസമേതം ഓസ്ട്രേലിയയിൽ താമസിക്കുന്നു.







### B2B5b. തച്ചറുകുഴിയിൽ ജോർജിന്റെ മകൻ ദിലീപിൻറെ കുടുംബം (മസ്കറ്റ്)



**ദിലീപിൻറെ** ഭാര്യ പാലാ ചേർപ്പുങ്കൽ മണ്ണൂകുഴിയിൽ ജോയിയുടെയും ജോളിയുടെയും മകൾ **ജിസ്സ്ജോയ്**ആണ്. ഇവരുടെ മക്കൾ അലീറ്റ, ആദിൽ എന്നിവരാണ്. ഇവർ കുടുംബസമേതം മസ്കറ്റിൽ നേഴ്സുമാരായി ജോലി ചെയ്യുന്നു.

### B2c. തച്ചറുകുഴിയിൽ തൊമ്മൻ മകൻ കുഞ്ഞുമ്മന്റെ കുടുംബം. (പാലാവയൽ)

**കുഞ്ഞുമ്മന്റെ** ഭാര്യ മാനത്തൂര് ഇടവക പുതിയകുന്നേൽ കുര്യൻ -ഏലി മകൾ **അന്നകുട്ടി**യാണ്. ഈ ദമ്പതികളുടെ മക്കൾ താഴെ പറയുന്നവരാണ്. മേരി. തോമസ്, ജോസ്. ഷേർളി, ബേബി, ജോൺ. റോയി. മോളി. ജെസി. ഷൈനി. കുഞ്ഞുമ്മൻ 2011 ഫെബ്രുവരി 15നും അന്നക്കുട്ടി 2007 നവംബർ 3നും മരണമടഞ്ഞു.



**മേരി**യെ (9526144064) ഇടവരമ്പ് കുഴികണ്ടത്തിൽ ഉലഹന്നാൻ - ഏലിയാമ്മ മകൻ **ജോർജ്** വിവാഹം ചെയ്തു. മേരി 1993 ഏപ്രിൽ മാസം പതിനഞ്ചാം തീയതി നിര്യാതയായി. ജോർജ് 1997 ജൂൺ മാസം പതിനഞ്ചാം തീയതിയും. ഇവരുടെ മക്കൾ ഐസി -ഭാര്യ തുഷാര(അധ്യാപിക).

ഐസി എറണാകുളത്ത് ജോലി ചെയ്യുന്നു. മക്കൾ രണ്ടുപേർ.അമയ, സ്റ്റീവ് എന്നിവർ. പ്രിൻസ്- ഭാര്യ ഡോളീറ്റ രണ്ടുപേരും കാനഡയിൽ നേഴ്സ്മാരാണ് മക്കൾ രണ്ടുപേർ. ലിയ,മിലൻ എന്നിവർ. ലിൻസി - ഭർത്താവ് സാജൻ. രണ്ടുപേരും നേഴ്സ്മാരായി ഭോപ്പാലിൽ ജോലി ചെയ്യുന്നു.മക്കൾ രണ്ടുപേർ. റയാൻ, നീവൽ എന്നിവർ.

**ഷേർളി**(അന്നമ്മ7012794385) യെ കോഴിച്ചാൽ മേലാട്ടുകുന്നേൽ ജോസഫ് -ഏലിക്കുട്ടി മകൻ **സണ്ണി**യാണ് വിവാഹം ചെയ്തിരിക്കുന്നത്. സണ്ണി കരുവഞ്ചാലിൽ കച്ചവടം ചെയുന്നു. ഇവരുടെ മക്കൾ എഡ്വിൻ - ഭാര്യ രോഷ്നി. രണ്ടുപേരും കാനഡയിൽ നേഴ്സ്മാരാണ്. മക്കൾ രണ്ടുപേർ. ആരോണും ഏഡനും. ബെറ്റ്സി - ഭർത്താവ് പ്രവീൺ. രണ്ടുപേരും കാനഡയിൽ നേഴ്സ്മാരാണ്. മക്കൾ ഒരാൾ. അബിഗേൽ. ഡയസ് - ഭാര്യ നിമിഷ. രണ്ടുപേരും ബെൽജിയത്തിൽ ജോലി ചെയുന്നു. മക്കൾ ഒരാൾ.ഏബൽ. ഡാനി - ഭാര്യ ആൻഡ്രീസ ഹൈസ്കൂൾ അധ്യാപിക. ഡാനി ഹയർ സെക്കൻഡറി അധ്യാപകനാണ്. മക്കൾ ഒരാൾ.
സ്റ്റീവ്. ഇവർ ഇപ്പോൾ ആലക്കോട് അടുത്തുള്ള വെള്ളാട് താമസിക്കുന്നു.



**മോളി**യെ (8547284329) വിവാഹം ചെയ്തിരിക്കുന്നത് രയരോം ഇടവക ഇലവുംകുന്നേൽ ചാക്കോ - മേരി മകൻ **സാജു** ആണ്. മോളി ഗവൺമെൻറ് സർവീസിൽ നിന്നും ചീഫ് നഴ്സിംഗ് ഓഫീസറായി റിട്ടയർ ചെയ്തു. ഷാജു സൗദിയിൽ ആയിരുന്നു. മക്കൾ സച്ചിൻ, ആൻ മേരി എന്നിവർ. സച്ചിൻ എൻജിനീയറായി ജോലി ചെയ്യുന്നു. ആൻമേരി സിയെയ്ക്ക് പഠിക്കുന്നു.



**ജെസ്സി**യെ (9495149143)വിവാഹം കഴിച്ചത് ആലക്കോട് പാറയ്ക്കൽ സ്കറിയ-മേരി ദമ്പതികളുടെ മകൻ **നെൽസൺ** ആണ്. ജെസ്സി അധ്യാപികയും നെൽസൺ ഇലക്ട്രിക്കൽ കോൺട്രാക്റ്ററുമാണ്. ഇവരുടെ മക്കൾ അമല ഡോൺ, എന്നിവർ.







**ഷൈനി**യെ (8547084339) വിവാഹം ചെയ്തിരിക്കുന്നത് പയ്യാവൂർ മടപ്പാം തോട്ടത്തിൽ വർഗീസ് - തെയ്യാമ്മ ദമ്പതികളുടെ മകൻ ഫ്രാൻസി എന്നു വിളിക്കുന്ന **ഫ്രാൻസിസ്** ആണ്.ഫ്രാൻസിസ് തേർത്തല്ലിയിൽ ബിസിനസ് ചെയ്യുന്നു.ഇവർക്ക് മക്കൾ നാലുപേർ.മാർട്ടീന, ജോർജ്, മാർട്ടിൻ, ജെറാൾഡ് എന്നിവർ.മാർട്ടിന പിഎച്ച്.ഡി. ചെയ്യുന്നു.
ജോർജ് കെജിബിയിൽ ക്ലർക്ക് ആണ്. മാർട്ടിൻ ബാംഗ്ലൂർ എയർപോർട്ടിൽ ജോലി ചെയ്യുന്നു. ജെറാൾഡ് പഞ്ചാബിൽ ബിടെക് ചെയ്യുന്നു. ഇവർ ഇപ്പോൾ തേർത്തല്ലിയിലാണ് താമസിക്കുന്നത്.

## B2C1. തച്ചറുകുഴിയിൽ കുഞ്ഞുമ്മന്റെ മകൻ തോമസിന്റെ കുടുംബം. (പാലാവയൽ: 9847742232)

**തോമസിന്റെ** ഭാര്യ നെല്ലിപ്പാറ ദേവസ്യായുടെ മകൾ **ചിന്നമ്മ**യാണ്. ചിന്നമ്മ 2023 ജൂലൈ മാസം 31ന് നിര്യാതയായി. ഇവർക്ക് ഒരു മകൻ ജിൻസ്. ജിൻസ് അവിവാഹിതനാണ്.

## B2C2. തച്ചറുകുഴിയിൽ കുഞ്ഞുമ്മന്റെ മകൻ ജോസിന്റെ കുടുംബം. (ഉദയഗിരി)

**ജോസിന്റെ** ഭാര്യ മണക്കടവ് പാലയ്ക്കൽ തങ്കമ്മയാണ്. ഈ ദമ്പതികളുടെ മക്കൾ **സാജൻ**, സാബു എന്നിവരാണ്.
രണ്ടുപേരും അവിവാഹിതർ.

## B2C3. തച്ചറുകുഴിയിൽ കുഞ്ഞുമ്മന്റെ മകൻ ബേബിയുടെ കുടുംബം. (പാലാവയൽ9747964704)



**ബേബി**യുടെ ഭാര്യ കാസർഗോഡ് കളരുപാറ ചാക്കോ -മേരി മകൾ **ശാന്തമ്മ**യാണ്, ഇവരുടെ മക്കൾ ഷെറിൻ,ഷർമ്മി. എബിൻ എന്നിവരാണ്.**എബിൻ** കാനഡയിൽ മെക്കാനിക്കൽ എൻജിനീയറാണ്.

**ഷെറിനെ** വിവാഹം കഴിച്ചത് **ജിസ്** ആണ്. ഷെറിൻ നേഴ്സും ജിസ് വിദേശത്തുമാണ്. ഒരു മകനുണ്ട്.ജെറോൻ.

**ഷർമ്മിയുടെ** ഭർത്താവ് **അരുൺ.** ഷർമ്മി മസ്കറ്റിൽ നേഴ്സും അരുൺ ഹോട്ടൽ മാനേജുമെന്റിലുമാണ്.

മക്കൾ രണ്ടുപേർ.ഏമ്മി,എബിലി എന്നിവർ.

## B2C4. തച്ചറുകുഴിയിൽ കുഞ്ഞുമ്മന്റെ മകൻ ജോണിന്റെ കുടുംബം. (പാലാവയൽ: 8086298826)



**ജോൺ** വിവാഹം ചെയ്തത് രാമപുരം ഇടവക തോണിക്കൽ അഗസ്റ്റിൻ - മേരി മകൾ **ബെറ്റി**യെയാണ്. ഇവരുടെ മക്കൾ ആൻ മരിയ, ടോം,ഗ്രേസ് മരിയ, എന്നിവരാണ്. ആൻ മരിയ ഗൾഫിൽ നേഴ്സ് ആണ്.

## B2C5. തച്ചറുകുഴിയിൽ കുഞ്ഞുമ്മന്റെ മകൻ റോയിയുടെ കുടുംബം. (പാലാവയൽ 9846048434)



മീന്തുള്ളി (കോഴിച്ചാൽ) ചെല്ലക്കോട്ട് ജോസഫ് -ത്രേസ്യാമ്മ മകൾ **മേരിക്കുട്ടി**യാണ് **റോയി**യുടെ ഭാര്യ.

ഇവരുടെ മക്കൾ അലീന, അനു ട്രീസ എന്നിവർ .

പ്രൊഫഷണൽ ഫോട്ടോ ഗ്രാഫറായ റോയി പാലാവയലിൽ സ്റ്റുഡിയോ നടത്തുകയാണ്. ഒരു സ്പോർട്സ് താരം കൂടിയായ റോയി നാഷണൽ മാസ്റ്റേഴ്സ് മീറ്റിൽ മെഡൽ ജേതാവാണ്. ഷോട്ട്പുട്ടിൽ സ്വർണവും ഹൈജമ്പിൽ വെള്ളിയും റോയി കരസ്ഥമാക്കിയിട്ടുണ്ട്. റോയി മുൻ കാസർഗോഡ് ജില്ലാ വോളിബോൾ ടീം അംഗമായിരുന്നു.

**അലീന**യെ വിവാഹം കഴിച്ചത് ചിറ്റാരിക്കാൽ എലഞ്ഞിമറ്റം സണ്ണി - ബീന ദമ്പതികളുടെ മകൻ **ഫിലിപ്പ്** ആണ്. അലീന എഞ്ചിനീയറാണ്. രണ്ടുപേരും പ്രൈവറ്റ് കമ്പനിയിൽ ജോലി ചെയ്യുന്നു.

**അനുട്രീസ** ലണ്ടനിൽ ബി ഫാം പഠിക്കുന്നു





## B2D. തച്ചറുകുഴിയിൽ തൊമ്മൻ മകൻ വർക്കിയുടെ കുടുംബം. (പാലാവയൽ)



**വർക്കിയുടെ** ഭാര്യ ഏഴാച്ചേരി ഇടവക കരിങ്ങഴ ശാസ്താംപടവിൽ ഔസേഫ് -അന്ന മകൾ **ആഗ്നസ്** എന്ന ആലീസാണ്. വർക്കി 28.03.2002 ൽ മരണപ്പെട്ടു. ആലീസ് 2024 മാർച്ച് 12ന് നിര്യാതയായി. ഈ ദമ്പതികളുടെ മക്കൾ മരിയ. എൽസി, സെലിൻ, പുഷ്പകുമാരി, ലില്ലിക്കുട്ടി, ജയലത, ടോംജോസ്, ജാൻസി, കുസുമം എന്നിവരാണ്.

**മരിയയെ** വിവാഹം ചെയ്തത് പാലാവയൽ കുന്നപ്പിള്ളി കൊട്ടാരത്തിൽ **തോമസാണ്.** തോമസ് അദ്ധ്യാപകനാണ്. മരിയ അദ്ധ്യാപികയും. മരിയ 1998 നവംബർ 19ാം തിയ്യതി മരിച്ചു പോയി. ഇവരുടെ മക്കൾ അഭിലാഷ്, അഞ്ജലി അശ്വിനി എന്നിവരാണ്.



**എൽസി** ആരാധന സഭയിൽ ചേർന്ന് **സി. ആൻസി ജോർജ്** എന്ന പേര് സ്വീകരിച്ചു. 1974 ഏപ്രിൽ മാസം മുപ്പതാം തീയതി വ്രത വാഗ്ദാനം സ്വീകരിച്ച സി. എൽസി ജോർജ് തലശ്ശേരി ജോസ് ഗിരി ഹോസ്പിറ്റലിൽ 12 വർഷം നേഴ്സ് ആയി സേവനം ചെയ്തു.

തുടർന്ന് മാലോം, മെഡിക്കൽ സെൻറർ മംഗലാപുരം എന്നിവിടങ്ങളിലെ സേവനത്തിനുശേഷം ഇപ്പോൾ 23 വർഷമായി ഗുജറാത്തിലെ ഗാന്ധിധാമിനടുത്തുള്ള നാനിക്കട്ടേച്ചി എന്ന ഗ്രാമത്തിൽ നേഴ്സ് ആയി സേവനം ചെയ്യുന്നു. 1983 ഏപ്രിൽ മാസം 23 തീയതി ഫൈനൽ പ്രൊഫഷൻ കഴിഞ്ഞ സി.ആൻസി ജോർജ് വ്രതവാഗ്ദാനത്തിന്റെ അമ്പതാം വാർഷികത്തിലാണ്.

**സെലിനെ** വിവാഹം ചെയ്തിരിക്കുന്നത് തിരുവനന്തപുരം ആലുംകീഴ്വട്ടത്ത് ഗീവർഗീസ് -അന്നമ്മ മകൻ **ജോർജ് വർഗീസാണ്.**

ഇവരുടെ മക്കൾ ജോമോൻ, ജിജിമോൾഎന്നിവരാണ്.



നേഴ്സ് ആയ സെലിൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്ന് നഴ്സിംഗ് സൂപ്രണ്ട് ആയി റിട്ടയർ ചെയ്തു.
ജോർജ് തിരുവനന്തപുരത്ത് ബിസിനസ് ചെയ്യുന്നു.
ജോമോൻ എയർ ഇന്ത്യ എക്സ്പ്രസിൽ പൈലറ്റ് ആണ്.
ജിജിമോൾ ചെന്നൈയിൽ ജോലി ചെയ്യുന്നു. ഇവർ തിരുവനന്തപുരത്താണ് താമസിക്കുന്നത്.



**പുഷ്പകുമാരിയെ** (ഗ്രേസിയെന്നും വിളിക്കും) കണ്ണോത്ത് പള്ളി ഇടവക പൊൻകല്ലിങ്കൽ പൗലോസ് -മറിയാമ്മ മകൻ **തോമസ്** വിവാഹം ചെയ്തു. രണ്ടുപേരും അധ്യാപകരായിരുന്നു. ഇവരുടെ മക്കൾ എഡ്വിൻ, ആൽവിൻ എന്നിവർ.
എഡ്വിൻ യുകെയിലും ആൽവിൻ ഓസ്ട്രേലിയയിലും ആണ്.

**ലില്ലിയെ** (ലില്ലിക്കുട്ടി എന്നും വിളിക്കപ്പെടുന്നു.) തേർത്തല്ലി വട്ടമല തോമസ് -ഏലി മകൻ **ജോസ്** വിവാഹം ചെയ്തു. ലില്ലി ഒരു റിട്ടയേഡ് ടീച്ചറാണ്. ജോസ് ആലക്കോട് പഞ്ചായത്ത് മുൻ പ്രസിഡൻറ് ആണ്. മക്കൾ ലിജോ, ജോസ്മി എന്നിവർ. ലിജോ യുകെയിലും ജോസ്മി ബാംഗ്ലൂരും ആണ്.

**സിസിലിയാമ്മ**(ജയലത)യെ വിവാഹം ചെയ്തത് കണ്ണിവയൽ പതാലിൽ മാത്യു-ത്രേസ്യാമ്മ മകൻ **ജോഷി**യാണ് . ജോഷി 2022 ജനുവരി 21ന് മരണമടഞ്ഞു. ഇവർക്ക് രണ്ട് മക്കളാണുള്ളത്. അങ്കിത് , ഗീതിക എന്നിവർ. ഗീതിക യുകെയിൽ നേഴ്സ് ആണ്.

**ജാൻസിയെ** വിവാഹം ചെയ്തത് കോട്ടയം പള്ളിക്കുന്നേൽ ദേവസ്യ-ത്രേസ്യാമ്മ മകൻ **സേവിയർ** ആണ്. ഇവരുടെ മക്കൾ അലൻ, അമൽ എന്നിവർ.



# സ്നേഹസ്മരണയ്ക്ക്



**വർക്കി** | **ആഗ്നസ്** (ആലിസ്)
28-03-2002 | 12-03-2024

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

**ഷൈനി**(കുസുമം)യെ വിവാഹം ചെയ്തത് ചിറ്റാരിക്കാൽ മണ്ഡപം പുള്ളോലിൽ കുര്യൻ-ത്രേസ്യാമ്മ മകൻ **മൈക്കിൾ** ആണ്. നേഴ്സ് ആയിരുന്ന ഷൈനി ഇപ്പോൾ യുകെയിൽ ജോലി ചെയ്യുന്നു.മൈക്കിളും യുകെയിലാണ്. ഇവരുടെ മക്കൾ ഗലീനോ, ലിസ്ബത്ത് എന്നിവരാണ്.ഇവരെല്ലാവരും യുകെയിലാണ്.



**B2D1. തച്ചറുകുഴിയിൽ വർക്കിയുടെ മകൻ ടോം ജോസിന്റെ കുടുംബം (പാലാവയൽ)**



**ടോംജോസ്** വിവാഹം ചെയ്തിരിക്കുന്നത് കോഴിക്കോട് ചേവായൂർ കുടിയിരുപ്പിൽ പ്രൊഫസർ കെ ജി ജോസഫിന്റെയും അച്ചാമ്മ ജോസഫിന്റെയും മകൾ **ഡോ. സ്വപ്നയെ**യാണ്. ടോം ജോസ് ലണ്ടൻ ആസ്ഥാനമായ ഷെൽ ഓയിൽ കമ്പനിയുടെ ഷിപ്പിൽ ചീഫ് എൻജിനീയറാണ്. നേഴ്സിങ്ങിൽ പി.എച്ച്.ഡി എടുത്ത ഡോ. സ്വപ്ന ഇപ്പോൾ തലശ്ശേരി കോഓപ്പറേറ്റീവ് കോളേജ് ഓഫ് നഴ്സിംഗിൽ പ്രിൻസിപ്പലാണ്. ഇവരുടെ മക്കൾ മിലി, നിവ എന്നിവർ.

**മിലി** എംബിബിഎസ് കഴിഞ്ഞ് മംഗലാപുരത്ത് ഇന്റേൺഷിപ്പ് ചെയ്യുന്നു.

**നിവ** രണ്ടാം വർഷ എംബിബിഎസ് വിദ്യാർത്ഥിനിയാണ്.





## ശാഖ B ഉപശാഖ 3

## നടുവിലേടത്ത് കുടുംബം

കിഴക്കേ ഇളന്തോട്ടത്തിൽ ചാക്കോയുടെ മകൻ **മത്തായി** അന്തീനാട് നടുവിലേടത്ത് പറമ്പിൽ താമസമാക്കി. അതുകൊണ്ട് ആ ഉപശാഖ നടുവിലേടത്ത് എന്ന പേരിൽ അറിയപ്പെടുന്നു.





**മത്തായി** വിവാഹം ചെയ്തത്. അന്ത്യാളം ഇടവക എലിപ്പുലിക്കാട്ട് തൊമ്മൻ-മറിയം മകൾ **അന്നമ്മ**യെയാണ്. ഈ ദാമ്പത്യവല്ലരിയിൽ ഒമ്പത് സൂനങ്ങൾ വിടർന്നു.
അഞ്ച് ആണും നാല് പെണ്ണും.
കുഞ്ഞ്, തൊമ്മി. അന്നക്കുട്ടി, മറിയാമ്മ, ഏലിക്കുട്ടി, പാപ്പച്ചൻ, കുഞ്ഞപ്പ്, വർക്കിയച്ചൻ. ത്രേസ്യാമ്മ എന്നിവർ.

**അന്നക്കുട്ടി**യെ അന്തീനാട് ഇടവക മഞ്ഞക്കുന്നേൽ ഔസേഫ് - ഏലി മകൻ **കുഞ്ഞാണ്** വിവാഹം ചെയ്തിരിക്കുന്നത്. കുഞ്ഞും അന്നക്കുട്ടിയും മരിച്ചുപോയി. അവരുടെ മക്കൾ: ലീലാമ്മ തീക്കോയിൽ നെല്ലിയാക്കുന്നേൽ വക്കൻ വിവാഹം ചെയ്തു. മേരി കൊച്ചുകരിമ്പനിൽ തലച്ചിറ കുട്ടി വിവാഹം ചെയ്തു. അവിവാഹിതയായിരുന്ന തെയ്യാമ്മയും സെലിനും മരിച്ചുപോയി .അച്ചാമ്മ രാമപുരം ഇടവകയിൽ പുളിക്കൽ കുഞ്ഞൂഞ്ഞ് വിവാഹം ചെയ്തു. കുട്ടിയമ്മ ഫ്രാൻസിസ്കൻ ക്ലാരിസ് സഭയിൽ ഭോപ്പാൽ പ്രോവിൻസിൽ ചേർന്ന് മധ്യപ്രദേശിൽ മിഷൻ വേല ചെയ്യുന്നു. **സി. ഫിലോമിൻ ജോസ് എഫ്.സി.സി.**

**കുഞ്ഞുമോൾ** ഇരിങ്ങാലക്കുട ചെമ്പകശ്ശേരിൽ കുഞ്ഞിപ്പാലു മകൻ **ബാബു** വിവാഹം ചെയ്തു. അപ്പച്ചൻ നെല്ലിമറ്റത്ത് താമസിക്കുന്നു. അപ്പച്ചന്റെ ഭാര്യ മാലിപ്പാറ കുന്നേൽ മത്തായി - മറിയം മകൾ സിസിലിയാണ്. കുഞ്ഞൂഞ്ഞ് മങ്കുവയിൽ താമസിക്കുന്നു. ഭാര്യ മൂലമറ്റം ഇടവക മച്ചിയാട്ട് ലാലിയാണ്.മാത്തുക്കുട്ടി എള്ളുംപുറത്ത് താമസിക്കുന്നു.

**മറിയാമ്മയെ** വിവാഹം ചെയ്തത് അന്തീനാട് ഇടവക ഇല്ലിക്കൽ (വേലംകുന്നേൽ) തൊമ്മൻ-ത്രേസ്യാ മകൻ **കുഞ്ഞാണ്.** മറിയാമ്മ മരിച്ചുപോയി. അവരുടെ മക്കൾ: തോമ്മാച്ചൻ ഭാര്യ ആട്ടപ്പാട്ട് ലില്ലി. ഭരണങ്ങാനത്ത് താമസിക്കുന്നു. പാപ്പച്ചൻ-ഭാര്യ ഓടയ്ക്കൽ ആൽബി. കുര്യാച്ചൻ -ഭാര്യ വലവൂർ അഴികണ്ണിക്കൽ റെജി, മാത്യു (മരണപ്പെട്ടു) സണ്ണി. പെൺമക്കളിൽ മൂന്നുപേരിൽ ഒരാൾ കന്യാസ്ത്രിയായി. പേര് **സി. ടെസ്സ് വേലാംകുന്നേൽ എഫ്.സി.സി.** മറ്റ് രണ്ട് പേർ ഇവരാണ് ചിന്നക്കുട്ടി (മരണപ്പെട്ടു), ജെസ്സിമോൾ.

**ഏലിക്കുട്ടിയെ** വിവാഹം ചെയ്തത് കടനാട് ഇടവക ഈരുരിക്കൽ മാണി-മറിയം മകൻ **പാപ്പച്ചനാണ്.** ഇപ്പോൾ മാനത്തൂര് താമസിക്കുന്നു. അവരുടെ മക്കൾ മേരി ഭർത്താവ് പാലത്തുങ്കച്ചാലിൽ കുട്ടിച്ചൻ. കുട്ടിയമ്മ ഭർത്താവ് നെയ്യശ്ശേരി അച്ചാരുകുടിയിൽ പാപ്പച്ചൻ. അമ്മിണി ഭർത്താവ് ഉടുമ്പന്നൂര് മണിമലതറപ്പേൽ ജോയി, അപ്പച്ചൻ ഭാര്യ മറ്റത്തിപ്പാറ. കുട്ടിയാനിയ്ക്കൽ സലോമി.

ആൺമക്കളിൽ രണ്ടുപേർ **പാപ്പച്ചനും കുഞ്ഞപ്പും** വൈദികരായി. പാപ്പച്ചൻ ദിവ്യകാരുണ്യ മിഷനറി സഭയിൽ ചേർന്ന് 1958 മേയ് 28ാം തിയതി കോതമംഗലം കത്തീഡ്രൽ പള്ളിയിൽ വച്ച് കോതമംഗലം മെത്രാൻ അഭിവന്ദ്യ മാത്യു പോത്തനാമുഴിപ്പിതാവിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. **ഫാ. മാത്യു പാമ്പയ്ക്കൽ M.C.B.S.**



കരിമ്പാനി, പൈസക്കരി, ശ്രീകണ്ഠമംഗലം, കാടഞ്ചിറ എന്നീ ആശ്രമങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്. കുറച്ചുകാലം കോതമംഗലം രൂപതയിൽപ്പെട്ട തെന്നത്തൂർ പള്ളി വികാരിയായും ജോലി നോക്കി. രോഗബാധിതനായി ഒരു വർഷത്തോളം പല ആശുപ്രതികളിലും ചികിത്സ നടത്തി. 1966 നവംബർ 22-ാം തിയതി ഭരണങ്ങാനം മേരിഗിരി ആശുപത്രിയിൽ വച്ച് അകാലചരമമടഞ്ഞു. 23-ാം തിയതി വൈദികരുടെയും കന്യാസ്ത്രീകളുടെയും ജനാവലിയുടെയും സാന്നിദ്ധ്യത്തിൽ പാലാ രൂപത വികാരി ജനറാൾ മോൺ ഫിലിപ്പ് വാലിയിലിന്റെ കാർമ്മികത്വത്തിൽ സ്വന്തം ഇടവകയായ അന്തീനാട് സെന്റ് ജോസഫ്സ് ദേവാലയത്തിൽ അടക്കം ചെയ്തു.





**കുഞ്ഞേപ്പ്:** വിൻസെൻഷ്യൻ സഭയിൽ ചേർന്ന്, 1958 മാർച്ച് 11ാം തിയതി എറണാകുളം മെത്രാപ്പോലീത്താ അഭിവന്ദ്യ ജോസഫ് പാറേക്കാട്ടിൽ (പിന്നീട് കർദ്ദിനാൾ) തിരുമേനിയിൽ നിന്നും മംഗലപ്പുഴ സെമിനാരിയിൽ വച്ച് വൈദികപട്ടം സ്വീകരിച്ചു **ഫാ. ജോസഫ് പാമ്പയ്ക്കൽ വി.സി.** 12ാം തീയതി അങ്കമാലി വിൻസെൻഷ്യൻ ആശ്രമത്തിൽ പ്രഥമ ദിവ്യബലിയർപ്പിച്ചു. വൈദികനായി അധികം കഴിയുന്നതിനു മുൻപേ കോതമംഗലം രൂപതയിൽ അജപാലനത്തിനായി നിയമിക്കപ്പെട്ടു.



വട്ടിയാർ, കൂത്തുപാറ, പൊൻമുടി, കല്ലാർകുട്ടി, പന്നിയാർകൂട്ടി പള്ളികളിലായി രണ്ടുവർഷത്തോളം സേവനം ചെയ്തു. തുടർന്ന് അങ്കമാലിയിൽ സെന്റ് വിൻസെന്റ് പെറ്റി സെമിനാരി റെക്ടറായി. അവിടെയും രണ്ടുവർഷം പൂർത്തിയാക്കിയ ശേഷം വിൻസെൻഷ്യൻ സഭയുടെ കേരളത്തിനു പുറത്തുള്ള ആദ്യത്തെ മിഷൻ സേലം രൂപതയിലെ അടൈക്കലപുരത്തേയ്ക്ക് നിയോഗിക്കപ്പെട്ടു. അവിടെ അഞ്ചു വർഷം മിഷനറിയായി പ്രവർത്തിച്ചു. അവിടെ കെളമംഗലത്ത് ഒരു പള്ളിപണിയിക്കുകയും അടൈക്കലപുരത്തും ഡങ്കനികോട്ടയിലും ഓരോ പ്രൈമറി സ്കൂൾ സ്ഥാപിക്കുകയും ചെയ്തു. കൂടാതെ അടൈക്കലപുരത്തും ഡെന്നി കോട്ടയിലും പള്ളി പണിയാനുള്ള പ്രാരംഭ നടപടികൾ നടത്തുകയും ചെയ്ത ശേഷം 1967 ൽ അങ്കമാലിയിലേക്ക് സ്ഥലം മാറി. സുപ്പീരിയർ ജനറലിന്റെയും പ്രൊവിൻഷ്യാളിന്റെയും ആലോചനക്കാരനായും പ്രൊക്കുറേറ്റർ ജനറൽ, പ്രിൻസിപ്പൽ, ആശ്രമ സുപ്പീരിയർ, വിദ്യാ ഭവൻ റെക്ടർ, റീജയണൽ സുപ്പീരിയർ തുടങ്ങിയ വിവിധ തസ്തികകളിലും പ്രവർത്തിച്ചിട്ടുണ്ട്, 1974ൽ അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും പര്യടനം നടത്തി. 1974 നവംബർ 20-ാം തിയതി വത്തിക്കാനിൽ വച്ച് ആറാംപോൾ മാർപ്പാപ്പ തിരുമേനിയുമായി കൂടിക്കാഴ്ച നടത്താൻ ഭാഗ്യം ലഭിച്ചു.

മടക്ക യാത്രയിൽ ജറുസലേം തുടങ്ങിയ പുണ്യ സ്ഥലങ്ങളും സന്ദർശിക്കുകയുണ്ടായി. 1975 ൽ (ധ്യാനപ്രസംഗത്തിനുവേണ്ടി) ഗൾഫിലും മലയാളി ക്രൈസ്തവരുടെ അസോസിയേഷൻ ക്ഷണപ്രകാരം പോയിട്ടുണ്ട്. 1983 മാർച്ച് 11ാം തീയതി പൗരോഹിത്യ രജത ജൂബിലി ആഘോഷിച്ചു.

**ഒസ്സാനാം ആധുനിക യുഗത്തിൽ, ഇതോ ജീവിതം, വിജയത്തിന്റെ വഴികൾ, പ്രതിദിന ധ്യാനങ്ങൾ (5 ഭാഗങ്ങൾ)** എന്നീ പുസ്തകങ്ങൾ തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കുന്നതിൽ ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്.

**'ആരാണ് മാർപ്പാപ്പ'** എന്ന ഒരു ലഘുകൃതി 1986 ൽ മാർപ്പാപ്പ (ജോണ് പോൾ രണ്ടാമൻ തിരുമേനിയുടെ കേരള സന്ദർശന വേളയിൽ പി.എം. ജോസഫ് പാലാ എന്ന തൂലികാനാമത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വചന പ്രഘോഷണത്തിൽ നിരന്തരം ഏർപ്പെട്ടുകൊണ്ടിരിക്കുന്നു.

ഗാനരചനാ രംഗത്ത് ബഹു. കുഞ്ഞേപ്പച്ചൻ പ്രശസ്തി ആർജ്ജിച്ചിരുന്നു. **'ജീവിതതോണി തുഴഞ്ഞ് തുഴഞ്ഞ്' (സായൂജ്യം) 'ഗോ ൽഗോഥായിലെ പരമയാഗം' (പ്രപഞ്ചം)** തുടങ്ങിയ അദ്ദേഹത്തിൻറ ഗാനങ്ങൾ പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ളവയാണ്. അദ്ദേഹത്തിൻറ അൻപതോളം ഗാനങ്ങൾ വിവിധ കാസറ്റുകളിലായി പ്രസിദ്ധീകൃത മായിട്ടുണ്ട്. **സായൂജ്യം. സ്പന്ദനം** എന്നീ കാസറ്റുകൾ സ്വന്തം പേരിൽ പ്രസിദ്ധീകരിച്ചവയാണ്.

വിൻസെഷ്യൻ സഭയിലേ പ്രമുഖാംഗങ്ങളിലൊരാളായിരുന്നു കുഞ്ഞേപ്പച്ചൻ. വിൻസെൻഷ്യൻ സഭയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികളുടെ ആധ്യാത്മിക ഗുരുവായിരുന്നു. സത്നാരൂപതയുടെ മെത്രാൻ മാർ മാത്യു വാണിയക്കിഴക്കേൽ തിരുമേനി കുഞ്ഞേപ്പച്ചന്റെ കീഴിൽ പരിശീലനം നേടിയ ആളാണ്.

ദൈവദാസന്മാരയ ഔറേലിയനച്ചന്റെയും സഖറിയാസച്ചന്റെയും ശിഷ്യഗണത്തിൽപ്പെടുന്നു പാപ്പച്ചനച്ചനും കുഞ്ഞേപ്പച്ചനും.

**കുഞ്ഞേപ്പച്ചൻ (ഫാദർ ജോസഫ് പാമ്പയ്ക്കൽ) 2021 ഓഗസ്റ്റ് മാസം 24-ാം തീയതി നമ്മെ വിട്ടു പിരിഞ്ഞു.** അച്ചൻറെ ഭൗതിക ശരീരം അങ്കമാലിയിൽ ഉള്ള വിൻസെൻഷ്യൻ മേരി മാതാ പ്രൊവിൻസിലെ പള്ളിയിൽ സംസ്കരിച്ചു.

**ത്രേസ്യാമ്മ** ആരാധനാസഭയുടെ പാലാ പ്രോവിൻസിൽ ചേർന്ന് 1960 മേയ് 18 ന് സഭാവസ്ത്രം സ്വീകരിക്കുകയും വ്രതവാഗ്ദാനം







ചെയ്യുകയും ചെയ്ത **സി. ജോസ് ട്രീസ S.A.B.S.** കർണാടകത്തിലെ ഷിമോഗയിലും മധ്യപ്രദേശിലെ ഭോപ്പാലിലും മഹാരാഷ്ട്രയിലെ ബോംബെയിലും കുറച്ചുനാൾ മിഷനറിയായി പ്രവർത്തിച്ചിട്ടുണ്ട്. 1985ൽ വ്രതവാഗ്ദാന രജതജൂബിലി അന്തീനാട് പള്ളിയിൽ വച്ച് ആഘോഷിച്ചു.

## B3A. നടുവിലേടത്തു മത്തായി മകൻ കുഞ്ഞിന്റെ കുടുംബം (കുട്ടുമുഖം)

പ്രവിത്താനം ഇടവക തെക്കേൽ (പനന്താനത്ത്) വർക്കി അന്ന മകൾ കുഞ്ഞു **പെണ്ണിനെയാണ് കുഞ്ഞ്** വിവാഹം ചെയ്തിരിക്കുന്നത് നാല് സന്താനങ്ങളാണവർക്കുള്ളത്. (മൂന്നുപേർ ശിശുക്കളായിരിക്കുമ്പോഴെ മരിച്ചുപോയി) ചിന്നമ്മ, പാപ്പച്ചൻ, വർക്കി കുട്ടിച്ചൻ എന്നിവർ.



**ചിന്നമ്മ** പാലായിൽ ആരാധന സഭയിൽ ചേർന്ന് കന്യാസ്ത്രീയായി **സി. ജെയിംസ് മരിയ S.A.B.S.**

## B3A1. നടുവിലേടത്ത് കുഞ്ഞിന്റെ മകൻ പാപ്പച്ചന്റെ കുടുംബം. (മണ്ടളം)

**പാപ്പച്ചൻ** വിവാഹം ചെയ്തിരിക്കുന്നത് ഇരട്ടയാർ ഇടവക മറ്റക്കരയിൽ വർക്കി-മറിയം മകൾ **കുട്ടിയമ്മ**യെയാണ്.

ഇവരുടെ മക്കൾ ഷാജി. ബേബി, ബെന്നി, ജെമിനി എന്നിവരാണ്.

**ജെമിനി**യെ വെള്ളാട് തോട്ടപ്പള്ളിൽ ജോൺ-മറിയം മകൻ **ബാബു** വിവാഹം ചെയ്തു. ഒരു മകളുണ്ട് അർച്ചന. ജെമിനി കോഴിക്കോട് ഫറോക്കിൽ താമസിക്കുന്നു. അർച്ചന യുകെ യിൽ ഹോസ്പിറ്റൽ മാനേജരായി ജോലി ചെയ്യുന്നു. കോഴിക്കോട് ഹോസ്റ്റൽ മാനേജരായി ജെമിനി ജോലി ചെയ്യുന്നു.

## B3A1a. നടുവിലേടത്തു പാപ്പച്ചൻ മകൻ ഷാജിയുടെ കുടുംബം. (മണ്ടളം)

**ഷാജി** വിവാഹം ചെയ്തിരിക്കുന്നത് ചെമ്പേരി ഉതിരകുടിശ്ശിമാക്കൽ ജോൺ-റോസ മകൾ **മോളി**യെയാണ്. ഇവരുടെ മക്കൾ അഖിലയും ദർശനയുമാണ്.

മോളി എൽഐസി ഏജന്റായി ജോലി ചെയ്യുന്നു.

**അഖിലയെ** വിവാഹം ചെയ്തത് ഉളിക്കൽ പുറവയൽ ചീരമറ്റത്തിൽ ജോൺസൺ-ഗ്രേസി ദമ്പതികളുടെ മകൻ **ജെഫിനാണ്** . അഖില ആയുർവേദ ഡോക്ടർ ആണ്. ജെഫിൻ ഇൻഷുറൻസ് കമ്പനിയിലും ജോലി ചെയ്യുന്നു. ഇവരുടെ മക്കൾ ആൽഫ്രഡ് , ഓസ്റ്റ്യൻ എന്നിവർ. ഇവർ എറണാകുളത്ത് താമസിക്കുന്നു.

**ദർശനയെ** വിവാഹം ചെയ്തത് കൊളക്കാട് കളമ്പുകാട്ട് ജോർജ് - മേരി മകൻ **മെൽവിൻ** ആണ്. ദർശന സൗദിയിൽ നേഴ്സ് ആയിരുന്നു.മെൽവിൻ ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു.

## B3A1b. നടുവിലേടത്ത് പാപ്പച്ചന്റെ മകൻ ബേബിയുടെ കുടുംബം. (മണ്ടളം)

ബാലേശുഗിരി (തളിപ്പറമ്പ്) തകിടിയേൽ കുര്യാക്കോസ് -ത്രേസ്യാമ്മ മകൾ **ലിസ്സി**യെയാണ് **ബേബി** വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് രണ്ടു മക്കൾ.അമൽ, അബിൻ എന്നിവർ. ബേബി സൗദിയിൽ ജോലി ചെയ്യുന്നു. അമൽ യുകെയിൽ ഡാറ്റ അനലിസ്റ്റാണ്.അബിൻ ബി ടെക്കിന് പഠിക്കുന്നു.

## B3A1c. നടുവിലേടത്ത് പാപ്പച്ചന്റെ മകൻ ബെന്നിയുടെ കുടുംബം (ചെമ്പൻതൊട്ടി +97471246168)



**ബെന്നി** വിവാഹം കഴിച്ചിരിക്കുന്നത് പാലാവയൽ മണ്ണഞ്ചേരി തോമസ്-ത്രേസ്യാമ്മ മകൾ **മിനി**യെയാണ്. ബെന്നി ഖത്തറിൽ ജോലി ചെയ്യുന്നു. മക്കൾ അക്ഷാ മരിയ, അസിൻ മരിയ.

## B3A2. നടുവിലേടത്തു കുഞ്ഞിന്റെ മകൻ വർക്കിയച്ചന്റെ കുടുംബം. (ധർമ്മസ്ഥല)

**വർക്കിയച്ചൻ** വിവാഹം ചെയ്തത് മണ്ടളം ഇടവക കുഴിപ്പാലയിൽ **മേരി**യെയാണ്. ഇവരുടെ മക്കൾ സാലു, ബിജു, മിനി എന്നിവരാണ്.

**മിനിയെ** (8971893686) വിവാഹം കഴിച്ചത് തോട്ടത്താടിയിൽ വാളൂക്കാരൻ ജോസ്-ഏലിയാമ്മ ദമ്പതികളുടെ മകൻ **ബേബി** (ജോസഫ്) ആണ്. ഇവരുടെ മക്കൾ ഡെറിൽ, ഡിവിന,ഡസ്ന എന്നിവരാണ്. ഡിവിനയും ഡസ്നയും ഇരട്ടകളാണ്.

ബേബി 16.8.2007ൽ നിര്യാതനായി.

## B3A2a. നടുവിലേടത്ത് വർക്കിയച്ചന്റെ മകൻ സാലുവിന്റെ കുടുംബം (ധർമ്മസ്ഥല 7624838299)

**സാലു** വിവാഹം ചെയ്തിരിക്കുന്നത് ഗണ്ഡിബാഗ് പുളിമൂട്ടിൽ





ജോസഫ്-ത്രേസ്യാമ്മ മകൾ മേരി (ബിന്ദു) യെയാണ്. ഇവർക്ക് മൂന്ന് മക്കൾ.ധന്യ, നവ്യ, സാവിയോ.



**നവ്യ** എഫ്.സി. കോൺവെന്റിൽ ചേർന്ന് സിസ്റ്റർ ആയി **സിസ്റ്റർ നവ്യ അൽഫോൻസാ, എഫ്.സി.സി.** ഇപ്പോൾ കൽപ്പറ്റയിൽ നേഴ്സിങ് പഠിക്കുന്നു. ധന്യ ജർമനിയിൽ നേഴ്സ് ആയി ജോലി ചെയ്യുന്നു. സാവിയോ പഠിക്കുന്നു

## B3A2 b. നടുവിലേടത്ത് വർക്കിയച്ചന്റെ മകൻ ബിജുവിന്റെ കുടുംബം (ധർമ്മസ്ഥല)



ധർമ്മസ്ഥല ഇടവക മേടയിൽ തോമസ്-മേരി മകൾ **ഏലിയാമ്മ**യാണ് **ബിജു**വിന്റെ ഭാര്യ. ഇവർക്ക് മൂന്നു മക്കളുണ്ട്. റിജു. റിയ, റിനി. റിജു എറണാകുളത്ത് ജോലി ചെയ്യുന്നു. റിജുവും റിയയും ഇരട്ട സഹോദരങ്ങളാണ്.

**റിയയെ** വിവാഹം കഴിച്ചത് നെല്ലിയാടി ഉറപ്പാങ്കൽ ജോസ് -ലീലാമ്മ മകൻ **അനീഷ്** ആണ്. റിയ ഹയർസെക്കൻഡറി സ്കൂൾ അധ്യാപികയാണ്. അനീഷ് സഹകരണ ബാങ്ക് ഉദ്യോഗസ്ഥനും ഒരു മകൻ ആൻസൺ.

**റിനിയെ** വിവാഹം കഴിച്ചത് തോപ്പിൽ സാബു-സെലിൻ മകൻ **ഷിനു** ആണ്. റിനിയും ഷിനുവും ഐടി ജീവനക്കാരാണ് ഇവരുടെ മക്കൾ എസ്തർ, മരിയ എന്നിവർ.

**B3A3, നടുവിലേടത്ത് കുഞ്ഞിന്റെ മകൻ കുട്ടിയച്ചന്റെ (ചാക്കോ) കുടുംബം (കൂട്ടുമുഖം 9400585171)**

**കുട്ടിയച്ചന്റെ** ഭാര്യ കണ്ണൂർ പടന്നപ്പാലം ബർണ്ണശ്ശേരി ലിൻസി വില്ലായിൽ **ഫിലിസാണ്.** ഒരു മകനുണ്ട്. ജിന്റോ. ഇവർ ഇപ്പോ ൾ ശ്രീകണ്ഠാപുരം കൂട്ടുമുഖത്തിനടുത്തുള്ള പന്നിയാൽ എന്ന സ്ഥലത്ത് താമസിക്കുന്നു.

**B3A3a. നടുവിലേടത്ത് കുട്ടിയച്ചന്റെ മകൻ ജിന്റോയുടെ കുടുംബം (കാനഡ)**

**ജിന്റോ** വിവാഹം കഴിച്ചത് മാനന്തവാടി ചുണ്ടക്കര പള്ളിപറമ്പിൽ ലുയിസ്-ഗ്രെയ്സമ്മ മകൾ **ലിന്റായെയാണ്.** ഇവർ രണ്ടുപേരും കാനഡയിലാണ്. ജിന്റോ എൻജിനിയറായും ലിന്റാ IT മേഖലയിലും ജോലി ചെയ്യുന്നു.

**B3b. നടുവിലേടത്ത് മത്തായിയുടെ മകൻ തൊമ്മിയുടെ കുടുംബം**

**തൊമ്മിയുടെ** ഭാര്യ മരങ്ങാട്ടുപള്ളി ഇടവക കറിക്കാട്ടുകണ്ണിയൽ (പുളിക്കീൽ) വർക്കി-റോസ് മകൾ **തെയ്യാമ്മയാണ്.** തെയ്യാമ്മ 1996 നവംബർ 12ന് മരണപ്പെട്ടു. ഈ ദമ്പതികളുടെ മക്കൾ താഴെ പറയുന്നവരാണ് അന്നാമ്മ, മാത്തച്ചൻ, ജോർജ്, ജോസ്, സാലി. തങ്കച്ചൻ. കുഞ്ഞുമോൾ, വിൻസെൻറ്.



**അന്നാമ്മ** ആരാധന സഭയിൽ പാലാ പോവിൻസിൽ ചേർന്ന് കന്യാസ്ത്രിയായി. **സി. ജെസ്സി മരിയ S.A.B.S.** 1995 മുതൽ 2000 വരെ പാലാ അൽഫോൻസാ കോളേജിൽ പ്രിൻസിപ്പലായി സേവനം ചെയ്തു. പിന്നീട് എട്ടുവർഷം തൊടുപുഴ മുട്ടം ഷന്താൾ ജ്യോതി പബ്ലിക് സ്കൂളിൽ പ്രിൻസിപ്പൽ ആയിരുന്നു. തുടർന്ന് 2009 മുതൽ 2015 വരെ ആറു വർഷം ആരാധന സഭയുടെ പാലാ പ്രൊവിൻസിന്റെ മദർ പ്രൊവിൻഷ്യൽ ആയിരുന്നു.2015 മുതൽ 21 വരെ ആരാധന സഭയുടെ ആലുവ ജനറലേറ്റിൽ വിദ്യാഭ്യാസ വിഭാഗത്തിന്റെ ചുമതലയുള്ള ജനറൽ കൗൺസിലറായി പ്രവർത്തിച്ചു.2022 മെയ് മാസം മുതൽ ബാംഗ്ലൂരിൽ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയോടനുബന്ധിച്ചുള്ള സന്നിധാന ഹോസ്റ്റലിൻറെ ചുമതല നോക്കുന്നു.







**മാത്തച്ചൻ** ഈശോസഭയിൽ, കേരളാ പ്രൊവിൻസിൽ ചേർന്ന് വൈദികനായി **ഫാ. പി.റ്റി.മാത്യു S.J.** ഈശോസഭയുടെ കേരളപ്രവിശ്യയിലെ അംഗമാണ്. 1982 ൽ വൈദിക പട്ടം സ്വീകരിച്ചു. കാലടിയിലുള്ള ജസ്വിറ്റ് തിയോളജി സെന്ററിൽ കുറെക്കാലം തിയോളജി അധ്യാപകനായിരുന്നു.

പിന്നീട് 2016 വരെ ഡൽഹിയിലുള്ള വിദ്യാജ്യോതി കോളജിൽ അധ്യാപകനായും വിദൂരവിദ്യാഭ്യാസ പദ്ധതിയുടെ ഡയറക്ടറായും ജോലിചെയ്തു. തിരികെ വന്ന് അഞ്ചുവർഷക്കാലം കോഴിക്കോട് കേന്ദ്രമാക്കി കേരള ജസ്വിറ്റ് പ്രൊവിൻഷ്യലിന്റെ അസിസ്റ്റന്റായി പ്രവർത്തിച്ചു. 2022 മുതൽ ത്രിപുരയിലെ ജസ്വിറ്റ് മിഷന്റെ സാരഥിയായി പ്രവർത്തിച്ചുവരുന്നു.

**സാലിയെ** തൊടുപുഴ ചിറ്റൂർ ഇടവകയിൽ അറുകാലിൽ മത്ത - ഏലിക്കുട്ടി മകൻ **ജോൺ** വിവാഹം ചെയ്തു. ഇവരുടെ മക്കൾ ഷെറിൻ, ഷാരോൺ, ഐറിൻ എന്നിവരാണ്. ഷെറിൻ-ഭർത്താവ് പാലാ പുല്ലാട്ട് ടോം. ഷെറിൻ കോളേജ് അധ്യാപികയും ടോം എസ് ബി ഐയിൽ മാനേജരും ആണ്.
ഷാരോൺ-ഭർത്താവ് ജോ തോട്ടുങ്കൽ കരിങ്കുന്നം. ഷാരോൺ സ്കൂൾ അധ്യാപികയും ജോ GST വിഭാഗത്തിൽ ഉദ്യോഗസ്ഥനുമാണ്.ഐറിൻ - ഭർത്താവ് ടോണി നമ്പ്യാപറമ്പിൽ വാഴകുളം. ഐറിൻ ഹയർസെക്കണ്ടറി അധ്യാപികയും ടോണി IT ഉദ്യോഗസ്ഥനുമാണ്.



**കുഞ്ഞുമോളെ**(മാർഗരറ്റ്) ചേർപ്പുങ്കൽ ഇടവക മണിമലയിൽ (പുളിന്താനം) ലൂക്കാ -അന്നമ്മ മകൻ **ജാൻസ്** വിവാഹം ചെയ്തു.

ഇവരുടെ മക്കൾ: ദീപക്, സന്ദീപ്, റിച്ചാർഡ് എന്നിവരാണ്.
ജാൻസ് കോട്ടയം ജില്ലാ സഹകരണ

ബാങ്ക് ഉദ്യോഗസ്ഥൻ ആയിരുന്നു. **ദീപക്** ഈശോ സഭയിൽ ചേർന്ന് നേപ്പാളിൽ **വൈദിക വിദ്യാർഥിയാണ്.** സന്ദീപ് എംജി യൂണിവേഴ്സിറ്റിയിൽ അസിസ്റ്റൻറ് ആയി ജോലി ചെയ്യുന്നു. ഭാര്യ കോതമംഗലം നടുകുടിയിൽ ആര്യ (PhD).
റിച്ചാർഡ് ബാംഗ്ലൂരിൽ എം ബി യെ പഠിക്കുന്നു.

### B3 B1. നടുവിലേടത്ത് തൊമ്മി മകൻ ജോർജിന്റെ കുടുംബം (നീലൂർ)



**ജോർജ്** വിവാഹം ചെയ്തിരിക്കുന്നത് അരീക്കുഴ മാതേയ്ക്കൽ ജോർജ് ത്രേസ്യാ മകൾ **മോളിയെ** ആണ് ഇവരുടെ മക്കൾ ടോജി, റോജി, തേജി എന്നിവരാണ്.

**റോജിയെ** വിവാഹം ചെയ്തിരിക്കുന്നത് ചങ്ങനാശ്ശേരി കുറുമ്പനാടം ചൊറിക്കാവുങ്ങൽ ഫിലിപ്പ്-അന്നമ്മ മകൻ **സതീഷ്** ആണ്. റോജിയും സതീഷും അയർലണ്ടിൽ നേഴ്സ്മാരാണ്.ഇവരുടെ മക്കൾ ആരോൺ, അനറ്റ്, ആൻസിയ എന്നിവരാണ് എല്ലാവരും അയർലണ്ടിലാണ്.

**തേജിയെ** വിവാഹം കഴിച്ചിരിക്കുന്നത് ഈരാറ്റുപേട്ട ചെറുകരകുന്നേൽ ഫിലിപ്പ് -ലില്ലി ദമ്പതികളുടെ മകൻ **സജീവ്** ആണ്. തേജി അരുവിത്തറ സെൻറ് ജോർജ് കോളേജിൽ ഇംഗ്ലീഷ് വിഭാഗം പ്രൊഫസർ ആണ്. സജീവ് ഗവൺമെൻറ് സ്കൂളിൽ അധ്യാപകനാണ് ഇവർക്ക് മക്കൾ മൂന്നു പേർ. എലേന, എമിൽ, എമിൽഡാ എന്നിവർ.

### B3B1a. നടുവിലേടത്തു ജോർജിന്റെ മകൻ ടോജിയുടെ കുടുംബം.

**ടോജി** വിവാഹം ചെയ്തിരിക്കുന്നത് പാല മാനത്തൂർ പാറേമാക്കൽ കുര്യൻ - മേഴ്സി ദമ്പതികളുടെ മകൾ **സ്റ്റെഫി**യെയാണ്. ടോജി ഹോട്ടൽ മാനേജ്മെൻറ് കഴിഞ്ഞ് ദുബായിൽ ആയിരുന്നു ഇപ്പോൾ കുമരകത്ത് ജോലി ചെയ്യുന്നു.
സ്റ്റെഫി സൗദിയിൽ നേഴ്സ് ആണ്.

### B3B2. നടുവിലേടത്ത് തൊമ്മി മകൻ ജോസിന്റെ കുടുംബം (തിരുവനന്തപുരം)

മണിമല പഴയിടം ഇടവക തറപ്പേൽ ജോസഫ് -തെയ്യാമ്മ മകൾ





**ലിസാ**യെയാണ് **ജോസ്** വിവാഹം ചെയ്തിരിക്കുന്നത്.
ജോസ് തിരുവനന്തപുരത്ത് തുമ്പ സെന്റ് സേവിയേഴ്സ് കോളേജ് അധ്യാപകനായിരുന്നു. ജോസ്-ലിസാ ദമ്പതികൾക്ക് രണ്ടു മക്കളുണ്ട്; അനശ്വര, അമൃത.



**അനശ്വര**യെ വിവാഹം കഴിച്ചിരിക്കുന്നത് ചങ്ങനാശ്ശേരി പുല്ലാംകളം **രാഹുൽ** ആണ്.
സ്പോർട്ട്സ് മാനേജ്മെന്റ് കമ്പനിയായ സ്പോർട്ട് ഹുഡിന്റെ സ്ഥാപകനും മാനേജിങ്ങ് ഡയറക്ടറും ആണ് രാഹുൽ. അനശ്വര ബാംഗ്ളൂരിൽ മാനേജ്മെന്റ് കൺസൽട്ടന്റ് ആയി ജോലി ചെയ്യുന്നു.
ഇവർക്ക് രഹാൻ, ടിയ എന്ന് രണ്ട് കുട്ടികൾ.

**അമൃത**യെ വിവാഹം കഴിച്ചിരിക്കുന്നത് തിരുവനന്തപുരം നന്തൻകോട് പാറോലിയ്ക്കൽ **ആൽബി**യാണ്' അമേരിക്കയിലെ സിറാക്യൂസ് യൂണിവേഴ്സിറ്റിയിൽ നിന്നും മാനേജ്മെന്റിൽ PhD നേടിയ ശേഷം നെതർലന്റിലെ ടിൽബർഗ് യൂണിവേഴ്സിറ്റിയിൽ പ്രൊഫസ്സറായി ആൽബി സേവനം ചെയ്യുന്നു. അമൃത അമേരിക്കയിലെ കോർണൽ യൂണിവേഴ്സിറ്റിയിൽ ഗവേഷണം നടത്തുന്നു. ആൽബി-അമൃത ദമ്പതികൾക്ക് ആഥീവ് എന്ന ഒരു മകനുണ്ട്.

### B3 B3. നടുവിലേടത്ത് തൊമ്മി മകൻ തങ്കച്ചന്റെ (ജെയിംസ്) കുടുംബം (പ്രവിത്താനം)

**തങ്കച്ചൻ** വിവാഹം ചെയ്തിരിക്കുന്നത് നെടിയശാല കളപ്പുരയിൽ മാത്യു-ലീലാമ്മ മകൾ **ബീന**യെയാണ്. ഇവരുടെ മക്കൾ റിസ്വിൻ, റോസ്മിൻ, റിയ എന്നിവരാണ്. വിദ്യാഭ്യാസപരമായ പുസ്തകങ്ങളുടെ പബ്ലിഷറാണ് തങ്കച്ചൻ. റിസ്വിൻ കാനഡയിൽ എൻജിനീയറാണ്.

**റോസ്മിനെ** വിവാഹം ചെയ്തത് ചങ്ങനാശ്ശേരി മല്ലപ്പള്ളി മണക്കുന്നേൽ സാബു-ലൂസി മകൻ റിച്ചാർഡ് ആണ്. റോസ്മിൻ ഓസ്ട്രേലിയയിൽ എൻജിനീയറാണ്.റിച്ചാർഡും ഓസ്ട്രേലിയയിൽ ജോലി ചെയ്യുന്നു.

റിയയെ വിവാഹം ചെയ്തത് അതിരമ്പുഴ പൊന്നാറ്റിൽ സെബാസ്റ്റ്യൻ മേബിൾ മകൻ നിഖിൽ ആണ്. **റിയ** ചെന്നൈയിൽ ജോലി ചെയ്യുന്നു. **നിഖിൽ** എറണാകുളത്ത് ജോലി ചെയ്യുന്നു

### B3B4. നടുവിലേടത്ത് തൊമ്മി മകൻ വിൻസെന്റിന്റെ കുടുംബം (കടനാട്)



**വിൻസെന്റ്** വിവാഹം ചെയ്തിരിക്കുന്നത് മുഴൂർ പുവത്തോട്ടത്തിൽ മാണി-ത്രേസ്യാമ്മ മകൾ **കുഞ്ഞുമോളെ** (ആലിസ്)യാണ്. വിൻസെന്റ് ജോസ്കോ ഗ്രൂപ്പ് ഓഫ് ജുവലേഴ്സിൽ ഫിനാൻസ് മാനേജരാണ്. കുഞ്ഞുമോൾ ഹെൽത്ത് ഇൻസ്പെക്ടർ ആണ്. മക്കൾ ലിയോഷ,ലിയോൺ. ലിയോഷ ഫെഡറൽ ബാങ്ക് ഉദ്യോഗസ്ഥയാണ്. ലിയോൺ ഡിഗ്രി പഠനത്തോടൊപ്പം ഫിലിം സബ്ടൈറ്റിലർ ആയും ജോലി ചെയ്യുന്നു.

### B3C. നടുവിലേടത്ത് മത്തായി മകൻ വർക്കിയച്ചന്റെ കുടുംബം (അന്തീനാട്)



**വർക്കിയച്ചൻ** വിവാഹം ചെയ്തിരിക്കുന്നത് കരിയാട് പയ്യപ്പള്ളി ദേവസിക്കുട്ടി-മറിയംമകൾ **അമ്മിണി**യെയാണ്. വർക്കിയച്ചൻ 1988 ഫെബ്രുവരി 11-നും അമ്മിണി 2017 ഫെബ്രുവരി 11-നും മരണപ്പെട്ടു. ഈ ദമ്പതികൾക്ക് മൂന്ന് മക്കളാണുള്ളത്. ഗ്രെയ്സ്മോൻ,നൈസ്മോൾ, ജോയിസ് എന്നിവർ, വർക്കിയച്ചൻ ഒരു അദ്ധ്യാപകനായിരുന്നു. നൈസും ജോയ്സും അധ്യാപകരാണ്.

### B3C1. നടുവിലേടത്ത് വർക്കിയച്ചന്റെ മകൻ ജോയ്സിന്റെ കുടുംബം (യു എ ഇ)



**ജോയ്സ്** വിവാഹം കഴിച്ചിരിക്കുന്നത് കരിന്തകരകുന്നേൽ **ഡൈബി**യെയാണ്.ഇവർ കുടുംബസമേതം യുഎഇ യിലാണ് ഇവർക്ക് ഒരു മകൾ അന്ന തെരേസ്.





## സ്നേഹസ്മരണയ്ക്ക്



**വർക്കിയച്ചൻ** | **അമ്മിണി**

11-02-1988 | 11-02-2017

പാമ്പയ്ക്കൽ, കൊല്ലപ്പള്ളി



പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

## ശാഖ B ഉപശാഖ 4

# കിഴക്കേ ഇളന്തോട്ടത്തിൽ (തറവാട്) കുടുംബം

തറവാട് വീടായ കിഴക്കേ ഇളന്തോട്ടത്തിൽ താമസമാക്കിയത് ആഗസ്തി ചാക്കോയുടെ ഇളയമകനായ കൊച്ചാണ്. **കൊച്ച്** വിവാഹം ചെയ്തിരുന്നത് പ്രവിത്താനം ഇടവക തെക്കേൽ കുഞ്ഞുകൊച്ച് -മറിയം മകൾ **കൊച്ചുപെണ്ണിനെ**യാണ് ഇവരുടെ മക്കൾ കുഞ്ഞുപെണ്ണ്, ഏലിക്കുട്ടി, കുഞ്ഞ്, മറിയക്കുട്ടി, ത്രേസ്യാമ്മ, വർക്കിയച്ചൻ, ഔസേപ്പച്ചൻ, പെണ്ണി എന്നിവരാണ്. വേറെ മൂന്നുപേർ ശൈശവത്തിൽത്തന്നെ മരിച്ചു പോയിട്ടുണ്ട്.. (മറിയക്കുട്ടി, റോസ, റോസ്) കൊച്ചുപെണ്ണി 1951 ഏപ്രിൽ 28നും, കൊച്ച് 1984 ജൂലൈ 7നും നിര്യാതരായി.

**കുഞ്ഞുപെണ്ണിനെ** പെരുമാലിയിൽ **ജോൺ** ആണ് വിവാഹം ചെയ്തത്. ജോൺ 1985 ഡിസംബർ 20 നും കുഞ്ഞുപെണ്ണ് 2006 മെയ് 29 നും മരണമടഞ്ഞു. ഇവരുടെ മക്കൾ താഴെപ്പറയുന്നവരാണ്.ഏലിക്കുട്ടി -ഭർത്താവ് തയ്യിൽ ബേബി, ജോസ്ഗിരി. മറിയക്കുട്ടി-ഭർത്താവ് കണംകൊമ്പിൽ മാത്തച്ചൻ, അട്ടപ്പാടി ത്രേസ്യാമ്മ -ഭർത്താവ് കിഴക്കേകുന്നേൽ അഗസ്റ്റിൻ വടകര. ഫിലോമിന-ഭർത്താവ് നടുവിലേടത്ത് മാത്തച്ചൻ. ജോസ് വൈദികനായി ഫാ. ജോസ് പെരുമാലിൽ 2018 ജനുവരി 1 നു മരണമടഞ്ഞു. ജോയി-ഭാര്യ രാമപുരം പുതിയിടത്തുചാലിൽ ഗ്രേസി. സെലിൻ -ഭർത്താവ് ചെറുവിള പുത്തൻപുരയിൽ മാത്യു, പുനലൂർ. ഗ്രേസി ഭർത്താവ് നടയിൽ ജോർജ്, അമേരിക്ക. ടോമി-ഭാര്യ ചീരംകുളത്തുകാലായിൽ ഫിലോമിന, അമേരിക്ക. ജസീന്താ - ഭർത്താവ് ജോർജ് തുമ്പാനിരപ്പേൽ, അമേരിക്ക. അപ്പച്ചൻ ഈശോസഭയുടെ പാറ്റ്നാ പ്രൊവിൻസിൽ ചേർന്ന് വൈദികനായി ഫാ. അഗസ്റ്റിൻ പെരുമാലിൽ S.J,

**ഏലിക്കുട്ടി** അവിവാഹിതയായിരുന്നു. 1991 ൽ മരിച്ചുപോയി.

**മറിയക്കുട്ടിയെ** വിവാഹം ചെയ്തിരിക്കുന്നത് നീലൂർ ഇടവക പുതിയിടത്തു മത്തായി മകൻ **പാപ്പച്ചനാണ്.** പാപ്പച്ചൻ 1999 ജൂലൈ 2 ന് മരിച്ചുപോയി. ഇവരുടെ മക്കൾ: കുഞ്ഞ് - ഭാര്യ പൊന്നമ്മ തോട്ടത്തിൽ.പാലാ, ലീലാമ്മ - ഭർത്താവ് നെടുനിലത്തു ജോർജ്, കാഞ്ഞിരത്താനം.





സെലിൻ-ഭർത്താവ് പള്ളിക്കത്തോട് പള്ളിവാതുക്കൽ മാത്തച്ചൻ. ചിന്നമ്മ-ഭർത്താവ് കണ്ടത്തിൻകര ബേബി, മരങ്ങാട്ടുപിള്ളി. ബാബു വെള്ളിയാമറ്റം- ഭാര്യ ചിലമ്പിക്കുന്നേൽ ജിസ്സി. സാവി യോ - ഭാര്യ മോനിപ്പിള്ളി മാമ്പിള്ളിൽ നീന.

**ത്രേസ്യാമ്മയും പെണ്ണിയും** ചേർത്തലയിലുള്ള അസ്സീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് എന്ന സന്യാസ സഭയിൽ ചേർന്ന് കന്യാസ്ത്രീകളായി, ത്രേസ്യാമ്മ: **സി. ജെർത്രൂത് ഫ്രാൻസീസ്** ASMI, 19.10.2023 നും പെണ്ണി: **സി. ജെസ്റ്റീന ഫ്രാൻസീസ്** ASMI 26.09.2000 ലും നിര്യാതരായി.

### B4A. കിഴക്കേ ഇളന്തോട്ടത്തിൽ കൊച്ചിന്റെ മകൻ കുഞ്ഞിന്റെ കുടുംബം

**കുഞ്ഞ്** (ജേക്കബ്) വിവാഹം ചെയ്തിരിക്കുന്നത് പൂഞ്ഞാർ ഇടവക കിടങ്ങത്താഴത്തെ (മൂശാരിപ്പറമ്പിൽ) **ചിന്നമ്മ**യെയാണ്. കുഞ്ഞ് 1990 സെപ്റ്റംബർ 2നും, ചിന്നമ്മ 2013 ഡിസംബർ 29നും നിര്യാതരായി.





ഇവരുടെ മക്കൾ: മേരിദാസൻ, മേരി, ആഗ്നസ്, ജെൽത്രൂത്, ടോമി, ലൂസി, റാണി, ജെസ്സി, ജോസ്, അൽഫോൻസ, റീന എന്നിവരാണ്.

മേരിയും ജോസും അവിവാഹിതരാണ്.ഫോൺ: മേരി-9606646965,ജോസ്-9497552746

**ആഗ്നസിനെ** വിവാഹം ചെയ്തിരിക്കുന്നത് കാസർഗോഡ് ജില്ലയിലെ കമ്മാടം, കുന്നംകൈ ഇടവക, കാഞ്ഞിരത്തുങ്കൽ വർക്കി -ത്രേസിയാമ്മ മകൻ **ടോമി**യാണ്. ഇവർ താമസിക്കുന്നത് കാസർഗോഡ് ജില്ലയിലെ മണ്ഡപത്തിനടുത്തുള്ള കമ്മാടം എന്ന സ്ഥലത്താണ്. ഫോൺ: 7510654188 (ആഗ്നസ്) ഇവരുടെ മക്കൾ: ടിനു, റോബിൻ, അലോഷ്യസ് എന്നിവരാണ്.



ടിനു വിവാഹം ചെയ്തിരിക്കുന്നത്, കാസർഗോഡ് ജില്ലയിലെ മണ്ഡപം ഇടവക, വടുതലകുഴി, കുര്യൻ-അന്നമ്മ മകൾ ജിൻസിയെയാണ്. ഇവരുടെ മക്കൾ അലോൻസ, എബ്നെർ എന്നിവർ.

റോബിൻ വിവാഹം ചെയ്തിരിക്കുന്നത്, വയനാട് ജില്ലയിലെ മാനന്തവാടി, തോണിച്ചാൽ, കല്ലോടി ഇടവക കുരൻതാഴത്തു പറമ്പിൽ വർഗ്ഗീസ്ചിന്നമ്മ മകൾ നിഷിതയെയാണ്.

ഇവരുടെ മക്കൾ റയാൻ, റിയോൺ എന്നിവർ.

അലോഷ്യസ് വിവാഹം ചെയ്തിരിക്കുന്നത്, കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ്, തടിക്കടവ് ഇടവക, മാത്തൻകുന്നേൽ സണ്ണി -ലൗലി മകൾ അനീഷയെയാണ്.



ഇവരുടെ മക്കൾ ആഡ്‌ലിൻ.

**ജെൽത്രൂത്** പട്ടുവത്തുള്ള ദീനസേവ സഭയിൽ ചേർന്ന് കന്യാസ്ത്രിയായി **സി. സിൽവെസ്റ്റർ** എന്ന പേര് സ്വീകരിച്ചു. സിസ്റ്റർ 1992 മാർച്ച് 24ന് നിര്യാതയായി.



**ലൂസിയെ** വിവാഹം ചെയ്തിരിക്കുന്നത് മണക്കടവ് ഇടവക ഇടക്കര സ്കറിയ -മേരി മകൻ **ഷാജി**യാണ്. ഇവർ താമസിക്കുന്നത് കണ്ണൂർ ജില്ലയിലെ മണക്കടവിലാണ്.

ഫോൺ:8281863661 (ലൂസി)

ഇവരുടെ മക്കൾ റിനി, ജേക്കബ് (അപ്പു), റിജു, റിമൽ എന്നിവരാണ്.

റിനി ജിദ്ദയിൽ നേഴ്സായി ജോലിചെയ്യുന്നു. ജേക്കബ് (അപ്പു) എറണാകുളത്ത് ഒരു കമ്പനിയിൽ ജോലി ചെയ്യുന്നു.

റിജു മെക്കാനിക്കായി ജോലി ചെയ്യുന്നു. റിമൽ പഠിച്ചുകൊണ്ടിരിക്കുന്നു.

**റാണിയെ** വിവാഹം ചെയ്തിരിക്കുന്നത് മാമ്പോയിൽ ഇടവക തുണ്ടത്തിൽ ജോസഫിന്റെയും മറിയകുട്ടിയുടെയും മകൻ **ബേബിച്ചനാണ്.** ഇവർ താമസിക്കുന്നത് കണ്ണൂർ ജില്ലയിലെ







മണക്കടവിനടുത്തുള്ള മാമ്പോയിലാണ്.

ഫോൺ: 9400986801 (റാണി)

ഇവരുടെ മകൻ അലൻ വിദ്യാർത്ഥിയാണ്.



**ജെസ്സി** വിജയവാഡായിൽ നിർമ്മല സിസ്റ്റേഴ്സിന്റെ സഭയിൽ ചേർന്ന് കന്യാസ്ത്രിയായി. **സി. ജസ്റ്റീന** MSI. 1994ൽ ആദ്യവ്രത വാഗ്ദാനം നടത്തി. തുടർന്ന് രാജസ്ഥാൻ,തെലുങ്കാന,തമിഴ്നാട്,ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ നേഴ്സ്, പ്രൊജക്റ്റ് കോഡിനേറ്റർ, അകൌണ്ടന്റ്, ലാബ് ടെക്നീഷ്യൻ, നേഴ്സിംഗ് അധ്യാപിക എന്നീ നിലകളിൽ പ്രവർത്തിച്ചു. ഇപ്പോൾ ഉത്തരാഖണ്ഡിൽ ഹോസ്പിറ്റൽ അട്മിനിസ്ട്രേറ്റർ ആയി സേവനം ചെയ്യുന്നു. മൊബൈൽ നമ്പർ: 9521820375 (Office) 8394076006 (Personal)



**അൽഫോൻസയെ** ചെമ്പേരി മൂന്നാനപ്പിള്ളിൽ കുര്യൻ-കത്രീന മകൻ **ജോസ്കുട്ടി** വിവാഹം ചെയ്തു. ഇവർ താമസിക്കുന്നത് കണ്ണൂർ ജില്ലയിലെ ചെമ്പേരിയി ലാണ്.

ഫോൺ8281825189 (അൽഫോൻസ)

ഇവരുടെ മക്കൾ: ജിസ്ന, ജിന്റോ എന്നിവരാണ്.

ജിസ്ന (എൻജിനീയറായി തിരുവനന്തപുരം ടെക്നോ പാർക്കിൽ ജോലി ചെയ്യുന്നു) ജിന്റോ (എൻജിനീയറായി ഏറണാകുളത്ത് ജോലി ചെയ്യുന്നു)

**റീനയെ** വിവാഹം ചെയ്തിരിക്കുന്നത് ചെമ്പന്തൊട്ടി ഇടവക കുന്നത്ത്, ഡൊമിനിക്-റോസമ്മ മകൻ **ബെന്നി**യാണ്. ബെന്നി കേരള പോലീസിലാണ്.



മൊബൈൽ നമ്പർ: 8943104430 (റീന) ഇവരുടെ മക്കൾ മെൽവിൻ, ആൻവിൻ എന്നിവരാണ്. രണ്ടു പേരും ബി.ടെക്നു പഠിക്കുന്നു.

**B4A1. കിഴക്കേഇളന്തോട്ടത്തിൽ കുഞ്ഞിന്റെ മകൻ മേരിദാസന്റെ കുടുംബം (ചെറുപുഴ)**



**മേരിദാസൻ** വിവാഹം ചെയ്തിരിക്കുന്നത് ഭീമനടി ഇടവക, കുന്നേൽ മാത്യു-മറിയക്കുട്ടി മകൾ **ആനിയമ്മ**യെയാണ്. ഇവർ താമസിക്കുന്നത് കണ്ണൂർ ജില്ലയിലെ ചെറുപുഴയാണ്. ഫോൺ: 8086293937 (മേരിദാസൻ) ഇവരുടെ മക്കൾ സുസ്മി, സുബിൻ എന്നിവരാണ്.

**സുസ്മിയെ** വിവാഹംചെയ്തിരിക്കുന്നത് വെള്ളരിക്കുണ്ട് ഇടവക പ്ലാച്ചിക്കര ചേരോട്ട് ബേബി-സാലമ്മ മകൻ **ജിബി**നാണ്.

**B4A1a കിഴക്കേ ഇളം തോട്ടത്തിൽ മേരീദാസന്റെ മകൻ സുബിന്റെ കുടുംബം (ജർമനി)**

**സുബിൻ** വിവാഹം ചെയ്തിരിക്കുന്നത് ചമ്പക്കുളം ഇടവക ജേക്കബ് -മേരി ദമ്പതികളുടെ മകൾ **ലിന്റു**വിനെയാണ്. രണ്ടുപേരും ഇപ്പോൾ ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ടിൽ നേഴ്സുമാരായി ജോലി ചെയ്യുന്നു.

**B4A2. കിഴക്കേഇളന്തോട്ടത്തിൽ കുഞ്ഞിന്റെ മകൻ ടോമിയുടെ കുടുംബം (പരപ്പ, ആലക്കോട്)**

**ടോമി** വിവാഹം ചെയ്തിരിക്കുന്നത് പാലാവയൽ ഇടവക ഓലിക്കൽ ജോസഫ്-അന്നമ്മ മകൾ സിമി (എലിസബത്ത്) യെയാണ്. ഇവർ താമസിക്കുന്നത് കണ്ണൂർ ജില്ലയിലെ ആലക്കോടിനടുത്തുള്ള, പരപ്പ എന്ന സ്ഥലത്താണ്.







ഫോൺ: 9446895061/ whatsapp 6238288581 (ടോമി) ഇവരുടെ മക്കൾ അഞ്ജന, അശ്വിൻ എന്നിവരാണ്.

അഞ്ജന Bsc യും അശ്വിൻ B. Tech ഉം കഴിഞ്ഞ് ജോലി അന്വേഷിക്കുന്നു.

**B4B. കിഴക്കേ ഇളന്തോട്ടത്തിൽ കൊച്ചിന്റെ മകൻ വർക്കിയച്ചൻെറ കുടുംബം (കരുവഞ്ചാൽ)**



**വർക്കിയച്ചൻ** (ജോർജ്ജ്) വിവാഹം ചെയ്തിരിക്കുന്നത് വാകക്കാട് ഇടവക കളപ്പുരയിൽ ജോസഫ്-മറിയം മകൾ **എലികുട്ടിയെ**യാണ്. വർക്കിയച്ചൻ 2003 നവംബർ 1ന് നിര്യാതനായി. ഇവർ താമസിക്കുന്നത് കണ്ണൂർ ജില്ലയിലെ കരുവഞ്ചാൽ എന്ന സ്ഥലത്താണ്.

ഇവരുടെ മക്കൾ സാവിയോ, ഔസേപ്പച്ചൻ, സ്റ്റെല്ലാമ്മ, ബഞ്ചമിൻ, അൽഫോൻസ, റെജിമോൾ, പുഷ്പ,അഭിലാഷ് എന്നിവരാണ്.

**സ്റ്റെല്ലാമ്മയെ** വിവാഹം ചെയ്തിരിക്കുന്നത് മുക്കട, മാമ്പോയിൽ ഇടവക, മൂഴിയിൽ ഐസ്സക് ത്രേസിയാമ്മ മകൻ സണ്ണിയാണ്. ഇവർ താമസിക്കുന്നത് കണ്ണൂർ ജില്ലയിലെ മണക്കടവിനടുത്തുള്ള മാമ്പോയിലാണ്. ഇവരുടെ മക്കൾ പ്രസൂൺ, ആതിര, ജോർജ്ജ് എന്നിവരാണ്. (ഫോൺ:9562514454 സ്റ്റെല്ലാമ്മ)

പ്രസൂൺ വിവാഹം ചെയ്തിരിക്കുന്നത് ആലക്കോട്, കുട്ടാപറമ്പ് ഇടവക പ്ലാക്കാട്ട് തങ്കച്ചൻ മോളി ദമ്പതികളുടെ മകൾ ടിന്റുവിനെയാണ്. ഇവർ ഇപ്പോൾ നേഴ്സുമാരായി ഖത്തറിൽ ജോലി ചെയുന്നു. ഇവരുടെ മക്കൾ എഡ്‌ലിൻ മരിയ, എറിൻ തെരേസ്, എഡ്വിൻ സ്കറിയ എന്നിവരാണ്. ആതിരയെ വിവാഹം ചെയ്തിരിക്കുന്നത് പാലായിൽ, ചിറ്റാർ ഇടവക കാരിക്കകുന്നേൽ ജോസ്-മേരിക്കുട്ടി മകൻ ടോം ജോസാണ്. ഇവർ ഇപ്പോൾ അയർലണ്ടിൽ ജോലി ചെയുന്നു. ഇവർക്ക് ഒരു മകൻ സയൻ ജോസഫ് ജോർജ്ജ് വിവാഹം ചെയ്തിരിക്കുന്നത് ഉദയഗിരി ഇടവക

തയ്യിൽ ജോൺസൺ ബീന ദമ്പതികളുടെ മകൾ ജിസ്നയെയാണ്. ഇവർ രണ്ടുപേരും ഇപ്പോൾ ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു.

**അൽഫോൻസായെ** വിവാഹം ചെയ്തിരിക്കുന്നത് ഉദയഗിരി ഇടവക, നെല്ലിക്കൽ തോമസ് അന്നക്കുട്ടി മകൻ **തങ്കച്ചൻ** (സെബാസ്റ്റ്യൻ) ആണ്. ഇവർ താമസിക്കുന്നത് കണ്ണൂർ ജില്ലയിലെ ഉദയഗിരിയിലാണ്. ഫോൺ: 8078981243 (അൽഫോൻസാ) ഇവരുടെ മക്കൾ അരുൺ, അഞ്ജലി, അമൽ എന്നിവരാണ്. അരുൺ വിവാഹം ചെയ്തിരിക്കുന്നത് പയ്യാവൂരിലുള്ള കൊച്ചുപറമ്പിൽ ഉസിബി -മേരിക്കുട്ടി ദമ്പതികളുടെ മകൾ സ്നേഹയെയാണ്. ഇവർ ഇപ്പോൾ അയർലണ്ടിൽ ജോലി ചെയുന്നു. ഇവരുടെ മക്കൾ ടെസ്സ, റയൻ. അഞ്ജലി നേഴ്സായി മംഗലാപുരത്ത് ജോലി ചെയുന്നു. അമൽ IT കമ്പനിയിൽ ജോലിചെയ്യുന്നു.



**റെജിമോളെ** വിവാഹം ചെയ്തിരിക്കുന്നത് ചമ്പക്കുളം, മുട്ടുങ്കൽ ആന്റണി - ത്രേസ്യാ മകൻ **തോമസുകുട്ടി**യാണ്. ഇവർ താമസിക്കുന്നത് കണ്ണൂർ ജില്ലയിലെ പെരുമ്പടവ് ഇടവകയിലാണ്.

ഫോൺ: 8623857818 (റെജി) ഇവരുടെ മക്കൾ ആശിഷ്, ആദർശ്, അലക്സിയസ് എന്നിവരാണ്. ആശിഷ് സ്വന്തമായി ബിസ്സിനസ് നടത്തുന്നു. ആദർശ് സോഫ്റ്റ്‌വെയർ എഞ്ചിനീയർ ആയി ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു.

അലക്സിയസ് പഠിച്ചുകൊണ്ടിരിക്കുന്നു.



**പുഷ്പയെ** വിവാഹം ചെയ്തിരിക്കുന്നത് കണ്ണൂർ ജില്ലയിലെ ചെമ്പേരി ഇടവക, ഉറുമ്പിൽ ജോസഫ്-ഏലിക്കുട്ടി മകൻ **റ്റിബി**യാണ്.ഫോൺ: 9400015588 (പുഷ്പ)ഇവർ താമസിക്കുന്നത് കണ്ണൂർ ജില്ലയിലെ, പുലിക്കുരുമ്പക്കടുത്തുള്ള, നരിയൻമാവ് എന്ന സ്ഥലത്താണ്. ഇവരുടെ മക്കൾ നിർമ്മൽ, കാർമ്മൽ എന്നിവർ. നിർമ്മൽ പി.ജി ചെയ്യുന്നു. കാർമ്മൽ ഡിഗ്രിക്ക് പഠിച്ചുകൊണ്ടിരിക്കുന്നു.





**ബഞ്ചമിൻ**



കിഴക്കേ ഇളന്തോട്ടത്തിൽ വർക്കിയച്ചന്റെ മകൻ **ബഞ്ചമിൻ സലേഷ്യൻസ് ഓഫ് ഡോൺബോസ്കോ** സഭയിൽ ചേർന്ന് വൈദികനായി ബാംഗ്ലൂർ പ്രോവിൻസിൽ സേവനമനുഷ്ഠിക്കുന്നു.**ഫാ.ബഞ്ചമിൻ പാമ്പയ്ക്കൽ SDB,** മൊബൈൽ നമ്പർ: 8095498830

ജോർജ്-ഏലിക്കുട്ടി ദമ്പതികളുടെ എട്ടുമക്കളിൽ നാലാമനായി 1963 ജൂലൈ 8ന് കണ്ണൂർ ജില്ലയിലെ കരുവഞ്ചാൽ എന്ന സ്ഥലത്ത് ജനിച്ചു.

പ്ലസ് ടു പഠനത്തിനുശേഷം, 1982ൽ സലേഷ്യൻസ് ഓഫ് ഡോൺബോസ്കോ സഭയിൽ ചേരുകയും 1985 ൽ തമിഴ്നാട്ടിലെ കോട്ടഗിരിയിലുള്ള മൗണ്ട് ഡോൺബോസ്കോ നോവിഷിയേറ്റിൽ ആദ്യവ്രത വാഗ്ദാനം നടത്തുകയും ചെയ്തു. തുടർന്ന് തമിഴ്നാട്ടിലെ സേലത്തിനടുത്തുള്ള എയർകോഡിൽ രണ്ടുവർഷത്തെ തത്വശാസ്ത്ര പഠനം നടത്തിയ ശേഷം, രണ്ടുവർഷം റീജൻസിയും ഡിഗ്രിയും മാട്ടൂൽ, കൊട്ടിയം എന്നീ സ്ഥലങ്ങളിലുള്ള ഡോൺബോസ്കോ സ്ഥാപനങ്ങളിൽ പൂർത്തിയാക്കി. നാലുവർഷത്തെ തിയോളജിക്കൽ പഠനം ബാംഗ്ലൂരിൽ ഉള്ള ക്രിസ്തുജ്യോതി തിയോളജിക്കൽ കോളേജിൽ പൂർത്തിയാക്കിയശേഷം 1983 ഡിസംബർ 27ന് കരുവഞ്ചാൽ ലിറ്റിൽഫ്ളവർ ഇടവകയിൽവച്ചു തലശ്ശേരി രൂപതാ മെത്രാൻ മാർ ജോർജ് വലിയമറ്റം പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിക്കുകയും ചെയ്തു.

വൈദികനായശേഷം രണ്ടുവർഷം കേരളത്തിൽ കൊട്ടിയം, ആലുവ എന്നിവിടങ്ങളിലുള്ള ഡോൺബോസ്കോ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുകയും തുടർന്ന് പതിനെട്ടുവർഷം നേപ്പാളിൽ മിഷ്യനറിയായി പ്രവർത്തിക്കുകയും ചെയ്തു. ഈ കാലയളവിൽ ജറുസലേമിൽ ഒരുവർഷം ബൈബിളിനെ ആസ്പദമാക്കിയുള്ള ആദ്ധ്യാത്മിക നവീകരണ കോഴ്സിൽ പങ്കെടുക്കുകയും അതിനുശേഷം കുറേവർഷത്തെ സേവനത്തിനുശേഷം നേപ്പാളിൽ നിന്നും തിരിച്ചു ഇന്ത്യയിൽവരികയും മൈസൂരിലുള്ള

പ്രീനോവിഷിയേറ്റ് ഹൗസിൽ ഡയറക്ടർ ആയി നാലുവർഷം പ്രവർത്തിക്കുകയും ചെയ്തു. ഇപ്പോൾ വയനാട്ടിലുള്ള പാടിവയൽ എന്നസ്ഥലത്ത് നോവിസ് മാസ്റ്ററായും ഡയറക്ടറായും സേവനമനുഷ്ഠിക്കുന്നു.

**B4 b.1. കിഴക്കേ ഇളന്തോട്ടത്തിൽ വർക്കിയച്ചന്റെ മകൻ സാവിയോ (കരുവഞ്ചാൽ)**



സാവിയോ അവിവാഹിതനായിരുന്നു.
അദ്ദേഹം 2017 ആഗസ്റ്റ് 15ന് നിര്യാതനായി.

**B4 b.2. കിഴക്കേ ഇളന്തോട്ടത്തിൽ വർക്കിയച്ചന്റെ മകൻ ഔസേപ്പച്ചൻ (കരുവഞ്ചാൽ)**

അവിവാഹതനായി കണ്ണൂർ ജില്ലയിലെ, കരുവഞ്ചാലിൽ താമസിക്കുന്നു. ഫോൺ: 9446837332 (ഔസേപ്പച്ചൻ)

**B4b.4. കിഴക്കേ ഇളന്തോട്ടത്തിൽ വർക്കിയച്ചന്റെ മകൻ അഭിലാഷ് ജോർജ് (കരുവഞ്ചാൽ) മൊബൈൽ നമ്പർ: 9886930000**



**അഭിലാഷ്** വിവാഹം ചെയ്തിരിക്കുന്നത് വെള്ളാട്, വിജയപുരം ഇവകയിൽ താമസിക്കുന്ന പാലക്കാട്ട് ബേബി -ആനീസ് ദമ്പതികളുടെ മകൾ **ഡാലിയാ**യെയാണ്. ഇവർ താമസിക്കുന്നത് കണ്ണൂർ ജില്ലയിലെ കരുവഞ്ചാലിലാണ്. ഇവർക്ക് മക്കൾ നാലു പേർ. ലിസ്ബെത്, ക്രിസ്റ്റ് ജോർജ്, അന്ന, മരിയഎന്നിവർ.എല്ലാവരും പഠിച്ചുകൊണ്ടിരിക്കുന്നു. അഭിലാഷ് ബാഗ്ലൂരിൽ എച്ച് ആർ സീനിയർ മാനേജർ ആയി ജോലി ചെയ്യുന്നു.

**B4C. കിഴക്കേ ഇളന്തോട്ടത്തിൽ കൊച്ചിന്റെ മകൻ ഔസേപ്പച്ചന്റെ കുടുംബം (വിളക്കന്നൂർ)**

**ഔസേപ്പച്ചൻ** വിവാഹം കഴിച്ചിരിക്കുന്നത് കണ്ണൂർ ജില്ലയിലെ മേരിഗിരി ഇടവക നമ്പ്യാപറമ്പിൽ ലൂക്കാ-ത്രേസ്യാ മകൾ **കുട്ടിയമ്മ**യെയാണ്. ഔസേപ്പച്ചൻ 1999 മാർച്ച് 9 നും, കുട്ടിയമ്മ 2020 സെപ്റ്റംബർ 21 നും നിര്യാതരായി. ഇവരുടെ മക്കൾ മേഴ്സി, ഷീലാമ്മ, സണ്ണി, ജെസ്സി, ജോളി, ജോയി, ആൻസി, പീയൂസ്, റിൻസി എന്നിവർ.



# *In Loving Memory of*



**കൊച്ച് (ആഗസ്തി)**
07-07-1984



**വർക്കിയച്ചൻ (ജോർജ്)**
01-11-2003



**ഏലിക്കുട്ടി**
22-01-1987



**സാവിയോ**
15-08-2017



**സി. ജസ്റ്റീന ഫ്രാൻസീസ് ASMI**
26-09-2000



**സി. ജെർത്രൂദ് ഫ്രാൻസീസ് ASMI**
19-10-2023

പാമ്പയ്ക്കൽ ഫാമിലി, കരുവഞ്ചാൽ

**മേഴ്സിയെ** വിവാഹംചെയ്തിരിക്കുന്നത് തോടനാൽ ഇടവക, മറ്റത്തിൽ ചാക്കോ -റോസമ്മ മകൻ **വാവച്ച**നാണ്. ഇവർ രണ്ടു പേരും അധ്യാപക ജോലിയിൽനിന്നും വിരമിച്ചു കണ്ണൂർ ജില്ലയിലെ, വിളക്കന്നൂരിൽ താമസിക്കുന്നു. ഫോൺ: 9497660083 (മേഴ്സി) മക്കൾ സുമിത, ജിസു (അപ്പൂസ്) എന്നിവർ.

സുമിതയെ വിവാഹം ചെയ്തിരിക്കുന്നത് മണ്ടളം ഇടവക, പടിഞ്ഞാറേതൊട്ടിയിൽ മാത്യു-ത്രേസ്യാ മകൻ ജോജിഷാണ്. ഇവർ ദുബായിൽ ജോലിചെയ്യുന്നു. ഇവർക്ക് രണ്ടു മക്കൾ ഉണ്ട്. മാത്യൂസും മിഖയിലിയും. ജിസു വിവാഹം ചെയ്തിരിക്കുന്നത് തലശ്ശേരി കത്തിഡ്രൽ പള്ളി ഇടവക പൊന്നെടുത്താംകുഴി ജെയിംസ്-ജാൻസി ദമ്പതികളുടെ മകൾ ജെയ്നിനെയാണ്.

**ഷീലാമ്മ**യെ വിവാഹംചെയ്തിരിക്കുന്നത് മുട്ടുചിറ, കാപ്പുന്തല ഇടവക, കരിങ്ങാച്ചിറ ചാക്കോ-റോസാ മകൻ **സൈമനാണ്.** ഇവർ ഇപ്പോൾ താമസിക്കുന്നത് തൃപ്പൂണിത്തറയിലാണ്. ഫോൺ:9555558163(ഷീലാമ്മ) ഇവരുടെ മക്കൾ മിഥുൻ , ആഷിൻ എന്നിവർ. മിഥുൻ വിവാഹം ചെയ്തിരിക്കുന്നത് മണ്ണംപേട്ട പള്ളി ഇടവക പെല്ലിശ്ശേരി വർഗ്ഗീസ്-കൊച്ചുത്രേസ്യാ മകൾ റോളിൻസിനെയാണ്. ഇവർക്ക് രണ്ട് മക്കളുണ്ട്.ആംലിൻ, അദ്‌ലിൻ. മിഥുൻ കപ്പലിൽ ജോലിചെയ്യുന്നു. ആഷിൻ ഇപ്പോൾ ജർമ്മനിയിൽ പഠിച്ചുകൊണ്ടിരിക്കുന്നു.

**ജെസ്സി**യെ വിവാഹംചെയ്തിരിക്കുന്നത് ചെമ്പന്തൊട്ടി ഇടവക, തുരുത്തിമറ്റത്തിൽ ജോസഫ്- അന്നമ്മ മകൻ **ഫിലിപ്പാണ്.** ഫിലിപ്പ് 2003 ജൂലൈ 12ന് നിര്യാതനായി. ഇവർ താമസിക്കുന്നത് കണ്ണൂർ ജില്ലയിലെ, ചെമ്പന്തൊട്ടിക്കടുത്തുള്ള പയറ്റിയാൽ എന്ന സ്ഥലത്താണ്. ഫോൺ: 9562469959 (ജെസ്സി) ഇവരുടെ മക്കൾ ജെറിൻ (ജോസി), ക്രിസ്റ്റി,ആൽബിൻ എന്നിവർ. ജോസി വിവാഹംചെയ്തിരിക്കുന്നത് നെല്ലിക്കാംപോയിൽ ഇടവക കൊട്ടുകാപ്പള്ളി ജോസ്-റോസമ്മ മകൾ സ്നേഹയെയാണ്. രണ്ട് മക്കളുണ്ട്. അബിഗേലും ജോഷ്വയും. ജോസി 2023 മാർച്ച് 19 ന് നിര്യാതനായി. ക്രിസ്റ്റി വിവാഹം ചെയ്തിരിക്കുന്നത് എടപ്പുഴ ഇടവക പാലക്കുന്നേൽ തോമസ്-അന്നമ്മ മകൾ ദിവ്യയെയാണ് . ഇവർക്ക് ഒരു മകനുണ്ട്, ഹെനോക്ക്. ആൽബിൻ മെക്കാനിക്കൽ എഞ്ചിനീയാറായി ബംഗ്ളൂരിൽ ജോലിചെയ്യുന്നു.





**ആൻസിയെ** വിവാഹംചെയ്തിരിക്കുന്നത് എടക്കോം, മലങ്കര സെൻറ് പോൾ ഇടവക, പ്ലാവിലപുത്തൻവീട്ടിൽ പൗലോസ് - മറിയാമ്മ മകൻ **ജോയി**യാണ്. ജോയി 2017 ഫെബ്രുവരി 22ന് നിര്യാതനായി. ഇവർ താമസിക്കുന്നത് കണ്ണൂർ ജില്ലയിലെ, എടക്കോത്താണ്. ഫോൺ: 9947290819 (ആൻസി) ഇവരുടെ മക്കൾ ഗീതു, രാഖി, നവീൻ എന്നിവർ. ഗീതുവിനെ വിവാഹം ചെയ്തിരിക്കുന്നത് വെള്ളരിയാനം ഇടവക കുന്നേൽ ദേവസ്യമേഴ്സി മകൻ ലിജോയാണ്. ഇവർക്ക് രണ്ടു മക്കളുണ്ട് ഇവാൻ,കൃപാമരിയ എന്നിവർ. രാഖി അബുദാബിയിൽ നേഴ്സായി ജോലി ചെയ്യുന്നു. നവീൻ പഠനം പൂർത്തിയാക്കി ജോലി ചെയ്യുന്നു.

**റിൻസി**യെ വിവാഹംചെയ്തിരിക്കുന്നത് നെല്ലിപ്പാറ ഇടവക പേട്ടയിൽ കുര്യക്കോസ് - മറിയക്കുട്ടി മകൻ **സിബി**യാണ്. സിബി 2021 നവംബർ 29ന് നിര്യാതനായി. ഇവർ താമസിക്കുന്നത് കണ്ണൂർ ജില്ലയിലെ, വിളക്കന്നൂർ ആണ്. ഫോൺ നമ്പർ: 9497609386 (റിൻസി) ഇവരുടെ മക്കൾ ക്ലെമെൻറ്റ്, ജോയേൽ , ഡൊമിനിക് സാവിയോ. ക്ലെമെൻറ്റ് വൈദിക വിദ്യാർത്ഥിയാണ്. ജോയേൽ എൻജിനീയറായി ബാംഗ്ലൂരിൽ ജോലിചെയ്യുന്നു. ഡൊമിനിക് സാവിയോ പഠിച്ചുകൊണ്ടിരിക്കുന്നു.

### B4c1. കിഴക്കേ ഇളന്തോട്ടത്തിൽ ഓസേപ്പച്ചന്റെ മകൻ സണ്ണി

സണ്ണി 1987 ഡിസംബർ 24ന് നിര്യാതനായി.

### B4c2. കിഴക്കേ ഇളന്തോട്ടത്തിൽ ഓസേപ്പച്ചന്റെ മകൻ ജോളിയുടെ കുടുംബം (വിളക്കന്നൂർ)



**ജോളി** വിവാഹം ചെയ്തിരിക്കുന്നത് വായാട്ടുപറമ്പ് ഇടവക കൊട്ടുകാപ്പിള്ളിൽ ജോൺ - ഏലിയാമ്മ മകൾ **ഷീല**യെയാണ്. ഇവർ താമസിക്കുന്നത് കണ്ണൂർ ജില്ലയിലെ, വിളക്കന്നൂർ ആണ്. ഫോൺ: 9847381105 (ജോളി) ഇവരുടെ മക്കൾ അഭിജിത്, അതുല്യ (മാളു).

അഭിജിത് interior design course പൂർത്തിയാക്കി ജോലി ചെയ്യുന്നു. അതുല്യ(മാളു) B .Ed പഠനം കഴിഞ്ഞ് ജോലി ജോലി ചെയ്യുന്നു .

### B4c.3 കിഴക്കേ ഇളന്തോട്ടത്തിൽ ഓസേപ്പച്ചന്റെ മകൻ ജോയിയുടെ കുടുംബം (വിളക്കന്നൂർ)

**ജോയി** വിവാഹം ചെയ്തിരിക്കുന്നത് ചെറുപുഴ, കോലുവള്ളി ഇടവക ചിറപ്പുറത്ത് മാമ്മച്ചൻ മോനിക്ക മകൾ **മേഴ്സി**യെയാണ്. ഇവർ താമസിക്കുന്നത് കണ്ണൂർ ജില്ലയിലെ, വിളക്കന്നൂർ ആണ്. ഫോൺ: 9747342437 (ജോയി)

ഇവരുടെ മക്കൾ സുജിത്(അഖിൽ),അക്ഷയ്. സുജിത്(അഖിൽ) ന്യൂസിലാൻഡിൽ പഠിച്ചുകൊണ്ടിരിക്കുന്നു. അക്ഷയ്ഡിഗ്രി പഠിക്കുന്നു.

### B4C4. കിഴക്കേ ഇളന്തോട്ടത്തിൽ ഓസേപ്പച്ചന്റെ മകൻ പീയുസിന്റെ കുടുംബം (വിളക്കന്നൂർ)



**പീയൂസ്** വിവാഹം ചെയ്തിരിക്കുന്നത് വിളക്കന്നൂർ ഇടവക കുരിശ്ശുംമൂട്ടിൽ ജോസഫ്-അന്നമ്മ മകൾ **ജെസ്സി**യെയാണ്. ഇവർ താമസിക്കുന്നത് കണ്ണൂർ ജില്ലയിലെ, വിളക്കന്നൂർ ആണ്.
ഫോൺ: 9497609376 (പീയൂസ്)

ഇവരുടെ മക്കൾ ആതിര, ഐശ്വര്യ എന്നിവർ. ആതിര നേഴ്സായി ജോലി ചെയ്യുന്നു. ഐശ്വര്യയും നേഴ്സാണ്

---

**“Excuses make today easy, but they make tomorrow hard. Discipline makes today hard, but it makes tomorrow easy”**





## ശാഖ C

## കൊച്ചുപറമ്പിൽ കുടുംബം

പാമ്പയ്ക്കൽ കുടുംബത്തിൻറആദ്യ കാരണവരായ **ആഗസ്തി**യുടെ മൂന്നാമത്തെ മകൻ **തൊമ്മൻ** ഏഴാച്ചേരിയിൽ കൊച്ചുപറമ്പിൽ പുരയിടത്തിലേക്ക് മാറി താമസിച്ചു. അതിനാൽ ആ ശാഖ **കൊച്ചുപറമ്പിൽ** എന്ന പേരിലാണ് അറിയപ്പെടുന്നത്.

**തൊമ്മൻ** വിവാഹം ചെയ്തത് ഇളംതോട്ടം ഇടവക ഞള്ളിയിൽ **മറിയത്തെ**യാണ് ഈ ദമ്പതികൾക്ക് നാല് ആണും നാല് പെണ്ണുമായി എട്ട് സന്താനങ്ങൾ ഉണ്ടായി. മറിയം, അന്ന, മത്തായി, തൊമ്മൻ, ഔസേപ്പ്,റോസ, കുഞ്ഞ്, ത്രേസ്യാമ്മ എന്നിവരാണവർ.

**മറിയത്തെ** വിവാഹം ചെയ്തത് പ്രവിത്താനം ഇടവക പുതിയിടത്തു **പുന്നൻ** ആണ്.ഇവരുടെ മക്കൾ ജോൺ, ഏലിക്കുട്ടി എന്നിവരാണ്. പ്രസിദ്ധനായ അധ്യാപകനും പൊതുകാര്യപ്രസക്തനുമായിരുന്നു ജോൺസാർ എന്ന് അറിയപ്പെട്ടിരുന്ന കെ. സി. ജോൺ. ഏലിക്കുട്ടിയെ രാമപുരത്ത് കൂട്ടിയാനിയിൽ വിവാഹം ചെയ്തയച്ചു.

**അന്നയെ** വിവാഹം ചെയ്തത് പൊന്നൊടുത്ത കല്ലേൽ **മത്തായി** ആണ്.ഇവരുടെ മക്കൾ കുഞ്ഞ്,ഔത,ഏലിക്കുട്ടി എന്നിവരാണ്.
റോസിനെ വിവാഹം ചെയ്തത് കരൂർ നെടുമ്പാറ വർഗീസ് ആണ്. ഇവർ പിന്നീട് തൊടുപുഴയ്ക്ക് താമസം മാറി. ഇവരുടെ മക്കൾ കുഞ്ഞ്,അപ്പച്ചൻ, ഉമ്മച്ചൻ, മറിയക്കുട്ടി,അച്ചാമ്മ,പെണ്ണമ്മ, സരസു, ഗ്രേസി എന്നിവർ.

**ത്രേസ്യാമ്മയെ** വിവാഹം ചെയ്തത് മുണ്ടാങ്കൽ ഇടവക വട്ടക്കാനാൽ **ദേവസ്യ** ആണ്.ഇവരുടെ മക്കൾ പാപ്പച്ചൻ, മേരി സിസ്റ്റർ അംബ്രോസ് സിഎംസി.അപ്പച്ചൻ ചിന്നമ്മ സിസ്റ്റർ തെയോഫിൻ,തൊമ്മച്ചൻ ദേവസ്യാച്ചൻ, കുട്ടിയമ്മ സിസ്റ്റർ ഐഡാ എം.എസ്.ജെ.,ലീലാമ്മ, സെലിൻ, ടോമി എന്നിവരാണ്.

## ശാഖ C ഉപശാഖ 1

## കൊച്ചുപറമ്പിൽ (കരോട്ട്) കുടുംബം




കൊച്ചുപറമ്പിൽ പുരയിടത്തിലേക്ക് മറിതാമാസിച്ച തൊമ്മന്റെ മൂത്ത മകനാണ് **മത്തായി.** പാപ്പൻ എന്നും സാധാരണ വിളിച്ചിരുന്നു.

കൊച്ചുപറമ്പിൽ പുരയിടത്തിൻറെ കരോട്ട് ഭാഗത്താന് മത്തായി താമസിച്ചത്. അതുകൊണ്ട് ഇ ശാഖ കൊച്ചുപറമ്പിൽ കരോട്ട് എന്നറിയപെട്ട് പോരുന്നു.

**മത്തായി**യുടെ ഭാര്യ അന്തീനാട് ഒഴുകയിൽ കുമ്പുകൽ ചാക്കോ - മറിയം മകൾ **മറിയം** ആയിരുന്നു. രണ്ട് ആൺമക്കളും 4 പെൺ മക്കളും ഈ ദമ്പതികൾക്ക് ഉണ്ടായി. കുഞ്ഞ്, കുട്ടി, അന്ന, മാമി ,അച്ചാമ്മ,ഏലിക്കുട്ടി എന്നിവർ.

മൂത്ത മകൾ **അന്നയെ** അന്തീനാട് ഇടവക തയ്യിൽ **ഔസേപ്പ് ജോൺ** (കുട്ടി) വിവാഹം ചെയ്തു. അന്ന 1998ൽ നിര്യാതയായി. ഇവരുടെ മക്കൾ അപ്പച്ചൻ, മേരി, (ആരാധനസഭയിൽ സിസ്റ്റർ) മത്തച്ചൻ,കുഞ്ഞ്, ജോണി, സിസിലി, സെലിൻ. എന്നിവർ.

**മാമ്മിയെ** കല്ലേക്കുളത്ത് (പാലക്കാട്) മീനച്ചിൽ **ഔസേപ്പ്** വിവാഹം ചെയ്തു. ഇവരുടെ മക്കൾ അപ്പച്ചൻ, മേരി, ടോമി, സിബി, ഏലിയാമ്മ, മറിയക്കുട്ടി, ഫിലോമിന എന്നിവരാണ്.

**അച്ചാമ്മയെ** അറക്കുളം ചൊവ്വാറ്റുകുന്നേൽ **ദേവസ്യ**യാണ് വിവാഹം ചെയ്തത്. പിന്നീട് ഇവർ മലബാറിലെ പുളിങ്ങോത്തിനടുത്ത് ഇടവരമ്പിൽ താമസമാക്കി. അച്ചാമ്മ 2024 ജൂലൈ മാസം 19ന് നിര്യാതയായി. ഇവരുടെ മക്കൾ ബേബി, ജോയി, ജോസ് ,സിബി, ബിജു,ഷൈജു ,പെണ്ണമ്മ, മിനി എന്നിവരാണ്.

**ഏലിക്കുട്ടിയെ** കരിങ്കുന്നം ഇടവക മുളകുകൊടിയാനിക്കൽ (മുളഞ്ഞാനികുന്നേൽ) **ദേവസ്യ** വിവാഹം ചെയ്തു. ഇവരുടെ മക്കൾ ബീന , ഷാജൻ, ലീന എന്നിവർ. ബീനിയെ വിവാഹം ചെയ്തത് പത്തനംതിട്ട തറയിൽ എബ്രഹാം ആണ്.





ബീന ഡോക്ടറും എബ്രഹാം അഡ്വക്കേറ്റും ആണ്. ഷാജന്റെ ഭാര്യ ചേർത്തല ചേന്നോത്ത് സുജയാണ്. ലീനിയെ വിവാഹം ചെയ്തത് ആനപ്പന്തി പട്ടമനയിൽ പി. കെ. ജോയ് ആണ്.ജോയി പിഡബ്ല്യുഡി എൻജിനീയർ ആയിരുന്നു.

### C1A. കൊച്ചു പറമ്പിൽ മത്തായിയുടെ മകൻ കുഞ്ഞിന്റെ കുടുംബം

**കുഞ്ഞ്** വിവാഹം ചെയ്തിരുന്നത് പ്രവിത്താനം ഇടവക കായാമാക്കൽ മിഖായേൽ മകൾ **കുഞ്ഞേലി**യെയാണ്. ഇവരുടെ മക്കൾ അപ്പച്ചൻ, മേരി, തൊമ്മച്ചൻ എന്നിവർ.

മേരിയെ കദളിക്കാട് ഇടവക അരീക്കാട്ട് ചാണ്ടിയാണ് വിവാഹം ചെയ്തത്.മേരി 2023 ഏപ്രിൽ മാസം അഞ്ചാം തീയതി നിര്യാതയായി. ഇവരുടെ മക്കൾ ഷിബു, ഷീന, റോസ്മോൾ, മെർലി എന്നിവർ.

### C1A1. കൊച്ചുപറമ്പിൽ കുഞ്ഞിന്റെ മകൻ അപ്പച്ചന്റെ (മൈക്കിൾ) കുടുംബം അന്തിനാട്.



**അപ്പച്ചൻ** വിവാഹം ചെയ്തത് രാമപുരം ഇടവക (മരങ്ങാട്ട്) മണിമല കല്ലകത്ത് ആഗസ്തി-മറിയാമ്മ മകൾ **സിസിലി**യെയാണ്. ഈ ദമ്പതികൾക്ക് നാലു മക്കളുണ്ട്. സിനി, ജോബൻ, സോണി, അനു എന്നിവർ. അപ്പച്ചൻ 2004 ജൂൺ 30-ാം തീയതി നിര്യാതനായി. കുടുംബയോഗത്തിന്റെ രൂപികരണത്തിന് നേതൃത്വം കൊടുത്തവരിൽ ഒരാളാണ് അപ്പച്ചൻ.



**സിനിയെ** ഭരണങ്ങാനം ഇടവക പാറപ്ലാനിയിൽ മാത്യു - മറിയം മകൻ രാജിയാണ് (ജോസഫ്) വിവാഹം ചെയ്തത്. മക്കൾ അലീന, അമല,അന്ന. ഫോൺ:9446053686 (സിനി)

രാജി ഹൈവേ കോൺട്രാക്ടർ ആണ്. ഇവർ ഭരണങ്ങാനത്ത് താമസിക്കുന്നു. അലീനയുടെ ഭർത്താവ് പൂവരണി മുണ്ടമറ്റത്തിൽ ജോസഫാണ്.അലീന ഭരണങ്ങാനത്ത് ബിസിനസ് ചെയ്യുന്നു. ജോസഫ് അസി. എൻജിനീയറാണ്. ഒരു മകൻ ഡേവിഡ്.



**അനു**വിനെ വിവാഹം ചെയ്തത് ഈരാറ്റുപേട്ട കളത്തുകടവ് മുക്കൻ തോട്ടത്തിൽ മാത്യു-ലിസി മകൻ **മിൻസ് മാത്യു** ആണ്. മക്കൾ മിലൻ, മിലീന, മിലിയ, മറിയ.മിൻസ് മാത്യു ചാർറ്റേഡ് അക്കൗണ്ടന്റായി എറണാകുളത്ത് വർക്ക് ചെയ്യുന്നു.

ഫോൺ: 7025023392 അനു.

## C1A1a കൊച്ചുപറമ്പിൽ അപ്പച്ചന്റെ മകൻ ജോബന്റെ കുടുംബം അന്തീനാട് (ഫോൺ: 9895858911)



**ജോബൻ** വിവാഹം ചെയ്തത് ആനിക്കാട് ഇടവക ഇല്ലിക്കൽ ജേക്കബ്-ഏലിയാമ്മ മകൾ **ബിന്ദുവിനെയാണ്.** ഇവരുടെ മക്കൾ എവിൻ,ഐവിൻ എന്നിവർ. ബിസിനസുകാരനായ ജോബൻ നിലവിലെ കുടുംബ യോഗം വൈസ് പ്രസിഡന്റാണ്.

## C1A1b കൊച്ചുപറമ്പിൽ അപ്പച്ചന്റെ മകൻ സോണിയുടെ കുടുംബം യുകെ (ഫോൺ:00447866559530)



**സോണി** വിവാഹം ചെയ്തത് പുവരണി വെച്ചൂർ ജോസ്-മേരിയമ്മമകൾ **ലിന്റി** യെ ആണ്.

ഇവരുടെ മക്കൾ ഹാന, ഹേലി, ഹെലീന എന്നിവർ ലിന്റി നേഴ്സ് ആയും സോണി ഐടി മേഖലയിലും ജോലി ചെയ്യുന്നു. കുടുംബസമേതം യുകെയിലെ സ്കോട്ട്ലൻറിൽ താമസിക്കുന്നു.

## C1A2 കൊച്ചുപറമ്പിൽ കുഞ്ഞിന്റെ മകൻ തൊമ്മച്ചന്റെ കുടുംബം (കടനാട്).

**തൊമ്മച്ചൻ** മുട്ടം ഇടവക മ്ലാക്കുഴിയിൽ ദേവസ്യ-റോസ മകൾ **ലിസിയെ** വിവാഹം ചെയ്തു. ഇവരുടെ മക്കൾ റ്റിബിൻ,






| പി.ജെ. മൈക്കിൾ | പി.ജെ. തോമസ് | മേരി ചാണ്ടി |
|---|---|---|
| (അപ്പച്ചൻ) | (പാപ്പൻ) | 05.04.2023 |
| 30.06.2004 | 05.01 .2023 | |
| പാമ്പയ്ക്കൽ | പാമ്പയ്ക്കൽ | അരീക്കാട്ട് |
| അന്തീനാട് | കടനാട് | കദളിക്കാട് |

അതുപോലെ ഇപ്പോൾ നിങ്ങളും ദുഃഖിതരാണ്.
എന്നാൽ ഞാൻ വീണ്ടും നിങ്ങളെ കാണും.
അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും.
നിങ്ങളുടെ സന്തോഷം ആരും നിങ്ങളിൽ നിന്ന്
എടുത്തുകളയുകയുമില്ല.

യോഹന്നാൻ 16: 22



സെബാൻ, റ്റോമിൻ ,ലിയ എന്നിവരാണ്. റ്റോമിൻ കിടങ്ങൂരിൽ വീഡിയോ എഡിറ്റിംഗ് വർക്ക് ചെയ്യുന്നു. തൊമ്മച്ചൻ മുൻ കുടുംബയോഗം പ്രസിഡൻറ് ആയിരുന്നു.തൊമ്മച്ചൻ 2023 ജനുവരി മാസം അഞ്ചാം തീയതി നിര്യാതനായി.

**ലിയ**യെ വിവാഹം ചെയ്തത് മുണ്ടാങ്കൽ ഇടവക ചെറുനിലം അഗസ്റ്റിൻ-മേരി മകൻ **മനോജ്** ആണ്. ഇവരുടെ മക്കൾ അഗസ്റ്റോ ജോൺ, റീത്താ മേരി, ആൽഫിയ ജോൺ, എന്നിവരാണ്. ഫോൺ: 9739250840 ലിയ



## C1A2a കൊച്ചു പറമ്പിൽ തൊമ്മച്ചന്റെ മകൻ റ്റിബിന്റെ കുടുംബം കടനാട്

**റ്റിബിൻ** വിവാഹം ചെയ്തത് പ്രവിത്താനം ഇടവക കവിയിൽ ജോസഫ്-ജയിൻ മകൾ **ഗീതു**വിനെയാണ്. ടിബിൻ ഇൻഷൂറൻസിൽ വർക്ക് ചെയ്യുന്നു. ഗീതു ബജാജ് അലയൻസിലാണ്. ഇവർക്ക് ഒരു മകൾ മിഖാ അന്ന റ്റിബിൻ.

## C1A2b കൊച്ചു പറമ്പിൽ തൊമ്മച്ചന്റെ മകൻ സെബാന്റെ കുടുംബം കടനാട്

**ഫോൺ: +91 99463 26760**

**സെബാൻ** വിവാഹം ചെയ്തത് വാഴക്കുളം കദളിക്കാട് കൊല്ലിയിൽ മാത്യു-ജോഫി മകൾ **അൻഷ**യെയാണ്. സെബാൻ ബിസിനസ് ചെയ്യുന്നു. അൻഷാ ബാംഗ്ലൂരിൽ ടീച്ചറാണ്. ഒരു മകൾ എയ്ബൽ സെബാൻ.





## C1B കൊച്ചുപറമ്പിൽ മത്തായിയുടെ മകൻ കുട്ടിയുടെ (പി.എം. ജേക്കബ്) കുടുംബം ഏഴാച്ചേരി



**കുട്ടി** വിവാഹം ചെയ്തത് ഏഴാച്ചേരി ഇടവക ചെറു നിലത്ത് ഔസേപ്പ് -ഏലി മകൾ **അന്നമ്മ**യെയാണ് ഈ ദമ്പതികൾക്ക് രണ്ടാൺമക്കളും അഞ്ചു പെൺമക്കളുമാണുള്ളത്. മാത്തച്ചൻ, മേരി, ലൗലി, ഉണ്ണി, ശോഭന,സോഫി, റോസിലിൻ എന്നിവർ. കുട്ടി എന്നറിയപ്പെടുന്ന പിഎം ജേക്കബ് കുടുംബയോഗ സംഘാടകരിൽ ഒരാളും ആദ്യ കുടുംബയോഗ പ്രസിഡന്റുമായിരുന്നു. കുട്ടി 2007 ഫെബ്രുവരി മാസം 26-ാം തീയതിയും അന്നമ്മ 2019 ഡിസംബർ മാസം ഇരുപതാം തീയതിയും നിര്യാതരായി.

**മേരിയെ** തൃശ്ശൂർ മുക്കാട്ടുകര ഇടവക ചിറയത്ത് മഞ്ഞില ഔസേപ്പ് മകൻ **ജോൺ** വിവാഹം ചെയ്തു. ഇവരുടെ മക്കൾ സുധ, സ്മിത, സോണിജ് എന്നിവർ.സോണിജ് കൊടുങ്ങല്ലൂരിൽ ജ്വല്ലറി നടത്തുന്നു.ഭാര്യ സിനി ഹയർ സെക്കൻഡറി അധ്യാപിക, സ്മിത ഭർത്താവ് മണ്ണുത്തി ചുങ്കത്ത് ബിജു, സുധ ഭർത്താവ് തൃശ്ശൂർ മറ്റത്തിൽ ജോസഫ് തരകൻ.

**ലൗലിയെ** മുവാറ്റുപുഴ പെരുമ്പല്ലൂർ ഇടവക കൊടമുള്ളിൽ പൊതൂർ മാത്യു മകൻ **ജോസ്** ആണ് വിവാഹം ചെയ്തത്. ഇവരുടെ മക്കൾ മാത്യൂസ്, ധനു, മധു എന്നിവർ. മാത്യൂസ് -ഭാര്യ പാലാ അരുണാപുരം പുളിക്കൽ നീതു. കുടുംബസമേതം ലണ്ടനിൽ. ധനു-ഭർത്താവ് മുവാറ്റുപുഴ വെളിയന്നൂർകാരൻ ടോണി രണ്ടുപേരും പ്രൈവറ്റ് ബാങ്കിൽ ജോലി ചെയ്യുന്നു, മധു - ഭർത്താവ് തൃക്കാക്കര ആലുങ്കൽ കൊച്ചുമത്തായി.കൊച്ചുമത്തായി ചാർട്ടേഡ് അക്കൗണ്ടന്റും മധു ഹൈസ്കൂൾ അധ്യാപികയും ആണ്.

**ശോഭന**യെ വിവാഹം ചെയ്തത് അന്ത്യാളം ഇടവക ചവണിയാങ്കൽ ജോസഫ് മകൻ **തോമസ്** ആണ്. ഇവർ ഇപ്പോൾ ചെറുപുഴയിൽ താമസിക്കുന്നു. ചെറുപുഴയിലെ ജോസ്കോ ജ്വല്ലറി ഇവരുടെയാണ്.മക്കൾ അഖിൽ - ഭാര്യ മരിയ.രണ്ടുപേരും കാനഡയിൽ, ജൂഹി ദന്ത ഡോക്ടർ ഭർത്താവ് ഡോക്ടർ അരുൺ.

രണ്ടുപേരും വെല്ലൂർ മെഡിക്കൽ കോളേജിൽ ജോലി ചെയ്യുന്നു. ജൂവൽ ജ്വല്ലറി നടത്തുന്നു.

**സോഫി**യെ വിവാഹം ചെയ്തത് ആനിക്കാട് ഇടവക പൊട്ടനാനിക്കൽ ചാക്കോ മകൻ **സിബി**യാണ്.ഇവരുടെ മക്കൾ ഫ്രാങ്ക് , ക്രിസ് എന്നിവർ. സിബി പൊൻകുന്നത്ത് സ്റ്റുഡിയോയും ക്ലേ ആർട്ട് കഫെ എന്ന സ്ഥാപനവും നടത്തുന്നു. മക്കൾ: ഫ്രാങ്ക്-ഭാര്യ ഡെൻസി. ഫ്രാങ്ക് ആർക്കിടെക്റ്റും ഡെൻസി ദന്ത ഡോക്ടറും ആണ്. രണ്ടുപേരും എറണാകുളത്ത് താമസിക്കുന്നു, ക്രിസ് സോഫ്റ്റ്വെയർ എൻജിനീയർ, ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. ഭാര്യ ആർഷ സി.എ ക്കാരിയാണ്.

**റോസിലി**നെ വിവാഹം ചെയ്തത് ഇടപ്പള്ളി ഇടവക അമ്പലത്തുങ്കൽ ആൻറണി -റോസ മകൻ **ജോ ആന്റണി**യാണ്. ഇവർക്ക് രണ്ട് മക്കൾ അഖിലാ റോസ്, അഖിലേഷ് ജോ എന്നിവർ. ജോ ആന്റണി സമാജ്വാദി പാർട്ടി ദേശീയ സെക്രട്ടറിയാണ്. മക്കൾ അഖില റോസ്-ഭർത്താവ് അങ്കമാലി പാലമറ്റത്തിൽ ബിനു പോൾ. രണ്ടുപേരും CA കാരാണ്. അഖിലേഷ് ജോ ചാർട്ടേഡ് അക്കൗണ്ടന്റായി ജോലി ചെയ്യുന്നു.

### C1B1 കൊച്ചുപറമ്പിൽ കുട്ടിയുടെ മകൻ മാത്തച്ചന്റെ കുടുംബം ഏഴാച്ചേരി.



**മാത്തച്ചൻ** വിവാഹം കഴിച്ചിരിക്കുന്നത് മുണ്ടക്കയം വെളിച്ചിയാനി ഇടവക ചിറ്റടി വടക്കേൽ തോമസ്-കുഞ്ഞമ്മ മകൾ **റാണി**യെയാണ്.നമിത ജെഫ് എന്നിവരാണ് മക്കൾ.

മാത്തച്ചൻ മുൻകുടുംബ യോഗം പ്രസിഡൻറ് ആയിരുന്നു.

നമിതയെ വിവാഹം ചെയ്തിരിക്കുന്നത് വടക്കഞ്ചേരി പുതുക്കളത്തിൽ ജോർജ്കുട്ടി-തങ്കമ്മ മകൻ ജോബിയാണ് . ജോബിയും നമിതയും ദുബായിൽ എൻജിനീയർമാരാണ് ഇവർക്ക് രണ്ട് മക്കൾ ജോ, മാത്യു എന്നിവർ.

ജെഫ് ആർക്കിടെക്റ്റ് ആയി ജോലി ചെയ്യുന്നു.



*In Loving memory of*



**പി. എം. ജേക്കബ്** 26-02-2007

**അന്നമ്മ ജേക്കബ്** 20-12-2019

പാമ്പയ്ക്കൽ, ഏഴാച്ചേരി

മത്തച്ചൻ & ഫാമിലി, ഏഴാച്ചേരി

## C1b2 കൊച്ചുപറമ്പിൽ കുട്ടിയുടെ മകൻ ഉണ്ണിയുടെ കുടുംബം ഇടവരമ്പ്



**ഉണ്ണി** വിവാഹം കഴിച്ചിരിക്കുന്നത് കണ്ണൂർ ജില്ലയിലെ ഇരിട്ടി കല്ലറക്കൽ പാപ്പച്ചൻ-ഏലിയാമ്മ മകൾ **ഡാലിയാ**യെയാണ്. ഇവർക്ക് രണ്ടു മക്കൾ. തുഹിൻ, ശിവ ഉണ്ണി (ശ്രീക്കുട്ടി) എന്നിവർ.

**തുഹിനെ** വിവാഹം കഴിച്ചിരിക്കുന്നത് കോഴിക്കോട് ജില്ല വിലങ്ങാട് കല്ലുനിര താതുകുന്നേൽ ജോസഫ്-മേരി മകൻ **മാർട്ടിൻ ജോസഫ്**ആണ്. തുഹിൻ ബയോമെഡിക്കൽ എൻജിനീയറിങ്ങിൽ എംടെക് കഴിഞ്ഞ് ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. മാർട്ടിൻ എം. ബി.യെ കഴിഞ്ഞ് ചെന്നൈ ടിസിഎസിൽ ജോലി ചെയ്യുന്നു.

ശിവ എറണാകുളത്ത് രാജഗിരി കോളേജിൽ എംബിയെക്ക് പഠിക്കുന്നു. 2022 ലെ ദേശീയ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ സ്വർണ്ണ മെഡൽ ജേതാവാണ്. ഇപ്പോൾ ഷൂട്ടിംഗ് മത്സരങ്ങളിൽ ഒഫീഷ്യലായി പങ്കെടുക്കുന്നു.

## ശാഖ C ഉപശാഖ 2

## പടിപ്പുരയ്ക്കൽ കുടുംബം

കൊച്ചുപറമ്പിൽ താമസമാക്കിയ ആഗസ്തി തൊമ്മന്റെ മകൻ **തൊമ്മൻ** മാറിതാമസിച്ചത് കൊല്ലപ്പള്ളിയിലെ നെല്ലൻകുഴി പുരയിടത്തിലേയ്ക്കാണ്. ആ വീടിന് പടിപ്പുര ഉണ്ടായിരുന്നതിനാൽ 'പടിപ്പുരക്കൽ' എന്നാണ് ഈ കുടുംബം അറിയപ്പെടുന്നത്. തൊമ്മൻ തൊമ്മൻ കൊല്ലപ്പള്ളിലെ ആദ്യകാലത്ത പ്രമുഖവ്യാപാരിയും പൊതുകാര്യ പ്രസക്തനുമായിരുന്നു.

തൊമ്മൻ ആദ്യം വിവാഹം ചെയ്തിരുന്നത് പ്രവിത്താനം ഇടവക പുളിക്കൽ മിഖായേൽ മറിയം മകൾ **മറിയത്തെ**യാണ്. ഈ വിവാഹത്തിൽ അവർക്ക് മൂന്ന് ആണും മൂന്ന് പെണ്ണുമായി ആറ് സന്താനങ്ങൾ ഉണ്ടായി. കുഞ്ഞ്, കുഞ്ഞാപ്പൻ, കുഞ്ഞുകുട്ടി, അച്ചാമ്മ, മറിയക്കുട്ടി, ഏലിയാമ്മ. ആദ്യ ഭാര്യ മറിയം മരിച്ചതിനു ശേഷം രണ്ടാമതും വിവാഹം ചെയ്തു.





രാമപുരം ഇടവക മധുരംചേരിൽ **ഏലിയാണ്** രണ്ടാമത്തെ ഭാര്യ. (1987 ഓഗസ്റ്റ് 8ന് ഏലിയും മരിച്ചു) ഈ വിവാഹത്തിൽ മൂന്ന് ആണും മൂന്ന് പെണ്ണും ഉണ്ടായി. കുഞ്ഞ്, ജോസ്, മത്തച്ചൻ, മോളി, ഗ്രേസി.

ആദ്യവിവാഹത്തിലെ ഒരു ആൺകുട്ടിയും ( കുഞ്ഞ്) രണ്ടാമത്തെ വിവാഹത്തിലേ ഒരു പെൺകുട്ടിയും മരിച്ചുപോയി.

**അച്ചാമ്മയെ** കടനാട് കിഴക്കേപ്പറമ്പിൽ **ഫ്രാൻസിസ്** വിവാഹം ചെയ്തു. ഫ്രാൻസിസ് മരിച്ചു പോയി. അവരുടെ മക്കൾ താഴെപ്പറയുന്നവരാണ്. കുഞ്ഞ് ഭാര്യ രാമപുരം നെടുംകുന്നേൽ സൂസമ്മ. ജോസ് ഭാര്യ വാഴക്കുളം വെട്ടുകല്ലും പുറത്ത് ജസ്സി,മത്തച്ചൻ ഭാര്യ കുറുമണ്ണ് പാണ്ടിയാംമാക്കൽ മേരി. രാജു ഭാര്യ കടനാട് ഇടത്തിൽ ഉഷ, ബേബി തമ്പലക്കാട് കുത്തിവളച്ചേൽ ആൻസി. മോളി കൂവപ്പള്ളി കല്ലംമാക്കൽ ബേബി. ഡെയ്‌സി കരൂർ മഞ്ഞക്കടമ്പിൽ ബെന്നി.

**മറിയക്കുട്ടി**യെ വിവാഹം ചെയ്തിരിക്കുന്നത് നീലൂർ പുവത്തിങ്കൽ **തോമസാണ്.** അവരുടെ മക്കൾ. ഡെയ്‌സി തൊടുപുഴ (തെക്കുംഭാഗം) തോട്ടുപുറത്ത് ജയിംസ് വിവാഹം ചെയ്തു. ലിസ്സി മറ്റക്കര മലേക്കുന്നേൽ തോമസ് വിവാഹം ചെയ്തു. ലില്ലി തൃശൂർ (കുനംമൂച്ചി) തരകൻ ജോസ് വിവാഹം ചെയ്തു. രാജു ഭാര്യ വൈക്കം ഇളന്തുരുത്തേൽ വക്കച്ചൻ അന്നമ്മ മകൾ ജാൻസി.

**ഏലിയാമ്മയെ** തുടങ്ങനാട് മണപ്പുറത്ത് **ഫിലിപ്പ്** വിവാഹം ചെയ്തു. ഇപ്പോൾ നിലമ്പൂര് താമസിക്കുന്നു. അവരുടെ മക്കൾ: ഫ്രാൻസികടുത്തുരുത്തി പാറക്കാലായിൽ പൈലി വിവാഹം ചെയ്തു. ലിസ്സിതിരുവമ്പാടി വെട്ടിക്കൽ ജോർജ് വിവാഹം ചെയ്തു. സാലിനിലമ്പൂർ തിരുനെല്ലിപറമ്പിൽ ജോർജ് വിവാഹം ചെയ്തു. കുഞ്ഞുമോൻ പ്രൊജക്ട് എൻജിനീയർ, കേരള സ്റ്റേറ്റ് കൺസട്രക്ഷൻ, മലപ്പുറം.

**മോളിയെ** വിവാഹം ചെയ്തിരിക്കുന്നത് തുടങ്ങനാട് കടുകമ്മാക്കൽ മാണിച്ചനാണ്. ഇവർക്ക് ഒരു മകനുണ്ട്. രൻജിത്ത് ചെന്നയിൽ ഉദ്യോഗസ്ഥനാണ്. (എം.സി.എ)

**ഗ്രേസിയെ** വിവാഹം ചെയ്തിരിക്കുന്നത് പാലാ കിഴക്കേൽ കുമ്പുക്കൽ തോമസ് ആണ്. അവരുടെ മക്കൾ: ഫെനിൽ, മരീന, നവീൻ

## C2A. പടിപ്പുരയ്ക്കൽ തൊമ്മന്റെ മകൻ കുഞ്ഞാപ്പന്റെ കുടുംബം (പാലാ)



**കുഞ്ഞാപ്പന്റെ** ഭാര്യ കൊടുമ്പിടി കുന്താനത്ത് ഫ്രഞ്ചു-ഏലി മകൾ **ഏലിക്കുട്ടിയാണ്**. ഈ ദമ്പതികൾക്ക് ആറു മക്കളാണുള്ളത്. മൂന്ന് ആണും മൂന്ന് പെണ്ണും, കുട്ടപ്പൻ (തോമസ്),തങ്കച്ചൻ (ജോസഫ്), ജോഷി (ഫ്രാൻസിസ്),മേരി, ചിന്നമ്മ, ലില്ലിക്കുട്ടി

**മേരിയെ** വിവാഹം ചെയ്തിരിക്കുന്നത് ഇടമറ്റം തയ്യിൽ ജോസഫ് - മറിയം മകൻ **ചാണ്ടിയാണ്**. ചെമ്മലമറ്റത്തു താമസിക്കുന്നു. ഫോൺ: 9495907028 ആറു മക്കൾ. രണ്ടാണും നാലു പെണ്ണും. ജോസുകുട്ടി, രാജു, ഷേർലി, ലൗലി, ബെറ്റി, ഷാലെറ്റ്

**ചിന്നമ്മയെ** രാമപുരം ഇടയോടിപ്പറമ്പിൽ ആഗസ്തി -മറിയം മകൻ **ഫ്രാൻസിസ്** വിവാഹം ചെയ്തു. പാലായിൽ താമസിക്കുന്നു. ഫോൺ : 9400401420 ആറു മക്കൾ. മൂന്നാണും മൂന്നു പെണ്ണും. ഷാജൻ, ഷൈനി, സോജൻ, സിനി, സുരേഷ് (Qatar), സോജി.

**ലില്ലിക്കുട്ടിയെ** ഇലയ്ക്കാട് കല്ലോലിൽ ഓലിയ്ക്കൽ പുത്തൻപുരയിൽ ജോസഫ്-ഏലി മകൻ **മാത്യു** വിവാഹം ചെയ്തു. മണ്ണയ്ക്കനാട് താമസിക്കുന്നു. ഫോൺ: 8547897515 ഒരാണും ഒരുപെണ്ണും. ഷൈജു, ഷൈനു (USA).

## C2A1. പടിപ്പുരയ്ക്കൽ കുഞ്ഞാപ്പൻ മകൻ കുട്ടപ്പന്റെ (തോമസ്) കുടുംബം (എലിവാലി)



**കുട്ടപ്പൻ** വിവാഹം ചെയ്തിരിക്കുന്നത് ചങ്ങനാശ്ശേരി വാഴപ്പിള്ളി പാലാത്തറ അഡ്വ:ഫിലിപ്പോസ് ഫിലിപ്പ് -ഏലിയാമ്മ ദമ്പതികളുടെ മകൾ **സൂസമ്മയെയാണ്**. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കളാണുള്ളത്. അനീഷ്, അനൂപ്.

കുട്ടപ്പൻ കൊടുമ്പിടിയിൽ റേഷൻ കട നടത്തുകയായിരുന്നു. കുട്ടപ്പൻ 2010 ജൂൺ മാസം പത്താം തീയതിയും സൂസമ്മ 2013 ഫെബ്രുവരി മാസം ഒമ്പതാം തീയതിയും നിര്യാതരായി.



# നിത്യസ്മരണയിൽ



**PT MICHAEL (കുഞ്ഞാപ്പൻ) ELIKKUTTY MICHAEL**

Born: 14-04-1916
Died: 05-06-2015
PAMPACKAL, ELIVALY
Born: 09-04-1918
Died : 10-02-2009



**THOMAS MICHAEL SOOSAMMA THOMAS**

Born: 16-12-1952
Died: 10-06-2010
PAMPACKAL, ELIVALY
Born: 30-10-1953
Died: 09-02-2013

**മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ**

## C2A1a പടിപ്പുരക്കൽ കുട്ടപ്പന്റെ മകൻ അനീഷിന്റെ കുടുംബം (എലിവാലി) ഫോൺ:9446604251

**അനീഷ്** വിവാഹം കഴിച്ചിരിക്കുന്നത് കൊടുമ്പിടി എലിവാലി പള്ളി ഇടവക അമ്പാട്ട് ജോസഫ് -ത്രേസ്യ മകൾ **മിനിമോളെ**യാണ്.അനീഷ് ബിസിനസ് ചെയ്യുന്നു. മക്കൾ രണ്ടുപേർ അഞ്ജലി, അനീന



## C2A1b പടിപ്പുരക്കൽ കുട്ടപ്പന്റെ മകൻ അനൂപിന്റെ കുടുംബം ഫാൺ : +965 94929760 (Kuwait) +919037785277 (എലിവാലി)

**അനൂപ്** വിവാഹം കഴിച്ചിരിക്കുന്നത് ആലുവ പയ്യപ്പള്ളിൽ ചാർളി -ഐവി മകൾ **ലെറിൻ ചാർളി**യെയാണ്.അനുപ് സി എക്കാരനും ലെറിൻ എൻജിനീയറും ആണ്.മക്കൾ നിയ ട്രീസയും തോമസും. ഇവർ കുടുംബസമേതം കുവൈറ്റിൽ ജോലി ചെയ്യുന്നു.

## C2A2. പടിപ്പുരയ്ക്കൽ കുഞ്ഞാപ്പന്റെ മകൻ തങ്കച്ചന്റെ കുടുംബം (പള്ളിക്കാമുറി) (Mob: 91 9961220337)



**തങ്കച്ചന്റെ** ഭാര്യ കരിമണ്ണൂർ പള്ളിക്കാമുറി കുന്നേൽ ജോസഫ്-ത്രേസ്യാ മകൾ **റോസമ്മ**യാണ്. ഈ ദമ്പതികൾക്ക് മൂന്ന് മക്കളുണ്ട്.
രണ്ട് ആണും ഒരുപെണ്ണും. സിമി,സിജോ,വിനോ.

**സിമി**യെ എലിവാലി കവലവഴിക്കൽ കെ.ജെ. മത്തായി മകൻ **സിറിൽ** വിവാഹം ചെയ്തു. മക്കൾ ഷെറിൻ (UK),അലൻ (Canada).







## C2A2a പടിപ്പുരക്കൽ തങ്കച്ചന്റെ മകൻ സിജോയുടെ കുടുംബം (സിംഗപ്പൂർ)

**സിജോ** വിവാഹം കഴിച്ചിരിക്കുന്നത് വഴിത്തല കാക്കനാട്ട് ജെയിംസ്-ജെസ്സി മകൾ **ജിസ് എൽസ**യെ ആണ്.
മകൾ കെയ്റ്റിലിൻ. സിജോ എൻജിനീയർ ആയി ജോലി ചെയ്യുന്നു. ഇവർ കുടുംബസമേതം സിംഗപ്പൂരിൽ താമസിക്കുന്നു.
ഫോൺ : +65 83555240.

## C2A2b പടിപ്പുരക്കൽ തങ്കച്ചന്റെ മകൻ വിനോയുടെ കുടുംബം. (യുകെ)



**വിനോ** വിവാഹം കഴിച്ചിരിക്കുന്നത് ചെങ്ങളം പുളിക്കൽ തോമസ്-സോഫി മകൾ **നിയ** (ആതിരമരിയ) യെ ആണ്.
വിനോ ലോജിസ്റ്റിക് എക്സിക്യൂട്ടീവും നിയ നേഴ്സും.
മകൾ ഇവാന.
ഇവർ കുടുംബസമ്മേതം യുകെയിൽ താമസിക്കുന്നു.
ഫോൺ : +44 7767931543.

## C2A3. പടിപ്പുരയ്ക്കൽ കുഞ്ഞാപ്പന്റെ മകൻ ജോഷിയുടെ കുടുംബം (പാലാ Mob: 9400400028)

**ജോഷി** വിവാഹം ചെയ്തിരിക്കുന്നത് പാമ്പാടി ചുമയങ്കര കുര്യാക്കോസ് മറിയാമ്മ മകൾ **ലൈസമ്മ**യയാണ്. ഇവർക്ക് രണ്ട് മക്കളുണ്ട്. ഒരാണും ഒരു പെണ്ണും. **ആതിര, ബിബിൻ.** ആതിരയെ കിഴക്കമ്പലം മുട്ടത്തോട്ടിൽ ഫെബിൻ വിവാഹം ചെയ്തു. ഇവർ കുടുംബസമേതം ഓസ്ട്രേലിയയിലെ സിഡ്നിയിൽ



താമസിക്കുന്നു. മക്കൾ അന്റോണിയോ & ഫിദ. ഫോൺ: +61 487400232 ബിബിൻ കൊച്ചി ഇൻഫോ പാർക്കിൽ Fintech കമ്പനി നടത്തുന്നു (Mob: 9946959595)

## C2B. പടിപ്പുരയ്ക്കൽ തൊമ്മന്റെ മകൻ കുഞ്ഞുകുട്ടിയുടെ കുടുംബം (ഐങ്കൊമ്പ്)



**കുഞ്ഞുകുട്ടി**യുടെ ഭാര്യ മാനത്തൂർ പ്ലാക്കണ്ണിക്കൽ ദേവസ്യാ മറിയാ മകൾ **മേരി**യാണ്. ഈ ദമ്പതികളുടെ മക്കൾ നാലു പേരാണ്. ടോമി (തോമസ് ജോസഫ്), ബേബി (സെബാസ്റ്റ്യൻ ജോസഫ്), ഗ്രേസി, ജാൻസി

കുഞ്ഞുകുട്ടി കൊല്ലപ്പള്ളിൽ അൻപതു വർഷം റേഷൻ വ്യാപാരിയായിരുന്നു.  മേരി അദ്ധ്യാപിക ആയിരുന്നു. കുഞ്ഞുകുട്ടി 2018 ഓഗസ്റ്റ് 10 നും മേരി 2012 സെപ്റ്റംബർ 3 നും മരണപ്പെട്ടു. രണ്ടു പേരേയും എടപ്പള്ളി പള്ളിയിൽ സംസ്കരിച്ചു.

**ഗ്രേസി**യെ തുടങ്ങനാട് തേവർകുന്നേൽ ആഗസ്തി-മറിയം മകൻ **തോമസ്** വിവാഹം ചെയ്തു. ഇവരുടെ മക്കൾ ജസ്റ്റിൻ, ജ്യോതിസ്, ജറീഷ്, ജാസ്മിൻ എന്നിവരാണ്.

ഫോൺ: 8281902878 ഗ്രേസി.

ജസ്റ്റിന്റെ ഭാര്യ തൊടുപുഴ വെട്ടിമറ്റം പള്ളിയാർഡിയിൽ മഞ്ജു. ഒരുമകൻ കെവിൻ. ജ്യോതിസിന്റെ ഭാര്യ ദീപ്തി മക്കൾ മരിയറ്റ, അൽഫോൻസ,തെരേസ, തോമസ് എന്നിവർ. ജ്യോതിസ് ഭരണങ്ങാനം സെൻറ് ജോസഫ് എൻജിനീയറിങ് കോളേജ് അധ്യാപകനാണ്. ജറീഷിൻറെ ഭാര്യ മരിയ. ജെറീഷ് പ്ലസ് ടു അധ്യാപകനും മരിയ ഹൈസ്കൂൾ അധ്യാപികയും ആണ്. ഇവരുടെ മക്കൾ മിലൻ, മെൽബിൻ. ജാസ്മിന്റെ ഭർത്താവ് തൊടുപുഴ നടുവിലേഴം നോബിൾ ആണ്.രണ്ടുപേരും എറണാകുളത്ത് ഐടി കമ്പനിയിൽ ജോലി ചെയ്യുന്നു.

**ജാൻസി**യെ വിവാഹം ചെയ്തിരിക്കുന്നത് മുളന്തുരുത്തി കീച്ചേരി കളരിക്കൽ ലൂക്കോസ് -ത്രേസ്യാമ്മ മകൻ **തോമസ്** ആണ്. ഇവർക്ക് രണ്ട് ആൺമക്കളാണുള്ളത്.





ജൻസണും എമിലും. ജാൻസി കൊച്ചിയിൽ സിൻഡിക്കേറ്റ് ബാങ്ക് ഉദ്യോഗസ്ഥയും തോമസ് മുളന്തുരുത്തിയിൽ ഫെഡറൽ ബാങ്ക് ഉദ്യോഗസ്ഥനുമാണ്.

## C2B1.പടിപ്പുരയ്ക്കൽ കുഞ്ഞുകുട്ടിയുടെ മകൻ ടോമിയുടെ കുടുംബം (വടക്കഞ്ചേരി)



**ടോമി**യുടെ ഭാര്യ മറ്റക്കര മഞ്ഞാമറ്റം മലേക്കുന്നേൽ ദേവസ്യ-റോസമ്മ മകൾ **മേരിക്കുട്ടി**യാണ്. ഇവർക്ക് രണ്ടു മക്കളാണുള്ളത്. ഒരാണും ഒരു പെണ്ണും. **സീനിയാ,** അരുൺ.

ടോമി പാലക്കാട്ട് ഡയറി ഡവല്പമെന്റ് ഓഫീസറായി റിട്ടയർ ചെയ്തു. മേരിക്കുട്ടി വടക്കഞ്ചേരി ചെറുപുഷ്പം ഗേൾസ് പ്രധാന അദ്ധ്യാപികയായും റിട്ടയർ ചെയ്തു.

സീനിയയെ വിവാഹം കഴിച്ചത് ചങ്ങനാശേരി കണ്ടത്തിൽ ചാക്കോ-മേരി മകൻ **അനിൽ പോൾ** ആണ്. ഇവരുടെ മക്കൾ ഇസബൽ ജോഷ്വാ എന്നിവർ.സീനിയായും അനിലും അമേരിക്കയിൽ ഐടി കമ്പനിയിൽ പ്രോജക്ട് മാനേജർ മാരാണ്.ഇവർ ന്യൂയോർക്കിൽ കുടുംബസമേതം താമസിക്കുന്നു.

## C2B1a. പടിപ്പുരക്കൽ ടോമിയുടെ മകൻ അരുണിന്റെ കുടുംബം അമേരിക്ക

**അരുൺ** വിവാഹം കഴിച്ചിരിക്കുന്നത് ചേർത്തല കുന്നുംപുറത്ത് തോമസ് - റീത്താമ്മ മകൾ **ടിന്റു**വിനെയാണ്.ഒരു മകൻ ആൻറണി.അരുൺ അമേരിക്കയിൽ ടിസിഎസിൽ പ്രൊജക്റ്റ് മാനേജർ ആണ്.ടിൻറു സോഫ്റ്റ്വെയർ എൻജിനീയറും.കുടുംബസമേതം അമേരിക്കയിലെ സൗത്ത് കരോളിനയിൽ താമസിക്കുന്നു.

## C2B2. പടിപ്പുരയ്ക്കൽ കുഞ്ഞുകുട്ടിയുടെ മകൻ ബേബിയുടെ കുടുംബം (ഇടപ്പള്ളി). ഫോൺ: 9447609673, 9633157869

**ബേബി** വിവാഹം ചെയ്തിരിക്കുന്നത് ഇടപ്പള്ളി അമ്പലത്തുങ്കൽ അഡ്വ. ഏ റ്റി. ആന്റണി -റോസി മകൾ **മിൽബി**യെ ആണ്. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ സച്ചിൻ, ടോണി.



ബേബി എറണാകുളം ഏലൂരിൽ സീനിയർ വെറ്ററിനറി സർജൻ ആയിരുന്നു. മൃഗസംരക്ഷണ വകുപ്പിൽ ജോയിൻറ് ഡയറക്ടറായി റിട്ടയർ ചെയ്തു. ഭാര്യ ഫെഡറൽ ബാങ്കിൽ നിന്നും മാനേജരായി റിട്ടയർ ചെയ്തു.

### C2B2a. പടിപ്പുരക്കൽ ബേബിയുടെ മകൻ സച്ചിന്റെ കുടുംബം. ഫോൺ: 00642102545025

**സച്ചിൻ** വിവാഹം കഴിച്ചത് എറണാകുളം കാക്കനാട് ഇടവക കണിയാം പറമ്പിൽ ജോൺ-മോളി ദമ്പതികളുടെ മകൾ **സ്റ്റെഫിയെ** ആണ്.സച്ചിൻ ന്യൂസിലൻഡിൽ സോഫ്റ്റ്‌വെയർ എൻജിനീയറാണ്. ഇവരുടെ മക്കൾ സാമുവൽ, ബെഞ്ചമിൻ എന്നിവർ.

### C2B2b പടിപ്പുരക്കൽ ബേബിയുടെ മകൻ ടോണിയുടെ(ആൻറണി) കുടുംബം. ഫോൺ:0014168275530

**ടോണി**യുടെ ഭാര്യ കളമശ്ശേരി കോഴിപ്പാട്ട് പീറ്ററിന്റെയും -റാണിയുടെയും മകൾ **അഞ്ജലി**യാണ്. ടോണി കാനഡയിൽ സോഫ്റ്റ്‌വെയർ എൻജിനീയറാണ്. അഞ്ജലി എൻവിയോൺമെൻറൽ എൻജിനീയറും.എല്ലാവരും കാനഡയിൽ.
ഇവർക്ക് ഒരു മകൾ റബേക്ക.

### C2C. പടിപ്പുരയ്ക്കൽ തൊമ്മന്റെ മകൻ കുഞ്ഞിന്റെ കുടുംബം (കൊല്ലപ്പിള്ളി)

**കുഞ്ഞ്** വിവാഹം ചെയ്തിരിക്കുന്നത് തീക്കോയി പാലിയക്കുന്നേൽ ദേവസ്യാ -മറിയം മകൾ **കുട്ടിയമ്മ**യെയാണ്. ഈ ദമ്പതികളുടെ മക്കൾ നാലുപേരാണ്, ഒരാണം മൂന്നു പെണ്ണും. ഷൈൻ, ഷീനാ, ഷിനോയി, ഷെല്ലി.കുഞ്ഞ് ജില്ലാ ഫുഡ് ഇൻസ്പെക്ടറായി റിട്ടയർ ചെയ്ത ആളാണ്. കുഞ്ഞ് 2019 ജനുവരിയിൽ മരണപ്പെട്ടു. കുട്ടിയമ്മ മക്കളോടൊപ്പം ഓസ്ട്രേലിയയിൽ താമസിക്കുന്നു.
**ഷൈനെ** വിവാഹം ചെയ്തിരിക്കുന്നത് അയർക്കുന്നത്ത് മഠത്തിക്കുന്നേൽ (കൊട്ടാരം മുകളിൽ) തോമസിന്റെയും-ഏലിയാമ്മയുടെയും മകൻ **സിബി**യാണ്. ഇവർക്ക് അഞ്ചു മക്കൾ ഷോൺ, സാവിയോ, സാം, സ്റ്റീവ്, സ്റ്റെഫിൻ എന്നിവർ. ഇവർ കുടുംബസമേതം ന്യൂസിലന്റിൽ താമസിക്കുന്നു.





**ഷീനയെ** വിവാഹം ചെയ്തത് ചേർപ്പുങ്കൽ ഇടവക നെല്ലിപ്പുഴ സെബാസ്റ്റ്യൻ-റോസമ്മ മകൻ **സജി**യാണ്. ഇവർക്ക് മൂന്ന് മക്കൾ.ജിയാന, ജയിക്ക്, ജസീക്ക എന്നിവർ.ഇവർ ഓസ്ട്രേലിയയിലെ സിഡ്നിയിൽ താമസിക്കുന്നു.

**ഷെല്ലി**യെ വിവാഹം ചെയ്തിരിക്കുന്നത് ചെങ്ങളം ഗണപതിപ്ലാക്കൽ ജോയി-മറിയമ്മ ദമ്പതികളുടെ മകൻ **സിനോജാണ്.**
ഇവർക്ക് രണ്ട് മക്കൾ. മാത്യു,എഡ്വിൻ ഇവർ കാനഡയിലെ ടോറന്റോയിൽ താമസിക്കുന്നു.

### C2C1 പടിപ്പുരക്കൽ കുഞ്ഞിന്റെ മകൻ ഷിനോയുടെ കുടുംബം (ഓസ്ട്രേലിയ)



**ഷിനോയി** വിവാഹം ചെയ്തത് കയ്യൂർ കാഞ്ഞിരത്തുംകുന്നേൽ ലൂക്കോസ്-വത്സമ്മ മകൾ **പ്രിയ**യെ ആണ്.ഇവർക്ക് മൂന്ന് മക്കൾ ലിസ്, ലിയാൽ, ലിയോ. ഇവർ കുടുംബസമേതം സിഡ്നിയിലാണ്.ഇവരുടെ ഒപ്പമാണ് കുഞ്ഞിന്റെ ഭാര്യ കുട്ടിയമ്മ താമസിക്കുന്നത്.

### C2D പടിപ്പുരയ്ക്കൽ തൊമ്മന്റെ മകൻ ജോസിന്റെ കുടുംബം (കൊല്ലപ്പള്ളി) ഫോൺ9447138226, 8590219416



**ജോസിന്റെ** ഭാര്യ ചെമ്മലമറ്റം പിണ്ണാക്കനാട് തൈപ്പറമ്പിൽ മാണി - ഏലിക്കുട്ടി മകൾ **മേരിക്കുട്ടി** ആണ്.
ഇവർക്ക് രണ്ടു പെണ്മക്കൾ ധന്യ, രമ്യാ.
**ധന്യയെ** വിവാഹം കഴിച്ചത് കോട്ടയം രൂപത വല്ലാറ പള്ളി ഇടവക ചാലുങ്കൽ ജോസഫ്-മേരിക്കുട്ടി മകൻ **ജ്യോതിസ്** ആണ്.ഇവർക്ക് ഒരു മകൾ സിയോന.ഇവർ കുടുംബസമേതം യുകെയിൽ ആണ്.
**രമ്യയെ** വിവാഹം ചെയ്തത് തുടങ്ങനാട് ഇടവക പൂവത്തുങ്കൽ ജോയിച്ചൻ - മേഴ്സി മകൻ **എബിൻ** ആണ്.

എബിൻ തൃശ്ശൂരിൽ ഡയമണ്ട് ആൻഡ് പ്ലാറ്റിനം ബിസിനസ് ചെയ്യുന്നു. മക്കൾ രണ്ടുപേർ. മിഖ, മില .

### C2E . പടിപ്പുരയ്ക്കൽ തൊമ്മൻ മകൻ മത്തച്ചന്റെ കുടുംബം (അമേരിക്ക)

മേരിലാൻഡ് കുമ്മിണിയിൽ ജോസഫ് -ഏലി മകൾ **ലീലാമ്മ**യാണ് **മത്തച്ചന്റെ** ഭാര്യ. മൂന്നു മക്കളുണ്ട്. ഒരാണും രണ്ടു പെണ്ണും പ്രിൻസ്. റാണി. ലീന. മത്തച്ചനും ലീലാമ്മയും, അമേരിക്കയിൽ ജോലി ചെയ്യുന്നു.



**റാണിയെ** വിവാഹം കഴിച്ചത് **നിക്കോളാസ്.** ഇവർക്ക് മക്കൾ ഇല്ല. **ലീനയുടെ** ഭർത്താവ് **ലിജോ** (മാത്യു) മക്കൾ രണ്ടുപേർ. എസക്കിയേൽ, ഐസക്ക്. ഇവർ അമേരിക്കയിലെ ഹൂസ്റ്റണിൽ താമസിക്കുന്നു.

### C2E1. പടിപുരക്കൽ മത്തച്ചന്റെ മകൻ പ്രിൻസിന്റെ കുടുംബം

പ്രിൻസിന്റെ ഭാര്യ ശംഘാന.ഇവർക്ക് രണ്ടു മക്കൾ ആദം, ദാനിയേൽ.

## ശാഖ C | ഉപശാഖ 3

## പരയ്ക്കാട്ട് കുടുംബം

ഏഴാച്ചേരിയിൽ കൊച്ചുപറമ്പിൽ താമസമാക്കിയ പാമ്പയ്ക്കൽ ആഗസ്തി തൊമ്മന്റെ മൂന്നാമത്തെ മകൻ **ഔസേപ്പ്** പരയ്ക്കാട്ടേയ്ക്ക് മാറി താമസിച്ചു. അതുകൊണ്ട് ആ കുടുംബത്തിന് പരയ്ക്കാട്ട് എന്ന പേര് സിദ്ധിച്ചു.

**ഔസേഫ്** ആദ്യം വിവാഹം ചെയ്തിരുന്നത് അന്തീനാട് കാവുകാട്ട് കുടുംബത്തിൽ നിന്നാണ്. ആ വിവാഹത്തിൽ സന്താനങ്ങളില്ല. രണ്ടാമത് പ്രവിത്താനം ഇടവക തെക്കേൽ **റോസയെ** വിവാഹം ചെയ്തു. ഈ വിവാഹത്തിൽ മൂന്ന് ആൺമക്കളും ഏഴു പെൺമക്കളും ഉണ്ട്. മക്കൾ: കുഞ്ഞ്, അന്നക്കുട്ടി, മറിയക്കുട്ടി, കുട്ടിയപ്പൻ, ത്രേസ്യാമ്മ, അച്ചാമ്മ. തങ്കച്ചൻ, ചിന്നമ്മ, ലില്ലി, മേരിസെലിൻ.

**അന്നക്കുട്ടി** അവിവാഹിതയായിരുന്നു. കാലടി കൊറ്റമം ക്ലാരിസ് കോൺവെന്റിന്റെ ആഭിമുഖ്യത്തിലുള്ള ശാന്തിവില്ല'യിൽ വിശ്രമജീവിതം നയിച്ചിരുന്ന അന്നക്കുട്ടി നിര്യാതയായി.





**മറിയക്കുട്ടിയെ** രാമപുരം ഇടവക കച്ചിറമറ്റത്തിൽ (കല്ലകത്ത്) **തോമസ്** വിവാഹം ചെയ്തു. തോമസ് 1998 ൽ നിര്യാതനായി. മറിയക്കുട്ടിയും കുടുംബവും ഇപ്പോൾ കുടയത്തൂർ ഇടവക കാഞ്ഞാറ്റിലാണ് താമസം. മക്കൾ: ബേബി അവിവാഹിതൻ, വത്സമ്മ ചങ്ങനാശ്ശേരി ചേക്കാത്തറ സെബാസ്റ്റ്യൻ വിവാഹം ചെയ്തു. പുഷ്പ മുണ്ടക്കയം പൂവത്താലിൽ എബ്രാഹം വിവാഹം ചെയ്തു. ഗ്ലാഡി എലിസബത്ത് (മരിച്ചുപോയി). മൈലക്കൊമ്പ് കൊട്ടാരത്തിൽ പോൾ വിവാഹം ചെയ്തു. കുമാരി അവിവാഹിത, ഷേർലി മാവേലിക്കര തറയിൽ ബെഞ്ചമിൻ വിവാഹം ചെയ്തു. ലയോണി കരിമണ്ണൂർ തടത്തിൽ ബർഗ് വിവാഹം ചെയ്തു. ഉഷ പുറപ്പുഴ മാത്യൂസ് ഒടുവേലിൽ വിവാഹം ചെയ്തു. റൈച്ചൻ മേച്ചാൽ കൊല്ലംപറമ്പിൽ ലാലിയെ വിവാഹം ചെയ്തു. (ലേഖ തോമസ്)

**ത്രേസ്യാമ്മ** ഫ്രാൻസീസ്കൻ ക്ലാരമഠത്തിൽ ചേർന്ന് കന്യാസ്ത്രീയായി. **സി. ജൂലിയസ്** F.C.C. 1996 ൽ നിര്യാതയായി.

**അച്ചാമ്മ** അച്ചാമ്മയും ഫ്രാൻസിസ്കൻ ക്ലാരമഠത്തിൽ ചേർന്ന് കന്യാസ്ത്രീയായി **സി. ജോസ് മരിയ** F.C.C. (നിര്യാതയായി)

**ചിന്നമ്മ** (ബ്രിജിറ്റ്) ചേപ്പുംചിറ ഇടവക ളാക്കാട്ടൂർ മണിയഞ്ചിറ (പൊരുന്നോലിൽ) **ജോസഫ്** (ജോയി സാർ) വിവാഹം ചെയ്തു. ജോസഫും ചിന്നമ്മയും അദ്ധ്യാപകരായിരുന്നു. റിട്ടയർ ചെയ്തു. മക്കൾ: ഹണിമോൾ പാലാ ചെറുവള്ളിൽ ജോർജുകുട്ടി വിവാഹം ചെയ്തു. മിനി രാമങ്കരി നാല്പത്തഞ്ചിൽ ബിനു വിവാഹം ചെയ്തു. ബിന്ദു ഏറ്റുമാനൂർ കാരികൊമ്പിൽ രാജു വിവാഹം ചെയ്തു. ജോമോൻ ജോസഫ്, ടോമി ജോസഫ്, ജോർജുകുട്ടി



**ലില്ലി** സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി സന്യാസ സഭയിൽ ചേർന്നു. **സി. ജോസിറ്റാ ജോസഫ്.** ഇപ്പോൾ വൈത്തിരിയക്കടുത്ത് ചുണ്ടയിലെ കോൺവെൻറിൽവിശ്രമജീവിതം നയിക്കുന്നു.

**മേരി സെലിൻ** ഏറ്റുമാനൂർ പതിയിൽ ഫിലിപ്പ് വിവാഹം ചെയ്തു. കുടുംബസമേതം അമേരിക്കയിലാണ് താമസിക്കുന്നത്.

### C3A. പരയ്ക്കാട്ട് ഓസേപ്പിന്റെ മകൻ കുഞ്ഞിന്റെ കുടുംബം.

**കുഞ്ഞ്** വിവാഹം ചെയ്തത് കിളിരൂർ ഇടവക തയ്യിൽ **മോനിയമ്മ**യാണ്. ഇവർക്ക് അഞ്ച് ആൺമക്കളും ഒരു മകളും ആണ് ഉള്ളത്. അവർ വാവച്ചൻ, ബേബി, ജോർജ്, ടോമി, ജോയിച്ചൻ, ആഞ്ചമ്മ എന്നിവരാണ്.

**ആഞ്ചമ്മ**യെ പൂവരണി കൊങ്ങമല **സെബാസ്റ്റ്യനാണ്** വിവാഹം ചെയ്തിരിക്കുന്നത്. അവരുടെ മക്കൾ ഇവരാണ്. മരിയ ഭർത്താവ് തോടനാൽ പാറേക്കുളത്ത് ഡിലൈറ്റ്. മക്കൾ:റോസ്മി, ജാസ്മി,ഇവാൻ.
സെബി-ഭാര്യ മിനി കാഞ്ഞമല. മക്കൾ:റോസ്,റോൺ,റിറ്റ,റിറ്റ്സ. റ്റോണി-ഭാര്യ പ്രീമ പാറക്കുളങ്ങര.മക്കൾ :ഡിയോൺ,ദിയ,ഡാരിൻ. മോനിഷഭർത്താവ് ജയ്സൺ അറക്കൽ. മക്കൾ: ജോഫിൻ, ജെഫിൻ.

### C3A1. പരയ്ക്കാട്ടു കുഞ്ഞിൻറ മകൻ വാവച്ചൻറ കുടുംബം (കടൽമാട്)

**വാവച്ചൻ** വിവാഹം ചെയ്തിരിക്കുന്നത് ശ്രാമ്പിക്കൽ **മോളിയെ**യാണ്. ഇവരുടെ മക്കൾ റോജോ, ഗസ്റ്റിൻ,ജോമോൻ എന്നിവരാണ്. വാവച്ചൻ 2015 നവംബർ മാസം ഇരുപത്തിയേഴാം തീയതി നിര്യാതനായി.

### C3A1a. പരയ്ക്കാട്ടു വാവച്ചന്റെ മകൻ റോജോയുടെ കുടുംബം (കടൽമാട് വയനാട്: 9495859407)



**റോജോ** വിവാഹം കഴിച്ചിരിക്കുന്നത് മേപ്പാടി റിപ്പൺ ഇടവക മുത്തോലിക്കൽ പീറ്റർ അന്നക്കുട്ടി മകൾ **റീന**യെ ആണ്. ഇവർക്ക് രണ്ട് മക്കൾ റോസ്, റിസ്. റോജോ കെഎസ്ആർടിസിയിൽ ജോലി ചെയ്യുന്നു.
റീന സ്കൂൾ ടീച്ചർ ആണ്.റോജോ കുടുംബയോഗം വൈസ് പ്രസിഡന്റ് ആയിരുന്നു.

### C3A1b. പരയ്ക്കാട്ടു വാവച്ചന്റെ മകൻ ഗസ്റ്റിന്റെ കുടുംബം (കടൽമാട് വയനാട്: 8848561970)

**ഗസ്റ്റിൻ** വിവാഹം കഴിച്ചിരിക്കുന്നത് നടവയൽ ഇടവക



# In Loving memory of



**ജോസഫ് (വാവച്ചൻ)**
ജനനം: 08-09-1940 | മരണം: 27-11-2015



**ബേബിച്ചൻ (ജോൺ)**
ജനനം: 26-12-1941 | മരണം: 25-07-2009



**ലീലാമ്മ**
ജനനം: 06-06-1949 | മരണം: 31-07-2024



സ്നേഹപൂർവ്വം
തുടങ്ങനാട് പാമ്പക്കൽ
കുടുംബാംഗങ്ങൾ

പഴയയേടത്ത് സെബാസ്റ്റ്യൻ - മറിയകുട്ടി ദമ്പതികളുടെ മകൾ **ബിനു**വിനെയാണ്.
ഇവരുടെ മക്കൾ ജോയൽ, അജൽ, ജീവൽ. ഗസ്റ്റിൻ കെഎസ് ആർടിസിയിൽ ജോലി ചെയ്യുന്നു.



## C3A1c. പരയ്ക്കാട്ട് വാവച്ചന്റെ മകൻ ജോമോന്റെ കുടുംബം (കടൽമാട് വയനാട്)



**ജോമോൻ** വിവാഹം കഴിച്ചിരിക്കുന്നത് പുൽപ്പള്ളി മരകാവ് ഇടവക കിഴക്കേ തുണ്ടത്തിൽ ഫിലിപ്പ് മേരി മകൾ **സ്വപ്നയെ** ആണ്.
ഇവർക്ക് മൂന്ന് മക്കൾ ഡാരിയ , ഡാവിൻ ഡെല്ല എന്നിവർ മൂന്നു പേരും വിദ്യാർത്ഥികൾ.

## C3A2. പരയ്ക്കാട്ടു കുത്തിന്റെ മകൻ ബേബിയുടെ കുടുംബം. (കടൽമാട്)

**ബേബി** ചേറ്റുതോട് കട്ടയ്ക്കൽ **മേരിയെ**യാണ് വിവാഹം ചെയ്തിരിക്കുന്നത്. ഇവരുടെ മക്കൾ മേജോ, ജീനാ, ജോബിൻ എന്നിവരാണ് ബേബി 2009 ജൂലൈ 25ന് മരണപ്പെട്ടു.

**ജീനാ**യെ വിവാഹം കഴിച്ചത് കണ്ണൂർ ചുങ്കക്കുന്ന് മഞ്ജുവള്ളിയിൽ ജോൺ -ആനീസ് മകൻ **ജോളി**യാണ്. ജീന നേഴ്സ് ആണ്. ജോളി ആലുവയിൽ വിദേശ ജോലിക്കുള്ള ക്ലാസ്സുകൾ എടുക്കുന്ന സ്ഥാപനം നടത്തുന്നു.
മക്കൾ ഫിയോണ,ഫ്ളാവിയോ, ഫ്രേയ.

## C3A2a. പരയ്ക്കാട്ട് ബേബിയുടെ മകൻ മേജോയുടെ കുടുംബം (കടൽമാട് വയനാട്)

**മേജോ** വിവാഹം കഴിച്ചത് തേനേരി ഇടവക വെട്ടിക്കൽ അപ്പച്ചൻ - അന്നക്കുട്ടി മകൾ **ബിന്ദു**വിനെയാണ്.ഇവരുടെ മക്കൾ ആൽഫിൻ, അശ്വിൻ. മേജോ 2001 നവംബർ 28ന് അകാലചരമടഞ്ഞു. ആൽഫിൻ ജർമ്മനിയിൽ നഴ്സിംഗ് പഠിക്കുന്നു അശ്വിൻ സി എം ഐ സഭയുടെ ബാംഗ്ലൂർ പ്രൊവിൻസിൽ വൈദിക വിദ്യാർത്ഥിയാണ്.





## C3A2b. പരയ്ക്കാട്ട് ബേബിയുടെ മകൻ ജോബിന്റെ കുടുംബം (കടൽമാട് വയനാട്: 9947650270)



**ജോബിൻ** വിവാഹം കഴിച്ചത് അമ്പലവയൽ ഊരോത്ത് വർഗീസ്-ഷൈല മകൾ **എൽസയെ** ആണ്.
എൽസ ആയുർവേദ ഡോക്ടർ ആണ്.ജോബിൻ പ്രൈവറ്റ് ബാങ്ക് നടത്തുന്നു. മക്കൾ രണ്ടു പേർ ജലൈൻമേരി, ലൂർദ് അന്നാ.

## C3A3. പരയ്ക്കാട്ടു കുഞ്ഞിന്റെ മകൻ ടോമിയുടെ കുടുംബം. (കപ്പാട് - കാഞ്ഞിരപ്പള്ളി) ഫോൺ:9645551894.



**ടോമി** വിവാഹം ചെയ്തിരിക്കുന്നത് വള്ളിച്ചിറ വാലിയിൽ **ലീലാമ്മ**യെയാണ്. ഇവരുടെ മക്കൾ ആശ. അഭിലാഷ്, അനു എന്നിവരാണ്.
ടോമി എയർ ഫോഴ്സിൽ മാസ്റ്റർ വാറന്റ് ഓഫീസർ ആയിരുന്നു. 2002ൽ സർവീസിൽ നിന്ന് വിരമിച്ചു. ഇപ്പോൾ കാഞ്ഞിരപ്പള്ളി കപ്പാട് താമസിക്കുന്നു. ലീലാമ്മ 31.07.2024ന് നിര്യാതയായി.
**ആശയെ** വിവാഹം കഴിച്ചത് പാല പുളിക്കൽ തങ്കച്ചൻ-അമ്മിണി മകൻ **റോബിൻ** ആണ്. മക്കൾ ഷാരോൺ, അൽഫോൻസാ , ടോം സാമുവൽ. ആശ ടീച്ചറും റോബിൻ ബിസിനസുകാരനും .
ഇവർ കുടുംബസമേതം യുകെയിൽ താമസിക്കുന്നു
**അനു**വിനെ വിവാഹം കഴിച്ചത് തീക്കോയി മുതുകാട്ടിൽ ജോർജ് -ചിന്നമ്മ മകൻ **അനിൽ** ആണ്. ഇവർ ബാംഗ്ലൂരിലാണ്. ഇവരുടെ മക്കൾ ആരോൺ, ആബേൽ ഇരുവരും വിദ്യാർത്ഥികളാണ്.

**“We Don’t Grow When Things Are Easy. We Grow When We Face Challenges”**

## C3A3a. പരയ്ക്കാട്ട് ടോമിയുടെ മകൻ അഭിലാഷിന്റെ കുടുംബം.
**ഫോൺ 9945400664**



**അഭിലാഷിന്റെ** ഭാര്യ **സ്മിത.** തൊടുപുഴ ചെമ്പകത്തു പറമ്പിൽ സെബാസ്റ്റ്യന്റെയും സെലിനിന്റെയും മകൾ. ഇവർ ബാംഗ്ലൂരിലാണ്. ഇവരുടെ മക്കൾ ഡാർവിൻ, ആഷ്‌ലിൻ ഇരുവരും വിദ്യാർത്ഥികൾ.

## C3A4 പരയ്ക്കാട്ടു കുഞ്ഞിന്റെ മകൻ ജോർജിന്റെ കുടുംബം.
**(അറക്കുളം)**

തുടങ്ങനാട് പാലയ്ക്കൽ **സിസിലിയാണ് ജോർജിന്റെ** ഭാര്യ.
ഇവർക്ക് മൂന്നു മക്കളുണ്ട്. ഇന്ദു, മഞ്ചു, ലാലു
ഇന്ദുവിനെ വിവാഹം കഴിച്ചത് തൊടുപുഴ നെല്ലിക്കുന്നേൽ ജോസഫ് -ഏലിക്കുട്ടി മകൻ റോയിയാണ്. ഇവരുടെ മക്കൾ റോസ് മോൾ, ആൽബിൻ.
**മഞ്ജു** (തുഷാര)വിനെ വിവാഹം കഴിച്ചത് ഇടുക്കി പോത്താനിക്കാട് കുമ്മണ്ണൂർ പറമ്പിൽ **ജോഫി**യാണ്.ഒരു മകൾ മരിയ.

**ലാലു**(ഡാലിയ)വിനെ വിവാഹം കഴിച്ചത് മൂവാറ്റുപുഴ കാരക്കുന്നം കാവുംപുറത്ത് കുഞ്ഞച്ചന്റെ മകൻ **ഷിബു**വാണ്. ഇവരുടെ മക്കൾ സോണ, ആരോൺ, ആഗ്നസ് എന്നിവർ.

## C3A5. പരയ്ക്കാട്ടു കുഞ്ഞിന്റെ മകൻ ജോയിച്ചന്റെ കുടുംബം.
**(തുടങ്ങനാട്: 9947962841)**



കുരിയത്ത് **ലിസ്സി**യെയാണ് **ജോയിച്ചൻ** വിവാഹം ചെയ്തിരിക്കുന്നത്. രണ്ട് മക്കളാണ് ഇവർക്കുള്ളത് എബിൻ, ബിബിൻ.





## C3A5a. പരയ്ക്കാട്ട് ജോയിച്ചന്റെ മകൻ എബിന്റെ കുടുംബം
**(അയർലൻഡ് : +35 3892716747)**

**എബിന്റെ** ഭാര്യ **അനു.** ഇടുക്കി ജില്ലയിൽ അഞ്ചിരി ഇടവക പാണങ്കാട്ട് ജേക്കബ്-ലൗലി ദമ്പതികളുടെ മകൾ.എബിനും അനുവും അയർലൻഡിൽ ജോലി ചെയ്യുന്നു.ഒരു മകൾ ആമിയ മേരി.

## C3A5b. പരയ്ക്കാട്ട് ജോയിച്ചന്റെ മകൻ ബിബിന്റെ കുടുംബം
**(തുടങ്ങനാട് പാല: 9645605136)**

**ബിബിന്റെ** ഭാര്യ ഇടുക്കി പൊന്നന്താനം ഇടവക കാലാപള്ളിയിൽ **റോസിലിൻ** എന്ന പ്രിയ. ബിബിൻ തുടങ്ങനാട് സഹകരണ ബാങ്കിൽ ഉദ്യോഗസ്ഥനാണ്. റോസിലിൻ ന്യൂസിലൻഡിൽ പഠനം നടത്തുന്നു. മക്കൾ രണ്ടുപേർ എയ്ഡൻ, അയറിൻ.

## C3B. പരയ്ക്കാട്ടു ഔസേപ്പിന്റെ മകൻ കുട്ടിയപ്പന്റെ (ജോസഫ് പി ജെ) കുടുംബം. (കല്ലൂർ)

**കുട്ടിയപ്പന്റെ** ഭാര്യ തൊടുപുഴ പൊന്നന്താനം ഇടവക പൂപ്പക്കാട്ടിൽ **മറിയാമ്മ**യാണ്. ഇവരുടെ മക്കൾ താഴെ പറയുന്നവരാണ്. ലീലാമ്മ. വത്സമ്മ, ജിമ്മിച്ചൻ, ഡൽഫിൻ, ജോർജുകുട്ടി, ടോമി. കുട്ടിയപ്പൻ 2021 ജനുവരിയിലും മറിയാമ്മ 2022 ജൂണിലും മരണപ്പെട്ടു.
**ജിമ്മിച്ചൻ** സലേഷ്യൻ സഭയുടെ (ഡോൺ ബോസ്കോ) ആസാം പ്രൊവിൻസിൽ ചേർന്ന് വൈദീകനായി.



**ഫാ. ജോസഫ് പാമ്പയ്ക്കൽ SDB.**
ഫോൺ :8638647583.
സലേഷ്യൻ സഭയുടെ ആസാം പ്രൊവിൻസിൽ ചേർന്ന് വൈദിക വിദ്യാഭ്യാസം ആരംഭിച്ച ജിമ്മിച്ചൻ 1975 മെയ് മാസം ഇരുപത്തിനാലാം തീയതി ഫസ്റ്റ് പ്രൊഫഷൻ സ്വീകരിച്ചു.തുടർന്ന് ഡാർജിലിങ്ങിലെ പഠനത്തിനുശേഷം 1978 മുതൽ 1980 വരെ സലേഷ്യൻ സഭയുടെ ഗുവാഹത്തി പ്രൊവിൻസിൽ റീജൻസി ചെയ്തു.
പിന്നീട് ഡിമാപൂർ പ്രൊവിൻസ് രൂപം കൊണ്ടപ്പോൾ 1982 മുതൽ

അവിടുത്തെ അംഗമായി. ഷില്ലോംഗിലെ സേക്രട്ട് ഹാർട്ട് കോളേജിൽ നിന്ന് 1980-83 കാലഘട്ടത്തിൽ തിയോളജി പൂർത്തിയാക്കി. 1983 ഡിസംബർ 27-ാം തീയതി തൊടുപുഴയ്ക്കടുത്തുള്ള കലൂർ പള്ളിയിൽ വെച്ച് വൈദിക പട്ടം സ്വീകരിച്ചു. തുടർന്ന് നാഗാലാൻഡിലെ ഡിമാപൂർ പ്രൊവിൻസ് ഹൗസിൽ പ്രൊവിൻഷ്യലിന്റെ സെക്രട്ടറിയായി ആദ്യ നിയമനം. 1985-86, 1989-92 കാലഘട്ടത്തിൽ ഡിമാപൂർ സലേഷ്യൻ കോളേജിൽ ഡീൻ ഓഫ് സ്റ്റഡീസ്.1986-89 ആസാമിലെ ഡിബ്രു ഗാർഹിൽ ഡോൺ ബോസ്കോ കോളേജ് അഡ്മിനിസ്ട്രേറ്റർ, 1992-95 ,1995-98 കാലഘട്ടത്തിൽ മണിപ്പൂർ മാരാം ഡോൺ ബോസ്കോ സ്കൂൾ വൈസ് പ്രിൻസിപ്പാൾ,1998-2000 കാലഘട്ടത്തിൽ ആസാമിലെ ബാഗ്ചങ്ങ് ഡോൺ ബോസ്കോ സ്കൂളിൽ ഹെഡ്മാസ്റ്റർ, 2000-2009 നാഗാലാൻഡിൽ പ്രൊവിൻഷ്യാർ ഇക്കണോമർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു.

2010 ൽ യു എസ് എ യിൽ ഉപരിപഠനം.തുടർന്ന് 2010 മുതൽ 2019 വരെ ആസാം രംഗജൻ ഡോൺ ബോസ്കോ സ്കൂൾ ഇൻ ചാർജ് ആയി. 2019 -2021 ൽ റെക്ടറുമായി. 2021മുതൽ മാരാം ഡോൺ ബോസ്കോ ഹയർസെക്കൻഡറി സ്കൂൾ റെക്ടർ ആയും ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്റർ ആയും സേവനമനുഷ്ഠിച്ചു. 2024 ജൂൺ 20 മുതൽ ഡോൺബോ സ്കോ ഡിമാപൂർ പ്രൊവിൻസിൻറെ പ്രൊവിൻഷ്യൽ ആയി സേവനം അനുഷ്ഠിക്കുന്നു.

തൻറെ പതിമൂന്നാം വയസ്സു മുതൽ ആസാം, അരുണാചൽ പ്രദേശ്, നാഗാലാൻഡ്, മണിപ്പൂർ എന്നിവിടങ്ങളിൽ മിഷനറിയായി പ്രവർത്തിക്കാൻ സാധിച്ചത് അച്ചൻ ദൈവാനുഗ്രഹമായി കാണുന്നു.

**ലീലാമ്മ**യെ ഏഴാച്ചേരി ചെട്ടിയാകുന്നേൽ തോമസ് വിവാഹം ചെയ്തു. ഇവരുടെ മക്കൾ. മെർലി (**സിസ്റ്റർ ഡൽഫിൻ S.D.**) ജോബി. ഡോമിനിക് സാവിയോ.

**വത്സമ്മ**യെ പീടികമലയിൽ മാണിക്കുട്ടി വിവാഹം ചെയ്തു. ഇവരുടെ മക്കൾ താഴെ പറയുന്നവരാണ്. ജിൻസി ഞെരിങ്ങാംപിള്ളിൽ രാജേഷ് വിവാഹം ചെയ്തു. ജിനോയി, ജിബി, ജിജോ ബ്രദർ മാത്യു പീടികമലയിൽ.

ഡൽഫിൻ **മോളി** എന്നു വിളിച്ചിരുന്ന ഡൽഫിൻ 1976 ൽ നിര്യാതയായി.





## C3B1. പരയ്ക്കാട്ടു കുട്ടിയപ്പന്റെ മകൻ ജോർജുകുട്ടിയുടെ കുടുംബം (കലൂർ) ഫോൺ:9961001965.



രാമപുരം ഉപ്പുപുരയ്ക്കൽ **ആൻസി**യെയാണ് **ജോർജുകുട്ടി** വിവാഹം ചെയ്തിരിക്കുന്നത്. അവരുടെ മക്കൾ ജിസ്ന, ജിൻസോ എന്നിവരാണ്. ജോർജുകുട്ടി ഒരു ബാങ്കുദ്യോഗസ്ഥനായിരുന്നു.

**ജിസ്നയെ** വിവാഹം കഴിച്ചത് കോതമംഗലം കടവൂർ ഇടവക കാരക്കുന്നേൽ ജോസ-ജെസ്സി ദമ്പതികളുടെ മകൻ **ഡിജോ** ആണ്. ജിസ്ന റിയാദിൽ നേഴ്സ് ആണ്.മക്കൾ സെറ, ഇസാ , ഈഥൽ എന്നിവർ.

## C3B1a. പരയ്ക്കാട്ട് ജോർജ് കുട്ടിയുടെ മകൻ ജിൻസോയുടെ കുടുംബം (കലൂർ) ഫോൺ:9995513533

**ജിൻസോ**യുടെ ഭാര്യ **ബിൻസി**.പാമ്പാടി വെള്ളൂർ ഇടവക മറ്റത്തിൽ മാർക്കോസ്-സാലി മകൾ.മക്കൾ ജെന്നിഫർ, കേറ്റ്ലിൻ എന്നിവർ.

## C3B2. പരയ്ക്കാട്ടു കുട്ടിയപ്പന്റെ മകൻ ടോമിയുടെ കുടുംബം (കലൂർ)



തെന്നത്തൂർ ഇടവക കല്ലറയ്ക്കൽ **അനി**യെയാണ് **ടോമി** വിവാഹം ചെയ്തിരിക്കുന്നത്.

മക്കൾ രണ്ടുപേർ. റ്റാനിയോ, ടീന. ടോമി 2011ൽ ആകസ്മികമായി മരണപ്പെട്ടു.

## C3C. പരയ്ക്കാട്ടു ഔസേപ്പിന്റെ മകൻ തങ്കച്ചൻ കുടുംബം (ഏഴാച്ചേരി)

**തങ്കച്ചൻ** വിവാഹം ചെയ്തിരിക്കുന്നത് ഏഴാച്ചേരി ഇടവക നെടുമ്പിള്ളിൽ **ആലീസിനെ**യാണ്. ഇവർക്ക് മൂന്ന് ആൺ മക്കളും നാല് പെൺമക്കളും ആണ് ഉള്ളത്. ബിനു, ബീനാ, ബോബി, ബെസ്സി, ബിജി, ബിജോ, ബിനി എന്നിവർ.



**ബീനായെ** കദളിക്കാട്ട് ഇടവക പാലമറ്റം **ജോജോയാണ്** വിവാഹം ചെയ്തിരിക്കുന്നത്. ഇവരുടെ മക്കൾ തോമസുകുട്ടി, ജോർജുകുട്ടി എന്നിവരാണ്.

**ബെസ്സിയെ** വിവാഹം കഴിച്ചിരിക്കുന്നത് ഈരാറ്റുപേട്ട അമ്പാറ നിരപ്പിൽ ഇടവക അമ്പാട്ട് കുഞ്ഞേപ്പ് റോസമ്മ മകൻ **ഷിജു** ആണ്. ഇവരുടെ മക്കൾ അലൻ,ആൽബിൻ, ആൽബർട്ട്.എന്നിവർ. അലൻ കാനഡയിലും ആൽബിൻ യുകെയിലും പഠിക്കുന്നു.

**ബിജിയെ** വിവാഹം കഴിച്ചിരിക്കുന്നത് തൃശ്ശൂർ ഇടവക വെട്ടത്ത് ജോസിന്റെ മകൻ **ഷിൽസൻ** ആണ്. ഇവരുടെ മക്കൾ ഹെസ്രോണ, ഹെബ്രോണ.ഇവർ കുടുംബസമേതം യുകെയിലാണ്.

**ബിനിയെ** വിവാഹം കഴിച്ചത് ഏറ്റുമാനൂർ വലിയവീട്ടിൽ ജോർജിന്റെ മകൻ **ജ്യോതിൻ** ആണ്.ഒരു മകൻ റയാൻ.ഇവർ കുടുംബസമേതം ന്യൂസിലൻഡിൽ ആണ്

### C3C1. പരയ്ക്കാട്ടു തങ്കച്ചന്റെ മകൻ ബിനുവിന്റെ കുടുംബം (അമേരിക്ക)



എറണാകുളം കൾച്ചിറയിൽ **മിജിനയെ (Megina)** ആണ് **ബിനു** വിവാഹം ചെയ്തിരിക്കുന്നത്. രണ്ടുപേരും അമേരിക്കയിലാണ്. ബിനു അവിടെ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു. ഇവരുടെ മക്കൾ ബെഞ്ചമിൻ, ബെൻസൻ, ബ്രയാ, ബെന്നറ്റ് എന്നിവർ.

### C3C2. പരക്കാട്ട് തങ്കച്ചന്റെ മകൻ ബോബിയുടെ കുടുംബം(യു.എസ്.എ)

**ബോബി** വിവാഹം കഴിച്ചിരിക്കുന്നത് പാലാ പുത്തൻ പള്ളി ഇലഞ്ഞിക്കൽ മാണി മകൾ **ഏനയെ** ആണ്.മക്കൾ ബസനി,ബായൻ.

### C3C3. പരയ്ക്കാട്ട് തങ്കച്ചന്റെ മകൻ ബിജോയുടെ കുടുംബം (അയർലൻഡ്)

**ബിജോ** വിവാഹം കഴിച്ചിരിക്കുന്നത് കുറവിലങ്ങാട് ഇടവക വെള്ളായി പറമ്പിൽ ബേബിയുടെ മകൾ **ജിഞ്ചിയെ** ആണ്. മക്കൾ നഥാലിയ, നെയ്താൻ, നോൾ എന്നിവർ.





## ശാഖ C | ഉപശാഖ 4

## കൊച്ചുപറമ്പിൽ (താഴെ) കുടുംബം

കൊച്ചുപറമ്പിൽ തൊമ്മൻ മകൻ **കുഞ്ഞ്** കൊച്ചുപറമ്പിൽ തറവാട്ടിൽ തന്നെ താമസിച്ചു.

**കുഞ്ഞ്** വിവാഹം ചെയ്തിരിക്കുന്നത് കടനാട് ഇടവക ഓടയ്ക്കൽ കുര്യൻ മകൾ **കുഞ്ഞേലി**യെയാണ്.

മക്കൾ: പാപ്പച്ചൻ, അച്ചാമ്മ, മറിയക്കുട്ടി, ത്രേസ്യാമ്മ, ഏലിക്കുട്ടി, കുര്യച്ചൻ, റോസമ്മ.

**അച്ചാമ്മയെ** കടനാട് പ്ലാശനാൽ **പോൾ** വിവാഹം ചെയ്തു. പോൾ മരിച്ചു പോയി. മക്കൾ ജോയി കിഴപറയാൻ ചുമപ്പുങ്കൽ ആലീസിനെ വിവാഹം ചെയ്തു. അപ്പച്ചൻ ഒസേപ്പറമ്പിൽ ഗ്രേസമ്മയെ വിവാഹം ചെയ്തു. ദേവസ്യാച്ചൻ കുന്നത്തേട്ട് ആനിയമ്മയെ വിവാഹം ചെയ്തു.

**മറിയക്കുട്ടി**യെ നരിയങ്ങാനം കളപ്പുരയിൽ **ജോസഫ്** വിവാഹം ചെയ്തു. ഇപ്പോൾ മുണ്ടക്കയത്തിനടുത്ത് വേലനിലത്ത് താമസിക്കുന്നു. മക്കൾ: സെലിൻ കുന്നത്ത് ജോസഫ് വിവാഹം ചെയ്തു. ലിസി ഏന്തയാൽ മനയ്ക്കൽ ജോയി വിവാഹം ചെയ്തു. ഡോളി ഇടമറ്റം കരോട്ട് തുണ്ടത്തിൽ തോമസ് വിവാഹം ചെയ്തു. രാജു. റോയി - ഭാര്യ അരിമറ്റത്തിൽ നെയ്സി സോജി ഭർത്താവ് അപ്രേം ഡൊമനിക് മടപ്പള്ളിൽ.

**ത്രേസ്യാമ്മ** ഫ്രാൻസിസ്കൻ ക്ലാര സഭയിൽ ചേർന്നു, കന്യാസ്ത്രിയായി **സി. ട്രീസാമരിയ** F.C.C.




**ഏലിക്കുട്ടി** ഫ്രാൻസിസ്കൻ ക്ലാര സഭയിൽ ചേർന്നു കന്യാസ്ത്രിയായി **സി. അഗസ്റ്റ മരിയ** F.C.C. സിസ്റ്റർ അഗസ്റ്റാ മരിയ 2020 ഫെബ്രുവരി മാസം 26ാം തീയതി നിര്യാതയായി.

**റോസമ്മ**യെ കോതമംഗലം എടയ്ക്കാട്ടുകുടിയിൽ **സേവ്യറാണ്** വിവാഹം ചെയ്തിരിക്കുന്നത്. ഇവർക്ക് രണ്ട് മക്കളുണ്ട്. ജിംസി അടിമാലിയിൽ തൊട്ടുവേലിൽ ജെയ്സൺ വിവാഹം ചെയ്തു. ജിമ്മി - ഭാര്യ തേക്കിലക്കാട്ട് നിഷ. സേവ്യർ 2021 ഫെബ്രുവരി മാസം 12ാം തീയതി മരണപ്പെട്ടു.

## C4A. കൊച്ചുപറമ്പിൽ താഴെ കുഞ്ഞിന്റെ മകൻ പാപ്പച്ചന്റെ കുടുംബം (കണ്ണൂർ)

കരൂർ ഇടവക ആണ്ടുക്കുന്നേൽ ജോസഫ് ഏലി മകൾ **ഏലിക്കുട്ടിയാണ്** **പാപ്പച്ചന്റെ** ഭാര്യ. ഈ ദമ്പതികളുടെ മക്കൾ താഴെ പറയുന്നവരാണ്.ആലീസ്,റോസമ്മ,ജോസ്,മേരി,സണ്ണി,ജോജോ.

**ആലിസിനെ** വടകോട് തയിക്കാട്ട് **ജോർജ്** വിവാഹം ചെയ്തു. റോസമ്മയെ വിവാഹം ചെയ്തിരിക്കുന്നത് കണ്ണൂർ, കോച്ചേരി പയ്യനാട്ട് ബേബിയാണ്.
**മേരിയെ** കഞ്ചിക്കോട്ട് കൊതുമ്പിൽ **ആന്റോയാണ്** വിവാഹം ചെയ്തത്

## C4B. കൊച്ചുപറമ്പിൽ താഴെ കുഞ്ഞിന്റെ മകൻ കുര്യാച്ചന്റെ കുടുംബം (ഏഴാച്ചേരി)

പാലാ കത്തീഡ്രൽ പള്ളി ഇടവക ഈരൂരിക്കൽ **ദേവസ്യാ-ത്രേസ്യാ** മകൾ **റോസമ്മയാണ്** കുര്യാച്ചന്റെ ഭാര്യ. കുര്യാച്ചൻ 2021 നവംബർ മാസം പതിനൊന്നാം തീയതി മരണപ്പെട്ടു. ഇവരുടെ മക്കൾ സജി, റെജി, ജിജി. ജോബി. ജിന്റോ എന്നിവരാണ്.

**റെജിയെ** വഴിത്തല മാറികപ്പള്ളി ഇടവക പാറത്തട്ടേൽ ഐപ്പ് ജോൺ-അന്നക്കുട്ടി മകൻ **സണ്ണി** വിവാഹം ചെയ്തു.
റോസു എൽസാ, ജോൺവിൻ എന്നിവരാണ് ഇവരുടെ മക്കൾ. റോസു എൽസ യുകെയിൽ നേഴ്സ് ആണ്. ഇവരുടെ ഭർത്താവ് പ്രവിത്താനത്ത് എടേട്ട് ടോണിയും യുകെയിലാണ്. ജോൺവിൻ ബ്ലോക്ക് ഓഫീസിൽ ജോലി ചെയ്യുന്നു.

**ജിജിയെ** എലിവാലി ഒറ്റപ്ലാക്കൽ ജോസഫ് സെബാസ്റ്റ്യൻ റോസമ്മ ദമ്പതികളുടെ മകൻ **ബേബി** വിവാഹം ചെയ്തു.
ബേ ബി 2018 മെയ് മാസം 28 ന് നിര്യാതനായി.നിഖിത, ജോസഫ് എന്നീ രണ്ടു മക്കളാണ് ഇവർക്കുള്ളത്. നികിതയെ ആലപ്പുഴ ജില്ല പുളിങ്കുന്നം പറത്താനത്ത് ജേക്കബ് ജെസസമ്മ മകൻ ജെറിൻ വിവാഹം ചെയ്തു.ജെറിൻ ബഹറിനിൽ എൻജിനീയറാണ്. നിഖിത ബഹ്റൈനിൽ കൺസ്ട്രക്ഷൻ കമ്പനിയിൽ ജോലി ചെയ്യുന്നു. ജോസഫ് സെയിൽസ്മാനായി ജോലി ചെയ്യുന്നു.

അവിവാഹിതയായ **ജിന്റോ** പുവത്തിളപ്പ് മുണ്ടൻകുന്ന് സ്നേഹ ഭവനിൽ കഴിയുന്നു.



## സ്നേഹസ്മരണയ്ക്ക്



**തൊമ്മൻ ആഗസ്തി**
**03-05-1989**



**കുഞ്ഞേലി ആഗസ്തി**
**16-09-1961**



**പി. എ. കുര്യാച്ചൻ**
**11-11-2021**

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

## C4B1. കൊച്ചുപറമ്പിൽ താഴെ കുര്യാച്ചന്റെ മകൻ സജിയുടെ കുടുംബം (ഏഴാച്ചേരി)



**സജി** വിവാഹം ചെയ്തിരിക്കുന്നത് കരിമണ്ണൂർ കുന്നപ്പിള്ളിൽ മത്തായി – അന്നക്കുട്ടി മകൾ **ബീനാ**യെയാണ്. ഇവർക്ക് രണ്ടു മക്കൾ ഉണ്ട് സിറിയക്കും ആൽഫയും. സിറിയക്ക് ഫെഡറൽ ബാങ്കിൽ ഉദ്യോഗസ്ഥനാണ്. ആൽഫ ബാംഗ്ലൂരിൽ നേഴ്സിങ് പഠിക്കുന്നു.

## C4B2. കൊച്ചുപറമ്പിൽ താഴെ കുര്യാച്ചന്റെ മകൻ ജോബിയുടെ കുടുംബം (ഏഴാച്ചേരി)



**ജോബി** വിവാഹം ചെയ്തിരിക്കുന്നത് കൊഴുവനാൽ തെക്കേമുറിയിൽ ജോസഫ്-മാത്യു റോസമ്മ മകൾ **രശ്മി**യെയാണ്. ഇവർക്ക് രണ്ടു മക്കൾ ഉണ്ട് അഖിലും ബിസ്മിമോളും. അഖിൽ BBA കഴിഞ്ഞു. ബിസ്മിമോൾ ജർമനിയിൽ നഴ്സിംഗ് പഠിക്കുന്നു.

**“Success is the sum of small efforts, repeated Day-in and Day-out”**





# ശാഖ D

## പാമ്പയ്ക്കൽ (തറവാട്) കുടുംബം

പാമ്പയ്ക്കൽ ആഗസ്തിയുടെ നാലാമത്തെ മകനായ **കുര്യൻ** അന്തീനാട്ട് തറവാട്ടിൽത്തന്നെ താമസമാക്കി. രണ്ടു വിവാഹങ്ങൾ നടത്തിയിട്ടുണ്ട്. ആദ്യവിവാഹത്തിൽ മൂന്ന് ആണും രണ്ടു പെണ്ണുമാണ് സന്താനങ്ങളായി ഉണ്ടായിരുന്നത്. ആൺ സന്താനങ്ങളിൽ ഒരാൾ ബാല്യത്തിൽ തന്നെ നിര്യാതനായി. അദ്ദേഹത്തിന്റെ പേര് ആർക്കും തന്നെ നിശ്ചയമില്ല. രണ്ടാമത്തെ മകൻ കടനാട് ഇടവക ഈയപ്പാട്ടു മറിയത്തെ വിവാഹം ചെയ്തു. അദ്ദേഹത്തിന്റെ പേര് **മത്തായി** എന്നാണെന്നാണറിയുന്നത്. **മത്തായി - മറിയം** ദമ്പതികൾക്ക് രണ്ടുപെൺമക്കളാണുണ്ടായിരുന്നത്. അവരെ രണ്ടുപേരെയും വെള്ളിയാമറ്റത്ത് ഓടയ്ക്കൽ കുടുംബത്തിലെ രണ്ടു (ജ്യേഷ്ഠാനുജന്മാർ) പേരാണ് വിവാഹം ചെയ്തിരുന്നത്. ആദ്യ വിവാഹത്തിലെ പെൺമക്കളിൽ ഒരാളെ പ്രവിത്താനത്ത് ആനക്കല്ല് കുടുംബത്തിലേയ്ക്ക് വിവാഹം ചെയ്തയച്ചു. അവർക്ക് ഒരു മകനുണ്ട്, ഇടമറ്റത്തായിരുന്നു താമസം.



രണ്ടാമത്തേയാളെ വിവാഹം ചെയ്തയച്ചത് മേലുകാവിലായി രുന്നു. അവർക്കും ഒരു പുത്രനാണുണ്ടായിരുന്നത്. ഇപ്പോൾ അദ്ദേഹം മലബാറിൽ കാസർഗോഡ് പ്രദേശത്ത് താമസിക്കുന്നു. ആദ്യ വിവാഹത്തിലെ മൂന്നാമത്തെ ആൺ സന്താനം **കുഞ്ഞച്ചൻ** എന്നു വിളിക്കപ്പെടുന്ന **ആഗസ്തി**യാണ്.

